Vol. 3 No. 1, 2 JUNE 1953

# BHĀṢĀTRAIMĀSIKAM

(MALAYALAM QUARTERLY)

D91

31 JAN 1955

TRAVANCORE UNIVERSITY

ORIENTAL MANUSCRIPTS LIBRARY

TRIVANDRUM.

Annual Subscription Rs 4/-

# വിഷയവിവരം

## I


പുറം

1. പ്രസ്താവന—
2. സരസ്വതീസ്തവം (സ്തോത്രം) 1—2
3. ഉണ്ണിയാടീചരിതം (പ്രബന്ധം) 42—53
4. അഗ്നിപ്രവേശം (കിളിപ്പാട്ട്) 17—49
5. വാതിൽതുറപ്പാട്ടുകൾ 1—39
6. പൊന്നിറത്താൾ (തെക്കൻപാട്ട്) 1—32


## II


1. ജ്ഞാനമുത്തുമാല (പ്രാചീനഗദ്യം) 1—28
2. ഉണ്ണുനീലിയെത്തിരക്കി കടുത്തുരുത്തിയിലേയ്ക്കു് 1—22

ശൂരനാട്ടു കുഞ്ഞൻപിള്ള എം. എ.

3. പ്രക്ഷിപ്തങ്ങൾ (അദ്ധ്യാത്മരാമായണം) 1—3
4. ഗ്രന്ഥവിജ്ഞാപനം (കുചേലവൃത്തം ആട്ടക്കഥ) 1—4

വിദ്വാൻ കണ്ണനുഴ കൃഷ്ണവാരിയർ.

# പ്രസ്താവന

കൈരളിയുടെ അമൂല്യനിധികളായ പ്രാചീനകൃതികളെ യഥായോഗ്യം പ്രകാശിപ്പിക്കുന്നതിനും, പണ്ഡിതന്മാരുടെ ഗവേഷണാത്മകങ്ങളായ സാഹിത്യപ്രബന്ധങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനും വേണ്ടി സമാരംഭിച്ച ഭാഷാത്രൈമാസികത്തിന്റെ രണ്ടാം വാല്യം 1951-ഡിസംബർമാസത്തോടുകൂടി പൂർത്തിയായി. അതിനെത്തുടർന്നു, മുദ്രണാലയം മാറുക, ഒരു പുതിയ പത്രാധിപസമിതി സംഘടിപ്പിക്കുക മുതലായ ആവശ്യങ്ങൾ നേരിടുകയും, അതിലേയ്ക്കു നിയമാനുസാരം സർവ്വകലാശാലയുടെ അനുമതി ലഭിക്കാൻ കാലവിളംബം അപരിഹരണീയമായി വന്നുകൂടുകയും ചെയ്കതിനാൽ മൂന്നാംവാല്യം മുറപ്രകാരം പ്രസിദ്ധീകരിക്കുവാൻ ഞങ്ങൾക്കു സാധിച്ചിട്ടില്ല. അങ്ങനെ ഒരുകൊല്ലം കഴിയാനിടയായി. ഇപ്പോൾ പുനഃപ്രകാശനത്തിനുള്ള അനുവാദവും, മറ്റു സൗകര്യങ്ങളും കിട്ടിക്കഴിഞ്ഞതിനാൽ 1953-ജനുവരിമുതൽ ജൂൺവരെ കണക്കാക്കി, ത്രൈമാസികത്തിന്റെ രണ്ടു ലക്കങ്ങൾ ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചുകൊള്ളുന്നു. സദുദ്യമങ്ങൾക്കു പലപ്പോഴും സ്വാഭാവികമായി നേരിടാറുള്ള പ്രതിബന്ധം സഹിക്കാതെ നിവൃത്തിയില്ലല്ലോ. ഇതുനിമിത്തം ഇച്ഛാഭംഗം അനുഭവിക്കേണ്ടിവന്ന സഹൃദയരായ സാഹിത്യസുഹൃത്തുക്കളുടെ ക്ഷമയെ ഞങ്ങൾ ശരണീകരിക്കുന്നു.

രണ്ടാംലക്കത്തിൽ, അനന്തപുരവർണ്ണനം, ഉണ്ണിയാടീചരിതം, അയ്യപ്പദണ്ഡകം, സീതാകല്യാണം, രുക്മിണീസ്വയംവരം, അഗ്നിപ്രവേശം മുതലായ കൃതികളാണു പ്രസിദ്ധീകരിച്ചിട്ടുള്ളതു്. ഇവയിൽ ആദ്യത്തെ രണ്ടു കൃതികൾ ഭാഷാസ്നേഹികളായ ഗവേഷകന്മാരുടെ അവഗാഢമായ ശ്രദ്ധയ്ക്കും പഠനത്തിനും വിഷയമാകേണ്ട സാഹിത്യരത്നങ്ങളാണെന്നു് എടുത്തു പറഞ്ഞേതീരൂ. മലയാളഭാഷയുടെ ഗതിവിശേഷത്തെ ചൂണ്ടിക്കാണിച്ചുതരുന്ന നാഴികക്കല്ലുകളാണവ. മറ്റുള്ളവയും പലതരത്തിൽ പ്രാധാന്യം അർഹിക്കുന്നു.

തുടർച്ചയായി പ്രസിദ്ധീകരിച്ചുവന്ന നീലികഥ എന്ന തെക്കൻപാട്ട്, രണ്ടാംവാല്യത്തിൽ അവസാനിക്കുകയും അതു പുസ്തകാകൃതിയായി പരിണമിക്കുകയും ചെയ്തിട്ടുണ്ട്. സീതാകല്യാണം, രുക്മിണീസ്വയംവരം എന്നീ വാതിൽതുറപ്പാട്ടുകളും പൂർത്തിയായിട്ടുണ്ടെങ്കിലും, ഈ പ്രസ്ഥാനത്തിൽ കുറെ കൃതികൾകൂടി പ്രകാശിപ്പിക്കേണ്ടിയിരിക്കുന്നതിനാൽ അവയുടെ പ്രസിദ്ധീകരണത്തിനുശേഷം എല്ലാം കൂട്ടിച്ചേർത്തു ഒരു പുസ്തകമാക്കാൻ വിചാരിക്കുന്നു. ഈ ലക്കങ്ങളോടുകൂടി പൂർത്തിയാകുന്ന അഗ്നിപ്രവേശം അടുത്തുതന്നെ പുസ്തകമായി പുറത്തുവരും.

ഇത്രയും പദ്യകൃതികളെപ്പറ്റി. ഗദ്യവിഭാഗത്തിൽ, ഒരു നളബാഹുകം, മലയാളത്തിൽ സംസ്കൃതത്തിന്റെ സമാവേശം, ഒരു പ്രാചീനരേഖ, ഗ്രന്ഥപ്രസാധനം, അപ്രകാശിതങ്ങളും അനർഘങ്ങളുമായ പഴയ കൃതികൾ, അദ്ധ്യാത്മരാമായണസംസ്കരണം തുടങ്ങിയുള്ള വിശിഷ്ടപ്രബന്ധങ്ങളാണു ഞങ്ങൾ പ്രകാശിപ്പിച്ചതെന്നു സാഭിമാനം പ്രസ്താവിച്ചുകൊള്ളട്ടെ. ഭാഷാപോഷണത്തിനുവേണ്ടി തിരുവിതാംകൂർ സർവ്വകലാശാല നിർവ്വഹിക്കുന്ന പ്രശസ്തസേവനത്തിന്റെ വിലയേറിയ രേഖകളായി ഇവയെ പരിഗണിക്കാം.

ഭാഷാത്രൈമാസികത്തെ ഏറ്റവും ഉപയോഗപ്രദമായ ഒരു പ്രസിദ്ധീകരണമാക്കിത്തീർക്കുവാൻ, യശശ്ശരീരനായ ഡാക്ടർ. കെ. ഗോദവർമ്മ ഉൾപ്പെടെയുള്ള പഴയ പത്രാധിപസമിതി സർവ്വാത്മനാ പ്രയത്നിച്ചിട്ടുണ്ട്. ആകയാൽ ആ സമിതിയോടും, വിശിഷ്യ മാനേജിംഗ് എഡിറ്ററായിരുന്ന്, ഈ സാംസ്കാരികപ്രവർത്തനത്തെ വിജയശ്രീലാളിതമാക്കുവാൻ അനവരതം ഉദ്യമിച്ച ഡാക്ടർ പി. കെ. നാരായണപിള്ളയോടും ഞങ്ങൾക്കുള്ള കൃതജ്ഞതാതിരേകം ഇവിടെ രേഖപ്പെടുത്തട്ടെ. ലേഖനസാഹായ്യത്താൽ ഞങ്ങളെ അനുഗ്രഹിച്ച പണ്ഡിതന്മാർക്കും, ഭാഷാത്രൈമാസികത്തിന്റെ ബന്ധുക്കൾക്കും ധന്യവാദം.

കലാമൂല്യമുള്ള മുഖ്യകൃതികൾതന്നെ മൂന്നാംവാല്യത്തിലും ചേർക്കാൻ ഞങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്. ‘പൊന്നിറത്താൾകഥ’ എന്ന തെക്കൻപാട്ട് ഹൃദയഹാരിയായ ഒരു ഗാനകാവ്യമാണ്. ‘ജ്ഞാന

മുത്തുമാല ' എന്ന പേരിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന പ്രാചീനഗദ്യമാകട്ടെ, ക്രൈസ്തവതത്ത്വവിജ്ഞാനീയം കൈരളിക്കു കാഴ്ചവെച്ച പ്രകൃഷ്ടമായ ഒരാഭരണമാണെന്നു പറയുന്നതിൽ അതിശയോക്തിയില്ല. അതിലെ ഓരോ മുത്തും നോക്കിക്കണ്ടു വില നിർണ്ണയിക്കുന്ന ഭാരം ഞങ്ങൾ വായനക്കാരിൽ സമർപ്പിക്കുന്നു.

ത്രൈമാസികം മേൽക്കുമേൽ പ്രയോജനകരമായിത്തീരുന്നതിനുള്ള എല്ലാ പരിപാടികളും ഞങ്ങൾ സ്വീകരിക്കുന്നതാണെന്നറിയിച്ചുകൊണ്ടു് ഈ പുസ്തകത്തെ സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

# സരസ്വതീസ്തവം

[ തിരുവനന്തപുരം മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലെ 138 E എന്ന പകർപ്പിൽ രണ്ടാമതായി ചേർത്തിരിക്കുന്ന ഒരു സ്തോത്രമാണിതു്. ]

അമ്മേ! സരസ്വതി! വാണി! കവിമാതേ!
ചിന്മയമായ മനോജ്ഞരൂപേ!
കല്മഷനാശിനി! മന്മഥമോഹിനി!
നന്മയിനിക്കരുൾ കുമ്പിടുന്നേൻ. (1)

പത്മഭവൻ തിരുനാവിന്മേലമ്പിനോ-
ടുത്ഭവിച്ചമ്മേ! കവിമകളേ!
തൽപാദപങ്കജേ പത്മാനനേ! മുതി-
ന്നെപ്പൊഴും ഞാനിതാ കുമ്പിടുന്നേൻ. (2)

പാലും പളുങ്കും വെളുത്ത തൂവെള്ളിയും
ചാലത്തൊഴും തിരുമേനിനല്ലാൾ
കോലം തെളിഞ്ഞു കുടിപൂകെന്നുള്ളത്തിൽ
ബാലത്തരുണി! ഞാൻ കുമ്പിടുന്നേൻ. (3)

പിച്ചയേററങ്ങു മലയിൽ കുടികൊള്ളും
വിശ്വനാഥൻ വിരിഞ്ചൻ മുനിമാരും
അച്യുതനും വന്നു കൈതൊഴും നിൻകഴൽ
വച്ചിതാ മാനസേ കൈതൊഴുന്നേൻ. (4)

പ്രീതിയോടേ നിൻെറ പാദം കരുതാതെ
ജാതരായുള്ള ജനങ്ങൾക്കെല്ലാം
നാൾതോറും മൂകതപോൽ നീ കൊടുപ്പതു
നാഥേ! ഞാൻ നിൻപദം കുമ്പിടുന്നേൻ. (5)

പുഞ്ചിരിപ്പൂണ്മയുമുണ്മയും വെണ്മയും
കഞ്ചത്താർമാതേ! കവിമകളേ!
നെഞ്ചിൽ കനിവോടു തഞ്ചിക്കുടിപൂക
ചഞ്ചലംകൂടാതെ കുമ്പിടുന്നേൻ. (6)

പൂമാതോ വാണിയോ ഭൂമിയോ ഗംഗയോ
കൌമാരിയോ കലാജ്ഞാനിയോ നീ?
കാമാരിഭാര്യയോ സോമാനനേ! നിന്നെ-
യാരെന്നറിഞ്ഞു ഞാൻ കുമ്പിടുന്നേൻ. (7)

പെട്ടെന്നു നിൻകഴൽ മുട്ടാതെ കണ്ടുട-
നിഷ്ടമോടേ തൊഴും ഭക്തരുള്ളിൽ
ചട്ടററ വിദ്യയും വിത്തം കവിത്വവും
വീര്യവും നൽകുവാൻ കുമ്പിടുന്നേൻ. (8)

പേർത്തും മുനിജനമാസ്ഥയോടേ വന്നു
കാൽത്താർ തൊഴും പരമാത്മരൂപേ!
കാത്തുകൊൾകെന്നെ നീ ചിത്തകാരുണ്യാലെ-
ന്നോർത്തു നിനക്കിതാ കുമ്പിടുന്നേൻ. (9)

പയ്യവേ നിങ്കഴൽ മെയ്യായിക്കല്പിച്ചു
ദിവ്യജനങ്ങൾ വണങ്ങുന്നോളേ!
അയ്യാ! തെളിഞ്ഞു നൃത്താടുകെൻ നാവിന്മേൽ
ശൈലൂഷകന്യകേ! കുമ്പിടുന്നേൻ. (10)

പൊന്നുംതിരുമുടി ചിന്നും കുരുൾനിര
മിന്നും കപോലങ്ങൾ മന്ദഹാസം
എന്നുള്ളിലിന്നും തെളിഞ്ഞു കുടിപൂക
സുന്ദരപ്പെൺകൊടി! കുമ്പിടുന്നേൻ. (11)

പോർമദവാരണയാളേ! കുയിൽമൊഴി!
സോമാനനേ! സുകുമാരരൂപേ!
നാമസങ്കീർത്തനം ചൊല്ലുവാനെന്നുടെ
നാവിൽക്കളിക്ക നീ കുമ്പിടുന്നേൻ. (12)

പൌരുഷമേറും മുനിജനമാനസേ
സൈ്വരമായ്മേവിന മോക്ഷരൂപേ!
ശൌര്യവും ധൈര്യവും മോക്ഷവും വിദ്യയും
പുഷ്ടിയും നൽക നീ കുമ്പിടുന്നേൻ. (13)

ഇപ്പാരിലിങ്ങനെ ത്വൽപാദപങ്കജ-
മുൾപ്പൂവിൽവച്ചുകൊണ്ടെപ്പൊഴുതും
കല്പിച്ചുകൂപ്പി സ്തുതിക്കുമവക്കുടൻ
ശ്രീപാദം നൽക നീ കുമ്പിടുന്നേൻ. (14)

ഒരിന്ദുബിംബം വദനം കൃശാംഗ്യാ;
മരന്ദധാരാമൊഴി; കിം പ്രലാപൈഃ
ഹരന്തനിക്കംധ്വതിസാരമച്ചോ!
ഹരന്തി ഗാത്രങ്ങളൊരൊൻറമുഷ്യാ.

നാണീട്ടുവന്നേത്രവതാം നിലാവാ-
മേണേക്ഷണാം വാഴ്ത്തുമതിന്നു ഞാനോ
വാണാവലീലക്ഷമടാതപോലേ
വാണീവിലാസാ മമ ലാഘവായ.

പ്രഥമപ്രഥിതം മനോഹരാംഗി-
ക്കൊരുപേരഞ്ചിതമുണ്ണിയാടിയെൻറു്
തിരളിൻറത്തു മറവുമൊൻറിദാനീം
തിരുനാമം ഭുവി മാരമാലയെൻറും.

വഴിപ്പെട്ടക്കണ്ടിടലാമിതെല്ലാം
പൊഴിപ്പിൽഞാനെന്തിനു വർണ്ണയാമി?
ഉഴപ്പുപോലേ പെരുതാകിലും കോ-
ളുഴിക്കവേ ഹന്ത! കിഴിക്കവേണ്ടാ.

ഗദ്യം

ഇവ്വണ്ണം പറഞ്ഞുപറഞ്ഞതിമനോഹരേ മന്ദിരേ
ചെൻറകംപുക്കനേരത്തു്:

പദ്യം 87 88

വാ വാ ചൊല്ലു(ക) വൃത്താന്തം നീവൻറു തെക്കുനിൻറുപോൽ
വേണാട്ടടികളെങ്ങോ(രി? നി)ൻേറാണം കൊല്ലത്തു നിൻറുപോൽ.
നാതർപട്ടർ മരിച്ചുള്ള വീഴ്കലംകൊണ്ടുതില്ലയോ?
ഉഴറിപ്പട്ടകളെ നീ വഴിമേൽ കണ്ടുതില്ലയോ?

---

87. ചൊല്ലുക. ഖ.
88. ചൊല്ലു. ഖ.

89
കോഴിക്കോട്ടങ്ങുനിൻറിൻറു കോഴിക്രുവിൻറനേരമേ
90
പോന്ന ഞങ്ങളെ വൈകിച്ചാൻ കോന്നൻ മെല്ലെ നടപ്പിതു.
വാതവ്യാധിവെരുപ്പിച്ചിട്ടേതുമാകാ പദദ്വയം
മെല്ലെമെല്ലെ നടക്കൻറി കെല്ലെൻഞാൻ പരമാത്മനാ.
ഞാനട്ടത്തങ്ങിരിന്നപ്പോൾ മേനിച്ചൂർ ചോമപട്ടരെ
താനംകൊണ്ടതുമററാരും മാനിച്ചില്ല (മ)ഹീതലേ.
കെല്ലാർപട്ടകളും മുഖ്യം ചൊല്ലാർ മത്സരിണോ മയി
അവക്കുവന്നതും മുററുമവിമൃശ്യവിധായിതാം.
...ഞെതിപ്പാത്താർപോൽ കൊട്ടിയൂക്കിര പട്ടർതാം
മുന്നമേ വീഴ്കലംനമ്മെ മുന്നമേ കൊണ്ടിരിപ്പിതു.
91
എൻറാലതിൻപ്രതീകാരമുണ്ടൊൻറന്നാൽ പ്രകല്പിതം
92
ശ്രുതം പരീക്ഷ്യതാമെമ്മിൽ കൃതം ഗജ്ജനഭർത്സനൈഃ
പോരുമക്കഥ ചൊല്ലുണ്ണീ! പൂരവേലയ്ക്കു ചെൻറനാൾ
93
നമ്മുടേ ചാത്രർ വെട്ടീട്ടങ്ങെണ്മരൊണ്ടു മുറിഞ്ഞിതു.
തേഷാമൊരുത്തൻ ചത്താൻപോലൂഷത്വംകൊണ്ടു കേവലം
ബ്രഹ്മഹത്യയിവക്കാകിലാത്മഹത്യാ മൃതസ്യ കാ?
ഒരുകമ്മണി കർത്തൃത്വം വരവല്ലാ വിരുദ്ധയോഃ
ഹന്താ ഹതശ്ച തത്രേതി ഹന്ത! മാനവമല്ലതു്.
അവിവേകപ്രലാപിത്വം നവരം പുഷ്യതാം ഭുവി
ചുട്ടാർപോൽ കയ്യരവനെ സ്പൃഷ്ട്വാ പതിതനാകയാൽ.
അതുകൊണ്ടു നിഹന്തവ്യമപരേഷാമപാതകം
കൃഷ്ണാ വാ, രഘുവംശത്തിൽ നിഷ്ണാതൻപോൽ ചുഴിഞ്ഞു നീ.

---

89. ക്രുവിന. ഖ.
90. വഞ്ചിച്ചാൻ. ഖ
91. പ്രതികാരമൊൻറുണ്ടെന്നാൽ. ഖ.
92. പരീക്ഷ്യതാമെങ്കിൽ. ഖ.
93. വെട്ടിൽപെട്ടെണ്മ. ഖ.

ശ്ലോകമെൻറു പയിപ്പാനമാകിൽ കേട്ടതു ചൊല്ലെടോ
* 'അഥ പ്രജാനാ'മിത്യ * (ാദാവ)ഥ ശബ്ദഃ കിമൎത്ഥകഃ?
സഞ്ചിന്തയന്തു ഷഷ്ഠീ കിം പഞ്ചമീ കിമൃഷേരിതി
ഋഷേൎമ്മുമോച ധേനും കിം? ഋഷേൎദ്ധേനും മുമോച കിം?

94

ഉണ്ണിയാടിയെ ഞാൻ പണ്ടേ തിണ്ണം കേട്ടിട്ടിരിപ്പിതു്
കാണ്മാൻ കൌതുകി ദൃഗ്ദ്വന്ദ്വം താമ്രംപോലധരം തുലോം.
ഉണ്ടോ നിങ്ങളിലേ ചുററം കണ്ടാലൊൻററിയാട്ടമോ?
വ്യുൽപന്നപോൽ തുലോമെൻറാൽ സ്വല്പം നാം കണ്ടുപോവിതു
മണിപ്രവാളമായ് തന്വീമണിയാമുണ്ണിയാടിമേൽ
ശ്ലോകമൊൻറു ചമച്ചേൻഞാനാകിൽ കേൾപ്പിക്ക നീ പഠി.
ആടിയെൻറുള്ള പേർ പാൎത്താൽ ബാധമനൎത്ഥമേവ തേ
ത്വം ഹി ശൎമ്മപ്രദാ പുംസാം സാംഹതോരുപയോധരാ

95

ഏവം കവളികാഹന്തൈ ശ്രു(ാ)വകൈസ്സാൎദ്ധമുച്ചകൈഃ
പറഞ്ഞു ബഹുധാ വാചാ നിറഞ്ഞ നിജവിദ്യയാ
കുട തങ്ങളിലേതട്ടീട്ടടനീടും ഘനധ്വനി
ചെരിപ്പേററം ഞെരുഞ്ഞെരുത്തുരത്ത പദനിസ്വനം.
ഓരോ ശാസ്ത്രങ്ങൾ വക്കാണിച്ചാരൂഢമതിവൈഭവം

96

ദൃഷ്ടം ചെൻറണയിന്റോരു ഭട്ടവൃന്ദ(മവേക്ഷ്യത ? മവൈക്ഷത).

ഗദ്യം.

തിണ്ണമെഴൻറ മുയൽച്ചെവിപോലെ
തൊങ്ങലിരണ്ടുമിറന്നുവരുംപടി
തൊപ്പാരത്തെക്കെട്ടിയതിന്നൊരി-
നിപ്പമിയററിച്ചൊട്ടപ്പരിചായ്

---

94. മുന്നേ. ഖ.
95. ശ്രാവകൈ. ഖ
96. ഭട്ടവൃന്ദമവേക്ഷ്യതേ.

* രഘുവംശം സൎഗ്ഗം 2 ശ്ലോകം 1.

നെററിത്തടഭൂവി പുണ്ഡ്രം നാട്ടി-
പ്പെരിയ മയിർപടലേനജടാല-
മാർവിടവും വളർകൈയ്യുമ്മുറവ-
ന്നൂട്ടവളന്തനിമലയജമിഴകി-
പ്പൂറവടിയോളം താണ്ണുവരും പരി-
ചായതമാനതട്ടപ്പുമട്ടത്തുപ-
ണ്ണിത്തുവർകാണും പരിചൊരുഭംഗ്യാ
പൊലിവെഴമൊലികൊണ്ടേററം ചുററി-
ക്കയ്യിലിരിക്കും വാൾകൊണ്ടു ചില
ആയുധഭംഗികൾ ദുശ്ശീലിച്ചുട-
നംഗുലിതോറും മേന്മേൽ പല പല
മോതിരമിട്ട കരാഗ്രമുയത്തി-
ക്കൂടിപ്പോരിൻറവരൊട്ടു വെററില
കൊണ്ടുമിരന്നും തഞ്ചമയത്താൽ
മേനോക്കിത്തുപ്പാനീവാകൈഞെരുടൻമേൽ
ശ്ശൂലൻ ചൊന്ന ചിലോകം ചൊല്ലീ-
ടെന്നൊളം നെല്ലിൻറാക്കുകിടെപ്പിത്തു
െ(ര)പാന്നിത്തികവത്തുമിൻറു നിനെപ്പിത്തു
പുന്നോരിട്ടയുമെന്നെയുമെല്ലോ
നെടിയാ വാ നീ ചൊല്ലുഴയാതെ
ചേടിയൊടെൻനിനവറിയിച്ചാളോ?
പട്ടാങ്ങെല്ലാർ പൊൻമോതിരമിത്തു
ക്കൂടെയിരന്നാൾ
ചേടിയ്ക്കാളിയിൽ കൈക്കൂലിയിടാം
േ(ച)തകോ? പറഞ്ഞാൽ കേൾക്കുംപോൽതാൻ
തനപീമുടിമണിതന്നെയൊരിക്കാൽ
എന്നൊക്കിഞ്ചന പുഞ്ചിരിയിട്ടിരിൾ-
മിഴികൊണ്ടവൻപാൽനോക്കിനതെല്ലാം
ഇന്നുമെനക്കു ചുവച്ചുവരിൻറിത്തു
തടമുല പൂണ്മാൻ കടവിയനോ ഞാൻ?

ദൈവത്താനേ ചൊല്ലീടെങ്കിൽ
പൂച്ചൊല്ലെൻറാരു പാന്ഥനൊടരികിൽ
ചൊല്ലിൻറളവിൽ കുവളപ്പൂവെ-
ന്റതിനിരപേക്ഷമവൻ ചൊന്നതുകേ-
ട്ടൽബണകോപാൽ മോഹിതമനസാ
നിള്ളെച്ചുട്ടമാണിപറഞ്ഞ പി-
രട്ടൻറവനെ നവൃങ്ങത്തല്ലി
ക്രുട്ടവലിപ്പൂമ്മുകരും കാട്ടി
പെരിതൊരിളക്കം വരുമാറണയും
ചെങ്ങ(ണിയ്യൂ)രമർ ഭ്രസുരജാല-
ന്തത്ര (മൃ)ത്തുന്നവരിൻറത്ദൃശ്യത

പദ്യം

കല്ഹാരപുഷ്പാവലിയൊൻറുവച്ചു
ബദ്ധം കുടുമ്മസ്തബകന്ദ(ധാനാൻ)
ചട്ടററ ശോഭം മ···ട്ടുവച്ചു
ശുദ്ധേന്ദുഗൌരം പരിധായ വാസഃ.

താംബൂലകാന്തിസ്ഫുരിതാനനേന്ദൂൻ
വിരിഞ്ചസൂത്രാഞ്ചിതബാഹുമധ്യാൻ
ഉപേത നിഷ്ഠാൻ മറയിൽ, തഥാപി
വിരാജമാനാനനിശം സഭായാം.

ഉൾച്ചേൎന്ന ഗാത്രാനൊളിയിൽ, തഥാപി
ലോകപ്രകാശപ്രഥിതസ്വരൂപാൻ,
പാഴ്മിക്കവെള്ളിക്കവിളാന്തരാളേ
മേവിക്കലദ്വന്ദ്വവിശുദ്ധിഭാജഃ.

ഗദ്യം

തമ്മിൽകണ്ടതു വേണ്ടിയിരുന്നോ-
ൻറിൻറുചെറുക്കനെ മൂവാണ്ടുളയോ?
മൂത്തവൾപെണ്ണെന്നുണ്ണിച്ചാളോ,
മുലമാറത്തു മൃതിൻറുളയോ താൻ?
അസ്മദ്ഭ്രാതസൻ ഭവരാതന്നും

വേൾപ്പാൻ കാലം വന്നതിദാനീം,
പെല്ലരവിന്നു മടിച്ചു മടിച്ചു
കൊട്ടത്തേനിന്നാൾ കേളിയെ ഞാൻ.
പൊന്നും പണവും മിണ്ടീലവനും
നമ്മൊട്ടു ചാൎച്ചകിടച്ചതു ധനമായ്;
മാംകാവിൽ പരമേശ്വരനകതി-
ക്കിനിയെപ്പെണ്ണിനെ വേൾപ്പാൻ കൊതിയു-
ണ്ടത്തു ഞാൻ കേവലമനവതിയാഞ്ഞേൻ.
കൊടയെങ്ങുമൊരിക്കന്തോൻറീ-
ലേതേനും വിധിവിഹിതംവന്നിട്ടു-
മിന്നാളെമ്മിൽ കണ്ടപ്പോഴേ
പുന്നെക്കോട്ടൊരു വേളിപറഞ്ഞാൻ
മന്ത്രിച്ചാലതു ചൊല്ലാ നമ്മിൽ
നിക്കട്ടെക്കഥ കൻറിരുപത്ത-
ഞ്ചൊട്ടിക്കൊണ്ടാനിന്നാൾ പുലരി-
പ്പടനായൻ മൂക്കളയവരേറവെ-
രുപ്പികൻറതു ചൊന്നേനിന്നാൾ
സ്വാമികളോട്ടൾചേരാഞ്ഞേററം
ചെയ്തുമിപ്പോൾ നാനാചാരം
ചെൻറുടനാടീ കേളാനിന്മേൽ
ചൊന്നേൻ പഞ്ചകമിപ്പോൾ ശൂന്യം
തട്ടാനംകവിയെൻറു ഞാൻ വർണ്ണിയ്ക്കും
നായികമാൎക്കു പൊഴിഞ്ഞവരിൻറിത
സംപത്തേററം പുഴയിടനാട്ടി-
നിളമാംകുളമാം തരുണീമണിമേൽ
97
ചൊന്നേനിന്നാൾ തൈവംപാട്ടവൾ
തന്നിതു ഞാനിച്ചുററിയതൊലിയൽ
കൊട്ടപ്പാനാവിലവൎക്കേയാവൂതു

97. ഖയിൽ
തൈവംപാട്ട്. [illegible]

മറവുമിവ········ബുഞ്ചൊല്ലസ്സ·····ദി പറ-
ഞ്ഞഖിലജനാനാം പരിഹാസത്തിനു
പാത്രീഭൂതം ദുഷ്കവിനിവഹം
കണ്ടു പരസ്പരമാലോക്യ ചിരം
പുഞ്ചിരിയിട്ടോ ഞാങ്ങളമുഷ്മിൻ.

പദ്യം

ജലദസ(മ)രവം ഞെറിഞ്ഞു കഞ്ഞി-
98
പ്പൂടവയുടുത്തു ചമഞ്ഞു മഞ്ഞരം പൂയി
വപുരുദിതവിയർപ്പുനീർപ്രവാഹം
വലിയ ധവിത്രപുടേന വീയി വീയി;

സ്സുടരടിതമുടൻ ചിരിച്ചു നാട്ടാർ
പലരെയുമാവളമങ്ങധിക്ഷിപന്ത:
മടവയർമുടിമൌലികോമളാംഗം
നിജവപുഷാ പരുഷേണ ചെൻറുരുമ്മി;

99
കൃതരഭസമട്ടത്തിരുന്നു ചൂഴം
100
വിതറിനതമ്പലജാലമാലപന്ത:
ഒരുവരൊട്ടരിയാട്ടുവാനുമെല്ലാ-
മവസരമേതതവൎക്കു സംവദന്ത:;

സദസി സരസരാവതിന്നു മേന്മേൽ-
പ്പലരൊട്ടുമങ്ങു സദസ്യമായ്പറഞ്ഞു്
ചെറിയ നിജസഹായമൂഢരെത്താൻ
ചെവുത്തു കയത്തു കരേണ താഡയന്ത:;

ഉടനുടനപരാമൊരേണനേത്രാം
ഝടിതി കറണ്ടകമിട്ടുമാണയിട്ടും

---

98 പുടവയുടുത്തലമങ്ങു മഞ്ഞരം പൂയി. ഖ.
99 ചൂഴം. ഖ.
100 ഖ.

ഇടയിലിടയിലോമലോടുകണ്ണേ
101
സുരതമതീവതരാമിരന്നിരന്നു് ;

102
ഇനിയ വിടജനേന ഗ്രഢമന്തഃ
പരിഹസിതാ ബഹിരീഡിതാ നിതാന്തം
പ്രഭുജളരുമിവണ്ണമുണ്ട തസ്മിൻ
മുഹുരറിയിച്ചു നിജാലയേ വിഭ്രുതീഃ.

103
അതിക്രമ്യ തതഃ കക്ഷ്യാഃ കതിചിൽ കുതുകാന്വിതൗ
മഹാമന്ദിരമധ്യസ്ഥേ മഹാർഹമണിദീപിതേ.

മുത്തുഞ്ഞാലികളെച്ചെൻറു മുത്തും മുഗ്ദ്ധദൃശാന്വിതേ
കൂട്ടിൽചേരും കിളിപ്പാട്ടിൻ പാട്ടിൽ ചേന്ന ജനശ്രുതൗ

ബർഹിണാം നൃത്യതാം ചൂഴും ബർഹമാരുതശീതളേ
ആളാമണിയുമായ്ശാരീ ചൂളാമണിഗണങ്ങളെ.

104
ആളൊപ്പം ചെയ്തു വാഴ്ത്തീടും വാലസ്ത്രീജനമണ്ഡിതേ
സൂക്തിശ്രേണികളെച്ചൊല്ലി വാഴ്ത്തും കവിവരാന്വിതേ.

മാൺപിൽ പൂപ്പടയിട്ടുള്ള പൂംപൊടിപ്രകരൈരിവ
മണിസ്തംഭപ്രഭാജാലൈരണിഞ്ഞുല്ലാസിഭൂതലേ.

മംഗലേ കമലാകേളിരംഗമാം മണിമണ്ഡപേ
ചിലർ താംബൂലപാത്രാണി ചിലർ കർപ്പൂരഭാജനം.

ചിലരാലവട്ടങ്ങൾ ചിലർ വെഞ്ചാമരം തഥാ
105
ചിലരാദർശരത്നങ്ങൾ ചിലരാമോദിനീസ്രജഃ

---

101 തരാനിരന്നിരന്നം. ഖ.
102 നൂനം. ഖ.
103 കുതുകാന്വിതാഃ ഖ.
104 ബാല. ഖ.
105 ചിലരാദകരം രത്നങ്ങൾ. ഖ.

ചിലർ കല്ഹാരകുസുമം ചിലർ ശേഖരമണ്ഡനം
ചിലർ മാലേയജംബാളം ചിലർ കാളാഗരുദ്രവം.

ചിലർ കേളിസരോജാനി ചിലർ സാഹിത്യപുസ്തകാൻ
ചിലരാക്രീഡയന്ത്രാണി ചിലർ കാഞ്ചനമണ്ഡനം.

ചിലർ കാഞ്ചനഭൃംഗാരം ചിലർ കാഞ്ചനപാദുകം.
ചിലരംഗജലേഖങ്ങൾ ചിലർ വേണ്ടുന്ന മനോഹരാൻ

ചിലർ വീണാദിവാദ്യങ്ങൾ ചിലരഞ്ജലിബന്ധനം
ഇവ്വണ്ണം പലവും കൈക്കൊണ്ടുവ്യാജമധുരാകൃതീഃ

സർവ്വാ ഭൂഷിതസർവ്വാംഗീസ്സർവ്വാ മധുരഭാഷിണീഃ
സർവ്വാസ്സൌയ്യത്രികാഭിജ്ഞാസ്സർവ്വാ യൌവനശാലിനീഃ

ഈടിച്ചുഴലവും കണ്ടോം ചേടിമാരെ മനോരമാഃ.

ഗദ്യം

അഥ തത്ര മണ്ഡപമദ്ധ്യേ രോചനാരുചി രവിവര-
ദീപിതപര്യന്തഭാഗം കജ്ജളനീലദീർഘവേണീഭരം
നിഖിലലോകനയനാനന്ദസന്ദായിനം അംഗനാമയം അനംഗ-
മംഗലദീപം പുണ്യവതാ കണ്ണിണകൊണ്ടാവാം ആലോകയാവഃ
യാ ഖലു നിജാവയവമാന കൺമലർതൻ കാന്തികൊണ്ടു
ഹരിണീം തുടവിയ തുടകൊണ്ടു രംഭാമപി വിനിർജ്ജിത്യ
സമഗ്രയാ നിജതഃരുചാ ഗീർവ്വാണവാണിനീകുലവിജയ-
മീഷൽകരമിവ മന്യതേതരാം.

പദ്യം

തരുണാംബുരുഹസ്ഫുരൽകരാഗ്രാം
തരുണീം താം കനകാവദാതകാന്തിം
തവ സുന്ദരി, സിന്ധുജേവ മത്വാ
ചരണാന്തേ മനസാ സ്വയം നതൌ സ്വഃ.

ഗദ്യം

ഇന്ദി(ന്ദ്രി)രംഘനവൃന്ദതമോഭരചന്ദ്രകവൽ പ്രഭചന്ദ്രക
പാളീനിന്ദാകരമിരികൊണ്ടുള ഗുരുഭരമിന്ദീവരരുചി-

106
വന്ദീകാരി മുകുന്ദകരോജചലനന്ദകതരളതരം ദളയമക്ഷ്ണോ-
രിന്ദ്രനിശാമുഖകന്ദളിതശരച്ചന്ദ്രമനോഹരചന്ദ്രികനെറിസിത-
മന്ദാരം നവകുന്ദമിവററിനെ നിന്ദിച്ചരുളിന മന്ദസ്മിതരുചി-
സിന്ദൂരം കുരുവിന്ദമിവെല്ലാം വന്ദിപ്പളവതിസുന്ദരമലർവാ
സ്യന്ദമുറം മകരന്ദമനോഹരവിന്ദുവിലാസം ക്ഷുന്ദാനമ്മൊഴി
ഭിന്ദാനം ശരദിന്ദുശ്രിയമാനന്ദത്തിന്നൊരു കന്ദായിതമര-
വിന്ദങ്ങൾക്കതിമന്ദാക്ഷോദയസന്ദായി മുഖം മന്ദരഗിരി-
107
യൊളതുന്ദിലമാ നവചന്ദനലളിതദളന്ദളം കുചയോഃ
മന്ദാനിലമേററാന്ദോളിതമിടൈ കന്ദപ്പ്നൂപസ്യന്ദന-
പൃഥുകടിസുന്ദരതുടയുഗകന്ദളമുടനരവിന്ദമദാന്ധ്യ
ഞരിന്ദൽപദയുഗമിന്ദിരയോടെതിർ സുന്ദരമവൾമൈ?(മെയ്യ്)
108
സംദൃശ്യ വന്നൗ നന്ദഥുരുദഭ്രൽ.

പദ്യം

പത്രാഞ്ചലേ പനിത്തുനീരെത്തും പല്ലവഗുച്ഛമോ,
ഹരി! യെന്മോഹമേതൌ നിൻചരണൌ നഖഭാസുരൌ.

മെയ്യേ മസ്തകമോ തുമ്പിക്കയ്യിരണ്ടുള്ള ദന്തിനഃ
നിൽക്കുട്ടതു തവശ്രോണീചക്രവും തുടയുഗവും

അരയാലിലമേൽക്കൂടി വരിവണ്ടിണ്ട പോൻറതോ ?
വ്യാമൂഢാത്മാസ്മി സത്യം തേ രോമാവലി മൃദൂദരേ.

തരംഗമാല തല്ലിൻറു തിരണ്ടംബുജകോരകേ
109
വലിത്രയകുചാലോകേ വലിച്ചിതു മനോ*f*ന്യഥാ

സുധയാ ചേർന്നതോ മാധ്വീസുധയാ മമ സാമ്പ്രതം
വിമശേ മുരവൽക്കാന്ത്യാ സമം നിയ്യാതി നിൻവചഃ

---

106 ബന്ദീകാരി. ഖ.
107 ല്ലളിതം ദളന്ദളം. ഖ.
108 ജനാനന്ദഥുരുദഭ്രൽ. ഖ.
109 മനോവ്യഥാ. ഖ.

മാലാം ചുംബതി മുക്താനാം ബാലേ കാൺ വിദ്രുമോ മണിഃ
എന്തിച്ചൊന്നതിതോ ചെവ്വാ ദന്താനാമന്തികേ തവ.

വടിവാർകമലത്തിന്നു നടുവേ തിലസൂനമോ ?
110
ആസ്യം പറഞ്ഞുതെല്ലാംഞാൻ ആസ്യേ തേ ഭാതി നാസികാ

തരംഗങ്ങൾക്കു കീഴ്കണ്ടേനിരണ്ടു കയൽമീൻ പുരഃ
ക്രൂത്തെർ ചില്ലീയുഗളവും പാർത്താൽ നിൻനേത്രയുഗ്മവും !

അംബുവാഹം ചുമന്നിന്ദുബിംബം വന്നിങ്ങുതാണ്ണുതോ ?
അല്ലല്ല നിൻമുഖം; കീഴേത്തുല്ലാസികചമുച്ചകൈഃ

മഹേള്ളാമണിയാം നിൻമെയ് സഹേളം കണ്ടു സാമ്പ്രതം
111
വിഹായ തത്രസന്ദശ്മഹോ! മുഹ്യതി മേ മനഃ

ആഴിപ്പാനായി (?) പ്പന്തലോ തവ ചില്ലികൾ ?
നൂനം ഞാനിൻവുനോക്കിന്റെൻ ആനനേ നയനദ്വയം

പൊന്നിൽ പംകജദ്വന്ദ്വം (?) വിരുന്നായ്‌വന്നതോ വിധൊഃ;
താവകീ പുഷ്പവിശിഖന്നാവനാഴിക നാസികാ;

ഉദ്ധൃതൌ വിശിഖൌ നൂനം മുഗ്ദ്ധേ! നിന്നയനേ തതഃ;
കണ്ണാടിയെൻറു കല്പിച്ചേൻ തിണ്ണം നിൻ ഗണ്ഡമണ്ഡലേ

മുഗ്ദ്ധേ പാർത്തീടിവററിന്നു മദ്ധ്യേ ബിംബതി വാമലർ
വക്ത്രേ വിശദദന്താളീ മുക്താ തോകാൻ പ്രസൂയതേ.

നിൻറ ശുക്തികലാപാഭൌ നൻറു നിൻകണ്ണസമ്പുടൌ;
ദഹിനാം ചിത്തമാം മീനഗ്രാഹിണൌ മണിഭൂഷിതൌ

കണ്ണപാശൌ തവ വലക്കണ്ണി തിണ്ണം മനോഭവഃ
ഇക്കോലവാച്ചവപ്പിന്നു മുഖ്യോദാഹരണം തവ.

---

110 പറഞ്ഞുതല്ലോ. ഖ.
111 തത്തൽ സന്ദശ്. ഖ.

മുരിക്കിൻമലർതഞ്ചിന്താം ഉരുക്കം കാന്തിസമ്പദാ;
112
നിന്ദന്താം നിച?(ജ)യാ കാന്ത്യാ നിന്ദന്താഃ കുന്ദ(യു?കു)ശ്മളം

കന്ദപ്പ്യയശസാംമൂലകന്ദാംക്രുരാ വിഭാന്ത്യമീ.
വാണീവിലാസമാകണ്ണ്യ വാണി നീ നായികേ ! തവ

നാണാതെ കുയിൽ പാടുമ്പോൾ നാണവൻ മാനസേന ഞാൻ
മന്ദാരപ്രസവത്തിന്നു കുന്ദത്തിന്നിന്ദുതേജസഃ

ചിരന്നാന്മന്ദഹാസത്തോടരന്നാലടയംകിലോ
തവ ചാരുമുഖംകണ്ടാൽ നവ...................

സമാപ്തം.

112 നിന്ദന്തോ നിചയാൻ കാന്ത്യാ
നിൻദന്താഃ കുന്ദസമ്പദം. ഖ.

മാനിനിതന്നിയ്യൂന്നെപ്പിരിഞ്ഞാൽ പൊറായത്രേ
കാനലിൽക്കൂടെപ്പോന്നാളെന്നും ഞാൻ നിനച്ചത്തു
ദാനവേന്ദ്രനെപ്പൂണ്മാൻ കാനലിൽതരമെന്നു
മാനസേ നിരൂപിച്ചു മീനലോചന പോന്നു.
ആദരാൽ പഞ്ചവടിതന്നിൽ പുക്കിരുന്നനാൾ
സോദരൻ ചമച്ചോരു പർണ്ണശാലയിൽപ്പുക്കു,
ചൂതവാർമുലയാളും ഞാനുമായിരിക്കുമ്പോൾ
പാതിരാവോളമുറങ്ങീടുകയില്ലയിവൾ.
കാട്ടാന, കരടി, സിംഹാദിയാം മൃഗനാദം
കേട്ടോരോഭയംകൊണ്ടെഴുന്നേറ്റു ഞാനിരിക്കുമ്പോൾ
വാട്ടമില്ലാതെ കള്ളനാകിയ ദശാനനൻ
കാട്ടൂടേ വരുന്നതും പാർത്തിവളിരിക്കുന്നു.
മട്ടോലുംമൊഴികൊണ്ടും പന്തൊത്തമുലകൊണ്ടും
ഇഷ്ടത്തെത്തോന്നിച്ചെന്നെപ്പെട്ടെന്നങ്ങുറക്കീട്ടു
ദുഷ്ടനാമരക്കനും താനുമായ്‌നിശയിങ്കൽ
[മട്ടലർശരക്കൂത്തുമാടിക്കൊണ്ടിരുന്നിട്ടും.
പൊട്ടനാകിയഞാനും ഒട്ടുമേയറിഞ്ഞീല
കഷ്ടമത്തുണ്ടോ നിരൂപിപ്പതിന്നവകാശം?
കുളിപ്പാനെന്നുചൊല്ലിപ്പോമിവൾ ചിലനേരം
പുളച്ചകാട്ടിൽ കളിച്ചിരിക്കുമിരുവരും.
നളിനമിഴികളും വിമലവദനവും
തളർന്നങ്ങനെ കാണായ്‌വരുന്നനേരത്തിങ്കൽ
ഉഴറിനടന്നോരോ കെട്ടുതികൊണ്ടെഴുന്നേറ്റു
അഴകോടണച്ചയ്യോ! പാപമോടന്നുഞാനും. ]
മുഴവൻ കളവല്ലോ അറിയുന്നിപ്പോഴത്രേ
മഴ,മാൻ മാലശൂലധരനേ! ശിവശിവ!
അങ്ങനെയെന്നാൽ മതിയല്ലെന്നു നിനച്ചിവൾ
അങ്ങനെയിരിക്കുമ്പോൾ വന്നു ശൂർപ്പണഖയും
ഇങ്ങിവൾതന്നെക്കാണ്മാനായ്‌ക്കൊണ്ടങ്ങൊരുദിനം.

1 വലയിതഭാഗംഗ്രന്ഥം ഖ-യിൽമാത്രമേ കാണുന്നുള്ളൂ.

അന്നു തങ്ങളിൽ പറഞ്ഞൊത്തു രാവണൻ തന്നെ
ഇന്നനാൾ വരുവാൻ ചൊല്ലെന്നു കൺകൊണ്ടുകാട്ടി
അന്നവൻ വന്നു കാട്ടിൽനിന്നു മാരീചൻതന്നെ
മിന്നും പൊൻമൃഗമായിട്ടിങ്ങോട്ടുമയച്ചിതു.
ഈശ്വരായെന്നു ഞാനും തമ്പിയുമറിഞ്ഞിതു
ആശ്ചരിയങ്ങളുണ്ടോ പൊന്മാനിൻ കളികണ്ടാൽ.
കാച്യപാൽനാണമ്മൊഴിയാളുമെന്നോടു ചൊന്നാൾ
ഇച്ഛയേറീടും മാനെപ്പിടിച്ചു തരിക നീ
പൊണ്ണനാകിയ ഞാനും അന്നേരമതുകേട്ടു
1
തിണ്ണന്നങ്ങരികത്തു തമ്പിയെത്തുണയാക്കി
തുള്ളും മാനിനുപിൻപേ വില്ലും ബാണവും കൊണ്ടു
കള്ളക്കാനലിൽക്കയ്യുംകാട്ടിക്കൊണ്ടങ്ങുചെന്നു
പുള്ളിമാനിനെപ്പിടിച്ചീടുവാൻ നടന്നത-
ങ്ങുള്ളത്തിൽ നിനയ്ക്കുമ്പോളെല്ലാർക്കും ചിരിയാകും.
പിടിക്കാനരുതാഞ്ഞൊരരിശത്തോടെ ഞാനും
എടുത്തുബാണം വേഗം തൊടുത്തൊന്നെയ്തനേരം
ഉടൽക്കുകൊണ്ടു മറുപുറത്തു പുറപ്പെട്ടു
അലറീ നിശാചരൻ ബാണമേററതുനേരം
ഏണവേഷവും വിട്ടു ദേഹവുമതുനേരം
നടന്നു ജീവനെമപുരിയ്ക്കെന്നതേവേണ്ടു.
ദാനവവീരൻതൻെറ നാദമങ്ങതുനേരം
രാമാ! ലക്ഷ്മണാ! എന്നാങ്ങുച്ചത്തിൽ കേട്ടനേരം
അടുത്തു തുണയായിട്ടിരിക്കും തമ്പിയോടു
കടുപ്പമുള്ളവാക്കു പറഞ്ഞാളതുനേരം.
നടുങ്ങും മനസ്സോടേ ചെവിയും പൊത്തിക്കൊണ്ടു
നടന്നു ഹരഹര! ശിവനേയെന്നുചൊല്ലി
അകന്നു ഞാനുമനുജനുമെന്നുറച്ചപ്പോൾ

---

1 "പെൺചൊല്ലുകേട്ടു ഞാനും വിവശപ്പെട്ടുപിന്നെ." എന്നു ക—യിൽ തന്നെ പാഠാന്തരം.

തികന്നു മറിഞ്ഞുള്ളോരനുരാഗത്തോടിവർ
അരക്കൻകൊണ്ടുവന്ന രഥത്തിൽകരയേറി
തിരിച്ചു തെക്കു കടൽകടന്നു ലങ്കപുക്കു
അകംപുക്കിരുവരുമംബുജശരാൎത്തിയാൽ
പകലും പാതിരാവുമറിയാതിരുന്നതും

1

ശിവനേ! ശിവശിവ! കുലശേഖരാ! പോററീ!
ഇവർ ചെയ്തവസ്ഥകൾ പറഞ്ഞാലൊടുങ്ങുമോ?
മാനിനേ വധംചെയ്തു സോദരനോടുംകൂടി
ദീനത കലൎന്നുടൻ പൎണ്ണശാലയിൽ ചെന്നു
മാനിനിതന്നെ നോക്കുംനേരത്തു കാണാഞ്ഞെന്റെ
മാനസേ വന്നോരഴൽ ഈശനേ കണ്ടിട്ടുള്ളു.
പാവകൻപിടിപെട്ടോരുണക്കൽമരംപോലെ
പാപമേ മനംവെന്തു നിന്നുഞാനവനിയിൽ,
വീണുടൻമയങ്ങുന്നനേരമങ്ങുടൻതമ്പി
കോണുവന്നെടുത്തു നീർ തളിച്ചു നിറുത്തിനാൻ
ഉണൎന്നങ്ങനെ പുനരവിടന്നിരുവരും

2

തളൎന്താപത്തോടേ വളൎന്നാവനംതന്നിൽ
എരിയുംവെയിൽമഴ വിറയ്ക്കുംകാററുമേററു
തറയ്ക്കുംകല്ലുംമുള്ളും പൊറുത്തു നിശിപകൽ
നിദ്രയുമൂണും വിട്ടു ദൈവമേ തുണയുമായ്,
കുറുക്കം പാൽവാണിയെത്തിരഞ്ഞു നടക്കുമ്പോൾ

4

കരവും കാലും കുഴഞ്ഞിരുന്നു കരകയും

---

1 ചന്ദ്രശേഖരാ! — ഗ.

2 പിന്നത്തെ. ഗ.

3 കറക്കം. ഗ.

4 കനവും കളഞ്ഞു ഭൂമിയിൽ വീണുഴീക്കയും
അനുജന്മടിയിൽ വെച്ചുരുതി പറകയും
പൊറുതി വരാഞ്ഞുടൻ നടന്നു കരകയും. ഇങ്ങനെയാണു ഗ-യിൽ കാണുന്നതു്.

പരുഷം തമ്പിയോടു പലതും പറകയും
അറുതിവരാതെ നീർ മിഴിയിലൊലിക്കയും
നറുനീരൊഴുകുന്ന തിരുമെയ്യുടയോനെ!
മറ നാലിനും മറപൊരുളാകിയ പോററീ!
ഉണ്ടായ മനതാപം പറഞ്ഞാലൊടുങ്ങുമോ,
വണ്ടാർ പൂങ്കുഴലാളെത്തിരഞ്ഞു നടക്കുമ്പോൾ,
കണ്ടുകൻ (?) തന്റെ തേരിൽ കണ്ട വൃത്താന്തമെല്ലാം
1
കണ്ടറിയിച്ചു പക്ഷിരാജനന്നേരത്തിങ്കൽ
കളത്രമോഹം കൊണ്ടങ്ങിനിക്ക പിണഞ്ഞൊരു
ജളതപമെല്ലാവരുമിനിയും കേട്ടുകൊൾവിൻ.
അവസ്ഥ പറഞ്ഞുടൻ മരിച്ച പക്ഷീന്ദ്രന്റെ
ശവത്തെയെടുത്തുടൻ കഴിച്ചു കർമ്മങ്ങളും
പുറപ്പെട്ടവിടുന്നങ്ങരിക്കസുതനുള്ളിൽ
ഉറപ്പുവരുംവഴി സമയം കഴിച്ചതും
2
കഷ്ടം കാൽവിരൽകൊണ്ടു ദുന്ദുഭിശകം? (വം) തൊട്ടു
പെട്ടെന്നൊരമ്പാലേഴു വൃക്ഷത്തെത്തകർത്തതും
ശക്രനന്ദനനായ ബാലിയെ വധിച്ചതും
തൽക്ഷണം സുഗ്രീവനു രാജ്യത്തെക്കൊടുത്തതും
സമയം വന്നവാറേ തമ്പിയെയയച്ചതും
3
അക്കനന്ദനനുള്ളിൽ വ്യഗ്രത്തെച്ചമച്ചതും
മക്കടാധിപൻ വന്നു തൽക്ഷണം കപികളെ
ശിക്ഷിച്ചു പറഞ്ഞെട്ടു ദിക്കിലുമയച്ചതും
പുഷ്കരാക്ഷിയെക്കാണാഞ്ഞതതൽ പൂണ്ടവർകളും
സമ്പാതി പറഞ്ഞതുകേട്ടു ലങ്കയിൽ ചാടി
അൻപോടഞ്ജനാത്മജൻ ചെന്നവൾ തന്നെക്കണ്ടു

---

1 കണ്ടറിയിച്ചിതല്ലോ പക്ഷിയാം ജടായുവും. ഗ.

2 ദുന്ദുഭികോലം. ഗ.

3 വ്യഗ്രത പിടിച്ചതും. ഗ.

മോതിരം കൊടുത്തു ചൂഡാരത്നമത്രം വാങ്ങി
അഗ്നികൊണ്ടരക്കന്റെ മന്ദിരമെല്ലാം ചുട്ടു
വാരിധി കടന്നടയാളവുമെന്റെ കയ്യിൽ
മാരുതി തന്നു വൃത്താന്തങ്ങളുമറിയിച്ചു
വാരിജമിഴിയാളെ ഓത്തകമുരുകി ഞാൻ
പാരിൽ വീണവശത പൂണ്ടതും കഷ്ടം കഷ്ടം!
വേഗത്തിലുടൻ തെക്കേ വാരിധിക്കരെച്ചെന്നു
1
ചോദിച്ചു പറഞ്ഞതുകേളാഞ്ഞു കോപിച്ചതും
പാരിച്ച ചിറകെട്ടി ലങ്കയിൽ കടന്നതും
2
പൂരിച്ചോരസുരരെ വേരറെ മുറിച്ചതും
ആദിയേ നിരൂപിച്ചു കാണുമ്പോളിവയെല്ലാം
നീതിയില്ലിവളിലേ ആശകൊണ്ടിതു വന്നു.
ഏറിയൊന്നിനിപ്പറഞ്ഞീടുവാനെന്തു മൂലം
ആരുമമ്പിളിത്തെല്ലും ചൂടും ദൈവമേ! ശിവ!
എത്രനാളുണ്ടു കപിവീരന്മാരെന്നെച്ചൊല്ലി
ഇത്ര ദണ്ഡിച്ചതെല്ലാം നിഷ്ഫലമിവൾ മൂലം.
സുഗ്രീവനാദിയായ മക്കടവീരന്മാരേ!
വ്യഗ്രിയാതിനി നിങ്ങൾ പൊയ്ക്കൊൾവിൻ രാജ്യത്തുങ്കൽ.
വല്ലാതെനിന്നു മുഷിഞ്ഞീടുവാനെന്തുമൂലം
നല്ലതു വരും നിങ്ങൾക്കെന്നാതേ പറയാവൂ.
സങ്കടംകൂടാതിനി കിഷ്കിന്ധാപുരിതന്നിൽ
പങ്കജസഖീസുത! പോയ്സുഖിച്ചിരുന്നാലും.
ഏണലോചനേ! നീയും പൊയ്ക്കൊൾകങ്ങൊരുദിക്കിൽ
നിന്നോടുമില്ലാ വഴക്കേതുമേയിനിയ്ക്കെടോ!
വന്നതുമെന്റെ ചന്ദ്രക്രിയയെന്നറിഞ്ഞാലും
ഒന്നിനുമൊരുഖേദമില്ലിനിക്കിതിനേതും."

---

1 ശോകിച്ചു. ഗ.
2 വേരോടെ. ഗ.

1
ഇങ്ങനെയെല്ലാമരുൾചെയ്തു രാഘവവീരൻ
പൊങ്ങിന താപംമറച്ചങ്ങിനെ നില്ക്കുന്നേരം
കമലലോചന സീത കണ്ണുനീരോട്ടംകൂടി
നിർമ്മലനായ വാസുദേവനോടരുൾചെയ്തു.
"എൻപതി കോപിച്ചെന്നോടൻപറുത്തരചെയ്വാൻ
ഉമ്പർനായകാ! പോററീ! എന്തിതിന്നവകാശം?
നിൻപാദസരോജങ്ങൾ ദൈവമേ! മനക്കാമ്പിൽ
അൻപോടുസേവിക്കയെന്നല്ലാതൊന്നില്ല മോഹം.
പെററമാതാവും പിതാവായതും കണവനും
മററുനീയൊഴിഞ്ഞിനിക്കാരുമില്ലെൻെറ സ്വാമീ!
ഉററ നീ വെറുക്കുകിൽ നീരററ താമരാസമം
കുററംകൂടാതെ വെടിഞ്ഞീടൊലാ കൃപാനിധേ!
ഉത്തമയായ സീത ചിത്തതാരുഴന്നുടൻ
ഭത്താവെ നോക്കിക്കനിഞ്ഞിങ്ങനെ ചൊന്നനേരം
എത്രയും കോപം പൂണ്ടൊരുത്തരമരുൾചെയ്തു
പൃത്ഥീനായകനായ മുഗ്ദ്ധലോചനൻ താനും.
"നിന്നുടെ മനസ്സിലേബ് ഭക്തിയും വിശ്വാസവും!
എന്നുടെ മുൻപിലിരുന്നൊന്നുമേ പറയേണ്ടാ
നിന്നുടെ മധുവാക്ക കേട്ടതു മതി മതി."
എന്നു മാമുകിൽവർണ്ണൻ ചൊന്നതു കേട്ടു സീത
കുന്നിന്മേൽ ചൊരിയുന്ന വാരിനീരെന്നപോലെ
കണ്ണുനീർ മുലതന്മേൽ പെയ്തുയ്യോ! ശിവ ശിവ!
2
കഞ്ജലോചനതാനുമിങ്ങനെ നിന്നാളപ്പോൾ.

ദ്വിതീയപദം തീൻറു.

---

1 മാനുഷാധിപൻ. ഗ
2 ഈരടി അപൂർണ്ണം

# തൃതീയപാദം

അംബുജനയനനായുള്ള രാഘവൻതന്റെ
നിർമ്മലചരിതങ്ങളിന്നും ചൊല്ലിതിൻശേഷം.
നിന്മനം തെളിവോളം നന്മധു തരുവൻ ഞാൻ;
അമ്മൊഴികേട്ടു ചൊന്നാളന്നേരം കിളിമകൾ.

1

പെണ്ണിൻനന്മണിയായോരംബുജമകൾ സീത
കണ്ണുനീർപൊഴിഞ്ഞുകൊണ്ടങ്ങനെ നില്ക്കുന്നേരം
വിണ്ണവർകുലപാലനംബുജബാണസമൻ
പുണ്ഡരീകാക്ഷൻ മുടിമന്നവൻ കനിഞ്ഞുടൻ
തന്നുടെ അനുജനെ മെല്ലവേ വിളിച്ചിട്ടു

2

പന്നഗശയനനന്നപ്പൊഴൊന്നരുൾ ചെയ്തു.
“ കച്ചേലും മുലയാളാം മേദിനീസുതതന്നെ
വെച്ചുകൊൾകയോ, കളഞ്ഞീടുകയെന്നോ തന്നെ
നിശ്ചയം നിരൂപിച്ചു ചൊല്ലുകയിനിയും നീ. ”
വിശ്വനായകനരുൾചെയ്ത വാചകം കേട്ടു,
അക്ഷണം ഭ്രാതാവിന്റെ തൃക്കഴൽ തൊഴുതുടൻ
ലക്ഷ്മണൻ മനുകുലരത്നത്തോടുരചെയ്താൻ :—
“ മന്നവാ ! നിന്നെപ്പിരിഞ്ഞിന്ദുനേർമുഖിയാളും
ഇന്നല്ല, പത്തുമാസമുണ്ടു ലങ്കയിൽത്തന്നെ

3

കഞ്ജലോചന ദശകണ്ഠകനോടും കൂടി
വന്നിതന്നരികത്തു വാഴുന്നു നിശിപകൽ
ദൂരെയെങ്ങാനുമിങ്ങു നാമിരുവരുമുണ്ടു
വാരിധിമറുകരെക്കാനലിലിരിക്കുന്നു.
ആരുമേ നിരൂപിച്ചാലാവതല്ലാതെ ചുറവും
ഘോരമാകിയ കടലുണ്ടു ഭാവിച്ചു ചെന്നാൽ

---

1 മാണിക്യമായോരംബുജ. ഗ.
2 പന്നഗശയനനും മെല്ലെയൊന്നുരചെയ്തു. ഗ.
3 ദശകണ്ഠനാമവനോടുമൊന്നിച്ചു ലങ്കതന്നിൽ വാഴുന്നു നിശിപകൽ. ഗ.

വാരിധികടന്നങ്ങു ചെന്നുവെന്നിരിക്കിലും
ശൂരരാമസുരരോടുണ്ടോ മാനുഷർ നില്പൂ ?
ഓരോന്നേ നിരൂപിച്ചു കാണുന്ന നേരത്തുംകൽ
പിന്നെ നാം ചെല്ലുമെന്നു ശങ്കയുമുണ്ടാകേണ്ട
സൂര്യകുലമതിൽ വീരിയ മകുടമേ!
നീരജമിഴിമാർതൻ ശീലവും നിരൂപിക്ക
സാരസ്യമൊഴികളും മേളിച്ച രൂപങ്ങളും
പൂരിച്ചധരങ്ങളും കാണുന്ന നേരത്തുങ്കൽ
നാരിമാരുടെ മനോധീരതയിളകിടും.
മാനുഷപതേ! പിന്നെ രാവണൻ തൻെറ ചതി
നീതികൾ പലതരമോരോന്നേ നിരൂപിക്ക.
ഇന്നതേയാവൂ നാരിമാർകളെന്നവനില്ല
ചെന്നുടൻ പതിവ്രതമാരെയും കൊണ്ടുപോന്നു.
മന്നവാ! നാനാവിധമാക്കുന്ന പാപിയല്ലോ
എന്നതുനിരൂപിച്ചു നന്മധുമൊഴിയാളെ
എന്നുമേ ദശാനനനാകിയ മഹാപാപി
തൊട്ടീടാതരക്ഷണം നില്പാനില്ലവകാശം
മട്ടലർശരരിപുഭക്തനാം മന്നവര!
മുഗ്ദ്ധലോചനയ്ക്കൊരു കുററമില്ലെന്നാകിലും
1
ഇത്തരമൊക്കെ നിരൂപിച്ചു കാണുന്നനേരം
കൈക്കൊൾവാൻ നമുക്കിപ്പോൾ വിപ്രന്മാർ പറകിലാം."
ഇത്തരം കുമാരൻെറ മുഗ്ദ്ധമാംമൊഴികേട്ടു
മത്ത്യപുംഗവനായ ചിത്തമംഗലൻതാനും
വായുനന്ദനനായ വാനരവീരനോടു
കായാമ്പൂവൎണ്ണൻ വിളിച്ചീവണ്ണമരുൾ ചെയ്തു.

---

1 ശക്തനാം മന്നവര! കൈക്കൊൾവാൻ നമുക്കിനി
ശിഷ്ടരാം വിപ്രശ്രേഷ്ഠന്മാർ പറകിലേ വേണ്ടൂ. ഗ.

[1] "ആയതമിഴിയാളേ! നീയൊരുദിനം കണ്ടെ-
ന്നീവണ്ണം തന്നെ കോപ്പുഭേദമുണ്ടിപ്പോൾ ചൊൽ നീ."
നീലനേത്രന്റെ ഗുണവാചകമതുകേട്ടു
നീലകണ്ഠനുജനിച്ചുള്ള മാരുതി ചൊന്നാൻ.
മാനുഷരൂപൻതന്റെ പാദപദ്മവും കൂപ്പി
വാനരനധരവും പാണിയാൽ മറച്ചിട്ട്
ജാനകീരമണനോടീവണ്ണമുണർത്തിനാൻ
ജാനകി തന്റെ രൂപരീതികളോരോന്നവൻ.
"അർക്കവംശത്തിൽ പിറന്നെത്രയും തെളിവുററ
ദിക്കുകളൊക്കെ പ്രകാശിക്കും പൊൻവിളക്കായി
പുഷ്കരദളം തൊഴുമക്ഷികൊണ്ടനുരാഗം
ഭക്തികൊണ്ടെല്ലാവർക്കും തോന്നിക്കും കൃപാനിധേ!
ദുഷ്ടരായവർ കുലമൊക്കവേ മുടിപ്പാനായ്
പെട്ടെന്നു കത്തീടുന്നോരഗ്നിയായിരിപ്പോനേ!
തണ്ടലർബാണനടികുമ്പിടും ഗുണരൂപാ!
തണ്ടലർമകൾകുളിർകൊങ്ക പുൽകുന്ന നാഥാ!
വണ്ടണികുഴലാളെപ്പണ്ടുകണ്ടന്നുമിന്നും
കൊണ്ടൽനേർവ്വർണ്ണാ! ഭേദമുണ്ടെന്നു തോന്നീടുന്നു.
വൃക്ഷത്തിനുടെ കീഴേ വ്യഗ്രത്തോടിരുന്നനാൾ
പക്ഷിക്കാട്ടവും വൃക്ഷശുഷ്കപത്രവും പിന്നെ
എത്രയും ജടകെട്ടി ധാത്രിയിലഴിഞ്ഞു വീ-
ണെത്രയും ഭംഗികേടായങ്ങിനെ കണ്ടു കുന്തൽ.
പൊൽത്താർബാണന്റെ തഴയ്ക്കൊത്തലായീടുമാറു
ചില്ലമായ്കെട്ടി നറുപുഷ്പവുമണിഞ്ഞിപ്പോൾ
കുന്തൽതൻനിറം പലവിധമായന്നു കണ്ടു
ഒരുമിച്ചിളവണ്ടിൻ നിറമെന്നിപ്പോൾ തോന്നും.
നിറവും കുറഞ്ഞു ചേറണിഞ്ഞു കണ്ട നെററി
മറിവില്ലാത്തോരിളമതിയെന്നിപ്പോൾ തോന്നും.

---

1 "ആയതമിഴിയാളെ നീയൊരുദിനം കണ്ടെ-
ന്നീവണ്ണം തന്നെ കോപ്പുഭേദമുണ്ടിപ്പോൾ ചൊൽനീ." ക.

നിറമേറിന കുറിവരയും തിലകവും
പറയാവതോ ഗുണമുരഗേന്ദ്രനപോലും.
നയനനീരിൽ നനഞ്ഞിഴകിക്കണ്ട ചില്ലി
നയമേറിന കാമശിലയോടെതിരിപ്പോൾ.
[കരഞ്ഞു കരഞ്ഞുടൻ തിരുമിച്ചുവന്നക-
ണ്ണുരനാഴികയും നീരവതിവരാതന്നെ.
കമലദലത്തോഴം മിഴിയിൽ മഷിചേർത്ത
സമമല്ലിളമാൻനിൻമിഴിയുമതിന്നിപ്പോൾ.
ജലമെപ്പൊഴും കറന്നിരുന്ന കൊടിമൂക്ക
നലമേറിന തിലമലരെന്നതേ തോന്നൂ.
വ്യസനംകൊണ്ടു നിറം വെളുത്തങ്ങിനെ കണ്ടോ-
രധരം നറുന്തൊണ്ടിപ്പഴമെന്നതേ തോന്നൂ.]
തെളിമകുറഞ്ഞൊരു ദശനനിരയെല്ലാം
ഒളിമ കലന്നുള്ള സ്ഫടികനിറമായി
നകന്ന താംബൂലത്തിൻനിറം കിഞ്ചനമാഞ്ഞു
സുഖമേ വിളങ്ങുന്ന ദന്തവും മനോഹരം.
അഴൽപൂണ്ടൊന്നു വാടിയിരുന്ന കവിൾത്തടം
അഴകേറുന്ന പൊന്നിൻമണിദർപ്പണസമം.
ചുരുണ്ടുകണ്ട കാതിൽമണിത്തോടകൾ പൂണ്ട-
ങ്ങളവില്ലാതഭംഗികലന്നിങ്ങനെയിന്നു
വേദനപൂണ്ടു മങ്ങിയിരുന്ന മുഖപത്മം
മതിബിംബവും കണ്ടാൽ കൊതിപൂണ്ടീടുമിപ്പോൾ.
മെലിഞ്ഞഗളത്തിൽ ചേരണിഞ്ഞങ്ങനെയന്നു
തെളിഞ്ഞശംഖു നാണംകലന്നീടുമാറിന്നു
ഇണങ്ങും ഗോരോചനവരയും താലിമാല
അണിഞ്ഞകഴുത്തിലെ പ്രഭയുമെന്തുചൊല്ലാം!
1
തരിയിട്ടുള്ള പിരിവളയും കരങ്ങളിൽ
ഒരുമ കലന്ന മോതിരവും മനോഹരം

വലയിതഭാഗം ഗ്രന്ഥം ഖ-യിലേ കാണുന്നുള്ളു.
1 കരതാമരവള്ളി കണ്ണുക്കേമെലിഞ്ഞെന്നു;
ഉരഗാഭരണൻ കൈവണങ്ങീടുമാറിന്നു. ഖ.

കണ്ണുനീരണിഞ്ഞതന്നുകണ്ട മാർവ്വിടം തന്നിൽ
തിണ്ണമേറിന മൂല തിങ്ങിയങ്ങതിൽ നല്ല
കർപ്പൂരം പനിനീരും കുങ്കുമകളഭവും
എന്നിവ അണിഞ്ഞുകൊണ്ടിങ്ങനെ കണ്ടുയിപ്പോഠം.
ഉപജീവനംക്രുടാതുലഞ്ഞുകണ്ട വയർ
ഉപമയില്ലാത കണ്ടിരിക്കുന്നിപ്പോഠം കണ്ടാൽ.
പൊടിയും പുരണ്ടുടൻ മുഷിഞ്ഞങ്ങനെ കണ്ട
പുടവയിന്നു കവുങ്ങിലംപൂക്കുലസമം.
ഞെറിയിട്ടുടുത്തു പൊന്നുടഞാണതുമിട്ടു
നിറവും വടിവും ഞാൻ പറഞ്ഞാലൊടുങ്ങുമോ ?
തുടകഠം രണ്ടുമേററം മെലിഞ്ഞങ്ങനെയന്നു ;
കടഞ്ഞ കനകത്തൂണടി കുമ്പിടുമിന്നു.
മുഴങ്കാലൊടു കണംകഴലും പുറവടി–
യിഴകിച്ചുവന്നു മണ്ണണിഞ്ഞങ്ങനെയന്നു ;
മദനമണിച്ചെപ്പു മയിൽകണ്ഠവും ക്രുമ്മ–
മതിയും തൊഴുതിടുമിവകളിന്നു കണ്ടാൽ.
അടിയൻ നടേ കണ്ട വടിവല്ലിന്നു സ്വാമീ !
മുടിമന്നവ ! എന്തെന്നടിയനറിഞ്ഞീലെ. ”
പലതുമിതു വായുസുതൻ ചൊന്നതുകേട്ടു
നലമേറിന രഘുപതി നിന്നരുളുമ്പോഠം
ഇരുഠംനേർകുഴലിയാം മലർമാനിനി സീത
ഉരുകും മനസ്സോടു പറഞ്ഞൂ പതിയോടെ.
“ കണവാ ! എന്നോടയ്യോ ! പഴുതേ കോപിക്കേണ്ടാ
തണലില്ലിനിക്കു നീയൊഴിഞ്ഞിന്നൊരുത്തരും.
പിഴപ്പിക്കൊല്ലാ പോററി ! പറയാം പരമാത്ഥം
മുഴുവൻകേഠക്ക കോപംകളഞ്ഞു ചെവിതന്നു.
ഇത്തരം വചനങ്ങളൊട്ടടം കേട്ടനേരം
1
കത്തുന്നതീയിലാജ്യം തൂകുന്ന കണക്കിനു

1 കത്തുന്ന തീയിൽ കോരി നൈ വീഴ്ത്തുംകണക്കിനേ. ഖ.

എത്രയും കോപംപൂണ്ടു വക്രൂവും കരുപ്പിച്ചു
പുത്തനംബുജമലരൊത്തകണ്ണുകൾ ചുവ-
ന്നിക്ഷുവില്ലൊത്ത ചില്ലിയെത്രയും വളഞ്ഞിതു.
അക്ഷണം മഹീപതി ഇത്ഥമൊന്നരുൾചെയ്തു :—
"ഇന്നിനീയെന്നിലുള്ളോരാശകൾ നിരൂപിച്ചു
നിന്നുനീയന്ധകാരമൊന്നുമേ പറയേണ്ട.
നിന്നുടെ വൈഭവംകൊണ്ടിന്നിമേൽ ഫലംവരാ
എന്നുടെ മുമ്പിന്നിപ്പോൾതന്നെ പോകണം നീയ്."
ഇങ്ങനെ രഘുകുലനായകനരുൾകേട്ട
മംഗലമുഖി സീതയ്ക്കെത്രയും ബുദ്ധികെട്ടു
അംബുജമിഴിയിൽ നീർതിങ്ങിവന്നസംഖ്യമായ് .
അമ്മയാം ഭൂമിയേയും കണ്ടുകൂടാതെയായി.
കയ്യും കാൽ തളൎന്നുടൻ നില്പതിന്നരുതാഞ്ഞു
മയ്യേലുംകണ്ണിദുഃഖം ദൈവമേ അറിഞ്ഞുള്ളൂ.
തോയം വേർപെട്ടു വെയിൽതട്ടും നീരജംപോലെ
കായാമ്പൂവർണ്ണൻ കോപമായ തീയതിൽവീണു
1
ഏണലോചന മയങ്ങീടിന നേരത്തിങ്കൽ
കാണുന്ന ജനത്തിനു ശോകമായ് ചമഞ്ഞിതു.
വീണ നാണുന്ന മൊഴിയാളുമങ്ങതുനേരം
കേണുടൻ തമ്പിതന്നെ മെല്ലവേ വിളിച്ചുടൻ
മാമുനിപതിതൻെറ നല് വരമാഹാത്മ്യങ്ങൾ
കാർമുകിൽവർണ്ണനോടു കേൾപ്പിപ്പാൻ പറവാനായ്
ചാരെ വാ കുമാരാ ! ഞാൻ ചൊന്നതു കേൾക്കയെന്നു
താരിൽമാനിനി വാക്കുകേട്ടവനുരചെയ്തു :—
"എന്നോടു വേറെ പറഞ്ഞീടുവാനുള്ളതെല്ലാം
മന്നൻ മാൻപിന്നേ മുന്നം പോയനാൾ കഴിഞ്ഞിതു.
മാരീചൻതന്നേ പൊന്മാനായ്തന്നതെന്നു മുന്നം
നേരേ ഞാൻ പറഞ്ഞതു കേളാതെ കഷ്ടവാക്യം

1 ഏണാങ്കമുഖി: — ഖ.

എന്നോടു പറഞ്ഞു വാമുറയിട്ടലറിനാ—
ളെന്നതുമൂലമിതു വന്നതെന്നറിഞ്ഞാലും.
ഇന്നിനി വിശേഷിച്ചിട്ടൊന്നുമേ പറയേണ്ട
എന്ന വാക്കതു കേട്ടു മാരുതിയോടു ചൊന്നാൾ.
മുന്നമങ്ങൊരുദിനം കണ്ടുള്ളോരൻപുകൊണ്ടു
ഇല്ലാത്തതൊക്കെപ്പറഞ്ഞെന്നോടു കപിവര!
വല്ലഭൻ കോപിച്ചതിനെന്തു ഞാൻ ചെയ്‌വതെന്നു [1]
ചൊല്ലിന്നു സീതാദേവി ചൊന്ന വാചകം കേട്ടു
നല്ലനാം വായുസുതൻ താനുമൊന്നരുൾ ചെയ്തു.
" മാനുഷമഹീപതി തന്നുടെ കോപത്തിന്നു
വാനരജാതിയായ ഞാനെന്തു ചെയ്‌വൂ ദേവി! "
എന്നവൻ തന്റെ വാക്കുകേട്ടു തേന്മൊഴിയാളു—
മെന്നുടെ വിധിമതമെന്നുടനരുൾചെയ്തു.
വല്ലഭൻ വെടിഞ്ഞുള്ളോരല്ലലാമലതന്നിൽ
വല്ലാതെ വീണു കരകാണാതെയുഴന്നുടൻ
എന്തിനി വേണ്ടൂ ഞാനെന്നുള്ളത്തിൽ നിരൂപിച്ചി—
ട്ടന്ധമാനസയായിട്ടേതുമേ തിരിഞ്ഞീലാ.
വെന്തകമുരുകി മെയ്യൊക്കവേ തളർന്നീടും
പന്തണിമുലമീതേ കണ്ണുനീരൊലിച്ചീടും
ഇങ്ങനെ ചെറുനിന്നു നിർമ്മലമുഖി സീത
തിങ്ങിനതാപം പിന്നെ ഉള്ളിലൊട്ടടക്കീട്ടു
തഞ്ചാതൊരക്ഷിജലം മെല്ലവേ തുടച്ചുടൻ
നെഞ്ചിടരോടുംകൂടെ മെല്ലെയൊന്നരുൾചെയ്തു.
അംഗജരിപുവായോരഗ്നിലോചനാ പോററീ!
ഗംഗയുമിളമതി തങ്ങും ചെഞ്ചിടയോനേ!
എല്ലാമങ്ങറിഞ്ഞിരിക്കുന്ന പാർവ്വതീശ! നീ—
യല്ലാതെയൊരുഗതിയില്ലിനിക്കൊരുമിപ്പോൾ.
വല്ലായ്മചെയ്തീലഞാനേതുമെൻ ഭഗവാനേ!

---

1 അല്ലണിക്കുഴലാൾതാൻ ചൊന്നവാചകം കേട്ടു. ഖ.

വല്ലഭൻ തനിക്കതു വിശ്വാസം വന്നില്ലെങ്കിൽ
നില്ക്കുന്ന മഹാജനത്തിന്നുമെൻകണവനും
ധന്യനാം കുമാരനുമെങ്ങനെ ചെന്നതെന്നാൽ
അവ്വണ്ണം പരമാൎത്ഥം കാട്ടുവാൻ കുററമില്ല,
ദൈവത്തിന്നില്ല വ്യാജമെന്നതോ ബോധമല്ലോ.
ഇത്തരം ദേവി വ്യസനത്തോടേ പറഞ്ഞപ്പോൾ
ഉത്തമനായ തമ്പിയഗ്രജനോടേ ചൊന്നാൻ
മയ്യണ്ണാൾ പിഴച്ചീലയെന്നുള്ളിലുറപ്പിച്ചു
നില്ക്കുന്നു പരമാൎത്ഥം കാട്ടുവാൻ കുറതീൎന്നു.
ഏന്നതിനിനിയെന്തു വേണ്ടതെന്നരുൾ ചെയ്ക
സുന്ദരരൂപാ! മുടിമന്നവ! വൈകീടാതെ
ഇത്തരമിളമന്നൻ ചൊന്നവാചകത്തിന്നു—
ഞുത്തരം പറഞ്ഞീല രാഘവൻ കോപംകൊണ്ടു്
പിന്നെയും തൊഴുതുണൎത്തീടിനാനിളമന്നൻ
അന്നനേർനടയാളെക്കൊൾകിലും കളകിലും
മന്നവ! പരമാൎത്ഥം കാണാതെയൊന്നും വേണ്ട,
പിന്നെ മാലോകരതു കുററമായ് ചമച്ചീടും
ഇത്തരം നിരൂപിച്ചു കാണുന്ന നേരത്തിങ്കൽ
സത്വരം പരമാൎത്ഥമായതു കണ്ടീടുവാൻ
അഗ്നിപ്രവേശം ചെയ്കയല്ലല്ലീ വേണ്ടതെന്നാൽ
മുഗ്ദ്ധലോചന! തീരും സംശയമെല്ലാവൎക്കും.
സോദരൻചൊന്നവാക്ക കേട്ടോരുനേരത്തിങ്കൽ
മന്ദഹാസവുംചെയ്തു മന്നവനരുൾചെയ്തു.
അങ്ങനെയതോ കൊള്ളാം നീ പറഞ്ഞതുതന്നെ;
ഭംഗിയിൽ ചമച്ചാലുമഗ്നികുണ്ഡത്തെയിപ്പോൾ.
എന്നുമാനുഷവരൻ ചൊന്നതുകേട്ടനേരം
നിന്നവൎക്കെല്ലാമതുകൊള്ളാമെന്നുറച്ചുടൻ
മന്നവൻ കോപമായ വഹ്നിയിലുഴലുന്ന
കന്നേലുംമുലയാൾ തന്നുള്ളവും കുളുൎത്തുതേ.
കന്ദൎപ്പസമനായ കൗസല്യാത്മജൻചൊല്ലാൽ

വന്ദിച്ചു സുമിത്രതൻ നന്ദനൻ പുറപ്പെട്ടു
തേനോലുംമൊഴിസീത തന്നെയും കൂട്ടിക്കൊണ്ടു
വാനരപ്പടയോടേ കൂടപ്പോയിളമന്നൻ
കോകിലമൊഴിയാംകക പാവകസ്നാനംചെയ്വാൻ
വേഗേനചെന്നു സമമായുള്ള നിലംതന്നിൽ
വീതിയിൽ ചതുരത്തിലാഴത്തിൽക്കുഴിച്ചുടൻ
നീതിയിൽ ചമച്ചോരു കുണ്ഡത്തിൽത്തെരുതെരെ
നാലുദിക്കിലുമുള്ള ചന്ദനമകിലാദി
മേലരികൂട്ടി നിറച്ചഗ്നിയും പിടിപ്പിച്ചു
ഘോരമായ് ചുഴന്നുപൊങ്ങീടുന്നപുകകൊണ്ടു
പാരമാകാശം ഭാനുബിംബവും മറഞ്ഞിതു.
ലോകസംഹാരംചെയ്യുംമാറുടൻപൊട്ടിച്ചിന്നി-
യാകാശത്തോളം തെറിച്ചീടിന കനൽക്കട്ട
ചൂട്ടുകൊണ്ടുകന്നിതങ്ങംബരവാസികളും
ഓടിവാനരന്മാരും ദൂരപ്പോയകന്നിതു.
രാമരാമായനമയെന്നതേപറയാവൂ
രാമവാചകംകേട്ട നീതിമാൻ തമ്പിചൊല്ലാൽ
കാൽക്ഷണംകൊണ്ടു കപിവീരന്മാർ ചമച്ചോരു
തീക്കുഴികണ്ടാൽ പരമേശ്വരന്താനംഞെട്ടും.
പാത്തലംനിറഞ്ഞു കത്തീടുന്നോരഗ്നിച്ചൂടാൽ
ആത്തിപൂണ്ടുകലെപ്പോയ് ധാത്രിയിൽ വില്ലുമൂന്നി
പാത്ഥിവനാകുമിളമന്നൻ നിന്നീടുന്നേരം
വന്നിതു മഹാമുനിമാരും ഭൂസുരന്മാരും
ഇന്ദ്രാദിവാനോർ, ശചിയാദിയാം നാരിമാരും.
മററുമങ്ങവരവരററമില്ലാതെജനം
മുററുംമേൽഭാഗേ വിമാനത്തിലും ഭൂമിയിലും,
ഒക്കവേ വന്നു നിറഞ്ഞീടിനാർ തമ്മിൽത്തമ്മിൽ
പുഷ്കരാക്ഷിയെക്കൊണ്ടുങ്ങോരോന്നേ പറയുന്നു.
അയ്യോ ! ദൈവമേ ! ദോഷമേതുമേയിവൾക്കില്ല
മയ്യേലുംമിഴിയാംതൻ കമ്മമിത്തീയിൽ വീഴാൻ.

മുന്നമങ്ങുള്ളിലുള്ള രാഗദ്വേഷത്തെക്കൊണ്ടു
മന്നവനിതുതോന്നീ നിർണ്ണയമറിഞ്ഞാലും.
ഇഷ്ടമില്ലായ്കിൽ വെട്ടിക്കൊല്ലുകെന്നതേയാവൂ
ചുട്ടുകൊല്ലുകയെന്നതൊട്ടുമേ വേണ്ടുന്നില്ല.
ദുഷ്ടന്മാരുടെധൎമ്മമെന്നതേ പറയേണ്ടു
കഷ്ടം ! നാമിതുകാണ്മാൻ വന്നതു പിഴയത്രേ.
നാരിമാർകളെപ്പിഴക്രൂടാതെ കൊല്ലുന്നതും
ആരുമേ കാണായ്ക നാം പോകെന്നാരതിൽച്ചിലർ.
അന്ധകാരങ്ങൾ പറയായ്ക നീയടങ്ങുക
എന്തുകൊണ്ടേതും ദോഷമില്ലെന്നു പറയുന്നു.
കണ്ടൊരു പതിവ്രതമാർകളെ നടേതന്നെ
കൊണ്ടുവന്നെല്ലാം പുലയാട്ടുന്നു മഹാപാപി
തന്നുടെയരികത്തു ഭർത്താവെപ്പിരിഞ്ഞുടൻ
അന്നനേർനടയാളുമോരാണ്ടങ്ങിരുന്നതും
അന്നവൻ തൊട്ടീലെന്നു ചൊല്ലുന്ന ജനത്തിന്നു
ഒന്നുമേയറിയരുതെന്നതും പറഞ്ഞീടാം.
അല്ലെടോ തൊട്ടീടുവാൻ ദണ്ഡമുണ്ടതുചൊല്ലാം
വണ്ടാർപൂങ്കുഴലിയാം പണ്ടൊരുദേവസ്ത്രീയെ
തണ്ടാർശരാൎത്തി പൂണ്ടു തടുത്തുനിൎത്തികൊണ്ടു
മല്ലലോചനയ്ക്കനുവാദം ക്രൂടാതെ കണ്ടു
അല്ലിത്താർബാണോത്സവം കഴിച്ചമൂലം പതി-
വൊല്ലാതെ കോപം പൂണ്ടു ശാപവുമിട്ടീടിനാൾ.
നാരിമാൎക്കിഷ്ടമൊട്ടും ക്രൂടാതെ തൊട്ടീടുകിൽ
പാരാതെ തലപൊട്ടിത്തെറിച്ചുമരിക്കെന്നായ്.
അല്ലാതെയിവൾ തന്നെത്തൊടുവാനേതും ദണ്ഡം
മല്ലലോചനയ്ക്കഗ്നിയുണ്ടെടോ അരികത്ത്.[1]
നല്ല പൊൻപണം ചേലകൊണ്ടുവച്ചരികത്ത്
അല്ലൽപൂണ്ടിരിക്കെന്നിയല്ലാതെയില്ലമോഹം.

---

1 പട്ടു. ഖ.

ഇങ്ങവരംതൻെറ ചുറവുമഗ്നിയെന്നിരിക്കിലോ
പണ്ടവൻ വനത്തിങ്കൽ ചെന്നിവരംതന്നെക്കൂട്ടം.
മണ്ടുംതേരതിൽ വച്ചുകൊണ്ടുപോകുന്ന നേരം
കണ്ടകനഗ്നിതന്നിൽ വെന്തുപോകാഞ്ഞതെന്തേ ?
ഇത്തരമൊന്നുമിപ്പോഠം പറഞ്ഞു തുടങ്ങേണ്ട
ഇത്തിരിപൊറുത്താലങ്ങൊക്കയുമറിഞ്ഞീടാം.
ഇത്തിരിപൊറുത്തറിയേണ്ടുന്നതെളുതത്രേ
ഇത്തീയിൽ വെന്തുവെണ്ണീറാമെന്നേയിവളുള്ളൂ.
എന്നതു കേട്ട ചിലരന്നേരം പറയുന്നു
എന്നുമേയിവരം സമമാരുമില്ലഴകിനു.
ചിത്രമാം ചികുരവും പന്തണിമുലകളും
ബന്ധൂകാധരം ദന്തപന്തിയും മുഖപത്മം
കണ്ടാലങ്ങിവരംക്കൊത്ത മങ്കമാരുലകിങ്കൽ
ഉണ്ടാകയില്ലെന്നതും നിണ്ണയം പറഞ്ഞീടാം.
ഉണ്ടായിട്ടെന്തു പുലയാടികളായാൽ പിന്നെ
കൊണ്ടുപോയ് പരിത്യജിക്കെന്നേതേയെല്ലോയുള്ളൂ.
കണ്ടാൽ നന്നല്ലെങ്കിലും വൃത്തിക്കന്തരം കൂടാ-
തുണ്ടാകുന്നവരത്രേ നല്ലരെന്നറിഞ്ഞാലും
1
കള്ളക്കാടിവരംക്കണ്ട മുന്നമെന്നറിഞ്ഞാലും
എള്ളോളമതിനില്ല സംശയമറിഞ്ഞാലും
മന്നവൻ വനവാസത്തിന്നെഴുന്നള്ളുന്നേരം
പിന്നാലെയിവരം കൂടപ്പോരുവാനെന്തുമൂലം!
2
അംഗനമാക്ക് ഗൃഹം വിട്ട കാനലിൽക്കൂടെ
ഇങ്ങനെ കണവൻെറ പിന്നാലെ നടക്കാമോ ?
നാശങ്ങളതുമൂലമെന്തല്ലാമകപ്പെട്ടു.
ഈശനും കൂടെത്തുണയില്ലിവരംക്കറിഞ്ഞാലും.
അവ്വണ്ണം പറഞ്ഞതു കേട്ടിട്ടു പറയുന്നു
ഭാവങ്ങരം കണ്ടാൽ ദോഷമില്ലെന്നു പറഞ്ഞീടാം.

---

1 നിത്യം. ഗ.
2 കാനനത്തൂടെ. ഖ.

ഇളക്കം കൂടാതൊരു മനസ്സും വചനവും
വിളക്കം കലൻനുള്ള മുഖത്തിൻ പ്രസാദവും
നിനച്ചു കണ്ടാലിവർ കറയില്ലെന്നതത്രേ
ഇനിക്കോ മനസ്സിലിങ്ങുദിക്കുന്നെന്നു ചിലർ
ഇളക്കമില്ലായിവർ മനസ്സിലെന്നു ചിലർ
വെളുക്കെച്ചിരിച്ചുടൻ മറയ്ക്കും കളവുകൾ
അതിനു മടവാക്കു മികവുണ്ടറിഞ്ഞാലും
മറിവും വചനവും തിരിയായൊരുത്തർക്കും
എരിയും കൊടുന്തീയിൻനടുവിലിവർ വീണാൽ
അറിയാതിനിയൊന്നും പറഞ്ഞു തുടങ്ങേണ്ട.
ഇങ്ങനെ മഹാജനം തങ്ങളിൽ പറയുന്ന
ഇങ്ങനെയെല്ലാമുരചെയ്തിതു കിളിമകൾ.

---

## ചതുർത്ഥപാദം

തത്തമ്മേയുഴറാതെ ലക്ഷ്മീവല്ലഭൻകഥ
സത്വരം പറക നീയിന്നുമിങ്ങിതിൻ ശേഷം.
ചിത്തതാർ തെളിവോളം പുത്തൻതേൻ തരുവൻ ഞാൻ
ഇത്തരം കേട്ടു ചൊന്നാൾ സത്വരം കിളിമകൾ.
അംബുജമുഖിയായോരംബുജമകൾ സീത
അംബരത്തോളം നിന്നു കത്തുന്നോരഗ്നി കണ്ടു
തന്നഴൽ കളഞ്ഞുടൻ നന്മനസ്സോടുംകൂടി
നന്നായിക്കുളിച്ചു മാറുമുടുത്തു ചമഞ്ഞുടൻ
തൻപാദമുഖ പരമശുദ്ധിയും വരുത്തീട്ടു
അൻപോടു കുറിയിട്ടങ്ങക്കബിംബവും കൂപ്പി
നല്ല പുഷ്പങ്ങൾ കരം രണ്ടിലുമെടുത്തുടൻ
ഉല്ലാസത്തോടേ വഹ്നികുണ്ഡത്തിൻകരെച്ചെന്നു
മെല്ലവേ പ്രദക്ഷിണം ചെയ്തു മൂന്നുരു കൂപ്പി
അല്ലണികുഴലാളും വന്ദിച്ചങ്ങനെ നിന്നു

ചൊല്ലിനാൾ മഹാജനമെല്ലാരും കേൾക്കുമാറു
കല്യാണശീലയായോരല്ലിപ്പൂമകൾ താനും.
മട്ടോലുംമൊഴിയാളും ചൊല്ലിനാളെന്റെ കാന്തൻ
വാട്ടമെന്നിയേയെന്നെ വേട്ടവൃത്താന്തം തന്നെ
ധാത്രീനന്ദനയായിട്ടുത്ഭവിച്ചോരു നാളെ
പാത്തിരിയാതെ മിഥിലേശ്വരനെടുത്തെന്നെ
ആത്തികൂടാതെ വളത്തീടിന കാലത്തിങ്കൽ
ചിത്തജവൈരിയുടെ പള്ളിവിൽ മുറിക്കുന്ന
പാത്ഥിവൻ തനിക്കു നൽകീടുവാനെന്നെയച്ഛൻ
ഓത്തു കല്പിച്ചു ഘോഷിച്ചീടിനാൻ സ്വയംവരം.
അന്നു മാമറയരും മന്നരും മറ്റുള്ളോരും
വന്നവന്നൊക്കെ നിറഞ്ഞീടിന പുരിതന്നിൽ
ഇന്ദുശേഖരൻ തന്റെ പള്ളിവില്ലതു കണ്ടു
മന്നവർ മനംകെട്ടുനിന്നു തങ്ങളിൽ ചൊന്നാർ.
മാരാരി കൊടുത്തൊരു പള്ളിവില്ലൊടിച്ചിപ്പോൾ
നാരിയെവേൾപ്പാനാരുമില്ലെന്നു പറഞ്ഞപ്പോൾ
കാണായീ വരുന്നതു മാമുനിപിൻപേയെന്റെ
പ്രാണനാഥനാംമനുവീരനുമനുജനും.
കാറൊളി വിളങ്ങുന്ന കോമളത്തിരുമേനി
ദൂരവേ കണ്ടപ്പോഴേ ഉണ്ടായോരനുരാഗം
വേർപെട്ടിട്ടിന്നയോളം മറ്റൊരു പുരുഷനെ
[1] നീരണിഞ്ഞരൻപാദംതന്നാണെ നിനച്ചീലെ.
അന്നുഞാൻ നിരൂപിച്ചപോലെ രാഘവൻ പിന്നെ
വഹ്നിലോചനൻ തന്റെ പള്ളിവില്ലെടുത്തുടൻ
വന്നവരൊക്കെ നോക്കി നില്ക്കവേ ശിവ ശിവ !
മന്നവനൊടിച്ചെന്റെ മാലയും ധരിച്ചിതു.
അപ്പോഴേ അയോദ്ധ്യയ്ക്കു പോകുന്നനേരത്തിങ്കൽ
കെല്പോടു പരശുരാമൻ വഴി തടുത്തിതു.

1 നീരണിഞ്ഞരൻ. ഖ.

അത്ഭുതാ കണ്ടുപിന്നെ ക്ഷത്രിയാന്തകൻതാനും
ചൊല്ലേറാള്ളും വില്ലുംവാങ്ങിക്കൊണ്ടയോദ്ധ്യയും പുക്ക
അല്ലിത്താർശരലീല പൂണ്ടുകൊണ്ടിരുന്ന നാരം
എൻപതിക്കഭിഷേകത്തിന്നൊരുമ്പെട്ടു താതൻ.
അമ്മയുമതുകാലം മുടക്കം ചമച്ചിതു
അന്നു രാഘവൻതാനും തമ്പിയുമൊരുമിച്ചു
ഖിന്നതയോടു പുറപ്പെട്ടിതു വനത്തിനു
പിന്നാലെ പുറപ്പെട്ടു ഞാനുമെന്നതേ വേണ്ടു
ഇന്നിവയെല്ലാം വരുവാനുള്ള വിധിയാലെ.
മൂവരുംക്രൂടിപ്പിന്നെത്താപസവേഷം പൂണ്ടു
കായ്കനി ഭുജിക്കയും ചോലനീർ കുടിക്കയും
വേഗത്തിൽ നടക്കയും വഴിയിൽ കിടക്കയും
ഈശനേ നമോനമ ഇങ്ങനെ മരുവുമ്പോരം
ആശുപോയ്ഗോദാവരി തന്നുടെ തീരത്തുങ്കൽ
ആശ്ചര്യമെഴും നല്ല ദണ്ഡകവനം തന്നിൽ
ആശ്രമമതും കെട്ടിവാഴുന്ന കാലത്തിങ്കൽ
കാണായീ മായത്താലേ രാക്ഷസിവരുന്നതു
എണലോചനമാർ കൈക്രൂപ്പിന കാന്തിയോടേ.
കാമസായകാർത്തിപൂണ്ടന്ധത പിണഞ്ഞുടൻ
ഭൂമിപാലകനായ ദേവനെക്കണ്ടു ചൊന്നാരം
വിശ്വസിച്ചെന്നെക്കൂടെ വച്ചുകൊള്ളുകയെന്നു
കച്ചേലുംമുലയാരംതാൻ ചൊന്നതുകേട്ടു ചൊന്നാൻ.
രണ്ടുനാരിമാർകളെ വച്ചുകൊണ്ടിരിപ്പതു
വണ്ടണിക്കുഴലാളേ! ദണ്ഡമെന്നറിഞ്ഞാലും.
തമ്പിക്കില്ലൊരുത്തരുമാരുമെന്നറിഞ്ഞാലും
അൻപിൽചെന്നവൻതന്നെക്കാണുക മടിയാതെ.
എന്നു കേട്ടവരംചെന്നു ലക്ഷ്മണൻതന്നെക്കണ്ടു
മന്നവൻ ചൊല്ലിവിട്ടു എന്നെ നീ വച്ചുകൊരംവാൻ.
നാണം കൂടാതെയവളീവണ്ണം ചൊന്നനേരം
കാണിയും ബഹുമാനിച്ചീല ലക്ഷ്മണനപ്പോരം

ആവതില്ലിവനോടേ എന്നുരച്ചവളുള്ളിൽ
പാപിയാമവൾ തന്റെ വേഷത്തെദ്ധരിച്ചിട്ടു
വേഗത്തിലെടുത്തുകൊണ്ടോടിനാൻ ബാലൻ തന്നെ
കോപിച്ചു കുമാരനും ഛേദിച്ചാൻ മുലമൂക്കും.
ചോരയുമൊലിപ്പിച്ചു കൊണ്ടവളോടിപ്പോയി
വീരരായുള്ള ഖരദൂഷണാദികളോടും
ശോകിച്ചുപറഞ്ഞതു കേട്ടവരോടിവന്നു
രാഘവനവർകളെയൊക്കയും കൊലചെയ്തു.
മണ്ടിയങ്ങവൾ ദശകണ്ഠനെക്കണ്ടു ചെന്നു
ഇണ്ടലുണ്ടായവൃത്താന്തങ്ങളുമറിയിച്ചാൾ.
കണ്ടകനുടെ നിയോഗത്തിനാലതുനേരം
മണ്ടിനേരിളയമാനായ്‌വന്നു മാരീചനും.
ചാരത്തുകളിക്കുന്നോരേണത്തെക്കണ്ടു മോഹം
പൂരിച്ചു കണവനോടോതി ഞാനെന്നേ വേണ്ടൂ.
ഏണത്തെപ്പിടിച്ചു നൽകീടണമിനിക്കതിൻ-
പ്രാണത്തെക്കളയാതെയെന്നു ഞാൻ പറഞ്ഞപ്പോൾ
ബാണവും കുലവില്ലും പാണിയിൽധരിച്ചെന്റെ
പ്രാണനായകനെഴുന്നള്ളിനാനതിൻ പിമ്പേ.
ദൂരെപ്പോയ്‌മറയുന്ന നേരമങ്ങൊരു നാദം
പാരിച്ചുകേട്ടങ്ങെന്നിൽ പൂരിച്ചോരഴലോടേ
[1] ചാരത്തങ്ങിരുന്നോരു തമ്പിയെയയച്ചിതു
നേരായതെല്ലാമവൻ ചൊന്നതു കേളാത ഞാൻ.
അന്നേരം ദശാനനനാകിയ മഹാപാപി
സന്ന്യാസിവേഷം [2] പൂണ്ടുനിന്നവനുരചെയ്തു.
"ധന്യേ! നീയെന്തുതാനേ നിന്നിതാശ്രമത്തിങ്കൽ
മന്നവരിരുവരുമെങ്ങുപോയെന്നു ചൊൽക."

---

1 ചാരത്തുതന്നെയായ. ഖ.

2 വന്നുനിന്നുരചെയ്തു. ഖ.

ഇത്ഥമങ്ങവൻ ചൊന്നനേരമങ്ങതിനുടെ
വൃത്താന്തം പറഞ്ഞതു കേട്ടവനുരചെയ്തു.
എത്രയുമഴകേടോ ഇക്കാലം നിന്നെത്തന്നെ
ശത്രുവേറിയ കാട്ടിൽവച്ചു മാൻപിൻപെ പോയോ,
ഭർത്താവുമനുജനുമെന്നു ചൊന്നതുമിപ്പോൾ
മൃത്യു നിന്നരികത്തുണ്ടെത്തുവാൻ പഴുതെല്ലോ
വൻപനാം ദശാനനൻ തന്നുടെ ഭഗിനിയെ
തമ്പിയാകിയയവൻ കൊങ്കകൾ ഛേദിക്കയാൽ
കൊല്ലുണം നിന്നെയെന്നു നിൎണ്ണയമുറപ്പിച്ചു
ചൊല്ലെഴും ദശാനനൻ താനിതാവരുന്നിതു.
ഇങ്ങനെ പറഞ്ഞതു കേട്ടു ഞാൻ ഭയപ്പെട്ടു
അംഗവും വിറച്ചന്ധചിത്തതാരുഴലുമ്പോൾ
പിന്നെയും പറയുന്നു സന്ന്യാസിയായ കള്ളൻ
വന്നവൻ കാണുംമുൻപെ എന്നുടെ തേരിലേറി
നന്നായിമറഞ്ഞിരുന്നീടുകിൽ നിന്റെ ജീവൻ
മന്നവൻവരുവോളം രക്ഷചെയ്തീടുവൻ ഞാൻ.
ചൊന്നതു വെള്ളസം നീയെന്നതു നിനയ്ക്കേണ്ട
ധന്യനായിരിപ്പോരു സന്ന്യാസി ഞാനെന്നറി.
ദുഷ്ടനീവണ്ണം മായപൂണ്ടുടൻ വന്നു നിന്നു
മട്ടോലും സമമായ വാക്കുകൾ പറയുമ്പോൾ
സത്യമെന്നുറച്ചു ഞാനന്നേരമവൻ തേരിൽ
പെട്ടെന്നു കരയേറിയെന്നതേ പറയേണ്ടു.
വേഗത്തിൽ നടകൊണ്ടുനേരത്തു ചതിവെന്നു
ചേതസ്സിലുറച്ചു ഞാൻ ശോകിച്ചു[1] തുടങ്ങുമ്പോൾ
പാരാതെ വന്നുതടുത്തീടിനാൻ ജടായുവും
[2] പോരിങ്കലവനെയും തോല്പിച്ചു ലങ്ക പുക്കു

---

1 ഭേദിച്ചു. ഖ.

2 പോരിങ്കലസുരേശൻ. ഖ.

1
തൽഭവനത്തിന്നടുത്തായൊരു വൃക്ഷം കണ്ടു
കണ്ടകനായകൻ താനെന്നെയും കൊണ്ടേ വച്ചാൻ.
അയ്യയ്യോ! ശിവ ശിവ! എത്രയും ദുഃഖിച്ചു ഞാൻ
മെയ്യിലെല്ലണിഞ്ഞൊരു ദൈവമേ! ശിവ ശിവ!
രാക്ഷസേശ്വരനോടു ചെന്നുനീയിരിക്കായ്കിൽ
പോക്കുവൻ ജീവനെന്നു ഖഡ്ഗവും ധരിച്ചുടൻ
രാക്ഷസനാരിമാർകൾ ചുറവുമങ്ങണഞ്ഞിട്ടു
വാക്കുതാതോരഴൽ പൂണ്ടുഞാനുഴന്നിട്ടും
കാട്ടുതീ ചുറവും പിടിപെട്ട കാനനമദ്ധ്യേ
കൂട്ടത്തെപ്പിരിഞ്ഞോരു മാൻപൈതലെന്നപോലെ
ഈശ്വര! ഒരു സഖികൂടാതെയുഴന്നുഞാൻ
രക്ഷസപുരിയിലീവണ്ണമങ്ങിരുന്നപ്പോൾ
എൻപതി സമുദ്രത്തിൽ വൻചിറയുറപ്പിച്ചു
വൻപടയോടേ ലങ്കപുക്കു രാക്ഷസകുലം
ഒക്കവേ നിമിഷത്തിൽ നിഗ്രഹിച്ചനന്തരം
അക്കവംശാധിപനാം ഭർത്താവിൻനിയോഗത്താൽ
അക്കപുത്രാദിയായ മർക്കടപ്പടയോടും
ലക്ഷ്മണൻവരവു കാണായനേരത്തങ്ങെന്നിൽ
വന്ന സന്തോഷമെല്ലാം ചൊല്ലുകിലൊടുങ്ങുമോ
പിന്നെ രാഘവൻതന്നെച്ചെന്നുഞാൻ കണ്ടനേരം
മംഗലരൂപനായ വല്ലഭൻ കോപിച്ചുടൻ
ഇങ്ങനെയെല്ലാം നിയോഗിച്ചിതെന്നതേ വേണ്ടു.
എന്നുടെ ലലാടത്തിൽ മുന്നമേ വേധാവുതാൻ
ഇങ്ങനെയെഴുതിയതെന്നതേ പറയാവൂ.
കല്പനയ്ക്കൊരുനീക്കം സത്വരം വരായല്ലോ
ഉൾപ്പൂവിൽ നിനച്ചുഞാൻ ഖേദിപ്പാനെന്തുമൂലം
മുപ്പുരമെരിചെയ്ത പുഷ്പസായകാന്തക!

---

1 തന്നുടെ ഭവനത്തിലശോകവനി തന്നിൽ
ശിംശപാവൃക്ഷത്തിൻകീഴിരുത്തീ ദശാനനൻ. ഖ.

അപ്പുമമ്പിളിചൂടും സൎപ്പഭൂഷണ! പോററീ!
കത്തും തീയതിൽവീണു വെന്തുഴലുമ്പോൾ നിന്റെ
ഉത്തമാംഗത്തെയെന്റെ ഉൾപ്പൂവിലുദിക്കണം.
കററച്ചെഞ്ചിട നദി പുത്തൻതിങ്കളും പാമ്പും
കുററമററീടും തിരുനെററിയും കനൽക്കണ്ണും
ഇക്ഷുവില്ലോടു പൊരുതീടുന്ന ചില്ലികളും
അക്കൈണ്മതിയായയോരക്ഷികൾ കൊടിമൂക്കും
ബന്ധൂകംതൊഴും വായും ദന്തവും മൃദുഹാസം
സന്താപം കളയുമാറുള്ള തേന്മൊഴികളും
കുണ്ഡലം കവിൾത്തടം കണ്ഠവും വിഷരേഖാ
കുണ്ഡലികൊണ്ടു വളപൂണ്ട തൃക്കരങ്ങളും
ഉള്ളംകൈവിരൽ, നഖമായ ചന്ദ്രികകളും
പുള്ളിമാൻമഴുശ്ശൂലമാദിയായുധങ്ങളും
ഭസ്മവും പളുങ്കും രുദ്രാക്ഷവുമെല്ലാമണി—
ഞ്ഞീടും നൽത്തിരുമാറും വടിവുള്ളുദരവും
വൻകരിത്തുകിലാട തൃത്തുടയിണകളും
നിൎമ്മലമായ ജാനുജംഘവും പുറവടി
അംഗുലിനഖനിരയാകിയ രത്നങ്ങളും
അങ്ങനെ തിരുമുടിതൊട്ടടിയിണയോളം
വെള്ളിപ്പാൽ പളുങ്കൊളിമിന്നുന്ന തിരുമേനി
എള്ളോളം മറവുകൂടാതെയെന്നകക്കാമ്പിൽ
അങ്കിയിൽ വീണു പ്രാണഹാനിയായുഴലുമ്പോൾ
സങ്കടത്തുങ്കൽകാണാകേണമെൻ ഭഗവാനേ!
പങ്കജനയനനാമെന്നുടെ കണവൻതാൻ
ശങ്കിച്ചീടുകയത്രേയെങ്കലില്ലൊരുപിഴ.
അൎക്കവംശോദ്ഭവയെൻ ഭൎത്താവേ! കൃപാനിധേ!
അഗ്നിയിൽചാടിച്ചാകുന്നേനിക്കു മുടിമന്ന!
സുന്ദര! നിന്നെക്കാണാകേണമെൻഭഗവാനേ!
ഇനിയുമൊരുജന്മമുണ്ടാകിലന്നുമെന്റെ
പ്രാണനായകൻതന്നെ ഭൎത്താവായിരിക്കണം

അന്നുമീവണ്ണം പീഡകൂടാതെയിരിക്കണം.
അതിനെൻപതി വരമിനിക്കൊന്നരുളണം
എങ്കിലിതെല്ലാവരും കേൾക്കണമെൻെറവാക്യം
മുന്നംഞാൻ പൎണ്ണശാലതന്നിലങ്ങിരുന്നനാൾ
സന്ന്യാസിയെന്നുംചൊല്ലി വന്നുരാക്ഷസനെന്നെ
തന്നുടെ തേരിൽ കരയേററുന്ന നേരത്തുങ്കൽ
എന്നുടെ വലംകരം തന്നുടെയഗ്രംതൊട്ടു
പിന്നെ ശിംശപാവൃക്ഷത്തിൻകീഴങ്ങിരുന്നനാൾ
വന്ദിച്ചങ്ങെൻെറകാക്കൽ വീണവനൊരുദിനം
കഷ്ടമന്നേരം പാദാംഗുഷ്ഠത്തോടവൻമുടി
തൊട്ടീലെന്നുള്ളിലൊരു സംശയമത്രമുണ്ടു്
പട്ടാങ്ങു രണ്ടുദിനമിങ്ങനെ തൊട്ടതെന്നി
ദുഷ്ടനാമരക്കനെത്തൊട്ടതില്ലൊരുനാളും
സൂരിയകുലാധിപനാകിയ ദശരഥ-
വീരനുസുതനാകുമെന്നുടെ കണവൻെറ
പൂമേനിയൊഴിഞ്ഞുഞാൻ മറെറാരു പുരുഷനെ
കാമസംഗത്താൽ ഞാനിന്നോളമേ തൊട്ടിട്ടില്ലേ.
പാവകദേവാ! പോററീ! സത്യമേ സ്വാഹാദേവി
ഈവണ്ണം മധുമൊഴിവാചകമത്രം ചൊല്ലി
മാനിനി, മലരെല്ലാമങ്കിയിലാരാധിച്ചാൾ
മാനസമഴിഞ്ഞുനിന്നാവോളം തൊഴുതുടൻ
പാൎത്തലംപതിന്നാലുമാകവേ നിറഞ്ഞോനേ!
പാൎത്താകിൽ കട്ടകോളം കണ്ടുകിട്ടാതപോററീ!
തൂക്കുന്ന തുലാത്തിൻ നാരായത്തിൻ മുനപോലെ
സൂക്ഷ്മമായിരിപ്പോരു ഈശ്വരസ്വരൂപമേ!
സാക്ഷാൽനീയതിൻ പരമാൎത്ഥത്തെ വഴിപോലെ
നോക്കിക്കൊള്ളുക ; തീയ്യിൽചാടിനാൾ മധുമൊഴി.
നീരിൽവീണാഴും രത്നക്കല്ലെന്നകണക്കിനെ
താരിൽമാനിനി തീയ്യിൽ വീണുടനാഴുന്നേരം
കാണുന്ന മഹാജനമൊക്കെ വിസ്മയപ്പെട്ടു

പ്രാണനില്ലാതെ മരപ്പാവകൾ നില്ക്കുംപോലെ
ഏതുമേയനങ്ങാതെ നോക്കിനിന്നീടുംനേരം
ശീതമായ് ചമഞ്ഞിതു ഘോരമാകിയ അഗ്നി
1
സൂരിയപ്രഭമങ്ങി നീരജം മാഴ്കിക്കൂപ്പി
മാരുതൻ ഗമനവും സാഗരം ഘോഷംമാറി
പാരതിൽ പലതരമുള്ള ജന്തുക്കളുടെ
പാരിച്ച കുരൽനാദംകൂടയങ്ങടങ്ങീതു.
അങ്ങനെ നിവന്നുനിന്നീടുമ്പോൾ കാണാകുന്നു
കത്തും പാവകൻറെമദ്ധ്യെപൊങ്ങീടുന്നതു,
പൊൽത്താരിൽമകൾ സീതാദേവിയാകിയരത്നം
വെണ്ണിലാവുദിച്ചുപൊങ്ങീടിന കണക്കിനെ
സുന്ദരരൂപം തെളിഞ്ഞെല്ലാൎക്കും കാണാകുന്നു
നല്ലചെങ്കനകത്തെച്ചുട്ടെടുത്തതുപോലെ
മല്ലലോചനാദേഹം മുന്നേതിൽനിറമുണ്ടായ്
ശങ്കര ശിവ ശിവ ! എന്നു കാണുന്നാജനം
ആശ്ചൎയ്യത്തോടുകൂടെ വന്ദിച്ചാരതുനേരം
തീക്കനൽക്കട്ടതോറും മൂളികൊണ്ടളികുലം
നോക്കുന്നു മധുവുള്ള പൂക്കളിതെന്നുംചൊല്ലി
മാലോകർ കരംകൊണ്ടു വാരിനാർ കനൽനിര
ചേലയിലെടുത്തുകെട്ടീടിനാരതിൽ ചിലർ
നീരും വെണ്ണയും തണുപ്പിത്രയില്ലെന്നു ചിലർ
പാരമായ്വന്നു ശീതം ദേഹത്തിന്നെന്നു ചിലർ
ഇത്ഥമോരോന്നേ പറഞ്ഞന്നേരം മഹാജനം
ചിത്തകൗതുകം കലൎന്നങ്ങനെ നില്ക്കുന്നേരം
മുഗ്ദ്ധലോചനസീതാപിന്നാലെക്കൂടെവന്നു
ശുദ്ധനാം വഹ്നിദേവനിത്ഥമൊന്നരുൾചെയ്തു.
പൊൽത്താരിൽ മകളായ ചിത്തമോഹിനീ ! സീതേ ;
പൃഥ്വീനന്ദനയായ പുത്തൻതേൻമൊഴിയാളേ !

1 ൎയ്യന്റെ പ്രഭ. ഖ.

ദുഃഖിച്ചീടൊല്ല ദോഷമൊട്ടുമേ നിനക്കില്ല
മുഖ്യമാനസേ! പോക ഭർത്താവെക്കാണ്മാനെന്നു
പാവകദേവനരുൾചെയ്യുനേരത്തു സ്വാഹാ-
ദേവിയാൾ സീതതൻെറ തൃക്കരം രണ്ടും താങ്ങി
വേഗേന നടകൊണ്ടു മൂവരും കൂടെയപ്പോൾ
രാഘവന്തന്നെക്കാണ്മാനാദരവോടുംകൂടെ
അന്നേരം പ്രസാദിച്ചാരെല്ലാരുമെന്നേവേണ്ടു
മന്ദമാകിയ വായു വേഗേന വിലസിനാൻ.
ഇന്ദുവെപ്പോലെകണ്ടോരഗ്നിതന്നുട്ടത്തെങ്ങും
നിന്നുകൂടാതെ ദൂരത്തോടിനാരെല്ലാവരും.
അർക്കനും പ്രസാദിച്ചു പുഷ്കരേ വിലസിനാൻ
അക്ഷണം പക്ഷിമൃഗമൊക്കവേ നാദംകൊണ്ടു
സുന്ദരരൂപി സീത തെളിഞ്ഞ നേരത്തുങ്കൽ
ഒന്നൊന്നേ പറയേണ്ട സർവ്വവും തെളിഞ്ഞുതേ.
ലക്ഷ്മണവീരന്താനും മർക്കടപ്പടകളും
അക്ഷണം നടകൊണ്ടു മറവുള്ളജനങ്ങളും
അഗ്നിദേവനും മുമ്പേ ചെന്നു രാഘവന്തൻെറ
തൃക്കഴൽകണ്ടു തൊഴുതീടുവാനുഴറിനാൻ.
അക്കഥയിരിക്കട്ടെ രാമനാം നരപതി
ലക്ഷ്മീവല്ലഭൻ രഘുനായകൻ തിരുവടി
ചെപ്പേലും മുലയാളെയഗ്നിപ്രവേശംചെയ്വാൻ
കല്പിച്ചു തമ്പിയോടും കൂടവേയയച്ചപ്പോൾ
അപ്പൊഴേ കൊട്ടതായോരഗ്നിയിൽത്താനും വീണു
കെല്പേറും മഹീപതിപെട്ടപാടെന്തു ചൊല്ലാം!
പാലൊത്തമൊഴിയാൾതൻ കോലത്തെ നിരൂപിച്ചു
മാലുറവു മയങ്ങിവീണാലസ്യം പെരുതായി
മോഹങ്ങളകന്നിട്ടു ശോകങ്ങൾ തുടങ്ങിനാൻ
ലോകങ്ങൾ പതിന്നാലും പാലിക്കും പരൻപുമാൻ.
ആധിയിലകം നിറഞ്ഞൊഴുകം കണ്ണീരുമായ്
വേകുന്നൊരുള്ളംകൊണ്ടിട്ടീവണ്ണം ചൊന്നാൻപിന്നെ.

ഈശ്വര! ജഗത്തിങ്കലുള്ള ജന്തുക്കൾക്കെല്ലാം
ആശ്രയമായ നിന്നോടൊന്നു ഞാൻ പറയുന്നു.
ഇബ്ഭുവനത്തിലിനി മററൊരുത്തനെയും നീ
കല്പിച്ചീടൊല്ലായെന്നെക്കല്പിച്ചകണക്കിനെ.
ചിത്തതാപത്തിനെന്ന്യെ മററൊരു സുഖത്തിനു-
മെത്താതെചമച്ചതും ചിത്രമിതോൎത്തുകണ്ടാൽ
അപ്പന്റെയരികത്തു പൈതങ്ങളായകാലം
ഇപ്പുരിയിൽ സുഖിച്ചിരുന്നീടാമങ്ങെല്ലാവൎക്കും.
അക്കാലമൊരു മുനിതന്നോടുകൂടെപ്പോയി
അക്ഷണം നടന്നുദാഹിച്ചതിന്നറമുണ്ടോ?
അന്നു ജാനകിതന്നെ വേട്ടുകൊണ്ടയോദ്ധ്യയിൽ
വന്നാറേ സുഖിച്ചിരുന്നീടാമെന്നുറച്ചു ഞാൻ.
അന്നാളിലഭിഷേകം മൂലമാസ്ഥനം തന്നിൽ
ചെന്നുപുക്കതിൽ പൂണ്ടതൊന്നുമേ ചൊല്ലവല്ലേ.
എങ്കിലുമതു സുഖമെന്നുള്ളിൽ നിരൂപിച്ചു
പങ്കജമുഖിയാൾതാൻകൂടെയുണ്ടാകകൊണ്ടു്.
അങ്ങനെ മരുവുന്ന നേരത്തു നിശാചരൻ
മംഗലാംഗിയെക്കട്ടു ലങ്കയിലകംപുക്കു.
പൂഞ്ചൂട്ടും കുഴലാളെക്കാണാഞ്ഞുണ്ടായ ദുഃഖം
ഈശ്വരന്താനും ഞാനുമല്ലാതെയറിഞ്ഞീലാ.
സാഗരം ചിറകെട്ടിക്കടന്നു ദുഷ്ടർകുലം
ആകവേമുടിച്ചുടൻ ദേവിയെ വീണ്ടശേഷം
അഗ്നിയിൽക്കുളിപ്പാനായ് പോയതു നിരൂപിച്ചാൽ
ദുഃഖമെൻമനക്കാമ്പീന്നെന്നിനിപ്പോകുന്നയ്യോ!
മുത്തണിമുലയാളേ! മുഗ്ദ്ധലോചനേ! മമ
ചിത്തത്തിൽ നിറഞ്ഞുള്ള പുത്തൻതേൻകുഴമ്പേ! നീ
എന്നെയും പിരിഞ്ഞു ചത്തീടുവാൻ പോയതോൎത്താൽ
ഇന്ദുനേർവദനേ! ഞാനെങ്ങനെ പൊറുക്കുന്നു?
ശീലത്തിൻ ഗുണങ്ങളോ കോലത്തിൻ ഭംഗികളോ
പാലൊത്തമൊഴികളോ എന്തുഞാൻ മറപ്പതു?

നീലത്തോടെതിത്തകാർക്കുന്തലോ, കുരുംകളോ
ബാലത്തിങ്കളേ വെന്ന നെററിയോ മറപ്പതു ?
സിന്ദൂരംതൊഴും വായോ മിന്നുന്ന ദന്തങ്ങളോ
മന്ദഹാസമോ മൃദുഹാസമോ മറപ്പതു ?
അഞ്ജനനയനമോ കണ്ണമോ കപോലമോ
വെണ്മതി തൊഴും മുഖകാന്തിയോ മറപ്പതു ?
മംഗലമണിത്താലിപൂണ്ട കണ്ഠമോ മററു
ശൃംഗാരം തങ്കും രത്നമാലയോ മറപ്പതു ?
പന്തു പമ്പരം ചെപ്പും കുമ്പിടും മുലകളോ
ചന്തമാമുദരമോ എന്തു ഞാൻ മറപ്പതു ?
പാണിയോ വളകളോ മോതിരം വിരൽകളോ
1
പങ്കജംവെന്ന കരരേഖയോ മറപ്പതു ?
പൂഞ്ചേലഞെറിഞ്ഞുടുത്താദരാലതിന്മീതേ
കാഞ്ചികംമുറുക്കിയ ശോഭയോ മറപ്പതു ?
കോമളത്തുടകളോ ജാനുവോ കണങ്കാലോ
ആമ കൈതൊഴും പുറവടിയോ മറപ്പതു ?
ആരോമലായ നിൻെറ രൂപസൌന്ദൎയ്യങ്ങളെ
ഓരോന്നേ നിരൂപിച്ചാലെന്തു ഞാൻ മറപ്പതു ?
പൈതലേ വേറിട്ടുള്ള തള്ളയ്ക്കുള്ള ഴൽപോലെ
നിന്നെയും കളഞ്ഞു കേണീട്ടുമാറായിതല്ലോ.
ഇപ്പോഴേ മരിക്ക ഞാനെന്നതേയിനിയുള്ളു
ഉല്പലനയനേ വേറിട്ടഴൽ പൊറായ്കയാൽ.
മക്കളായുള്ള ഞങ്ങളാരുമില്ലാതതന്നെ
അച്ഛൻതാൻ മരിച്ചതങ്ങെത്രയുമതികഷ്ടം!
അപ്പോലെ കളത്രം വേറിട്ട വേദനയെല്ലാം
ഉൾപ്പൂവിൽപൊറായ്കയാലിപ്പോഴേ മരിക്കും ഞാൻ.
ജാനകിയെൻെറ ചൊല്ലാൽ ചാകുന്നു തീയിൽവീണു

1. ചേണെഴും നഖങ്ങളോ രേഖയോ മറപ്പതു്. ഖ.

[1]ഞാനുമംഗജബാണത്തീയിൽ വീണുഴലുന്നേൻ.
പ്രാണൻ പോവതിൻമുമ്പേ വന്നീടെന്നരികത്തു
എണലോചനേ! പ്രാണനാഥേ! തേൻമൊഴിയാളേ!
[2]ചൂതവാർമുലക്കുന്നതാകിയ മരുന്നു നീ
ശീതളം വരുമാറു മാറിലങ്ങണച്ചീട്ട്.
ചോരിവാമലരായോരൌഷധം സേവിപ്പാനും
പാരാതെ തന്നു ജീവൻ പാലിച്ചീടെന്നോമലേ!
ഞാനിനിയുണ്ടോ നിന്നെക്കാണുന്നു [3]മനോഹരേ!
പുഞ്ചിരിതൂകിത്തൂകിത്തേനൊത്തമൊഴിയുമായ്-
ക്കൊഞ്ചിക്കൊണ്ടരികത്തു കാണുമോയിനി നിന്നെ?
പല്ലവംപോലേ പതുപതുത്ത പൂമേനിമേൽ
മെല്ലവേ തലോടുവാനെത്തുമോയിനി ബാലേ!
പന്തണിമുലത്തടം തന്നിലങ്ങണച്ചെന്റെ
സന്താപം കളവാനും കർമ്മമിങ്ങിനിക്കുണ്ടോ?
ചന്ദ്രമണ്ഡലംപോലെ മിന്നുന്ന വദനത്തിൽ
ഒന്നു മെല്ലവേ നുകർന്നീടുവാനെത്തീടുമോ?
സുന്ദരവദനേ! യെൻവല്ലഭേ! മനോഹരേ!
കന്നലോചനേ! ദേവി! പെൺകുലമകുടമേ!
നിന്നെയുമുപേക്ഷിച്ചു മരിച്ചീടുകയെന്നു
എന്നുടെ ശിരസ്സിലേ രേഖയെന്നാതേ വേണ്ടു.
ശംകര ശിവശിവ! ചന്ദ്രശേഖരാ! പോററി!
പങ്കജശരാന്തക! ദൈവമേ! ശിവശിവ!
ഇങ്ങനെ നിരൂപിച്ചു കണ്ണുനീരോടുംകൂടി
മംഗലമുഖിയാളെ ചിന്തിച്ചുമരുവുമ്പോൾ
കാണായി തന്റെ തമ്പിയാകിയ കുമാരനെ
വാനവർ ചുഴലവേ വേഗത്തിൽ വരുന്നതു.

1. ഞാനുമല്ലിത്താർബാണ. ഖ.
2. മുലക്കുതന്നാകിയ. ഖ.
3. ഗുണനിധേ! ഖ.

ദീനതയോടു മുഖം താഴ്ത്തിമേവുന്ന മന്നൻ
ആനനം നിവിൎത്തി നീണ്ടൊരു ശ്വാസവുംകൊണ്ടു
സോദരൻ വരുന്നതുനോക്കി നില്ക്കുന്നനേരം
ആദരാലെടുത്തു കൈകൂപ്പിനാനിളമന്നൻ.
മംഗലരൂപനപ്പോൾ തമ്പിയെത്തഴുകിനി-
ന്നംഗത്തിലണച്ചുള്ളിൽ കല്പിച്ചൊന്നരുൾചെയ്തു.
ചൊല്ലുചൊല്ലെന്റെ തമ്പി! ദേവീവൃത്താന്തമെല്ലാം
ചൊല്ലേറും നരപതിചൊല്ലുകേട്ടവൻ ചൊന്നാൻ.
കേൾക്കരാഘവായെങ്കിൽ ശോകങ്ങളൊക്കെ നീക്കി
ചേൽക്കണ്ണാൾ തീയിൽ ചാടിജ്ജീവിച്ചോരവസ്ഥകൾ.
ചൂതവാർമുലയാളാം ജാനകിതന്നെ ഞങ്ങൾ
ആദരവോടുകൂടിക്കൊണ്ടുപോയതിൻശേഷം
മന്നവ! വലുതായിട്ടുള്ളൊരു കുഴികുഴി-
ച്ചുന്നതമായ വിറകിട്ടു തീ പിടിപ്പിച്ചു
അംബരത്തോളം പൊരിഞ്ഞങ്ങനെ കത്തുന്നേരം
അംബുജമുഖി കുളിച്ചങ്കിതൻ കരെ വന്നു
നിന്നമാലോകരൊക്കെക്കേൾക്കെ വാചകം ചൊല്ലി
വഹ്നിക്കും വലംവെച്ചു പുഷ്പവുമാരാധിച്ചു
കല്പാന്തരുദ്രൻകൂടെ ഞെട്ടുമാറുള്ള തീയി-
ലല്പവും ശങ്കിയാതെ ചാടിനാൾ മധുമൊഴി.
കണ്ടു ഞങ്ങളുമൊക്കെ വിസ്മയിച്ചിരിക്കുമ്പോൾ
കൊണ്ടൽനേർവൎണ്ണ! കാണായങ്കിയിൽ[1] തിങ്കൾപോലെ
അന്നേരമതിന്മദ്ധ്യേ പൊങ്ങിനാൾ മധുമൊഴി
മുന്നതിലിരട്ടിവന്നീടിന കാന്തിയോടും
സുന്ദരിസ്വാഹാദേവിയുണ്ടു കൈപിടിച്ചിട്ടു
വഹ്നിദേവനുമതിൻപിമ്പേ കൂടയുമുണ്ട്.
അങ്ങനെ സീത വന്നു മന്നവ! നിന്നെക്കാണ്മാൻ
ഇങ്ങനെ കുമാരന്റെ വാക്കുകേട്ടിരിക്കുമ്പോൾ
അഗ്നിദേവനും ഭാൎയ്യതാനും ജാനകിയുമായ്

1 തെളിവോടേ. ഖ.

മന്നവൻതിരുമുമ്പിൽ കാണായിതെളിവോടെ.
പന്തണിമുലയാളെക്കണ്ടു രാഘവനപ്പോൾ
സന്തോഷം മുഴുത്തുള്ളോരന്ധതയോടും കൂടി
അഗ്നിദേവനെക്കണ്ടു പെട്ടെന്നങ്ങെഴുന്നേററു
മൂർദ്ധാലോചൻ തൊഴുതീടിനാനെന്നേ വേണ്ടു.
എന്നെയല്ലെൻെറ സ്വാമീ! നിന്നെ ഞാൻ വണങ്ങുന്നു
എന്നു തൃക്കഴൽതൊഴുതഗ്നിയുമുണർത്തിനാൻ.
മംഗലരൂപ! മനുപുംഗവ! മുകിൽവർണ്ണ!
ഇങ്ങനെ കുഴപ്പമാർന്നതെന്തെൻെറ പോററി!
ആരെന്നതുള്ളിൽ തോന്നുമാറില്ലേ കൃപാനിധേ!
ക്ഷീരസാഗരംതന്നിൽ നാഗമെത്തമേൽവാഴും
നീരജവിലോചനനായതു നീയല്ലയോ
വേദിയരോത്തും വേദക്കാതലായതും നീയേ,
വേദം മീൻരൂപമായി വീണ്ടുകൊണ്ടതും നീയേ.
ആഴംമന്ദരമുയത്തീടുവാനാമയായി
ആഴിയിലകംപുക്ക നാഥനും നീതാനെല്ലോ.
പന്നിയായതും നരസിംഹമായതും പിന്നെ
മണ്ണളന്നതും മന്നോർവൈരിയായതും നീയേ.
സൂരിയകുലത്തിങ്കൽ രാമനായ് പിറന്നിപ്പോൾ
രാവണരാക്ഷസരെയൊക്കെയങ്ങറുത്തതും
നാനാജന്തുക്കളുടെ ജീവനായിരിപ്പതും
മാനുഷകുലത്തിനു ദീപമായതും നീയേ
വാനവർക്കെല്ലാമേറ്റം വേലിയായിരിപ്പതും
ദാനവകുലത്തിനു കാലനായതും നീയേ
ജാനകിയാകുന്നതു താരിൽ മാനിനിതന്നെ
മാനുഷകുലാധിപ! ഓക്കനീയിവയെല്ലാം
മാമുനിപത്നിതൻെറ നൽവരം നിമിത്തമായ്
മാനിനിക്കിതുവന്നു രാഘവ! നിരൂപിക്ക.
ദോഷങ്ങളേതുമില്ല മാനിനിതനിക്കയ്യോ!
ആഴിവർണ്ണരേ! സാക്ഷിഞാനിതിന്നറിഞ്ഞാലും.

ഈവണ്ണം മേലിലവിവേകത്താലുള്ളതൊന്നും
ദേവകൾദേവ! പോററി! വന്നീടാതിരിക്കണം.
പാവകദേവനിത്ഥമോരോന്നേ പറഞ്ഞുടൻ
പാൽമൊഴിയാളെ രഘുനായകൻ കയ്യിൽനൽകി
പാദപത്മവും കൂപ്പി യാത്രയും ചൊല്ലി മെല്ലെ
ആദരാൽ നടകൊണ്ടു വഹ്നിദേവനുമപ്പോൾ.
എത്രയും തെളിഞ്ഞരവിന്ദലോചനനപ്പോൾ
ചിത്തമോഹിനി ദേവിതന്നെ മെയ്യണച്ചിട്ടു
കണ്ണുനീർതേച്ചു രഘുനായകനരുൾ ചെയ്തു
വിണ്ണവർകുലപാലൻ മന്നവർകുലമണി
മല്ലലോചനേ! മമവല്ലഭേ! ഗുണനിധേ!
അല്ലണികുഴലാളേ! നല്ലപാൽതൊഴും വാണി!
ഒക്കവേ പൊറുക്ക ഞാൻ ചെയ്തു വല്ലായ്കയെല്ലാം
മുഖ്യമാനസേ,യിനി മറെറാന്നും പറയേണ്ട
മൈക്കണ്ണാൾ തന്നെ മടിതന്നിൽ വെച്ചരശർകോൻ
തൈക്കൊങ്കമൊട്ടു തലോടിക്കൊണ്ടവയെല്ലാം
ഓരോന്നേ പറഞ്ഞനുരാഗവാരിധി തന്നിൽ
പാരാതെ മുഴകി വാണീടിനാരിരുവരും
ദേവനും ദേവിക്കുമുണ്ടായ സന്തോഷത്തിങ്കൽ
ദേവകൾ പുഷ്പവരിഷങ്ങളുംചെയ്താരന്നേ.

ഇക്കഥ പഠിച്ചു ചൊല്ലീടിന ജനങ്ങൾക്കും
ഭക്തിയോടിരുന്നു കേട്ടീടിന ജനങ്ങൾക്കും
നിശ്ചയം ദുഃഖം കൂടാതെത്രയും സുഖിച്ചിരു-
ന്നച്ചുതൻ പദതാരോടെത്തിടാം മരിക്കുമ്പോൾ
പാരിൽ നൽപ്പുഴം തേടിപ്പോകുന്നേനിനി ഞാനും
എന്നു പൈങ്കിളി ചൊല്ലി വേഗത്തിൽ പറന്നിതേ.

ഇതി ചതുൎത്ഥപാദം
അഗ്നിപ്രവേശം സമാപ്തം.

# വാതിൽതുറപ്പാട്ട്

(മാതൃകകൾ)

## 1. അമ്മാവിപ്പാട്ട്

[തിരുവനന്തപുരം മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലെ L. 483-ാം നമ്പർ ഗ്രന്ഥമാണ് ഇതിന്റെ ആദർശം.]

വേളിയങ്ങു കഴിഞ്ഞ മൂന്നാളിലങ്ങമ്മാവിതാനും
ആളിമാരെയാളയച്ചു വരുത്തിക്കൊണ്ടു്
വെൺമയോടമ്മാവിതാനും മുഖശുദ്ധി വരുത്തീട്ടു
നന്മയോടെയറമെല്ലെത്തുറന്നുകൊണ്ടു
വിരിപ്പും കുററാരിയേനും പൊരിപൂഞ്ചാകുറുകയും
കുരയും പൊക്കാളിയുമൊരാരിയ വിത്തും
കൗതുകമേറിന നല്ല ചീരകചെമ്പാവുവിത്തും
മലയാര്യമുണ്ടകനും ഞവരാവിത്തും
വിത്തുമപ്പത്താറുകൂട്ടം കിടക്കുന്ന മുറിയെല്ലാം
തുറന്നു വിത്തുകൾ വാരി തളത്തിലിട്ടു്
പത്തുകൊള്ളും പറ വെച്ചങ്ങളന്നു പിന്നെ
ഉത്തമസ്ത്രീകടെ കൈയ്യിൽ കുത്തുവാനായ് കൊടുത്തപ്പോൾ
അത്തരുണീമണിമാരങ്ങൊത്തു കൂടീട്ടു
വിത്തു കുത്തിയരിപിന്നെയെത്രയും നിർമ്മലമാക്കി
മുത്തുപോലെ വെളുപ്പിച്ചത്തരുണിമാരും
ഇന്നിയും കേട്ടുകൊണ്ടാലും ഇതിന്റെ ശേഷമെല്ലാരും
ഈയടച്ച മണിവാതൽ തുറപ്പിൻ നിങ്ങൾ.

വലിയ വാല്പ്പുകളിലരിയെല്ലാം നനച്ചവർ
വിരവോടെയരിവാരി കുട്ടയിൽവച്ചു്
നീരുവാർന്നങ്ങൊരുശേഷം നാരിമാരങ്ങൊരുമിച്ചു
ഉരലെല്ലാം തുടച്ചരി പൊടിച്ചു നന്നായ്.
ഇടിച്ചരി പൊടിച്ചവർ കുഴച്ചു ശർക്കരതന്നിൽ
തഴക്കമുള്ള വരളു കലക്കിവച്ചു

മിത്ത്രമായുള്ള ട്ടപ്പുകൾ തീൎത്ത തീയും പെരുക്കീട്ടു
വൃദ്ധനാരീജനം പാത്രമട്ടപ്പിൽവച്ചു
പുത്തരുക്കൻ നെയ്യൊഴിച്ചിട്ടപ്പമൊക്കെ വാൎത്ത വാൎത്ത
പത്തു നൂറായിരം ലക്ഷം സ്വരൂപിച്ചപ്പം.
എട്ടുകാതൻ ചരക്കിലും എഴ്ബതിനാഴികളിലും
കുട്ടകൻ കൊച്ചുരുളികൾ വാൎപ്പുകളിലും,
വെങ്കലപ്പാനികളിലും പൊൻകലപ്പാനികളിലും
സംഖ്യയില്ലാതപ്പമങ്ങു നിറച്ചുവച്ചു.
ചില്പമായതങ്ങുമിങ്ങും മുറുക്കിക്കെട്ടി
വീരവാളിപ്പട്ടുകൊണ്ടു മൂടിവച്ചിട്ട്
മങ്കമാരൊക്കെയും പോയി കുളിച്ചു കോപ്പിട്ടു വന്നു
മേളമോടമ്മാവിതാനം ചമഞ്ഞീടുന്നു.
യാത്രഘോഷമടുത്തല്ലൊ മങ്കയാളെ ! കേട്ടിടേണം
ഈയടച്ച കതകാണി തുറന്നീടേണം.

കണ്ണെഴുതിക്കുറിയിട്ടു കണ്ണാടിനോക്കിക്കുറതീൎത്തു.
കണ്ണയുഗ്മം കാതിലയുമണിഞ്ഞു നന്നായ്
പുരികുഴൽ വിടൎത്താൎത്തു വിരവിൽകെട്ടിയനേരം
പരിമളമിയലും പൂമാലകൾ ചൂടി,
ഉൾക്കഴുത്തങ്ങളുകെട്ടികൊക്കിറുക്കിയതും കെട്ടി
വെക്കമെ താലികൾ മാലയൊക്കെയും കെട്ടി,
തരിവള പിരിവള ചക്കമുള്ളനൊഴുക്കനും,
തോൾവളകൾ വളകളും കടകങ്ങളും,
വിരൽ പത്തും നിരക്കവെ വിരൽമോതിരവുമിട്ടു
പരിചിൽ പട്ടുചേല ഞൊറിഞ്ഞുടുത്തു.
പൊന്നരഞ്ഞാണവുമിട്ടു ചന്ദനച്ചാറതും തേച്ചു
പിന്നെയങ്ങു രസം ചേരും വെററിലതിന്നു
അപ്പമെല്ലാമെട്ടപ്പിച്ചങ്ങാളിമാരും താനുമായി
ആൎത്തുവിളിച്ചുള്ള വാദ്യഘോഷവുമായി
ദീപമെല്ലാം തെളിപ്പിച്ചും തീവെട്ടി (കൾ) പിടിപ്പിച്ചും
പൊൻവിളക്കും തളികയുമായെതിരേററ്

അകമ്പടിഘോഷം കൂടീട്ടിമ്പടോടമ്മാവിതാനം
വമ്പൊട്ടുചെന്നകംപുക്ക മന്ദിരംതന്നിൽ
മങ്കയാളങ്ങിരിക്കുന്ന മണിയറത്തളം തന്നിൽ
വെൺമയോടമ്മാവിതാനം ചെന്നു മോദേന
ചിത്രമായ കവാടത്തിൽ കരംവെച്ചു വിളിക്കുന്നു
ഉത്തമെ ! നീ കതകാണി തുറന്നീടേണം.

കാതരാക്ഷിമണിയാളെ ! കാതുകേളാതിരിക്കയോ ?
മാധുരിയത്തോടുവന്നു കേട്ടിരിക്കാതെ
ചണ്ടികൾവന്നൊരുകൂട്ടം കുണ്ടുണികൾ പറകയൊ
ശുണ്ഠിയായങ്ങിരിക്കയൊ നീയുമിന്നിപ്പോൾ?
നിനക്കു ഞാൻ കൊണ്ടുവന്ന കോപ്പിതിന്റെ വിവരങ്ങൾ
കേൾക്കണമെങ്കിലോ വാതൽതുറക്ക ബാലേ!

ദാഹമിന്നുകെടുപ്പാനായ് ചെങ്കരിമ്പാകരിക്കുണ്ടു
മോഹനങ്ങം (?) കരിമ്പിൻനീർ കുടത്തോടുണ്ട്
പാലുകാച്ചിക്കുറുക്കീട്ടു പഞ്ചസാര പൊടിച്ചിട്ടു
നാലുകാതൻചരക്കിൽഞാൻ കൊണ്ടുന്നിട്ടുണ്ട്
ശർക്കരപോലിരിക്കുന്ന വരിക്കമാമ്പഴമുണ്ട്
കപ്പിൽമാവിൻപഴമുണ്ടു കപ്പമാങ്ങാപ്പഴമുണ്ടു
നല്ല ചിൽപ്പമാമീന്തപ്പഴവും വളരെയുണ്ടു
ചിങ്ങമ്പഴംനന്നായ് ഞെരടി തേനൊഴിച്ചിട്ടു
പഞ്ചസാരപ്പൊടിയിട്ടു കൊണ്ടുന്നിട്ടുണ്ട്.
നീലവേണി! നിനക്കുള്ളിൽ ആശയെന്തതുരചെയ്താൽ
ആയതു ഞാൻ തരുന്നുണ്ടു തുറക്കവാതിൽ.

ഉൽപ്പലാക്ഷി! നിനക്കുഞാൻ അപ്പമല്ലൊകൊണ്ടുവന്നു
ചിൽപ്പമോടിന്നിതിനുള്ള വിവരം ചൊല്ലാം
പുത്തുരുക്കൻ നെയ്യൊഴിച്ചു വൃത്തമൊത്ത അപ്പമിപ്പോൾ
പത്തുനൂറായിരം ഞാനോ കൊണ്ടുന്നിട്ടുണ്ട്
ലക്ഷ്മിയോടു സമമാകും എന്നുടയമരുമകൾ
ഭക്ഷണസാധനംകൊണ്ടു വന്നതു കേൾക്ക.
തിങ്ങിവിങ്ങിപ്പഴത്തോരു ചിങ്ങവാഴപ്പഴമുണ്ട്

ഭംഗിയേറും നല്ല നേന്ത്രപ്പഴവുമുണ്ടു്.
കാളിവാഴപ്പഴമുണ്ടു തെളിവിൽ ഞാൻ കൊണ്ടന്നിട്ടു്
കേളിയേറും കദളിയും പൂവനുമുണ്ടു്.
വണ്ണമേറെയുള്ള നല്ല കണ്ണൻവാഴപ്പഴമുണ്ടു്
കണ്ണിൻകൗതുകമാം തേൻകദളിയുമുണ്ടു്.
മലവാഴപ്പഴമുണ്ടു കുലവാഴത്തരമുണ്ടു്
പലപഴമിത്തരത്തിൽ കൊണ്ടന്നിട്ടുണ്ടു്
ഏണബിംബമുഖിയാളെ! തുറക്കവാതിൽ.

അടയുമപ്പവുമുണ്ടു് വടയും ദോശയുമുണ്ടു്
ഇടിയന്മാരിടിച്ച വെള്ളവിലുമുണ്ടു്.
ഇഷ്ടമേതിലതുമുണ്ടു് അലുവായപ്പവുമുണ്ടു്
അണിൽമാണിൾ (?) മണവാളെ! തുറക്കവാതിൽ.

എങ്കിലോ കേട്ടുകൊണ്ടാലും വിഭവങ്ങൾ ചൊല്ലിടാമെ
മോദമോടെ നീയുമിന്നു കേട്ടുകൊണ്ടാലും;
മലർപ്പൊടിയതുമൊണ്ടു് ഉഴന്നും ചോളവുമുണ്ടു്
വൻവാർമാതളത്തിന്റെ കനിയുമുണ്ടു്.
അരിക്കട്ടയതുമൊണ്ടു് അരിപ്പൊടിയതുമൊണ്ടു്,
അരിപൊടിച്ചതുകൊണ്ടിട്ടടയുമുണ്ടു്.
പഞ്ചസാരപ്പൊടിയുണ്ടു ചഞ്ചലാക്ഷി! പൊളിയല്ലേ
പഞ്ചബാണാർത്തിപൂണ്ടു ഞാൻ വിളിച്ചീടുന്നു.
മംഗലാംഗി മധുമൊഴി എങ്ങുപോയിയുറങ്ങുന്നു?
ചഞ്ചലത്തെ വെടിഞ്ഞിന്നു തുറക്ക വാതിൽ.

എന്നുടയ മരുമകൾക്കണിവാനായാഭരണം
വേണ്ടുവോളം തരുന്നുണ്ടേ കേട്ടുകൊണ്ടാലും;
താലിയും മോതിരമുണ്ടു മാലയും പൊന്നോലയുണ്ടു്
ആളിട്ടാകാശ്ശുതന്നിൽ കുഴവച്ചു കെട്ടുവാനായ്
ആശതീർന്നു തരുന്നേനെൻ മരുമകൾക്കു
ഇനിയുമാഭരണങ്ങൾ തരുവാനും മടിയില്ലേ
മടിക്കേണ്ട മണിവാതൽ തുറന്നിടേണം.

എന്നുടയ മരുമകൾക്കുടുപ്പാനായ് കൊണ്ടന്നോരു
പട്ടതിന്റെ വിവരങ്ങൾ കേട്ടുകൊണ്ടാലും;

വീരവാളിപ്പട്ടതുണ്ടു് ചെത്തിപ്പട്ടുകളുമുണ്ടു്
ചേലപ്പട്ടുകളുണ്ടു് ചേച്ചിയിൽ ഞാൻ കൊണ്ടന്നിട്ടു്;
പുള്ളിപ്പട്ടതുമൊണ്ടു് മാന്തളിർപട്ടതുമൊണ്ടു്
മഞ്ഞപ്പട്ടുകളുണ്ടു് വരയൻ പട്ടുകളുണ്ടു്
ഇപ്പറഞ്ഞ പട്ടതൊക്കെക്കൊണ്ടന്നിട്ടുണ്ടെടോ ബാലേ!
ഈയടച്ച മണിവാതൽ തുറന്നീടേണം.

ലക്ഷ്മിയോടു സമമാകും എന്നുടയ മരുമകൾ
ചൂടുവാനായ് ക്കൊണ്ടുവന്ന പൂമാലാത്തരം ചൊല്ലാം,
മുല്ലമാലത്തരമുണ്ടു് കുരുമൊഴിമാലയുണ്ടു്
ചെത്തിമാലത്തരമുണ്ടു് ചേമന്തിമാലയുമുണ്ടു്
കൊന്നമാലത്തരമുണ്ടു് എരിക്കമാലയുമുണ്ടു്
എതിരേ ചൂടുവാൻ തുമ്പമാലയുമുണ്ടു്
ചിന്തതന്നിൽ നിനക്കിന്നു വേണ്ടതൊക്കെത്തരുന്നുണ്ടു്
ഈയടച്ചമണിവാതൽ തുറന്നിടേണം.

കൊച്ചുകുഞ്ഞുപെണ്ണുതാനും കളിച്ചിങ്ങു വന്നിട്ടുമ്പോൾ
തൊടുവാനായ്ക്കുറിക്കൂട്ടും കൊണ്ടന്നിട്ടുണ്ടു്.
ചന്ദനം കുങ്കുമമുണ്ടു കളഭം കസ്തൂരിയുണ്ടു്
ചെറുതായ അളുക്കാതിൽ പുഴുവുമുണ്ടു്
പനിനീരങ്ങൊഴിച്ചുടൻ കുഴച്ചു ചന്ദനം പിന്നെ
ഭംഗിയോടെ മേനിതന്നിൽ അണിഞ്ഞുനീയും
കണ്ണെഴുതാൻ മഷിയുണ്ടു മഷിക്കൂടുകളുണ്ടു്
പൊളിയല്ലേ പറയുന്നു അറിക ബാലേ!
നേരമെല്ലാം വെളുത്തല്ലോ നേരുകേടും വന്നിടാതെ
ചാരുവാതിൽ വിരവോടെ തുറന്നിടേണം.

ലക്ഷ്മിയോടു സമമാകും എന്നുടയ മരുമകൾ
കളിപ്പാൻ ചാടുകൾ നല്ല പമ്പരം പന്തുകളുണ്ടു്.
നല്ലനാരീജനങ്ങളെ കൊണ്ടന്നിട്ടുണ്ടു്.
മദ്ദളം തുംബുരുവുണ്ടു് നാരദൻ വീണയുമുണ്ടു്
ആടുന്ന മയിലുണ്ടു ഗീതത്തിൽ കുയിലുണ്ടു്
പറകിൽ പഞ്ചവർണ്ണക്കിളിയുമുണ്ടു്.

ദേവനാരീജനമുണ്ടു് ശിവനും വിഷ്ണുവുമുണ്ടു്
ഇനിയെൻെറ മരുമകൾ എഴുന്നേററു വിരവോടെ
മണിയറക്കവാടം നീ തുറക്ക ബാലേ!

നേരുതന്നെ പറഞ്ഞാലങ്ങറിവില്ല നിനക്കിപ്പോൾ
നേരുകേട്ട ഞാനുമിന്നു ചൊല്ലിടും ബാലേ!
നിനക്കും നിൻ തോഴന്മാൎക്കും തിന്മതിന്നു കൊണ്ടുവന്നു
വെററിലപാക്കൊട്ടു നല്ല പുകയിലയും
വെള്ളികൊണ്ടു അടപ്പനിൽ ത്തൂവമെല്ലെ നിറച്ചതിൽ
തേച്ചുപെട്ടി കിളിക്കൂത്തി തരുന്നതുണ്ടു്.
കണ്ണിന്നു കാണുവാനായ് ക്കണ്ണാടി തരുന്നുണ്ടു്
കളിയല്ലേ പറയുന്നു കമനി! ബാലേ!
വലയുന്നു മനംചുട്ടു തളരുന്നു മമ ദേഹം
കളിയല്ലേ അണിവാതിൽ തുറന്നീടേണം.

---

## II ചോദ്യപ്പാട്ടു്

(തിരുവനന്തപുരം മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലെ
T. 1332-ാംനമ്പർ പകപ്പാണു് ഇതിൻെറ ആദർശം.]

[1] കരക്കണ്ടോർ തിരുമകൻ തുണയ്ക്കെങ്കിലെനിക്കിപ്പോൾ
കവിപ്പെണ്ണും മമ നാവിൽ കുടികൊള്ളേണം.
അംഗനമാരറിയിച്ച വചനത്തിന്നുത്തരമായ്
[2] അഴകോടെയരചെയ്യാൻ തുനിഞ്ഞിടുന്നേൻ.
തുറയെന്നാൽ തുറക്കാമോ അണിവാതൽ മടവാരെ!
തുകിൽകൊള്ളുന്നവരെല്ലാം ഉണരേണ്ടയാവൂ.
സുഖിച്ചമ്മാനവുമാടി മണിച്ചൂതും പൊരുതീട്ടു
തുലോം രാച്ചെന്നണിതല്പേ വസിക്കും ഞങ്ങൾ.

---

1. കറക്കണ്ടർ.
2. അകത്തുനിന്നു

ഇളമാത്തും ഹിതംചേരും നിറത്തിൽ കാമദേവന്റെ
ചിലമ്പിന്നൊച്ചകൾകേട്ടിട്ടുണർന്നു ഞങ്ങൾ.
സുഖിക്കും സാധനങ്ങളെന്തുള്ളതുനിങ്ങടെകൈയ്യിൽ?
തുകിലുണത്തുവാൻ വന്ന മടവായരേ !

വലങ്കയ്യിൽ വിളക്കുണ്ടോ? മധുപ്പൂമാലയുമുണ്ടോ ?
മധുവുണ്മാൻ വരുന്ന കാർവരിവണ്ടുണ്ടോ ?
കനകവെള്ളരിയുണ്ടോ കനവെള്ളിത്തളികയിൽ
കണികാൺമാൻ നിറമുള്ള മണിക്കുന്നുണ്ടോ ?
തുളസിമാലകളുണ്ടോ ! സുരഗംഗാജലമുണ്ടോ ?
സുരലോകം ധരിക്കും താമരപ്പൂവുണ്ടോ?
കലമ്പൻമാലകളുണ്ടോ ? ചിലമ്പുംചാത്തുകളുണ്ടോ ?
ഇപ്പറഞ്ഞ പദാത്ഥങ്ങൾ കൊണ്ടുവന്നു വിളിച്ചാലും
ഇക്കതകു തുറക്കയില്ലറിവിൻനിങ്ങൾ.

പകിടച്ചൂതുകളുണ്ടോ ചതുരംഗക്കരുവുണ്ടോ ?
വൈഡൂര്യമരതകക്കല്ലുകളുണ്ടോ ?
പഞ്ചകാവ്യഗ്രന്ഥമുണ്ടോ നാടകപ്പുസ്തകമുണ്ടോ ?
പനിനീരിലരച്ച ചന്ദനച്ചാറതുമുണ്ടോ ?
പനിനീർക്കുപ്പികളുണ്ടോ വാൽക്കണ്ണാടികളുമുണ്ടോ ?
ആടയിൽചേരുന്ന പാവാടകളുമുണ്ടോ ?
ആട്ടം പമ്പരമുണ്ടോ ചെപ്പുകണ്ണാടിയുമുണ്ടോ ?
പഴക്കാവെററിലവെപ്പാൻ കവുക്കു(?)കളുണ്ടോ ?
വടിവൊത്ത കിളിക്കത്തി കനകക്കോളാമ്പിയുണ്ടോ ?
ശതംവെള്ളിക്കരണ്ടകം നിറച്ചിട്ടുണ്ടോ ?
പഞ്ചവണ്ണക്കിളിയുണ്ടോ പഞ്ചസാരമൊഴികേൾപ്പാൻ
പന്തിടഞ്ഞമ്മാനമാടിക്കളിപ്പോരുണ്ടോ ?
ഇപ്പറഞ്ഞ പദാത്ഥങ്ങൾ കൊണ്ടുവന്നു വിളിച്ചാലും
ഇക്കതകു തുറക്കയില്ലറിക ചാലേ.

പരന്ന വെള്ളവില്ലുണ്ടോ ? മുന്തിരിങ്ങാപ്പഴമുണ്ടോ ?
പരിചെഴമമൃതുണ്ടോ ? ഇളന്നീരുണ്ടോ ?
പത്തുനൂറായിരം കുംഭം നറുനെയ്യിലെഴുന്നപ്പം

പനിക്കുന്നിൻമകളൊപ്പം കൊണ്ടുവന്നിട്ടുണ്ടോ ?
പനിപ്പൂപ്പന്തലിൽ തൂക്കം വിളക്കിന്നന്തികേ മേവും
മണിത്താലമെടുത്തുള്ള മങ്കമാരുണ്ടോ ?
അംബുജസംഭവനുണ്ടോ ? തുംബുരുനാരദനുണ്ടോ ?
അംബുജബാണനുനേരാം സുന്ദരരുണ്ടോ ?
പരിചിൽ കേശവന്മാരോടങ്ങനേപോയ്ക്കളിപ്പാനും
വരുവാനും സഭാപുഷ്പവിമാനമുണ്ടോ ?
സുരലോകപതിയുണ്ടോ സുരനാരീജനമുണ്ടോ ?
നരകനാശനനെൻെറ ഭഗവാനുണ്ടോ ?
നല്ല നല്ല പട്ടുചേല പെട്ടികം പെട്ടകമുണ്ടോ ?
ഇപ്രകാരം പല വസ്തു കൊണ്ടുവന്നു വിളിച്ചാലും
പൊന്നമ്മാവീ ? അണിവാതിൽ തുറക്കയില്ല.

കാളയേറി നടക്കുന്ന കാളകണ്ഠൻ കൂടെയുണ്ടോ ?
കാളകണ്ഠൻകൂടെമേവും ദേവിയുമുണ്ടോ ?
അരയന്നക്കയിലുണ്ടോ മാനിനിമാർ പലരുണ്ടോ ?
മണവാളനായവൾക്ക് മടവാരൊണ്ടോ ?
കൈപടഹം കട്ടുന്തുടി എടക്കാമദ്ദളമുണ്ടോ ?
വീണയും വേണുവുമുണ്ടോ ഘോഷം കൊമ്പുകളുണ്ടോ ?
താളമൊത്ത മേളവുമായ്ക്കൊണ്ടുവന്നിട്ടുണ്ടോ ?
മെത്തയും കോസടി നല്ല പട്ടുതലയിണയുണ്ടോ ?
മേക്കട്ടിത്തരം നിങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ ?
മുത്തൊത്ത വടമാല കനകം നല്ലരിഞ്ഞാണം
മുത്തുകൊണ്ടു ശോഭചെയ്ത മാലകളുണ്ടോ ?
കാഞ്ചികം കാഞ്ചനം നല്ല പൂഞ്ചേലത്തരമുണ്ടോ ?
വാഞ്ഛിതങ്ങളിനിയുംകേൾ പലതുമുണ്ട്.
ഇഷ്ടമായുള്ളവയെല്ലാം നിങ്ങളോടിന്നപേക്ഷിച്ചാൽ
കിട്ടുമെന്നുള്ളാശകൊണ്ടു പറഞ്ഞു ഞങ്ങൾ.
പേർത്തുമൊന്നും പറയാം ഞാൻ ചീക്ക്വേണ്ടമ്മാവിമാരേ !
കോർത്തുകെട്ടിച്ചമച്ചുള്ള മാലകളുണ്ടോ ?
കുമരും കങ്കുമമുണ്ടോ നാടൻപുഴവത്തുമുണ്ടോ ?

തത്തവാലൻ ഉറുമാപ്പും തരംപേന്ന മുണ്ടുമുണ്ടോ ?
നറുക്കിത്തൈലവും ചേൎത്തുള്ള ടക്കയുണ്ടോ ?
ഗന്ധചാരികളെക്കൊണ്ടും നല്ലപ്പുഷ്പവാടകൊണ്ടും
നന്മയാലെ ചമച്ചുള്ള കളഭമുണ്ടോ ?
നല്ല നല്ല കുറുമൊഴി പിച്ചകപ്പൂവതുമുണ്ടോ ?
പിന്നെയുമൊണ്ടൊരുതൃഷ്ണ എന്തിതെന്നു പറഞ്ഞീടാം.
കല്യാണസൗഗന്ധികംകൊണ്ടുന്നിട്ടുണ്ടോ ?
കല്യാണോത്സവത്തിനു തുല്യമില്ലമ്മാവിമാരേ !
കല്യാണം സൽക്കരിപ്പാൻ വന്നിതു നിങ്ങൾ.
ഇപ്രകാരങ്ങളെയൊക്കെക്കൊണ്ടുവന്നു വിളിച്ചാലും
സൂൎയ്യദേവനാണെ വാതൽ തുറക്കയില്ല.
നരനാരായണ ! പോററി ! ദുരിതങ്ങൾ കളയേണം
ഹരികൃഷ്ണ ! ഹരേ! യെന്നു തുറന്നു വാതൽ.

---

## III പൂട്ട് പാട്ട്

മത്തദന്തിനടയാളെ മാനിനി ബാലികെത്തന്നെ
ചിത്തമോദാൽ മാലവച്ചു മണവാളനും.
ഒത്തുവാഴുന്നൊരു നല്ല കാമലീലാരസംചേരും
പുത്തനായ മണിയറ മണിക്കവാടം,
പത്തുനൂറായിരമൎക്കൻ ഒത്തുവന്നങ്ങുദിച്ചപോൽ
കത്തിയേററം ജ്വലിച്ചങ്ങു വിളങ്ങീടുന്നു.
പത്തരമാററുള്ള തങ്കം ചേൎന്നപുത്തൻപൊന്നുകൊണ്ടു
തീൎത്തു'മെത്താവി'ലെത്തട്ടാൻ പണിതുതന്ന
താഴകൊണ്ടുപൂട്ടിഞാനു,മിതിനുടെ
മെച്ചമേറുന്നൊരു താക്കോലഴകിനോടെ,
മാനമതിൽ പറക്കുന്ന കാകനുടെ കാലുതന്നിൽ
ദീനമെന്ന്യേ കോൎത്തുവിട്ടു, പറന്നുകാകൻ.
അംബരാന്തേ പറക്കുമ്പോൾ ചെമ്പരുന്തങ്ങു റാഞ്ചീട്ടു,

അംബരത്തിൽനിന്നുതാക്കോലംബുധൗപോയി.
അംബുധിയിൽവീണതാക്കോലംബുജാരിവരനായ
നല്ലചെമ്മീനെടുത്തങ്ങു വിഴുങ്ങിയല്ലൊ.
അംബുജാക്ഷീമണിമാരെ! ശംബരാരി വസിക്കുന്ന
ആരപൂങ്കാമണിവാതൽ തുറപ്പാനായി
മാനമോടു മുതിന്നാലും ഞാനിതാ ചൊന്നപോലിപ്പോൾ
മാനിനിമാർ മണിയറ പൂട്ടിനാരല്ലൊ.
"കാതരനേർമിഴിയാളാം കാമിനിയും കണവനും
കാമലീലാരസംതേടി വസിച്ചീടുന്നു.
കോമളമാർമണിയറ പൂട്ടിയ താഴിതാ, ഞങ്ങൾ
കാലമെന്ന്യെ കരുതാതെ തുറപ്പാനായി
വെക്കമിപ്പോൾ കടൽതന്റെ നേർക്കരെയിൽവസിക്കുന്ന
മുക്കുവരെ വരുത്തിയക്കടലുതന്നിൽ
വേഗമോടെ വലവീശിച്ചാവലയിലകപ്പെട്ടു
ഭാഗധേയമായിക്കൊണ്ടു താക്കോൽ വിഴുങ്ങിയ
ചാരുതരമായചെമ്മീനാ,യതിനെക്കരക്കേററി,
ചാരുവായോരുളികൊണ്ടു വയറുംകീറി.
സ്വർണ്ണവും തങ്കവും കൂട്ടി തീർത്ത താക്കോലിങ്ങെടുത്തു
ഭംഗിചേരാഞ്ഞതുമാറിപ്പണിചെയ്യിപ്പാൻ
ചീനമായോരിരുമ്പതിൽകൊണ്ടുചെന്നു വഴിപോലെ
മേനിയൊന്നുവരുത്തിച്ചു കൊണ്ടുവന്നിപ്പോൾ
ഹാനികൂടാതുള്ള താക്കോൽ കൊണ്ടുനിങ്ങൾ പൂട്ടിയോരു
കാഞ്ചനത്താഴിതാഞങ്ങൾ തുറന്നീടുന്നേൻ."
മക്കമൊയ കപ്പൽതന്നിൽ കൊണ്ടുവന്നൊ(?ന്നങ്ങൊ)രുമിച്ചു
ചില്പമായ ചെറുകൊല്ലൻ (കോട്ടയിൽ തച്ചൻ)
മെച്ചമേറും പുരതന്നിൽ നൽപ്പണങ്ങൾ വച്ചുപൂട്ടി
ഇച്ഛയോടെ പുരതന്റെ കതകുപൂട്ടി,
കെട്ടടയാളവുംപൂട്ടി മുദ്രികയങ്ങതുമിട്ടു,
ഇച്ഛയോടേ വഹ്നിതന്നിൽക്കളഞ്ഞു താക്കോൽ.
മെച്ചമേറും നിനക്കെങ്കിൽ പൂട്ടിതൊന്നു തുറന്നാലും
ഇച്ഛയോടെ കേട്ടുകൊൾവിൻ പൂട്ടിനാരല്ലോ."

കേവലമായുള്ള പാലർ നിങ്ങളിന്നു കേൾക്കവേണം·
ഏതൊരുജാതിയിൽഞങ്ങൾ തുറന്നീടേണ്ടു ?
മന്ത്രശക്തികൊണ്ടുടനെ അഗ്നിയെബന്ധനംചെയ്തു,
അഗ്നികെട്ടീട്ടതിൽനിന്നുമെടുത്തു താക്കോൽ.
കെട്ടടയാളവുംപോരാ മുദ്രികയങ്ങതുംപോമെ
വാസുകീനാദവുംപോമേ അഗ്നിയുമപ്പോൾ.
ഇച്ഛയോടെ പൂട്ടിയോരു കാഞ്ചനത്താഴിതായിപ്പോൾ
മെച്ചമേറുന്നൊരുഞാനും തുറന്നീടുന്നേൻ."
"പാട്ടുചൊല്ലീടുവാൻവന്നു നേക്കൊണ്ടിന്നഹോ! നിന്നെ
പൂട്ടുവാൻ വൻകവിയായ താഴുകൊണ്ടിപ്പോൾ
നാട്ടിലൊക്കെപ്പുകൾപൊങ്ങും കോട്ടയിൽ കൊല്ലനാംതച്ചൻ
പൂട്ടുപൂട്ടീടുവാൻതീർത്ത താഴതുകൊണ്ടു്,
പാട്ടിനെന്നോടടുക്കുന്ന ജേഷ്ഠയാം നിന്നുടെനാക്കിൽ
ഓഷ്ഠവച്ചു താഴപൂട്ടി മുദ്രികയിട്ടു.
കൂട്ടരോടു നിരുപിച്ചിട്ടതിൻെറതാക്കവൽ മെല്ലെ
ശുദ്ധിയോടങ്ങൊരുദിക്കിൽ വെച്ചുടൻനല്ല
അഞ്ചലനാഗത്തിനേയും കാവലാക്കിയഹോ! ഞാനും
ആയദിക്കിൽ മനുഷ്യർക്കടുത്തുകൂടാ.
കൂട്ടരോടുനിരൂപിച്ചു പൂട്ടുവേഗംതുറന്നു നീ
പാട്ടുചൊല്ലാമെങ്കിലോ ഞാൻ തുറപ്പൂവാതൽ.''
"പൂട്ടുകൊണ്ടു ബുദ്ധിമുട്ടി പാട്ടുചൊൽവാൻ വഹിയാഞ്ഞു
അഗ്നിയെഭസ്സവചെയ്തിട്ടു പെരുക്കിപാരം
അഗ്നി പാരം നിറഞ്ഞപ്പോൾ നാഗവുംപോയ്ക്കാട്ടുപുക്കു്
അഗ്നിയെക്കെട്ടി ഞാൻ വീശിയെടുത്തു താക്കോൽ.
കെട്ടടയാളവും നല്ല മുദ്രികയങ്ങതും പോയി
തെല്ലുമേ കോട്ടമില്ലേതും ചൊല്ലുവനേതും.
പാട്ടുചൊൽവാൻ മനസ്സെങ്കിൽ അതുമൊട്ടു വശമുണ്ടു്
പൂട്ടുചൊല്ലേണമെന്നാകിലായതുമുണ്ടു്.
ഇരിക്കും സജ്ജനങ്ങൾക്കു ഇഷ്ടമെന്തെന്നറിഞ്ഞില്ല
കേട്ടുചൊല്ലാമതിൻശേഷം, തുറന്നേൻ താഴ്."

"ചേലൊട് പിച്ചള നാഗം ഉരുക്കെന്നീവകകൊണ്ടു്
ഇമ്പമോടെ താഴ രണ്ടും വാർത്തെടുത്തിട്ടു്
ചെണ്ടുകൊട്ടിത്തരംകൊണ്ടു കണ്ടവൎക്കു പിറന്ന നിൻ
ചുണ്ടിനും നാവിനും രണ്ടു താഴ ഞാൻ പൂട്ടി,
കെട്ടുമിട്ടങ്ങടയാളം മുദ്രികയുമിട്ടു താക്കോൽ
പെട്ടകത്തിൽ വെച്ചടച്ചങ്ങായതു പൂട്ടി
പൂട്ടിരിക്കപ്പോട്ടുചൊന്നാൽ അടിച്ചു പല്ലുടത്തീടും
പൂട്ടു വേഗം തുറന്നാലും മണവാള! നീ."

ഇന്ദുബിംബമുഖിയാളെ! പൂട്ടിയ പൂട്ടിതാ ഞങ്ങൾ
ഇമ്പമോടേ തുറപ്പാനായ് ശ്രമിച്ചീടുന്നു.
കൊച്ചിതന്നിലിരിക്കുന്ന കൊല്ലനുടെ ആലപുക്കു്
അമ്പിനോടേ ഇരുമ്പങ്ങുകൊടുത്തു ഞാനും.
കമ്പഹീനമെടുത്തവൻ ഉലതന്നിലിട്ടു വേഗം
പഴപ്പിച്ചിട്ടവൻ തല്ലിനീട്ടിയ താക്കോൽ,
കൊണ്ടുവന്നിങ്ങോട്ടു ഞങ്ങൾ വമ്പനായ നിന്റെ പൂട്ടു
വേഗമോടേ തുറന്നേൻ ഞാൻ; തുറക്ക വാതിൽ."
"ചീനമായുള്ളൊരു ദിക്കിൽ മാനമേറുന്നൊരുകൊല്ലൻ
താഴ തീൎപ്പാൻ വിരുതുള്ള കൊല്ലനിൽതച്ചൻ
ചേനപോലെ വട്ടമായ താഴ തീൎപ്പിച്ചതിനുള്ളിൽ
ഊനമററകള്ളനും പത്താണിയുമായി,
ആനനാ പൂട്ടിനാനാമത്താഴകൊണ്ടുപൂട്ടി
നാവിനോഷുവെച്ചു തറച്ചുഗ്രമുദ്രയും വച്ചു.
ആഴിതന്നിലിട്ടു താക്കോൽ അതുചെന്നുകൊണ്ടുവന്നീ-
ത്താഴനിങ്ങൾ തുറക്കാതെ പാടിയെന്നാകിൽ,
ചെട്ടിമാരെക്കൊണ്ടു തല്ലിപ്പല്ലുടക്കു, മറിഞ്ഞീടു്
നാടകമല്ലെടോ! വാതൽ പൂട്ടിനാരല്ലൊ."
"കാട്ടുവെള്ളിപ്പണിക്കാരൻ തോട്ടകത്തച്ചുതൻ കൊല്ലൻ-
പൂട്ടുതീൎക്കുന്നവൎക്കൊക്കെ വിരുതൻകൊല്ലൻ
പഞ്ചലോഹംകൊണ്ടുതീൎത്താനഞ്ചുതാഴെത്രയും ചിത്രം
പഞ്ചമാപാപിയാം നിന്നെപ്പൂട്ടുവാനിപ്പോൾ.

നാസികാ നാവൊടു ചുണ്ടു പൂട്ടി മൂന്നുതാഴകൊണ്ടു,
നാദവും ശ്വാസവും മറേറത്താഴിനും പൂട്ടി,
നല്ലവണ്ണം കെട്ടുകെട്ടി മുദ്രികയുമിട്ടുതാക്കോൽ
ചെല്ലമൊന്നിൽവെച്ചു പൂട്ടീട്ടതിൻെറ താക്കോൽ,
പക്ഷിയായ പരുന്തിൻെറ കണ്ഠദേശേ കെട്ടി വിട്ടു,
പക്ഷിപോയാകാശദേശേ, കണ്ടതുമില്ല.
പൂട്ടുവേഗം തുറക്ക നീ പുരുഷക്കു ജനിച്ചെങ്കിൽ,
പൂട്ടുചൊൽവാൻവരേണ്ട ഞാൻ പൂട്ടിനാരല്ലൊ."
"ഇന്ദുബിംബമുഖിയാളായ് മരുവുന്ന പുരവാതൽ
അമ്പിനോടു പൂട്ടിയതിൻ കാരണം ചൊൽവിൻ.
വമ്പുചേരുന്നൊരുകാകനായവനെ അന്വേഷിപ്പാൻ
ഇമ്പമോടേ ആളയച്ചുതിരഞ്ഞശേഷം,
മുക്കുവന്മാർ വലവെച്ചു വലയിൽപ്പിന്നെ
വമ്പുചേരും പരുന്തന്മാരിലങ്ങൊരുത്തൻ വ-
ന്നിമ്പമോടേ വലതന്നിൽ വന്നതിൻശേഷം
ശേഷമുള്ള പരുന്തന്മാരാകവേ വീണതിൽത്താണു
അതിലൊരു പരുന്തിൻെറ ഗളമതിൽ കണ്ടു.
ആയവനെപ്പിടിച്ചൊരു താക്കവലങ്ങെടുത്തിട്ടു
വാദ്യഘോഷത്തൊടു വാതൽത്തുറന്നനല്ലൊ"

"ആഴിയെ ലംഘനം ചെയ്തിട്ടക്കരമക്കത്തുചെന്നി-
ട്ടേഴിലൊന്നു കുറച്ചാറുതാഴ വാങ്ങിച്ചു.
ആണുകാണാതമ്മെപെററിട്ടുളവായൊരു നിന്നെ
തൂണിനോടുചേർത്തിരുത്തിപ്പൂട്ടിതാഴൊന്നു്.
കണ്ടവക്കു പിറന്ന കാക്കോടകശ്വാനകാ! നിൻെറ
ചുണ്ടിനും നാവിനും രണ്ടു താഴ ഞാൻ പൂട്ടി.
കൂട്ടുകാരെ പാട്ടുകാരെ പൂട്ടിമൂന്നുതാഴകൊണ്ടു്
ചാട്ടമെല്ലാം നിലപ്പിപ്പാൻ നാഡിബന്ധിച്ചു.
അംബുധിയിലിട്ടു താക്കോലപ്പോൾമത്സ്യം വിഴങ്ങിപ്പോയ്
ആയതുണ്ടെങ്കിലേ താഴത്തുറന്നുകൂട്ടു.
എങ്ങിനെയെങ്കിലും താഴത്തുറന്നേ പാട്ടുപാടാവൂ!
സംഗതിയുണ്ടൊന്നു ചൊൽവാൻ പൂട്ടിനാരല്ലൊ."

ചീനമെല്ലാം ജയിച്ചിട്ടു  കൊല്ലനാം കോലയിൽ കൊല്ലൻ
കൊച്ചിയിൽ കൊല്ലനും കൂടെഒരുമിച്ചിട്ട്
പാട്ടുകാരെപ്പൂട്ടുവാനായ് താഴുമൂന്നു പണിചെയ്തു
വാട്ടമറേറാരോ ആണിയുംവച്ച്
വച്ചുഭാവിച്ചുവന്നെന്നോടേററു പാട്ടന്നൊരുനിൻെറ
പല്ലുപുണ്ടനാവുമെല്ലാം താഴിനാൽ പൂട്ടി.
മംഗലമായുള്ള മണിപ്പുരവാതലടപ്പിച്ചു,
ചങ്ങലക്കോർത്തൊരുതാഴുമതിനു പൂട്ടി.
പെട്ടി ഞാൻ മുദ്രികയിട്ടുപെട്ടകത്തിൽ വച്ചുതാക്കോൽ
പെട്ടകവും പൂട്ടിതാക്കോലാഴിയിലിട്ടു.
പൂട്ടഴിച്ചെന്നൊടുനേത്തു പാട്ടുചൊല്ലാമെങ്കിൽ വന്നു
പൂട്ടുവേഗം തുറക്കാം നീ മടിച്ചീടാതെ"
"കാട്ടുവെള്ളിപ്പണിക്കാരൻ തോട്ടകത്തച്ചുതൻ കൊല്ലൻ
പൂട്ടതീക്കുന്നവക്കൊക്കെക്കൌശലക്കാരൻ
നാട്ടിലൊക്കെ പണിചെയ്തു വിരുതും വീര്യവുമേറും,
കൂട്ടരെക്കൊണ്ടു ഞാനഞ്ചു താഴു തീർപ്പിച്ചു,
നാദവും ശ്വാസവും പൂട്ടി നാവും നാഡിയും (?യത്തും)പൂട്ടി
നാഴികാനാളമറേറത്താഴിനു പൂട്ടി
താഴിതഞ്ചുകൊണ്ടു നിൻെറ നാവിനും പല്ലിനും പൂട്ടി
വാക്കിനും നോക്കിനും പൂട്ടി മുദ്രികയിട്ടു.
നാഡിയാം കൈകളും പൂട്ടി വലത്തേക്കാലിനും പൂട്ടി
മൂക്കകത്തുളളച്ചുമൂന്നാണിയും വെച്ചു.
താഴിതെല്ലാം തുറന്നല്ലാതുരിയാടീടരുതേനീ
നാഴികയും കറവില്ലേ പൂട്ടി ഞാൻ താഴും
പൂട്ടു പൂട്ടുകളിക്കുന്ന തോഴരേമൂഢരേ! കേൾപ്പിൻ
നിങ്ങളിപ്പോൾ പൂട്ടുപാടാനാവതല്ലല്ലൊ!"
മൂഢനായ കുരങ്ങ! നീ പ്രൗഢരായഞങ്ങളുടെ
സന്നിധിയിൽ പൂട്ടുചൊൽവാൻ, എന്തെടാ മൂഢ!
പൂട്ടിയ പൂട്ടൊന്നുകൊണ്ടും മടങ്ങുന്നില്ലിപ്പുറത്തും
പൂട്ടുമിപ്പോൾ വേണ്ടുവോളമിപ്പുറത്തുണ്ട്.

പൂട്ടുചൊൽവാൻ മോഹമെങ്കിൽ പൂട്ടണം നിങ്ങളുമിപ്പോൾ
അല്പമാത്രംകൊണ്ടു ഞാനും തുറന്നീടുന്നേൻ.
അച്യുതങ്കേ വസിക്കുന്ന കുമ്മസവാൻെറ കോട്ടതന്നിൽ
ചെന്നുഞാനും കരയേറീട്ടവനെക്കണ്ടു.
കോട്ട പൂട്ടുന്നതാഴിൻെറ താക്കുവലുംതന്നവനും
താക്കുവലുംകൊണ്ടുവന്നു തുറന്നേൻ താഴും."
മത്താദത്തിനടയാളേ മാലവെച്ചു വസിക്കുന്ന
( * * * * * * * )
"പുത്തനായ താഴുകൊണ്ടു സത്വരമങ്ങു പൂട്ടീട്ടു
ഉത്തമനാം വാസുകിയാൽ കെട്ടതും കെട്ടി
കേസരിയെക്കാവലാക്കി കേവലമങ്ങതിൻതാക്കോൽ
കേടുകൂടാതൊരു ബാണക്കുററിമേൽക്കെട്ടി.
തീകൊളുത്തിനിന്നനേരം ബാണമാകാശമാർഗ്ഗേ പോയ്
കൂട്ടരെ! നിങ്ങളുത്താക്കോൽ കൊണ്ടുവന്നിട്ടു,
പൂട്ടിയ പൂട്ടഴിക്കാതെ പാട്ടിനിന്നു തുടങ്ങുന്നോ?
ജേഷ്ഠയാകും നിൻെറ കണ്ണും വായൊടു നാവും
ശ്രോത്രവുമംഗങ്ങളും (? വും) കൂടെ പൂട്ടി നല്ല താഴുകൊണ്ടു
അനന്തനാമടയാളക്കെട്ടതും കെട്ടി:
വ്യാളിയേയും കാവലാക്കി കേവലമങ്ങതിൻതാക്കോൽ
പുഷ്ടമോടാലൊരു കാക്കക്കാലതിൽ കെട്ടി
വാട്ടമെന്യേ പറപ്പിച്ചു കാകനെ,യെന്നറിഞ്ഞാലും
കൂട്ടരെ! നിങ്ങളുത്താക്കോൽ കൊണ്ടുവന്നിട്ടു,
പൂട്ടിയ പൂട്ടഴിക്കാതെ പാട്ടിനിന്നു തുടങ്ങേണ്ടാ
പൂട്ടിനില്ലേ ഭയം വാതൽ തുറക്കുന്നില്ലേ."
ശ്രീപാലാഴിയവിടത്തിൽ വാഴുമാശ്രീയനന്തൻെറ
ശ്രീപടത്തിൽ വെച്ച താക്കോൽ കൊണ്ടുപോരാനായ്,
അവിടെ ശ്രീഗരുഡനെക്കണ്ടുചൊല്ലി പരമാർത്ഥം
ശ്രീയനന്തൻ ചെമ്മെയങ്ങു എടുത്തു താക്കോൽ.
കൊണ്ടുവന്നു തന്നു താക്കോൽ ശ്രീഗരുഡൻ വേഗമോടെ
വാസുകിയെക്കെട്ടഴിച്ചു ഗമിച്ചാൻ വേഗം.

സിംഹവും വന്നടനാനേ മാററിയോടിച്ചങ്ങു വേഗം
മസ്തകത്തെപ്പൂളന്നെന്നതറിഞ്ഞിതില്ല.
കെട്ടടയാളവും പോയി കാവലാക്കിയതും പോയി
താക്കവലുംകൊണ്ടുവന്നു തുറന്നു താഴ്.
പൂട്ടിയതുപോലെതന്നെ തുറന്നു ഞാനറിഞ്ഞോ നീ?
ഈശയടച്ച മണിവാതൽ തുറക്ക വേഗം."

ആരെടാ നമ്മുടെ കാട്ടിൽ പേടികൂടാതിതിൻവണ്ണം
താഡനം ചെയ്യുട്ടക്കുന്നതധികം മൂഢാ.
താഡനം കൊള്ളുമാറായി മൂഢനായ നിനക്കിട്ടു
പേടിയില്ലേ നിനക്കൊരു മനുഷ്യരേയും.
കാട്ടിലുള്ള മൃഗങ്ങളെ ആട്ടിയൊക്കെക്കളഞ്ഞെതൻെറ
വീട്ടിൽനിന്നും മുടക്കിയ നിനക്കു കാലൻ.
വീട്ടിലിരുപ്പുട്ടത്തിതു വാട്ടമില്ലാ അതിനേതും
നാട്ടിലിരിക്കുന്ന നീയിക്കാട്ടിൽ വരുവാൻ
കാരണമെന്തെടാ നല്ല മരങ്ങളങ്ങൊടിപ്പാനും
കാനനത്തിലൊരുത്തനും പറഞ്ഞില്ലല്ലോ.
പൊണ്ണനായ നിനക്കിപ്പോൾ പെണ്ണെവിടെനിന്നു കിട്ടി
മണ്ണുകപ്പാനടുത്തിതു മദിയ്ക്കുമൂലം.
വള്ളികളും മരങ്ങളും തല്ലിയൊക്കെക്കളഞ്ഞ നിൻ
പല്ലുകൾ മുപ്പത്തിരണ്ടും അടിച്ചുതുപ്പി.
അമ്പിനോടേ ഇവനുടെ മൂക്കുകുത്തിച്ചതയ്ക്കേണം.
മണ്ണുകുത്തിയെറിയേണം മുഞ്ഞിയിലിപ്പോൾ
നോക്കെടാ നീ എവിടേയ്ക്കു പോണു പൊണ്ണാ ദുരാത്മാവേ
മൂക്കിനു നേരേ നിനയ്ക്കു വഴിയുണ്ടോടാ.
മുഷ്ക്കുപാരം നിനക്കിപ്പോൾ പൊക്കമാകുമിതൊക്കെയും
ദുഷ്കൃതത്തിൻ ഫലമിപ്പോളനുഭവിയ്ക്കും.
പോകതെങ്ങീ ഇവിടീന്നു ഒള്ളുപാരം നടിയ്ക്കാതെ

* * * * *

കൊള്ളുമിപ്പോൾ ഗദകൊണ്ടു പള്ളയെല്ലാം തകരുമേ.

* * * * *

കള്ളു കുടിച്ചൊട്ടുബോധം ഉള്ളിലേതും കരുതാതെ
കൊള്ളിവാക്കു പറഞ്ഞെന്നാൽ കഴുത്തറുപ്പൻ.
വള്ളികളിലിരിക്കുന്ന കാക്കകൾക്കു ബലിനല്കി
പള്ളവീർപ്പിച്ചിടുന്നൊണ്ടു മൂത്തുകള്ളാ! കേൾ.
ന്തൂരുചോടു ദൂരെമാറി നീങ്ങിടേണ്ടുന്നൊരുനീയും.
കേറിവന്നു പറഞ്ഞതിനടുത്തുനിന്നെ
കീറിന്തുറായ്. പിളർപ്പേൻ ഞാൻ മാറുകില്ലെന്നറിഞ്ഞാലും
വേടനായ നിനക്കെന്തു തിരിയും മൂഢാ.
പൊണ്ണനായ ഗദകൊണ്ടങ്ങടിപ്പൻ മാത്രവുമല്ല
പൊണ്ണനായ നിന്നെയിപ്പോൾ വിലക്ഷണമേ.
ഭോഷനാകും നിൻതലയെ ഏഷ ഞാനും തകർക്കുന്നേൻ
ദോഷമില്ലിങ്ങിതിനേതും തുറക്കവാതൽ.
കാട്ടിലങ്ങു നടക്കുന്ന കാട്ടുമൃഗങ്ങളെക്കൊന്നു
കഷ്ടമങ്ങു ഭുജിക്കുന്ന വനചരന്മാർ
കാട്ടിലിരിക്കുന്ന മർത്ത്യശ്രേഷ്ഠരാകും ഞങ്ങളുടെ
ദേഷ്യവും കൊണ്ടടുക്കാമെന്നുറച്ചുടനേ.
മൂത്തകാട്ടാളനായുള്ള നിന്നെയിന്നു ക്രുട്ടത്തോടെ
കെട്ടിനിന്നെ ആട്ടിയാട്ടിക്കളഞ്ഞീടുന്നേൻ.
ശൌര്യമുണ്ടെങ്കിലെൻ നേരേ നില്ലെടാ നീ മൂത്തവേടാ
നാരിയെപ്പോൽ ഭയപ്പെട്ടു ഗമിച്ചീടാതെ.
നാണമുള്ളോരാണിന്നു നീ പുരന്നവനെങ്കിലെന്റെ
നേരേനിന്നു പിണങ്ങുതാനുരച്ചാലെടാ.
ആണയിട്ടു വഴിതടുത്തീടിന നിന്നുടെ ദേഹം
കാണുകയില്ലാതെയാകും വൃകോദരാ! കേൾ.
തൂണുപോലെ തടിച്ചനിൻ പ്രാണനിപ്പോൾ ഗമിയ്ക്കാറായ്
താണിടാതെ പോരിക നീ തുറക്കവാതൽ.
പൈതലായി നടന്നനാൾ ഭയംവേണം മാതുലനെ
കാടനായി നടന്നു നീ വശമായല്ലോ
പേർത്തുമൊന്നു പറയാം ഞാൻ പേടിവേണം ഗുരുവിനെ
അധികം പേടിയും വേണം ഗുരുജനത്തെ.

സഭതന്നിലിരിക്കുന്ന ജനങ്ങളെ ഭയംവേണം
സഭതന്നിലറിഞ്ഞെതന്ന്യേയുരചെയ്യാവൂ.
അത്തൊഴിലൊന്നുമേ നീയോ ഇത്രനാളും ഗ്രഹിച്ചില്ല
ഇന്നു നിൻെറ മദംവയ്യിച്ചയയ്ക്കുന്നൊണ്ടു്.
പലരോടുമിവൻ ചെന്നു ബഹുവാക്കു പറയുമ്പോൾ
പലതരം ഭയപ്പെട്ടങ്ങവരും പോകും.
മുഷ്കരനാം നിനക്കുള്ള മൂക്കുകുത്തിച്ചതയ്ക്കണം
കള്ളനെന്നു മന്നിലൊക്കെ പ്രസിദ്ധമാക്കും
തല്ലണമിന്നിവന്നിട്ടു ഉള്ളതായ വടിവെട്ടി
എല്ലുകളും ഞെരിച്ചങ്ങു അയച്ചിടേണം.
വള്ളികൊണ്ടങ്ങരയ്ക്കിട്ടു വടികൊണ്ടങ്ങടിക്കുമ്പോൾ
പല്ലിളിക്കും കരങ്ങാ നീ ഗ്രഹിച്ചിടേണം.
സാമ്യമല്ലാ പറഞ്ഞതു സരസിജം ഗ്രഹിച്ചാലും
വേഗമോടീയണിവാതൽ തുറന്നീടേണം.

കഥകൾ പുരാണങ്ങൾ പലതൊണ്ടതിലൊന്നു
പറക കുലടാസുതാ ശഠാ
ആടൊരാനയൊടേററപോലെ
ഭവിച്ചു നിങ്ങടെ കാര്യവും.
അറിയാതെന്തു നിങ്ങൾ മറഞ്ഞ മാർഗ്ഗേനോക്കി
പറക്കുന്നെന്തു നിങ്ങളിങ്ങനെ.
പണ്ടുചൊന്ന പഴംപുരാണ-
മിതെന്നു പാഴപറഞ്ഞെടാ
ചൊടിച്ചു കല്ലിൽചെന്നു കടിച്ചാൽ പല്ലുപോകും
തുറക്ക മണിയറ വാതൽ നീ.

കൊല്ലുവനൊരുതെല്ലു സംശയ-
മില്ല പക്ഷീമഹാശഠാ.
ഉലകിലെങ്ങും ക്രലികിടയാഞ്ഞേ
ചാരത്തുടനേ വന്നതു ദുർമ്മതേ.
തല്ലുകൊണ്ടു നടപ്പതിന്നൊരു
തെല്ലുവൈഭവമുണ്ടെടാ

കലഹം കൂടാതെ നിന്നുടലും
ജീവനോടിന്നു ഗമിയ്ക്കുഹോ.
പല്ലുപോയൊരു മാനഹാനി
ലഭിച്ചിടാതെ ഗമിയ്ക്കു നീ
പലക്കും കണ്ടാൽ പരിഹസിക്കത്തക്കവണ്ണ-
മയയ്യുമേ ബഹു ദുഃത.
ചില്ലമായൊരു താഡനങ്ങൾ
കൊട്ടക്കിലോ ജളനാമിവൻ
അഹങ്കാരങ്ങൾക്കെല്ലാമൊത്തുക്കം
വന്നുവാതൽ തുറക്കണം.

“കേട്ടെടാ! നിന്നുടെ പാട്ടും പൂട്ടമെല്ലാം വിട്ടുഭോഷ!
കേട്ടെടാ കൊണ്ടിരിക്കുന്ന മനസ്സിൽത്തോന്നി
ഗോഷ്ഠിചൊല്ലുന്നൊരു നിൻെറ വാണിതൻെറ അഗ്രഭാഗേ
ഓഷ്ഠംവെച്ചു കരടിട്ടു വരട്ടികൊണ്ടു്
തട്ടയെന്നൊരിരുമ്പാലെ തീർത്തു താഴിന്നതിൻ ചിത്രം
കൊട്ടിമുട്ടിവലിച്ചാലും തുറന്നീടാതെ,
തുവലും കള്ളനുമേററം കൗശലമായുളവാക്കി
കൗശലമില്ല മററാക്കും തുറപ്പാനങ്ങു്.
ഇങ്ങനെയുള്ളൊരു താഴുകൊണ്ടുവന്നു നിൻെറ നാവിൽ
ഇട്ടു പൂട്ടി സുഖമോടെ വസിച്ചീടുന്നേൻ.
താക്കുവൽ തീർത്തുമില്ല സജ്ജനം നിന്ദിക്കുമേററം
ചാകണമപ്രകാരത്തിൽകിടന്നുതന്നെ.
പൂട്ടിൽപ്രാണനുള്ള (? നല്ല) ജനങ്ങടെ മുഖമിന്നു
പൂട്ടുവതെങ്ങനെ നീയും കുടമല്ലല്ലൊ?
... ... ... ... ... ... ...
... ... ... ... ... ... ...

---

# IV ചൂതുകളി

(തിരുവനന്തപുരം മാനുസ്ക്രിപ്ററ്സ് ലൈബ്രറിയിലെ L. 351-ാംനമ്പർ ഗ്രന്ഥമാണ ഇതിന്റെ ആദർശം.)

"വണ്ടാർ പൂവേണിമാർകൾ
കൊണ്ടാടീടും നിന്നെ, ഓത്താൽ
തണ്ടാർ മാനിനിയും നീയും
കണ്ടാൽ ഭേദമില്ല, ചൊല്ലാൽ
കൊണ്ടൽവേണിയാകും നീയെ-
ന്നിണ്ടൽ തീർത്തുരക്ഷിക്കേണം.
സരസിജാക്ഷി! നീയിന്നെന്റെ
അരികിൽവരാൻ വൈകിടുന്നു
ബാലികേ! ഞാൻ വലഞ്ഞിതേ
ബാലചന്ദ്രതിലകമെ!
ചൂതണിവാർമുലയാളെ!
ചൂതുകളിച്ചീടണം നാം
ആദരവാലിരുവരും
ചൂതിനായിട്ടിരുന്നുടൻ
ചൂതുപടം നിരത്തിയേ
വാതൽവന്നു തുറന്നാലും."
"പഞ്ചവർണ്ണച്ചൂതെടുത്തു കൈയിൽ
ചന്തമിയന്നു കളിപ്പതിന്നായി.
കാഞ്ചനവർണ്ണത്തിലുള്ള ചൂതു,
കാന്തനെടുത്തതു കണ്ടു ചൊല്ലി.
"വ്യാതു[1]പറഞ്ഞു പൊരുതിടേണം
ചൂതുകളിക്കു പണയം വേണം."
"കാന്തേ! പറഞ്ഞതു നന്നു നന്നു

---

1 ചതു.

ചിന്തതെളിഞ്ഞിതെനിക്കുമേററം.
പന്തുകളിക്കു പണം തരേണം,
പന്തണിവാർമുലക്കച്ചയാളെ!
ചന്തമിയന്നു പൊരുതിടേണം
പന്തണിവാതൽ തുറന്നിടേണം.
നാട്ടുപണയങ്ങൾ വേണമോ ചൊൽ?
നാകനാരിമാരിൽമൗലിമണേ!
വീട്ടുകളും ചിലപൊൻപണവും
ചൂതിലടക്കുവാനാശയുണ്ടോ?
വിഷമം നീ പറയല്ലെയുഴയാകുന്ന-
മകുടമാലികക്കല്ലേ! സരസിജാക്ഷി!"
കണവനിങ്ങനെ ചൊല്ലുംവാക്കുകേട്ട്
കനിവിൽ പുഞ്ചിരിതൂകി ബാലികയും.
"രതിയോട്ടു സമയാകും പതിയാമെൻെറ
ഭഗവാനെ! പറഞ്ഞതു മതിമതിയേ!
മുദിതമിന്നിതു കേട്ടാലെനിക്കപാരം
ചതിവെടിഞ്ഞണിവാതൽ തുറന്നീടേണം"
"കമനി! പറഞ്ഞതുകളിയല്ലേതും,
പണയങ്ങൾ പറഞ്ഞേ ഞാൻ പൊരുകയുള്ളൂ.
പൊരുതചൂതിനൊട്ടു ഞാൻ മടങ്ങിയെങ്കിൽ,
തരുവേൻ കാഞ്ചനമാല നിനക്കു ബാലേ!"
കാന്തൻകളിക്കു വിവാദു ചൊന്ന
കാഞ്ചനമാലയെക്കേട്ടനേരം,
" എന്തീപ്പണയങ്ങൾ ചൊന്നതു നീ
എന്നൊട്ടുകൂടി പൊരുന്നതിന്നു?
തൽസമന്മാരൊട്ടു വേണമിതു,
മത്സരിച്ചാശു പണയംവെയ്പാൻ.
എങ്കിലൊഞാനിതു ചൊല്ലിടുന്നേൻ
എൻെറ പണയവും കേട്ടുകൊൾക.
കാഞ്ചനമാല പണയംചൊന്നാൽ,

ഞാനുമേ മാല പണയംചൊല്ലും.
മധ്യമമായിമടങ്ങിയെങ്കിൽ,
മുത്തണിമാല തരുന്നതുണ്ടു്.
ഒത്തപണയങ്ങൾ തന്നിടേണം
ചേർത്തണിവാതൽ തുറന്നിടേണം."
വ്യാത്തുപറഞ്ഞുപൊരുതനേരം,
വാരിജലോചനയാകുമുഴ,
ചൂതിൽമടങ്ങിപ്പരവശയായ്
ചൂതണിവാർമുലയാളുമപ്പോൾ.
വീണ്ടും പണയങ്ങൾ ചൊല്ലിടുന്നു,
കുണ്ഠതാഭാവം കളഞ്ഞീടുന്നു.
സ്മരനുനേരാകിയ പതിയോടവൾ
പരിതാപംപൂണ്ടു പറഞ്ഞീടുന്നു.
" പണയം പറയുകിലിനിയുമെന്റെ
കണവനാകുന്നൊരു നീയുമിന്നു,
എങ്കിലോ ചൂതിൽഞാൻ തോററുവെങ്കിൽ
തങ്കത്തരിവള തന്നിടുവൻ.
പങ്കജാക്ഷിചൊൽ പണയംനീയും
മങ്കമാർമൗലി മനോഹരിയെ!
എങ്കിലോകേൾക്ക വിവാത്തുചൊല്ലി
എങ്കലിരിപ്പൂപണയങ്ങളും
കുങ്കുമംചാർത്തുന്ന കുംഭമുല-
ക്കച്ചയഴിച്ചൊന്നു കാട്ടീടുവൻ.
വ്യാത്തുപറഞ്ഞു പൊരുതീടുന്നു,
വാതലുമിന്നു തുറന്നീടണം."
" പോരിൽ പലതരം തോററുനീയ്,
പോരായ്കയല്ലയോ നാരിമാക്ക് ?
ചൂതുപൊരുതതുപോരുമിനി,
ചൂതശരത്തെ വിലക്കീടുക.
ആതുരനായ് ഞാൻ വലഞ്ഞീടുന്നു,

മാതേരിമാരിൽ മകുടകല്ലേ !
മങ്കമാർമൗലി ! മനസ്സിലുള്ള
ശങ്കവെടിഞ്ഞു വരികബാലേ !
നിൻകൃപയില്ലായ്കിലിന്നുതന്നെ,
പൂങ്കണയെയ്തു വധിക്കുമെന്നെ.
പങ്കജബാണൻ ശരംപൊഴിച്ചാൽ
നിൻകൃപകൊണ്ടു തടുത്തുകൂട്ടം.
വല്ലഭേ ! നീ മമ വാഞ്ഛിതത്തെ,
ചൊല്ലാമെനിക്കു തരേണമിപ്പോൾ.
മുല്ലശരാർത്തിയകററുവാനായ്,
മെല്ലവേ വാതൽ തുറന്നീടണം."
"മലർശരതുല്യ ! മമ കാന്ത !
മാൾകരുതേതും.
മനസിജാർത്തികൾ നീക്കാമല്ലോ
മദനമാൽകൊണ്ടുപാരം
മതിബിംബാനന ! നീയും
തളരൊല്ല സഹിയാഞ്ഞു,
വലയേണ്ട പ്രാണനാഥ !
മതി മതി പറഞ്ഞതിനിയും വാഞ്ഛിതത്തോ-
ടിക്കതകാണിതുറന്നാലും വേഗം."

---

## 1. കൃഷ്ണരുക്മിണീസംവാദം

[തിരുവനന്തപുരം മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലെ T. 880-ാം നമ്പർ മലയാളം പകപ്പാണു ഈ പ്രസിദ്ധീകരണത്തിന്റെ ആദർശം.]

പഞ്ചശരവൈരിസുതനയ്ങ്കരനും കവിമാരും,
പഞ്ചബാണാരിയും പത്മവിലോചനനും,
കിഞ്ചന സംശയം കൂടാതനുദിനമുമതാനും
പങ്കജാക്ഷി മനോരമ രുക്മിണിതാനും

അമ്പിനോടു കവാടപ്പാട്ടതിനിന്നു തുണയേല്ക്കണം
വഞ്ചനകളകലുവാൻ നെഞ്ചകം തന്നിൽ.
പാരതിങ്കൽ ദുഷ്ടഭാരമതുതീർപ്പാൻ ജഗന്നാഥൻ
പാരിൽവന്നു യദുവംശജാതനാം ദേവൻ,
സാരസാക്ഷൻ ജനകനെ കാൺമതിനായ് പോയനാളിൽ
സാരസാക്ഷിയാത്മനാഥ രുക്മിണിതാനും
പാതിരായിൽ പുറംചെന്നാറെയും നാഥൻ വരായ്കയാൽ
മാരതാപം പൂണ്ടു ദേവിയടച്ചുവാതിൽ.

പിച്ചകപ്പൂമാല ചൂടും അച്യുതനാമസുരാരി
അച്ഛനേക്കണ്ടുടൻ പാദം വണങ്ങിക്കൊണ്ടു്,
എത്രയും രാ വൈകിയിട്ടങ്ങുഴറി പോന്നതുനേരം
ചിത്രവാതലതുതട്ടി വിളിച്ചു നാഥൻ.
"ഉത്തമരത്നമേ! നാഥേ! ലോകനാഥേ! രുക്മിണീ! കേൾ
ചിത്തതളിരഴലുന്നു തുറക്കവാതിൽ."

പീയൂഷസമാനമാം വാക്കുകേട്ടങ്ങുടൻ ദേവി
പീതാംബരധരനോടങ്ങുത്തരമേവം,
"പാരിന്നുനാഥ! കാന്ത! വാസുദേവ! ജഗന്നാഥ!
വാരിജസംഭവസേവ്യ! വാസവാനുജ!
പാരിലുള്ള നാരിമാരിൽ ആശപൂണ്ടു നടന്നു നീ;
പാതിരായിലിന്നു വാതൽ തുറക്കയില്ലേ."
"പുഞ്ചിരിക്കൊഞ്ചലുമന്നനടയും തേൻമൊഴിയും
പഞ്ചബാണൻ താനുമഞ്ചുമമ്മുലകളും,
പഞ്ചമിച്ചന്ദ്രനോടൊക്കും നിടിലവും തിലകവു-
മഞ്ചമ്പൻ മനംതന്നെ ചലിപ്പിക്കും രോമാളിയും,
നെഞ്ചകത്തു നിനയ്ക്കുമ്പോൾ ഉരുകുന്നു മനതളിർ
പങ്കജാക്ഷി! അണിവാതൽ തുറ നീ പെണ്ണേ!

പൂവിൽമാതുമതു കേട്ടങ്ങരിശമോടുടൻ ചൊന്നാൾ
പൂതനവൈരിയാം പ്രാണനായകനോടും.
"മേവി നീ നാനാഗണികമാരുടെ വീടതിൽ പുക്കു
മാരതാപംപൂണ്ടു നാണം വെടിഞ്ഞുനന്നായ്,

മാരകേളി ചെയ്തതും ഞാനറിഞ്ഞതല്ലായിരിക്കുന്നു
മുരവൈരി! കതകാണി തുറക്കുന്നില്ലേ"

"പെൺമണിയാം മമബാലേ! ഇന്ദുസാമ്യവദനേ! കേൾ
പ്പേ പറവതുചിതമോ മാനിനിമാൎക്കു?
വെൺമതികലാഭരണഭാൎയ്യയായോരുമതാനും
വെൺമതിയാം കവിമാത്രമിതിനേക്കേട്ടാൽ,
സന്മരിയാദയല്ലാതൊന്നും ചെയ്തിട്ടില്ല ഞാനും
നന്മവരും, കതകാണി തുറ നീ പെണ്ണേ!"

"പേടിയോടടങ്ങുചിതമാകുന്നവണ്ണമിരുന്നാലും
വേർപെട്ടമാറായതൊഴിയായതുമിപ്പോൾ,
പേടമാൻകണ്ണിമാർകളിലതിയായിട്ടാശപൂണ്ടാ-
ലാടലുണ്ടാമത്ര ഞാനും പറയണമോ?
പാടവങ്ങൾ വാക്കിനേററം നിനക്കുണ്ടെന്നറിഞ്ഞു ഞാൻ
ഗൂഢമല്ലാതണിവാതൽ തുറക്കുന്നില്ല."

"പൈങ്കിളി! തേൻമൊഴിയാളേ! യെങ്കരളിങ്ങുരുകുന്നു
പഞ്ചബാണൻ തെരുതെരെ അമ്പയക്കയാൽ.
ചെങ്കതിരോനുടെയാഭതേടുമേണവിലോചനേ!
കൊങ്കയിൽ കുങ്കുമംചാൎത്തും സുന്ദരിപ്പെണ്ണേ!
പന്തിടഞ്ഞ കൊങ്കയാളേ! പങ്കജാക്ഷീ! മനോഹരി!
ചന്തമേറുമമ്മണിവാതൽ തുറ നീ പെണ്ണേ!"

പൊയ്യുരവതാഴ്മയല്ലേ പോരിൽവീര! യദുനാഥ!
പോയതില്ലേ പരനാരിമാരുടെ ഗേഹേ
മായയാം നിന്നുടെ മായാവിലാസങ്ങളറിവാനും,
മാരവൈരി തനിക്കുമങ്ങെളുതല്ലേതും.
ആയിരം പേരുടയോനീയൂരിലെങ്ങും നടന്നിപ്പോൾ
ആയിരം നീ വിളിച്ചാലും തുറക്കയില്ല.

"പോരിൽ മാരൻ ബാണമേറവലയുന്നെൻനളിനാക്ഷി"
പോർമുല പുൽകാഞ്ഞു താപം സഹിക്കുന്നില്ലേ.
കൂരിരുളിലാരുമൊരു തുണകൂടാതൊരുദിനം
ഗൂഢമായി നടന്നോനല്ലറികബാലേ!

[1] പാരിജാതസമമായ കരംകൊണ്ടിങ്ങണിവാതൽ
കാർകുഴലി! വൈകിടാതെ തുറ നീ പെണ്ണേ!

"പൗരുഷങ്ങൾകൊണ്ടു ഞാനുമേതുമൊന്നുമറിയാകേൾ
ചോരഭാവം കളഞ്ഞു നീ ജനകനേയും
ആരുമറിയാതെ ഞാനും ഊരിലെങ്ങുമുടയവൾ
മാരകേളി വീടുകളിൽ ചെയ്തതില്ലെന്നും.
ചാരുതൃക്കാലടിയിണ ആണയിട്ടല്ലാതൊഴിയെ
പ്രാണനാഥ! അണിവാതൽ തുറക്കുന്നില്ലേ"

പംപരമ്പോൽ കൊങ്കനല്ലാർ പറഞ്ഞവാക്കുകേട്ടു
ശങ്കരൻതന്നെയും തന്റെ ജനകനേയും,
ഉമ്പരിൽ വമ്പനാം ദേവൻ ആണയിട്ടോരളവവൾ
ചന്തമേറും മണിവാതൽ തുറന്നുപിന്നെ,
ഭംഗിയേറും ശയനത്തിൽ കാന്തനുമായിരുന്നുടൻ
മംഗലമോടതുകാലം സുഖിച്ചുനന്നായ്.

---

## 2. രാമസീതാസംവാദം

[തിരുവനന്തപുരം മാൻസ്ക്രിപ്റ്റ്സ് ലൈബ്രറിയിലെ T. 168–B എന്ന മലയാളം പകപ്പാണ് ഈ പ്രസിദ്ധീകരണത്തിൻെറ ആദശം.]

അക്കവംശോത്ഭവനാകും രഘുവീരൻ രാമദേവൻ
അച്ഛനെക്കാൺമതിന്നായ് പോയതിൻെറ ശേഷം.
വാർകുഴർകൊങ്കയാം സീത പരിജനങ്ങളുമായി
വടിവോടെ മണിയറയതിൽക്കടന്നു്,
നൽക്കുസുമങ്ങളേക്കൊണ്ടു വിതാനിച്ച മണിയറ,
നന്മയിൽ തല്പവും തീർത്തു വിരിച്ച ശേഷം.
നല്ലമല്ല കുരുമൊഴി പിച്ചകവും മധുവല്ലി
നല്ലപുഷ്പങ്ങളേക്കൊണ്ടങ്ങലങ്കരിച്ചു്,
ചന്ദനവും പനിനീരും കമരുന്ന പരിമള-
മിളകുന്ന വിഭവങ്ങൾ മണിയറയിൽ

1 പാരിജാതകേസമൊം. ഖ.

ഉൾക്കനിവോടുടൻ സീത പലരേയുമയച്ചാറെ,
ഊഴിമാതു വരവു വൈകീട്ടടച്ചുവാതൽ.

ആലസ്യത്തോടു സീത ശയനത്തേലിരുന്നിട്ടു്
അലസാതെ രാമപൂമെയ് നിരുപിച്ചാളേ.
അലർചരന്തയന്റ വന്നലർബാണങ്ങളേക്കൊണ്ടു്
അകതളിർ നുറുങ്ങുമാറങ്ങുടനെയ്താത്താൻ.
കുലഞ്ഞുലഞ്ഞുടൻ സീതയ്ക്കുടലൊക്കെ വിയത്തിട്ടു്
കുയിൽമൊഴി പരവശത്തോടു കോപിച്ചാൾ.
നിലനില്ലാതഴൽ പൂണ്ടു വസിച്ചീടുന്നതുനേരം,
നിമ്മലനാം മനുവീരൻ വിളിച്ചാനപ്പോൾ.

"ഇന്ദിരാദേവിയോടെതിരായ സീതേ! മമ ഭാര്യേ!
ഇന്നു നിന്റെ മനതാരിൽ കളിരംഗമേ!
മന്ദിരം മമ മാനസത്തിന്നായ പൂമെയ്യുടയോളേ!
മംഗല്യത്തിന്നു ദീപമേ! മമ ദൈവമെയെന്നാൽ
പന്തിടയും മുലയാളെ! പങ്കജാക്ഷി! മമ ഭാര്യേ!
പാരിലുള്ള നാരിമാരിൽ മണിയേ! പെണ്ണേ!
ചിന്തയെന്നിലുറച്ചോളേ! തേൻമൊഴിയെ! മണി! നാഥേ!
ചിലമ്പൊലിയൊടു വന്നു തുറ നീ വാതൽ."

"ഈശന്റെ ധനുസ്സിനെമുടിച്ചെന്നെ മാലവച്ചു്,
ഇവിടത്തിലായതിൽ പിമ്പിന്നയോളവും
ആശയോടു നാരിമാരിലഴിയാതെ യെന്നിലൂന്നി-
ച്ചിതമായിട്ടിരുന്നെന്നു നിനച്ചു ഞാനോ.
ആചാരക്കേടുനീയിച്ചെയ്യതിന്നു മനുവീര!
മണിവാതിലെന്നുമേ ഞാൻ തുറക്കയില്ല."

"ഉമ്പർനാരിമാർകളിലും നിറംചേരും മമ പെണ്ണേ!
ഉചിതമല്ലാത്ത വാക്കു പറഞ്ഞീടൊല്ലാ.
അമ്പരിൽ വമ്പനാം താതനടിയിണ തലോടി ഞാൻ
അറിയാതെ രാത്രി പാതി കഴിഞ്ഞും പോയി.
അമ്പുണന്നൊന്നരുൾചെയ്തു താതനും 'നീപോക'യെന്നു്
പ്രീതിപൂണ്ടു കഴലിണ തൊഴുതുംകൊണ്ടു്,

സംഭ്രമത്തോട്ടടൻവന്നു ഞാനിതെന്നങ്ങറിപെണ്ണേ!
തക്കിയാതെയണിവാതൽ തുറന്നീടെന്നാൽ."
"ഊരിലൊക്കെ നടന്നു നീ തരുണിമാർകളേത്തേ!
ഉടൻപോയ കാരിയങ്ങൾ ലഭിച്ചശേഷം,
ഒരുവരുമറിയാതെ ജളതയുള്ളിവൾ സീത
വിവശം···ക്കവൾ സീതയിവളെന്നോർത്തു്,
അരുളിച്ചെയ്യതിനേതും കണക്കില്ല മനുവീര!
അണിവാതലെന്നുമേ ഞാൻ തുറക്കയില്ല."
"എന്നുമൊരു ഭോഷ്കരപ്പവനല്ല ഞാനെന്നറിപെണ്ണേ!
ഏണലോചന ബാലികേ! എൻവല്ലഭേ! യെന്നാൽ,
വെന്നിയോടേ വിൽമുറിച്ചു ഞാൻ വിവാഹം ചെയ്തു നിന്നെ
വച്ചുമറെറാരുനാരിമാരെ ഞാൻ പുണർന്നില്ലേ.
എന്നതു നീ ധരിക്കേണം മമ പെണ്ണേ! മനസ്സിങ്കൽ
എന്മനസ്സിലമ്പു നിന്നേ മുതിക്കൊണ്ടു,
വന്നു നിന്നെ വിളിക്കുമ്പോൾ പരിഭവം പറയാതെ
മടിയാതെ മണിവാതൽ തുറന്നീടെന്നാൽ."
"ഏതുമൊരു കുറവില്ല പുരുഷന്മാരൊരുനാളും
എങ്ങിനേയും പുകൾകൊണ്ടവരെന്നറിയേണം.
ചേതസി മാൽപിണഞ്ഞുഞാൻ വെന്തെരിഞ്ഞു വശംകെട്ടു
യൗവനത്തോടു വേറുപെട്ടിട്ടിരുന്നേനല്ലോ.
അതുകൊണ്ടു മനക്കാമ്പിൽ വരുംഖേദം പറയാമോ?
അഖിലേശ! അണിവാതൽ തുറക്കയില്ല."
"അയ്ത്താർബാണനുമെന്നോടടുത്തെയ്തു. ല കൊന്നു്
അഴലേറിയെരിഞ്ഞു ഞാൻ മരിക്കുമിപ്പോൾ.
ചെന്തൊണ്ടിപ്പഴം വെല്ലുമധരങ്ങളുടയോളേ!
ചേതസി തെളിവോടധരം തന്നിടുമിപ്പോൾ.
അന്ധകാരം നിനയാതെ ഒന്മകളേ! ധരിച്ചു നീ,
അണിവാതൽ വിരവോടെ തുറന്നീടെന്നാൽ."
ഒന്മതന്നെ മനുവീരനരുളിച്ചെയ്തതുകേട്ടു്
അടങ്ങാത്തോരനുരാഗം മുഴത്തു സീത,

നന്മയാം മണിമെത്തയതിന്മേൽ നിന്നെഴുന്നേററു
വെൺമതി നേർമുഖി മെല്ലെ നടന്നുചെന്നു്.
തിന്മവന്നീടായ്വതിന്നു കതകാണി പിടിച്ചിട്ടു്
കനിവാലെ മധുവാണി തുറന്നുവാതൽ.

ഓരോരോ ഗുണഗണമിയലും ശ്രീരാമദേവൻ
ഒളിവുചേർ മണിയറയതിൽകടന്നു.
പൊന്മയമാം മണിമെത്തയതിന്മേൽ ചെന്നിരുന്നിട്ടു്
വെൺമതിനേർമുഖി മെല്ലെ ദരിശിച്ചാറെ
പരിതാപത്തിനേക്കണ്ടു മന്നവീരൻ ചിരിച്ചപ്പോൾ,
വളൎന്നുകോപവും സീതയ്ക്കുടനേയപ്പോൾ.
വനകുസുമങ്ങളാലെ പിനഞ്ഞുള്ള പുഷ്പമാല
അരിശത്തോടെടുത്തുടനടുത്താൾ സീത.
അവനീശതനയൻെറ കരതളിരിണ വേഗം
അവൾ മാലകൊണ്ടുകെട്ടി ബന്ധനം ചെയ്തു.
"അൎക്കവംശമതിൽ വന്നു പിറന്നു ഞാൻ വളൎന്നേറെ
ആശ്രയിച്ചില്ലൊരുത്തിയെ നിന്നെയല്ലാതെ
അച്ഛനാണെ ഗുരുവാണെ മാതൃദേവിമാർകളാണെ
അജജാതമുനിവരൻ വസിഷ്ഠനാണേ,
ഭോഷ്കല്ലെന്നുരചെയ്തു നരപതി കരബന്ധം
വേഗേന തീൎത്തുടനുടൻ പുണൎന്നാളപ്പോൾ.

ഇങ്ങനേ ശ്രീരാമനും സീതയുമുണ്ടായൊരു കഥ
അമ്പിനോടെ ചൊല്ലുവോൎക്കും കേൾപ്പവൎക്കെല്ലാം,
തങ്ങൾ തങ്ങൾ ചെയ്ത പാപം ക്ഷമിച്ചീടുമിതിനാൽത്താൻ,
നിനച്ചകാൎയ്യവുമെല്ലാം ലഭിച്ചീടുമേ.
വന്നീടുമഭിമാന്യം ഓജസ്സുകീൎത്തിയുമുണ്ടാം
നാരിമാർകൾ പാടുകിൽ സന്തതിയുമുണ്ടാം
നീങ്ങിടും ദുരിതങ്ങൾ ഇതു ചൊല്ലിസ്തുതിപ്പോൎക്കു
നീലമേഘമേനിയോൻ തൻ പാദവും ചേരാം.

## 3. സുഭദ്രാർജ്ജുനസംവാദം

[തിരുവനന്തപുരം ഹസ്തലിഖിതഗ്രന്ഥാലയത്തിലെ 6875-ാംനമ്പർ ഗ്രന്ഥമാണ് ഈ പ്രസിദ്ധീകരണത്തിനുപയോഗിച്ചിട്ടുള്ള ആദർശം]

അമ്പിളിയും ജടതന്നിൽഗംഗയും തുമ്പയുംചൂടും,
അഗകന്യാമണവാളൻ തുണച്ചീടേണം.
ആഴിതന്നിലനന്തന്മേലാഴിമാതും താനുമായി,
ആദരവിൽ പള്ളികൊള്ളും പത്മനാഭനും,
തുണയ്ക്കേണം വിരിഞ്ചനും കരിമുഖൻ കവിമാരും
തുണയ്ക്കേണം കവിരാജൻ കാളിദാസരും.
സുന്ദരാംഗി സുഭദ്രയും സുകുമാരൻ വിജയനും
സ്വൈരമായിട്ടിരിരുന്നവാറുരചെയ്യുന്നേൻ.
ആദിയിങ്കലൊരുദിനമർജ്ജുനനുമഗ്രജനു-
മാദരവിൽ തൊഴുവാൻപോയ് വൈകിയന്നേറെ,
മാധവിയത്താഴമുണ്ടു മണിയറയകംപുക്ക്,
മാരനും മലരമ്പുമെയ്തിട്ടുടനുക്കൂടി.
പൂമെത്തയതിൽ മീതെയിരുന്നു മാനിനിതാനും
പുഷ്പബാണനും മാറിലേററു നിരൂപിക്കുന്നു.
"കാന്തനെന്തേ വരാഞ്ഞതുമെന്തതിന്റെ കാരണങ്ങൾ?"
ഉല്പലാക്ഷിയകത്തുടനടച്ചു വാതിൽ.
ഇന്ദ്രസൂനുവതുനേരം വിടതൊഴുതുടൻ വന്നു
ഇന്ദുബിംബാനന തന്നെ വിളിച്ചീടുന്നു.
"മാനിനീ! മാധവീ! കലമരലി! ബാലെ! രത്നവല്ലീ!
മതിവെല്ലും മുഖിയാളെ! പങ്കജനേത്രെ!
കലഹത്തെക്കളഞ്ഞാലും ഉറക്കത്തിൽ വിളിച്ചെന്നാൽ
കമലബാണമേററു ഞാൻ മരിക്കും മുമ്പെ,
പൂമെത്തയതിന്മേൽ നിന്നിറങ്ങിക്കാൽനടകൊണ്ടു
പൂമേനിയുലയാതെ തുറക്കവാതിൽ."

"ഈശനെ! സുന്ദര! സോമകുലമണിതിലകമെ!
ഞാനേതും പിഴച്ചില്ലെയിനിക്ക മാത്രം,
വിധിപണ്ടു ശിരസ്സുങ്കൽ എഴുതിയതഴിക്കാമൊ!
വിശ്വനാഥാ! വിധിച്ചതു വരുമിന്നിപ്പോൾ.
എവിടേക്കു നടപ്പാനിന്നവിടേക്കു മനസ്സെന്നാൽ
അതുമിപ്പോൾ മടിക്കേണ്ട നടക്കവേണ്ടൂ.
എളുതു ഞാൻ തരംപോരാ കളവുകൾ പറയേണ്ട
എന്നുമിക്കതകാണി തുറക്കയില്ല."

"ഉചിതമല്ലൊരിക്കലും ഉപരോധം പറവതു,
ഉത്തമേ! നിൻകാൽ പിടിച്ചിട്ടിരക്കാം ഞാനും.
മാരനെന്നെ കൊല്ലുമിപ്പോൾ പുഷ്പബാണം തച്ചുമാറിൽ
മാനിനി! നിൻമുലയിണ പുണരായ്കിലൊ.
കാലമിന്നു വസന്തമായ് നേരമിത്രരാത്രിയായി,
കാമബന്ധു ചന്ദ്രനും വന്നുദിച്ചുപൊങ്ങി.
കുസൃതികൾ നിനക്കേണ്ട കളിയല്ലെ പറഞ്ഞതു,
കുളുർമുലയിണയാണതുറക്ക വാതിൽ".

ഊഴിനാഥാ! പറഞ്ഞാലും രാത്രിയാവാനെന്തു മൂലം ?
ഊരാട്ടാപറഞ്ഞാലൊ കണക്കില്ലേതും.
സുന്ദര! മന്മഥരൂപാ! ജീവനാഥാ! തമ്പുരാനെ!
സുരപതിസുത! വീരാ! കുലമണിയെ!
ഇച്ഛയൊട്ടു കുറഞ്ഞെന്നാൽ ചേച്ചിതമ്മിൽ വന്നുകൂടാ
ഇച്ഛകെട്ടാൽ കച്ചുപോകും മധുരിച്ചതും.
പെണ്ണായിപ്പിറന്നതിൽ ഇത്രയും, ഭാഗ്യമില്ലാതെ
മറെറാരുത്തിയില്ലാ; വാതിൽ തുറക്കയില്ല."

എന്റെ ജ്യേഷ്ഠൻ പറയുന്ന ധൎമ്മശാസ്ത്രമൊരോതരം
കേട്ടുനിന്നിട്ടിവിടേക്കു വരുവാൻ വൈകി.
നേരുതന്നെ പറഞ്ഞതു നീരലവിലോചനെ! നീ
നേരുകേടൊണ്ടെനിക്കെന്നു നിനച്ചീടേണ്ട.
സുന്ദരീ! ശാലിനീ! ഭദ്രേ! സുഭദ്രേ! നിൻകൃപ വേണം,
സുഖത്തോടിക്കതകാണി തുറന്നിടേണം."

"ഏതുമൊന്നും പറയുന്നില്ലിവളെന്നു നിനക്കേണ്ടാ
ഏറെവന്നു തുടങ്ങേണ്ട ··· തെളുതെന്നിട്ടോ.
താൻകുളിച്ചു വേട്ട നാരീജനങ്ങളെച്ചതിക്കെന്നൊ
ശാസ്ത്രമൊണ്ടൊ പഠിച്ചുനീ ഗുരുവിനോടെ ?
അവതാളം പറയേണ്ട ഫലമില്ല ജീവനാഥ !
അറിവുള്ള ജനംകേട്ടാൽ ചിരിക്കുന്താനും.
അറിയാഞ്ഞാൽ അതുകൊണ്ടു എന്നെയത്രേ പറയേണ്ടു
പങ്കജലോചന ! വാതൽ തുറക്കയില്ലേ."
അയ്യയ്യോ ! പറഞ്ഞതീച്ചണ്ടിയായ വാക്കുകളു'
ഓമലെ ! നിങ്ങൾക്കുപോരാ കുലസ്ത്രീകൾക്കു.
അണിമുലയിണരണ്ടും പുണരാതെയിന്നിവിടെ
മരിക്കുംഞാൻ ഭാര്യനിന്നോടണയാഞ്ഞിലൊ.
അണിമുലയിണതൊട്ടു സമയംഞാൻ പറയാമെ,
അതിന്നൊരുമൊഴിചൊല്ലിത്തുറക്കവാതിൽ."
"ഒരുമൊഴി പറയാംഞാൻ ചെറുതായിട്ടവനീശ !
'ഒരുനേരു പറകയില്ലൊരുനാളും ഞാൻ.'
എന്നുചൊല്ലിയാണയിട്ടാൽ പിഴക്കയില്ലിവിടേയ്ക്കു
എന്തിനിത്ര പാടുപെട്ടു മതിയാക്കേണം ?
നാണമുണ്ടാകണം നാഥാ ! നരന്മാർക്കു ഭൂഷണങ്ങൾ
നാണമത്രേ ; കവാടം ഞാൻ തുറക്കയില്ലേ."
ഓമലെ ! നിൻവാക്കുകളും കാളകൂടവിഷങ്ങളും,
ഓർത്തുകണ്ടാൽ ഭേദമില്ലേ വിഷമശീലെ !
നിൻമനസ്സു നല്ല നല്ല കരിങ്കല്ലുചേരുമോർത്താൽ
നിർമ്മലാംഗീ ! രാത്രിയിപ്പോൾ കഴിഞ്ഞുപോമെ.
വാ································കൾ പോവാൻ
നിർമലാംഗീമണി വാതിൽ തുറന്നീടേണം."
"ഔചിത്യം പാരമുണ്ടെന്നറിഞ്ഞുഞാനിരി·········
·······························ഉറക്കങ്ങളും.
പൌഷാസ്യം പറകിലൊ പിടിച്ചുകെട്ടുവോരിപ്പോൾ
മന്നിലൊക്കെകള്ള···················ണം

നല്ലതൊന്നു പറയാംഞാൻ ഒള്ളവണ്ണം ഗുണശീലെ !
നല്ലനാരീജനങ്ങളെ ഇണക്കിക്കൊൾവാൻ.
വ്യവസ്ഥയില്ലൊരിക്കലും ഇവൾക്കെന്നു നിനയ്ക്കേണ്ടാ
വെറുക്കേണ്ടാ ; കവാടം ഞാൻ തുറക്കയില്ലെ."

"അക്കനംനിൻ മുലയാണെ അധരനാണെ ഗുരുവാണെ,
അശ്വിനീദേവകളാണെ വില്ലാണിയാണെകേൾ
അഗ്രജൻെറ പാദത്താണെ നേരുതന്നെ പറഞ്ഞതു,
അംബുജാക്ഷിയതിന്നൊരു സത്യവുംചെയ്യാം."
സത്യമായവാക്കുകേട്ടു തുറന്നു മാധവി വാതിൽ,
സ്വൈരമായിട്ടിരുവരും മണിയറയകംപുക്കു
അഴകോടെ സുഖിച്ചു വാണിരുന്നു പിന്നെ.

---

## 4 ദ്രൗപദീവിജയസംവാദം

[ തിരുവനന്തപുരം ഹസ്തലിഖിതഗ്രന്ഥാലയത്തിലെ 6875-ാം നമ്പർ ഗ്രന്ഥമാണ് ഈ പ്രസിദ്ധീകരണത്തിനുപയോഗിച്ചിട്ടുള്ള ആദർശം. ]

അമരകൾപതിസൂനു വിജയൻ ദ്രൗപദിയെക്കൊ-
ണ്ടണിവാതിൽ തുറപ്പിച്ച കഥകൾ ചൊൽവാൻ,
അഴകേറുമഗരാജസുതാപുത്രൻ തുണയ്ക്കേണം
അകതാരിൽ വാണിയുമെൻ ഗുരുക്കന്മാരും,
അസുരാരി മുകിൽവണ്ണൻ അമരവന്ദിതൻകൃഷ്ണൻ
അഴകോടെ ദ്വാരകയിൽ വസിക്കുംകാലം,
മലർമകൾമണവാളന്നടിമലർ തൊഴുവാനാ-
യഭിമന്യുവുടെ താതൻ പോയൊരുശേഷം;
ആഴിതന്നിലസ്തമിച്ചു സൂര്യദേവനതുനേരം,
അലർശരതാപമേറും ദ്രുപദപുത്രീ,
അല്ലലോടെ മണിയറക്കവാടവുമടച്ചുടൻ
മല്ലികപ്പൂമെത്തമേൽച്ചെന്നിരുന്നശേഷം,

അമ്പരിലമ്പനെവന്ദിച്ചമ്പർകോൻെറ സുതൻ വന്നി-
ട്ടണിയറക്കവാടത്തേൽക്കരംവെച്ചിട്ട്,
"അരവിന്ദവനിതയോടെതിരായ മമ ബാലെ!
അണിവാതിൽ വിരവോടെ തുറന്നീടേണം."
"ഇന്ദ്രചാപസമമായധനുസ്സിനെ മുറിച്ച നീ
എന്തു ... ... ... ... ... ... ... ... ...
ണ്ടെന്നോത്തിരുന്നേനിത്രനാളും,
ഇല്ലയെന്നിൽ കാംക്ഷയെന്നതറിഞ്ഞു ഞാനും,
... ... ... ... ... ... ... ... ... ... ... ...
... ... യ്ക്കുവരാഞ്ഞതിൻ കാരണമെന്ത്?
ഇന്ദുബിംബംജടതന്നിൽ അണിയുന്ന ശിവനാണെ
... ... ... ... ... ... ... ... ... ... ... ... ...
... ... ശങ്കരൻ ശംഭു ജഗന്നാഥാ വണങ്ങുന്നോൻ
ഈശ്വരനിന്ദിരെനിന്ദ്രാദികൾ സേവാ മുദാ
ഇന്ദുബിംബാനനാ ഗൗരീവല്ലഭൻ കേശവൻ കൃഷ്ണൻ
കോമളകല്ല്യാണശീലൻ ഗോകുലബാലൻ
ഇമ്പമോടെ ശേഷശായി അരുൾചെയ്ത വാക്കുകേട്ടി-
ട്ടിത്രനേരം വൈകി ഞാനെന്നറിഞ്ഞീടേണം.
ഇരവുചെന്നതുമിപ്പോളതുകൊണ്ടെന്നറിഞ്ഞു നീ-
യണിവാതിലഴകോടെ തുറന്നീടേണം."
"ഉലകങ്കൽ നടന്നോരോ തരുണിമാരുടെ കൊങ്ക-
ത്തടവും കുങ്കുമച്ചാർത്തും ഭംഗികൾ കണ്ടും,
ഉലയും പൂങ്കുഴലും കാന്തിയും ബിംബോഷ്ഠവും, ചെന്താ-
മരയൊട്ടുജയിക്കും വാർമുഖത്തെക്കണ്ടും,
ഊരുവിൻഭംഗിയും ജാനുദ്വയവുമതു കാൽപാർത്തും, (?)
ഒളിപെറും കാഞ്ചനഭൂഷണങ്ങൾ (?)
ഉറസ്സേറിയവരോടെ കളിച്ചുനിന്നതുകൊണ്ടു
അണിയറക്കവാടം ഞാൻതുറക്കയില്ലെ."
"ഊഴിമാതോടൊത്തബാലേ! ഉപരോധം പറയല്ലെ,
തോഴിമാരെയന്വേഷിച്ചു നടന്നോനല്ലെ.
ഉത്തമേ! യെൻചിത്തമെല്ലാമഴിക്കും താർശരപ്പെണ്ണേ!

ഓമലേ! കല്യാണശീലേ! വല്ലഭേ! കേൾ നീ,
ഉമ്പർനാരികളോടൊത്ത വമ്പുചേരും മമ ദേവീ!
ഉത്തമേ! നീയെന്തീവണ്ണം പറഞ്ഞീടുന്നു.
ഉൾക്കമലം പുളക്കുന്നു കാമൻെറ ശരമേററു്,
ഉല്പലാക്ഷീ! മനോരമേ! തുറക്ക വാതിൽ."

"എൺപതിയാകണം ചന്ദ്രചൂഡനെന്നു തപംചെയ്തു
മങ്കമാരിൽ മണിയായ മലമകളും
ഏണലോചനതന്നെ മാലവെച്ചിട്ടിരുന്നനാൾ
കാമലീല പൂണ്ടിട്ടിരിക്കും കാലം,
ഏറിയോരനുരാഗത്തൊടു ഗംഗാദേവിയപ്പോൾ
ആശയായിപ്പുരുഷന്മാരിങ്ങനെ ചെയ്യും.
ഏതുമൊന്നുമറിയാതെ കാട്ടുകാട്ടി നടന്നിട്ടു
ഇങ്ങുവന്നാലണിവാതിൽ തുറക്കയില്ല."

"ഐയ്യമററാപാർവ്വതീശൻ മുപ്പുരത്തെയെരിച്ചു പോൽ
അഞ്ചമ്പനെയ്തു കായം ദഹിക്കുമിപ്പോൾ.
അയ്യോ! നിർമ്മലശീലെ! പന്തിടഞ്ഞകൊങ്കയാളെ!
പൊയ്യല്ലെ പറഞ്ഞു ഞാൻ കാർകുഴലാളെ!
മെയ്യോലും മിഴിയാളെ! മാരാർത്തിപെരുകി ഞാൻ
മാർവ്വിടത്തിൽ കൊങ്കതന്നെ പതിച്ചീടേണം.
വൈരസ്യം പറയാതെ ഒന്നുചൊല്ലി ഭജിക്ക നീ
അഴകോടെ കതകാണി തുറന്നീടേണം."
ഒളിവേറുമരിക്കൻപോയ് ജലധിയിൽ മറഞ്ഞപ്പോൾ
പരിമളകുസുമങ്ങളതിനെക്കൊണ്ടു്,
അണിയറയലങ്കരിച്ചണിതല്പം വിരിച്ചു ഞാൻ
അഴകേറും കുസുമത്താൽ തൊടുത്തു മാല്യം,
ഓമനത്തിരുമേനി അഴകോടെ കാൺമതിന്നാ-
യെത്ര നേരമിരുന്നു ഞാൻ വല്ലഭ! കേൾനീ.
'ഒരു വേശ്യകളിൽ ചിത്തമഴിഞ്ഞില്ലെ' ന്നൊരു സത്യം
അതുകേട്ടാൽ കവാടം ഞാൻ തുറക്കയില്ലെ."

"ഔവ്വനത്തിൽ പതിനാറായിരത്തെട്ടു വനിതമാ-
രൊട്ടു ചേൻറു കളിക്കുന്ന കേശവനാണെ,
ഔവനവാസികളായ മാമുനിമാക്കിടർ ചെയ്യും
അസുരനാശനനായ രാഘവനാണെ,
ഔമാനിൻ മിഴിയാളാമമ്മ തൻെറ കുളുർകൊങ്ക
പയ്യവെ പുണരുന്ന ശങ്കരനാണെ,
കൗസുഖത്തോടൊരു നാരികളിൽ ചിത്തമഴിഞ്ഞില്ലെ
കൗമാരീ! യണിവാതിൽ തുറന്നീടേണം."

അംഭോജശരം മാർവ്വിൽ പതിച്ചിട്ടാതുരനായ
ജംഭാരിതനയൻെറ വാക്കിനെക്കേട്ടു്,
അംഭോജമുഖിയാളും മെത്തമേൽനിന്നിറങ്ങീട്ടു്
മകരന്ദവാണിയാളും നടന്നു മന്ദം.
അഴിഞ്ഞുകുന്തളപുഷ്പം, ചൊരിഞ്ഞുമാലയും മാർവ്വിൽ,
അണിഞ്ഞചെമ്പകകാന്തികലർന്നു ദേവി,
അലർബാണാതുരയായിട്ടണഞ്ഞവരം കവാടത്തേൽ
കരംകൊണ്ടകതകാണി തുറന്നാളപ്പോറം.
അണിയറയതിൽപ്പുക്ക വിജയൻ ദ്രൗപദിയപ്പോറം
അണിമെത്തയതിന്മേൽ ചെന്നിരുന്നാശേഷം,
അലന്നമല്ലികമുല്ല ചെമ്പകം കാനകനാറി,
അണിഞ്ഞു കുങ്കുമപങ്കം മാർവ്വിടത്തുങ്കൽ,
അരവിന്ദമുഖിതൻെറ പുരികുഴൽ ചൊരുകീ തൻ-
കരംകൊണ്ടു കുളുർമുല തടവിമെല്ലെ,
അഴകേറും പുഷ്പബാണൻ ചെയ്യോരുവിനയെല്ലാം
അക്ഷണം മാനസമൊന്നായ് വസിച്ചാരന്നു്.

---

പരന്തിയുമകത്തിയും പനയെരുക്ക ധാത്രീമരം
മുരുക്കിലവു ഞാവലെന്നിവകളിട്ടുമുണ്ടാക്കിനാൽ
ഇരക്കുമതിനന്തികേ കുടിയിരിപ്പവൻ നിശ്ചയം
സുരപ്രവരനെങ്കിലും സുഖധനാദിനാശം വരും.

[ഒരു പഴയശ്ലോകം, പാലിയംവക ഒരു ഗ്രന്ഥത്തിൽ നിന്നു്]

# 5. ഉമാമഹേശ്വരസംവാദം

[T. 880-ാംനമ്പർ മലയാളം പകർപ്പാണു് ഈ പ്രസിദ്ധീകരണത്തിന്റെ ആദർശം]

" പത്മരമ്യാനനെ! ബാലേ! പാർവ്വതീ! നീയുറങ്ങുന്നോ?
വിസ്മയം, ഞാൻ വിളിക്കുന്നതറിഞ്ഞീലല്ലീ?
[1] പത്മവൈരിയുദിച്ചിട്ടു പാതിരാത്രി കഴിഞ്ഞല്ലോ
ഛത്മഭാവം കളഞ്ഞുനീ തുറക്കവാതിൽ."

" പാരമുള്ളോരനുരാഗം കലർന്നു പണ്ടൊരുനാളിൽ,
നേരൊടെന്റെ കൈപിടിച്ച നാഥനേ! കേൾനീ;
നേരമിത്രവൈകുവാനെന്നെന്തതിന്റെ കാരണങ്ങൾ?
നേരിനോടെ പറഞ്ഞേഞാൻ തുറക്കുവാതിൽ."

[2] " പിച്ചതേടിനടന്നു ഞാൻ പോരുന്നേരം വഴിതന്നിൽ
അച്യുതനെ കണ്ടിതോരോ വിശേഷം തമ്മിൽ,
ഇച്ഛയോടെ പറഞ്ഞുനിന്നതുകൊണ്ടു വലഞ്ഞുഞാൻ
അച്ഛനാണേ മണിവാതിൽ തുറക്കവേഗം.

പീതവസ്ത്രമുടുത്തോരു മാധവനും നിങ്ങൾ തമ്മിൽ
പാതിരായ്ക്കെന്തൊരു കാര്യം പറഞ്ഞീടുന്നു?
ഏതുമിന്നിത്തരം വ്യാജം പറഞ്ഞെന്നാലറിഞ്ഞീടും
ഈശനാണെ മണിവാതിൽ തുറക്കയില്ലേ."

"പുഞ്ചിരിപൂണ്ടൊരുനിന്റെ മുഖംകാണ്മാൻ വൈകുംതോറും
നെഞ്ചുരുകി മരിക്കുംഞാനറിക ബാലെ!
പഞ്ചസായകനെന്നെയെയ്തു പരിചോടെ വിളിക്കുന്നു
ചഞ്ചലാക്ഷീ! മണിവാതിൽ തുറന്നീടേണം."

" പൂജിതനായുള്ള നിന്റെ വാക്കുകേട്ടാലതിലുള്ള
വ്യാജമൊട്ടൊട്ടെനിക്കിങ്ങുതിരിയും നാഥാ!

---

ഖ, 6875-ാം നമ്പർ ഗ്രന്ഥം.

1. ഖ. പത്മബന്ധുവുദിച്ചിട്ടു പുലർന്നിതങ്ങുച്ചയായി.

2. ഖ. പിച്ചതെണ്ടി നടന്നുഞാൻ വരുന്നേരം.

ആശ്രുമൈമേലണിഞ്ഞോരു കളഭമെന്തഴിവാനും ?
ഈശനെ! യിന്നണിവാതിൽ തുറക്കുന്നില്ലേ."

പെൺകുലത്തിന്നലങ്കാരമായപെണ്ണേ ! മമ ദേവീ !
കൊങ്കരണ്ടും പുണരായ്കിൽ മരിക്കുമിപ്പോൾ.
തിങ്കൾതന്നോടൊത്തനിന്റെ മുഖംകാണാഞ്ഞഴൽ പാരം
[1] ശങ്കിയാതെ മണിവാതിൽ തുറന്നീടേണം."

"പേടികൂടാത[2]വനിയിൽ നീളെനീളെ നടന്നോരോ
കാട്ടുകാട്ടിയിവിടെവന്നിഴിഞ്ഞുപാരം ;
ചാട്ടുവാക്കു പറഞ്ഞെന്നെ ചതിചെയ്വാൻ തുടങ്ങൊല്ലേ,
ഇളകിവന്നണിവാതിൽ തുറക്കയില്ലേ."

"പൈതലാണെ ഒരു പിഴയറിഞ്ഞുഞാനൊരുനാളും
ചെയ്തവനല്ലെന്നതിപ്പോളറികബാലെ !
[3] എയ്തുകാമനുടലൊക്കെ നുറുക്കുന്നു ജീവനാഥേ!
കൈതവമല്ല ;ണിവാതൽ തുറക്കനീയും."

പൊളിയാണയിടുന്നതു നല്ലതല്ലേ ജീവനാഥാ !
പൊളിയല്ലേ പൈതൽപാരംകൊതിച്ചുണ്ടായി,
എളുതുഞാനെങ്കിലുംകേൾ ശിവനെ ! നിൻമൊഴികേട്ടി-
ട്ടിളകിവന്നണിവാതിൽ തുറക്കയില്ലേ.

പോരുമിന്നു പൗരുഷങ്ങൾ പറഞ്ഞതെന്നോമലെ ! നീ
പാരമോരോ പിഴചെയ്തെന്നാകിലുമിപ്പോൾ
ധീരതയോടുപേക്ഷിച്ചീടരുതെന്നങ്ങിരന്നേൻ ഞാൻ
ചാരുശീലേ മണിവാതിൽ തുറന്നീടേണം."

പൗരുഷത്തിന്നൊരു പാത്രമായ ദേവാ ! ജഗന്നാഥാ !
പാണ്ഡവർക്കുവരംപണ്ടു കൊടുത്ത ദേവാ!

---

1. ഖ. വയ്യാതെ.
2. ഖ. അടവിയിൽ.
3. ഖ. പൈതലാണ ഒരു പിഴയറിയുന്നില്ലോരിക്കലും,
നേരിനോടെ മണിവാതൽ തുറന്നീടേണം.

ഗൌരി, തന്റെ ഭാൎയ്യയെന്നതൊരിക്കലും മറക്കൊല്ലെ
വൈരമില്ലെ, അണിവാതൽ തുറന്നു നാഥാ!"
അപ്പൊഴുതു ജഗന്നാഥൻ ശങ്കരനും തെളിവോടെ
പക്ഷ്മളാക്ഷിയുമയായ മലമകളും
തല്പമതിലിരുന്നോരോ രസങ്ങളും പറഞ്ഞിട്ടു്
ശില്പമായിച്ചേൎന്നുതമ്മിൽ സുഖിച്ചുവാണു.

# * പൊന്നിറത്താൾ കഥ

പൊന്നും ചിറന്തതോർ കടയത്തൂരിൽ
ഈപുകിൽ വാഴ്കിൻറ വട്ടവർകലം
പിന്നെ ചിറന്തതോർ മഹാകാളി
തേൻമൊഴിയാൾ എൻ കുമാരി
തന്നെ താനറിന്തു നല്ലാളെ വന്തു മാലയിട്ട
മാലയിട്ട മണംപുകിന്തു വാഴ്ന്തിരിക്കുംനാളയിലെ
പതിനാറാം തിരുവയസിൽ പാവയ് നല്ലാൾ പൊന്മാരി
തന്നെ താനറിന്തു സാമർത്ഥ്യം ആനാളെ
അഞ്ചു നല്ല ശൂലതിലും അഞ്ചു ആൺ ബാലരെ
ഈന്റെടുത്താൾ ധമ്മജനനും, ഗർഭതനനും
തനിക്കിളയ കൃഷ്ണൻതാനനും ചിത്തിരപുത്തിരനനും
തിരുനീലകണ്ഠനനും അഞ്ചു നല്ല ശൂലതിലും
അഞ്ചു ആൺബാലരെ ഈന്റെടുത്താൾ
മറന്ത തുണി എടുത്തിടവെ ഒരു പെൺപാലർ ഇല്ലാമൽ
[1] പേതലിത്തു മുഖംവാടി
നേരാത കോവിലിലെല്ലാം
അവൾ നേർന്തു തപസിരുന്താൾ
തുരാത കോവിലിലെല്ലാം
തുത്തു തളിത്തിരുന്താൾ
[2] പാങ്കോവിൽ കണ്ടതെല്ലാം
പകലെ തൂത്തു വെളെക്കെരിത്താൾ
തഴത്തമരം ചോലൈെ കണ്ടാൽ
ചാത്താവെൻറും കുമ്പിട്ടുവാൾ
കൊഴത്തമരംചോലൈെ കണ്ടാൽ
കോവിലെൻറും കുമ്പിട്ടുവാൾ

---

* നെയ്യാററിൻകര താലൂക്കിൽ, കുളത്തൂർ പകുതിയിൽ, ലക്ഷ്മീപുരത്തു ബംഗ്ലാവിൽ, ആർ.തപസ്സുമുത്തുനാടാർ എന്ന മാന്യൻെറ കൈവശമുണ്ടായിരുന്ന ഒരു ഗ്രന്ഥത്തിൻെറ പകർപ്പാണു് ഈ പ്രസിദ്ധീകരണത്തിനു് ആദർശമായിട്ടുള്ളതു്.

1 പേതലിത്തു – മയങ്ങി

2 പാങ്കോവിൽ – നിർജ്ജനമായ അമ്പലം.

എന്നാലും ഒരു പലങ്കൾ
കണ്ടതില്ലെ ഉടയവരേ
ഇനി ഏതോ നേച്ചൈ് നേർന്താൽ
മാനാട്ടു തേരിയിലേ
വടക്കിഴന്ത മൂലയിലേ
കാൽ നാട്ടി കൊടിയേററം
കരുംകോഴിഅയ്യനാക്കു
കനക്നേച്ചൈ് നേരുവാരാം
എല്ലാരും നേരും നേച്ചൈ്
മണ്ണാലേ കുതിരയുടൻ
പൊന്മാരി നേരും നേച്ചൈ്
പൊന്നാലേ കുതിരയുടൻ
കുതിരയുടൻ താൻ നേത്തു
കൊടിയുടയ പൊമ്പാ(ന്മാ)രിക്കു
മായന്റട അരുളാലെ
വയററിൽ ഗർഭം അവതരിത്തു
ഒന്നാനമാസം തങ്കി
രണ്ടാനമാസം ചെല്ല
മൂന്നാനമാസത്തിലേ അവൾ
മുത്തു നിറം മേനിയാ(നാ)ൾ
നാലാനമാസത്തിലേ
നാഗപ്പഴം മേനിയാനാൾ
അഞ്ചാനമാസത്തിലെ
അരവയറുബാലനാനാൾ
ആറാനമാസത്തിലെ
നിറം പട്ടോ മേനിയാനാൾ
ഏഴാനമാസത്തിലെ
ഇറയവരേ തഞ്ചമെൻറാൾ
എട്ടാനമാസത്തിലെ
തട്ടിമുട്ടി ഇളകിതല്ലോ

ഒൻപതാനമാസത്തിലെ
ഉടയവരെ തഞ്ചമെൻറാൽ(ൾ)
പത്താനമാസത്തിലെ
[1] പാട്ടു ഇളകി മൈ നോവ
[2] മെത്താന മൈ നോവും
മെല്ലി നല്ലാൾ തായാക്കും
ഉററതോർ മരുത്തുകത്തെ
ഒരുനൊടിയിൽ കൊട്ടുവരവോ
മരുത്തുകത്താൽ (ർ) പതിയിൽചെൻറു
വാണുതലതോഴിമാരും
മരുത്തുകത്തോർ താൻ വിളിത്താർ
വിളിത്ത വിളി ചത്തം കേട്ടു
വിരവാലേ മരുത്തുകവും
ആരിവിടെ വിളിത്തതെൻറു
അറിവുചൊല്ലവേണുമെൻറാൾ
പൊൻകടയത്തൂർതന്നിലേ
പൊന്മാരിതായാക്കു
മായനുട അരുളാലേ
മാസം പത്തും തികഞ്ചതുക്കു
മൈപിടിക്ക ഒരുവരില്ലെ
[3] മെല്ലിയാരേ വാരുമെൻറാൾ
മരുത്തുകത്തോർ കൂലി എല്ലാം
വകവകയായ് ചൊല്ലി ഇപ്പോൾ
ഒന്നാന പൊൻ തരുവേൻ
എഴുന്തിരെടി മരുത്തുകമേ
ഒന്നാനപൊന്നതെല്ലാം എൻ

---

1 പാട്ടുഇളകിമൈ നോവ - നിലവിട്ടു ശരീരം വേദനിക്കേ.
2 മെത്താന മൈ — കൃശമായ ശരീരം.
3 മെല്ലിയാർ — കൃശാംഗി.

ഒരുനാളൈ ചിലവിക്കില്ലെ
രണ്ടാന പൊൻ തരുവേൻ
എഴുന്തിരെടി മൈക്കുഴലേ
രണ്ടാന പൊന്നതെല്ലാം എൻ
തലക്കിടും എണ്ണയ്ക്കില്ലെ
മൂന്നാനപൊൻതരുവേൻ
മൈക്കുഴലെ എഴുന്തിരെടി
മൂന്നാനപൊന്നതെല്ലാം എൻ
മുററത്തുനിക്കും മുരുങ്കക്കില്ലെ
നാലാനപൊൻ തരുവേൻ
നായകിയേ എഴുന്തിരെടി
നാലാനപൊന്നതെല്ലാം എൻ
നാഴിക്കിടും പൂണക്കില്ലെ
അഞ്ചാന പൊൻ തരുവേൻ
ആയിഴയേ എഴുന്തിരെടി
അഞ്ചാനപൊന്നതെല്ലാം എൻ
അരവയറു കഞ്ചിക്കില്ലെ
ആറാന പൊൻ തരുവേൻ
എഴുന്തിരെടി മരുത്തുകമേ
ആറാന പൊന്നതെല്ലാം എൻ
അടിയാടി പീലിക്കില്ലെ
ഏഴാന പൊൻതരുവേൻ
എഴുന്തിരെടി നായകിയേ
ഏഴാനപൊന്നതെല്ലാം എൻ
അരയിലിടും ഞാണക്കില്ലെ
എട്ടാന പൊൻ തരുവേൻ
എഴുന്തിരെടി മയ്കുഴലേ [1]
എട്ടാനപൊന്നതെല്ലാം എൻ

---

1 മയ്കുഴലേ — ഇടതൂന്ന കേശത്തോട്കൂടിയവളേ.

ഇണകാലു ചിലമ്പുക്കില്ലെ
ഒൻപതാനപൊൻതരുവേൻ
ഓമെൻറാം മരുത്തുകവും
പത്താന പൊൻ പൊന്നപ്പോൾ
പടികടന്തു വെളിയിൽ വന്താൾ
തൊപ്പിൾകൊടിമുറിക്ക ഒരു
തൊപ്പിൾക്കത്തി കൈലെടുത്താൾ
ഊന്നി നടക്ക ഒരു
ഊന്നുതടി കൈലെടുത്താൾ
മരുത്തുകത്താൾ മുൻപുമാക
വന്തതോർ തോഴിയർകൾ
പിൻപുമാക ഇടവഴിയിൽ
ചെന്റനേരം ഇരുന്തുകൊണ്ടാൽ (൦)
മരുത്തുകവും നാൻകിളവി
അല്ലോ എൻ മകനേ
നടക്കവും നാൻമാട്ടേനേ.
ആനയെത്താൻ കൊട്ടുവരട്ടോ എൻ
1
ആയിഴയെ കൊട്ടപോക
ആനയിന്മേലേറിനാലും
അലയുമെട ? എന്നുടലും
കുതിരയെത്താൻ കൊട്ടുവരട്ടോ എൻ
കൊടിയിടയെ ക്കൊട്ടപോക
കുതിരയിന്മേലേറിനാലും
കുലുങ്കുമെട എന്നുടലും
പല്ലക്കുത്താൻ കൊട്ടുവരട്ടോ എൻ
പൻകൊടിയെ കൊട്ടപോക
പല്ലക്കിന്മേലേറിനാലും
പതറുമെടി എന്നുടലും

൧. കൊട്ട — കൊണ്ട

[1]
ആയിഴയാൾ അഴുതചത്തം
അന്നാ അല്ലോ കേക്കുതെടി
കല്ലു ഉരുകുതമ്മ
[2]
കാരാംപത്തു പാൽചുരക്ക
പൂപ്പാനയെല്ലാം താൻ
ഏരിന്തായോ മരുത്തുകമേ
വലതുപക്കം ഇരിയുമെന്റാൾ
ഏത്തുപക്കം നോവുതെടി
എന്നുടയ മാതാവേ
പാടകങ്കൾ ഇട്ടകാലും
പക്ക പിലാവുരണ്ടും
ഒക്കെ വെട്ടിക്കടയുതമ്മ
മോതിരങ്കൾ ഇട്ട (കൈയും)
കാലു (രണ്ടും) കൊമ്മൈരണ്ടും
ഒക്കെ വെട്ടിക്കടയുതമ്മ
ഇനി നാൻ ഉരിയാടമാട്ടേൻ
അന്തമൊഴി കേട്ടപോതു
അയിഴയാൾ മരുത്തുകവും
കിണ്ണിയിലെ എണ്ണെ വാങ്കി
കിഴി (ളി) മൊഴിയാൾ ഓതുവാളാം
അമ്പത്തിഒന്നു അക്ഷരവും
നൂററിയൊന്നു കലിയുഗവും
ഓതിനപോതെ എണ്ണയെല്ലാം
ഉള്ളിൽതാൻ കൊട്ടത്താളേ
എണ്ണ ഉള്ളിൽ ചെന്റപോതു
ഇളകുതല്ലോ ചെറുപാലനും
ശാരുരുണ്ട വരുവതുപോൽ

1 ആയിഴയാൾ — തെരഞ്ഞെടുത്ത നല്ല ആഭരണത്തോടുകൂടിയവൾ
2 കാരാംപത്തു — കറുത്ത മുലക്കണ്ണുകളോടുകൂടിയ പത്തു.

പാലൻ കാല്യമേലാകത്താൻ
വെള്ളിക്കിളമയിലെ
മീനമെന്റ രാശിയിലെ
[1] ഏന്തിഴയാൾ മകനുടനെ
വന്തു പിറന്താളെ
പാലൻപിറന്തു നിലത്തിൽ വിഴവേ
[2] പൈന്തൊടിമാർകൾ കുരവ പൊലിയ
ശത്തിയതിരുമുടി വരുവാളൊരുത്തി
താളിക്കലശം കൊണ്ടോട്ടവാളൊരുത്തി
വേപ്പിൻകളൈ തേടി ഓട്ടവാളൊരുത്തി
വെന്നീർകാച്ചി വീത്തുവാളൊരുത്തി
മഞ്ചൾ അരച്ചു തിരട്ടുവാളൊരുത്തി
മാണിക്കപൊൻ ചാററുവാളൊരുത്തി
കുശവൻശേലയിൽ കെട്ടി ഇരുത്തിനാളൊരുത്തി
[3] കുമ്പകുടിക്ക മരുന്തു കൊട്ടുത്താൾ
കായം മുളകൊട്ട കൊട്ടം ചുക്ക
തിപ്പലി കടച്ചരക്കെല്ലാം
കൊട്ടത്താരേ തായാർക്കും
തിണ്ണത്തലത്തിലിരുന്താളൊരുത്തി
ഒരുപണംകൊണ്ടു പൊലിത്താളൊരുത്തി
[4] കാറകളത്തിപൊലിത്താളൊരുത്തി
ശരപ്പളിമാലകളത്തിപൊലിത്താളൊരുത്തി
വെള്ളിക്കഴലുപൊലിത്താളൊരുത്തി
വെങ്കലക്കിണ്ണം പൊലിത്താളൊരുത്തി

---

1 ഏന്തിഴയാൾ — ആഭരണംധരിച്ചവൾ.

2 പൈന്തൊടിമാർകൾ—കാഴ്ചയിൽ ഇമ്പംനൽകുന്ന തോൾവളകളണിഞ്ഞ സ്ത്രീകൾ.

3 കുമ്പക്കടി—വയററുവേദന.

4 കാറ — ആഭരണവിശേഷം.

മാലചവടി പൊലിത്താളൊരുത്തി
കൊരുവ കളത്തി പൊലിത്താളൊരുത്തി
എള്ളുമില്ലെ പണം എന്നാളൊരുത്തി
എതാനംകൊണ്ടു പൊലിത്താളൊരുത്തി
[1]
പീലികളത്തി പൊലിത്താളൊരുത്തി
പപ്പടകമാല കളത്തി പൊലിത്താളൊരുത്തി
മാല കളത്തി പൊലിത്താളൊരുത്തി
കൊരുവ കളത്തി പൊലിത്താളൊരുത്തി
[2]
പാടകംകൊണ്ടു പൊലിത്താളൊരുത്തി
പാമ്പിടംകൊണ്ടു പൊലിത്താളൊരുത്തി
[3]
എണ്ണച്ചവടി പൊലിത്താളൊരുത്തി
എരിക്കലത്തിൻമാലപൊലിത്താളൊരുത്തി
ആഭരണംകൊണ്ടു പൊലിത്താളൊരുത്തി
അന്നുപൊലിത്ത പൊലിവുകൾ എല്ലാം
ആയിഴയാൾ മരുത്തുകവും വാങ്കി ആടി
മുന്നാഴിപണവും മുന്തിയിലേ
മുന്തിയിലെ മുടിഞ്ഞുകൊണ്ടു
ഇനി താറത്താർ പൊലിവുകളെല്ലാം
ഇരുപത്തിയെട്ടാം നാളയിലെ
നീങ്കൾ വാരും മരുത്തുകമേ !
മരുത്തുകത്താൽ വിടൈകൊടുത്തു
മങ്കൈ ബാലകനെ കൈൽ വാങ്കുവാളു
ഏക്കംതളന്തു പൊന്മാരി
ഈൻറ ബാലകനെ കയ്യാൽ
ഈൻറാൽ കണ്ണാൽ മുത്തിയമ്മ
മുത്തിമുഖത്തോടെ അണെത്താൾ

1 പീലി—കാൽവിരലിൽ അണിയുന്ന ആഭരണവിശേഷം.
2 പാടകം — കാലിൽ അണിയുന്ന ആഭരണം
3 ചവടി — ആഭരണവിശേഷം

എങ്കൾ കുടിക്കാക പിറന്തായോ ?
ഈൻറമകളേ ഈരെൻറട്ടത്ത
സങ്കടം തീക്ക്വെന്ത
തായേ ! നീ തുണയരുള്ള
എൻതോഴിയാർകൾ തോരാട്ടി
എട്ടുമികാ കാലം ചെയ്യാർ
ഇരുപത്തി-യട്ടാം നാളയിലെ
ഇരുപത്തിഎട്ടുംകെട്ടി പേരിടവേ
ആരുടയ പേരിട്ടുവോം
അഴകായ്പിറന്ത ബാലക്ക്
മുൻചൊന്ന പേരിടവോ
മുത്തളകാ പേരിടവോ
മാമന്മാർ പേരിടവോ
മച്ചിനത്തോർ പേരിടവോ
തായുതകപ്പൻ പേരിടവോ
തക്ക തേവതമാർ പേരിടവോ .
ചാത്താവിൻ പേരിടവോ
അന്തപ്പേരു ഇടവേണ്ടാം
അഴകായ്പിറന്ത ബാലർക്ക
പൊന്മാരി പെററമകൾ
പൊന്നിറത്താൾ എൻറു പേരിടവേ
പൊന്നിറത്താൾ എൻറു പുകൾപെരിയ
പേരുമിട്ടു നല്ലപണി (മണി) പൂട്ടി
പേരിയത്തുടൻ വളർന്തനേരം
വളർന്ത ഒന്നാമാസം ചെല്ല
നലമായ അമ്മുക്കുട്ടി
കല്യാണംക്കൂട്ടം തിരുക്കല്യാണംചെയ്തു
അറയിൽ പൂവാടെ പുകൾന്തുകെട്ടി
ഈരാണ്ടിൽ കാതുകുത്തി
ലക്ഷണമായ് തോടകയുമിട്ടു

മൂവാണ്ടിൽ മുടിവളർത്തി
നാലാംആണ്ടിൽ നടന്നോടി
വാർപ്പുരുക്കി വാർത്തതുപോൽ
വളർന്താളേ പൊന്നിറവും
വാരിത്തളിത്തതുപോൽ
വയർനിറന്ത തേമലുമാം
മുററം തളിത്തതുപോൽ
മുഖംനിറന്ത തേമലുമാം
ഈന്തപ്പഴംപോലേ
ഇടകാവിപ്പല്ലൊഴിവും
പാർത്തവർ കൺകുളിര
പത്തുവിരൽ മോതിരവും
അഞ്ഞണക്കൽമേൽമിഴിയാൾ
ആട്ടുംകൊപ്പുകുഴൽതാൻ
കാതു ഒപ്പിനെയും
ഉടലാകും ഒരുപാകം
ഒരുപാകം തലമുടിയും
കൊഞ്ചി മുഖത്തഴകും
കുമള മൂക്കൊഴിവും
അപ്പടിയെ പൊന്നിറവും
വളരുമന്ത നാളയിലെ
പന്തിരണ്ടാം തിരുവയസിൽ
പയ്യനല്ല തോഴിമാരും
പന്തടിക്കവേണമെൻറു
തോഴിയാർകൾ കൂട്ടവാരാം
ഇനഇനമായ് ഏന്തിഴമാർ കൂട്ടവാരാം
വാറായോ പൊന്നിറമേ!
വാഴ്ത്തപന്തു അടിപ്പതക്ക്
പന്തടിക്ക വേണമെൻറു
വട്ടകനല്ലോർ തോഴിമാരും

ഈനാഈനമായ് പന്തുവകൈ കൈലെടുത്താൾ
പൊന്നുംപന്തും തങ്കപ്പന്ത
പൊന്നിറത്താൾ കൈലെടുത്താൾ
തോഴിയാർകൾ ഓലപ്പന്തും
ചീലപ്പന്തും നീലപ്പന്തും
ഈൗയപ്പന്തും ഈരതപ്പന്തും
ഏന്തിഴമാർ കൈലെടുത്താൾ
പന്തുവകൈ കൈലെടുത്താൾ
പയ്യനല്ല തോഴിമാരും
അല്ലപുളിമൂടതിലെ
* അൻറുപന്ത അടിക്കച്ചെൻറാർ.
ഒരോല ഏന്നൊരു പന്തെടുത്ത
ഒന്നുതലാൾ പന്താടിയെ വാറാൾ..
രണ്ടോല ഏന്നൊരു പന്തെടുത്ത

---

* പാഠഭേദം— ചിററാടൈ കൊയിതുടുത്താൾ
ചെറുവെട്ടി തോളിലിട്ടാൾ
... ... ... ... ... ...പണിന്താൾ
കണ്ണിക്ക മൈ എഴുതി
ഉച്ചിക്ക ഉച്ചിപ്പിറൈ
നേർമിഴിക്ക മൈ എഴുതി
ഉരുമാലെ കെച്ചമിട്ടു
പാടകവും ചിലമ്പുതണ്ടെ
പാതത്തിലേ തരിപുരളാമ
പണിയണിന്തു പൊന്നിറത്താൾ
പന്തുതട്ടപോവതുക്ക
തായാരൈ കൈതൊഴുതു
സന്തോഷമായി പുറപ്പെട്ടവാൾ
ഏഴപെങ്കൾ തോഴിയരും
ഏന്തിഴയാൾ പൊന്നിറവും
ചേരൻ ചോഴൻ തെരുവീതിയിൽ
ചെന്തിപ്പുളിമൂടതിലെ
ഏഴപെങ്കൾ തോഴിയരും
ഏന്തിഴയാൾ പൊന്നിറവും
വന്തുകൂടി അനപേരും
പന്തുതട്ട ഒരുങ്കവാരെ.

നായകിയെ പന്താടിയെ വാറാം
മൂന്നോല എന്നൊരു പന്തെടുത്തു
മയ്ക്കുഴലാം പന്താടിയെ വാറാം.
നാലോല എന്നൊരു പന്തെടുത്തു
നായകിയെ പന്താടിയെ വാറാം.
അഞ്ചോല എന്നൊരു പന്തെടുത്തു
അരനാരെ പാത്താടിയെ വാറാം.
ആറോല-എന്നൊരു പന്തെടുത്തു
പേർക്കുറായി അവം ആടിയെ വാറാം.
ഏഴോല എന്നൊരു പന്തെടുത്തു
[1]ഇറയവരെ പാത്തു ആടിയെ വാറാം
എട്ടോല എന്നൊരു പന്തെടുത്തു
തട്ടിടവേ പന്താടിയെ വാറാം
ഒൻപതോല എന്നൊരു പന്തെടുത്തു
ഉടയവരെ പാത്താടിയെ വാറാം
പത്തോല എന്നൊരു പന്തെടുത്തു
പയ്ന്തൊടിയാം പന്താടിയെ വാറാം.
എനക്കു ഒരുവിതം ആടുപന്തേ!
തോഴിയാക്കു ഒരുവിതം ആടുപന്തേ!
അർനാരെ പാത്താടുപന്തേ!
ശിവനാരെ പാത്താടുപന്തേ!
തിരുമാലെ പാത്താടുപന്തേ!
ആടൻറാ പന്താടുപന്തേ!
ആടൻറാ പന്താടുപന്തേ!
ആടിയപന്തും ചൂടിവരുമാം
പന്തടിക്കും തലത്തിൽനിന്റ്
[2]പറവയാർകം പന്തടിത്താർ.

1 ഇറയവർ – ഈശ്വരൻ.
2 പറവ (പാല)യാർകം – സ്ത്രീകം.

പന്തടിച്ചു പൊന്നിറവും
തോഴിമാരും നിൽക്കുന്നേരം
പാവൂർ തന്നിലിരുന്ത്
ഇണങ്ങുരൻ പെരുമാളും
[1]അരമനയിൽ മന്നവരെ
ചേവിക്ക പോവതക്കു
പല്ലക്കും ചാടിവിട്ടു
മൂട്ടനാടും കൂട്ടംവിട്ടു
മറവർകൊഞ്ചും കാവുംവിട്ടാർ
കതിരഴങ്കും നെൽവിളയും
കന്നടിയിൽ കാവും വിട്ടാർ
അലപുളി മൂട്ടിൽവന്തു
പന്തുതട്ടെ പാത്തിരുന്താൻ
പൊന്നിറത്താൾ തട്ടും പന്തു
പലകാലും മേൽപറക്ക
കണ്ടാരെ ഇണങ്ങുരൻ
കാരിഴയാൾ തൻവടിവെ
വിത്താരവും കൈത്തിറവും
മെല്ലിനല്ലാൾ സങ്കീതവും
ചുവടുവെപ്പും കാൽത്തിറവും
തീപനയാൾ പാത്തിരുന്താൾ
ആയിഴയാൾ അഴകു കണ്ടു
അരമനക്കു പോകാമൽ
തോഴിയാരെ വരവഴൈത്തു
ഏതോ ചൊൽവാർ ഇണങ്ങുരൻ
വാരുമെന്തൻ തോഴിയാരെ!
വാത്തയൊന്റു ചൊല്ലക്കേളായ്
വലത്തുപക്കം പന്തുതട്ടും

1 തെങ്കാചിമന്നവരെ.

വകയേതോ ? കുലമേതോ ?
ഊരേതോ ? പേരേതോ ?
ഉററാർ പെററാർ താനേതോ ?
ഊരുനല്ല കടയത്തൂരും
ഉററതൊരു വട്ടവർകുലം
അണ്ണന്മാർ അയ്പേരുണ്ടു
അരമനയ്ക്കു കുറിക്കാർ
അപ്പച്ചി രാജകുലം
അരമനക്കു മുതലാളി
അണഞ്ചിപെരുമാൾ മാത്താണ്ഡൻ
ആയിഴതായ് പൊന്മാരി
അവരുടയ അരുമമകൾ
ആയിഴയാൾ പൊന്നിറത്താൾ
പൊന്നിറത്താൾ ആശെകൊണ്ടു
അരമനക്കു പോകാമൽ
അവരുടയ മനതന്നിലേ
അവർ പോനാർ ഇണങ്ങുരൻ
ആരൊരുവരറിയാമൽ
അവരിരുന്താർ തനിയാക
ഉപ്പൂതിൻറ കിളിയത്തുപോൽ
ഊമൻകണ്ട കിനാവുപോലെ
ഉലയിൽവെയ്ക്കും മെഴുകുപോലെ
ഉററു ഉരിയാടാമൽ ?
കൊഞ്ചം വേളൈ ഉടൈമറന്തു
കോലുഞ്ഞരുപ്പും താൻമറന്തു
ഉണ്ണാമൽ ഉറങ്കാമൽ
ഒരുപ്പോൽ തനിത്തിരുന്താൾ
എണ്ണാതെ എണ്ണമെല്ലാം
എണ്ണി എണ്ണിത്താനിരുന്താർ
അവരുടയ തായാരും

ആയിഴയാൾ താനറിഞ്ഞു
അരമനകള പോനടത്തിൽ
അടിത്താരോ ? അരമനയിൽ
മന്നരുന്നെ ചുനന്താരോ ?
മന്തിരിമാർ ചുനന്താരോ ?
ആയിഴമാർ ചുനന്താരോ ?
ആരെക്കണ്ടു ഭയന്തായോ ?
മന്നരെന്നെ ചുനക്കവില്ലെ
മന്തിരിമാർ ചുനക്കവില്ലെ
ആരെയും കണ്ടു ഭയന്നനില്ലെ
പൊൻകടയത്തൂർ തന്നിലെ
പൊന്മാരി പെററമകൾ
പൊൻനിറവും അവൾനിറംതാൻ
തൈയലരെ കണ്ടുവന്തേൻ
കണ്ടുവന്തപൊന്നിറത്തെ
കരുതിമാല ഇടവേണം
ആയിരംപവൻ ചിലവുംഇട്ടു
അവളെ മാല ഇടവേണം
മാലയിട്ടു തരാവിട്ടാൽ
മാതാവേ ചൊല്ലുക്കേളു.
നാക്കെവെട്ടി ഈങ്കിടുവേൻ[1]
നാരായത്താൽ കഴത്തറുപ്പേൻ
വണ്ണാർകയ്യിൽ ചെരുപ്പേന്തി
പരദേശം പോയിടുവേൻ
വീണാർ കയ്യിൽ ഓടേന്തി
വെള്ള ദൂരം പോയിടുവേൻ
ഒൻറുക്കും മലങ്കവേണ്ടാം[2]

---

1 ഈങ്കിടുവേൻ — ഈ സ്ഥലത്തിൽ ഇടും
2 മലങ്ക – വിഷമിക്ക.

ഉന്നാണെ എൻ മകനേ !
പൊന്നിറത്തെ മാലയിട്ട
പൂകൾപെരിയ താറനെൻറാൾ
പൊന്നിറത്തെ പെൺപോല
പോന്നാരെ തായാരും
പാവൂർന്നനിലിരുന്നു
പല്ലക്കും ചാടിവിട്ടാർ
പടനാട്ടം കൂട്ടംവിട്ട
പൊൻകടയത്തൂരിൽ വന്താർ
പൊൻകടയത്തൂരിൽ വന്തു
പൊന്നിറത്തെ പെൺകേട്ടാർ
ഇരുപേരുടെ ജാതകവും
[1] ഇശയായി താൻ കൂട്ടി
[2] ചോതിരിയെ വരവഴൈത്തു
സൂക്ഷ്മമാക താൻ കേട്ടാർ
കേട്ടപോതു ചോതിരിയും
കേവലമായി ഏതോ ചൊൽവാർ
എല്ലാം പൊരുത്തമുണ്ടു
ഇരുന്തുവാഴ പലവും ഇല്ലെ
അന്ത വാത്തൈ കേട്ടപോതു
അവരുടയ തായാരും
"വാറതെല്ലാം വിധിവശംതാൻ"
മാലയിട്ടു തരവേണം
നാൾകേട്ടു പൊരുത്തം ഇട്ടു
നല്ലപണിപൂട്ടി കല്യാണം
കല്യാണം എൻറു ചൊല്ലി

---

1 ഇശ – യോജിച്ച്.

2 ചോതിരി – ജ്യോത്സ്യൻ.

[1]
കാശിനിയോർ താനിരുന്താർ
ആട്ട കിടായു നെയ്യ് തൈരും
ആദരവായ് ഉണ്ടുപണ്ണി
തൈരും നൈ തേങ്കായും
വലിയ ചിലവു ഒരുക്കി
[2]
വാനകത്തോർ പന്തലിട്ടാർ
ഒൻപതുകാൽ പന്തലിട്ടാർ
ഒൻപതുകാൽ പന്തലിലെ
ഒരുകാൽ പിരമണ്ണിട്ടാർ
ചാണാം തറ മൊഴകി
ചന്തണത്താൽ കോലംകൊണ്ടാർ
പാടാലെ പെൺകെട്ടി
പിരപ്പന്തൽ അലങ്കരിത്താർ
കററിവിളക്കേററുവാരാം
കുലവാഴൈ നാട്ടുവാരാം
പത്തുലക്ഷം വിളക്കേറിയ
പാരിമുററം വെളിതനിലെ
മാത്തുവളക്ക്..............
മണവാളകോലംകൊണ്ടാർ
വാളെടുത്തു ചൂരൽപിടിത്തു
മണവാളൻ അലങ്കരിത്താർ
വെടികളത്തുതാൻമുഴങ്ക
വിരുതോന്നി കുമറിടവേ
കെട്ടുവെടിചക്രവും
കാലടിപോൽതാൻമുഴങ്കു
നാട്ടുവാദ്യംകൊട്ടിവര

---

1 കാശിനിയോർ – ലോകർ.

2 വാനകത്തോർ – ദേവലോകത്തിലുള്ളവർ.

നാഗസ്വരം ഊതിവര
പാവൂർ തന്നിലിരുന്നു
പൊൻകടയത്തൂരിൽ വന്താർ
തന്തിരത്തിൽ പൊൻകൊടിമാർ
അലങ്കരിത്താർ തൈതൽതന്നെ
ഏന്തിഴയാൾ തലമുടിക്കി
എണ്ണ തുവരവിട്ടാൾ
കുഞ്ചരിപ്പൻ കണ്ടെങ്കിലും[1]
തുയൽ എടുത്തു ഉടുത്തു
പട്ടുപണി പൂട്ടി
പന്തലിലേ കൊണ്ടുവന്താൾ
എട്ടുചാൺ പലകയിലെ
ഏന്തിഴയെ താനിരുത്തി
പന്തലിലേ ചെയ്യും മുറകൾ
പാവിനയാൾ താൻ നടത്തി
[2]
ചിത്തിര ചെപ്പുതുറന്നു
മംഗല്യം പുകൾത്തിവിട്ടാർ
അഞ്ചുമാലൈ താനെടുത്തു
ആദരവായ് മാലയിട്ടാർ
മാലയിട്ടു പൂചൂടി
വാഴ്ന്തിരുന്ത പാവൂരിൽ
വാഴ്ന്തിരിക്കും നാളയിലെ

---

1 കണ്ടെങ്കിൽതുയിൽ — വസ്ത്രവിശേഷം

2 പാഠഭേദം — പൊൻപിരംപിൽ മാലൈകഴററി
എറിന്തുവിട്ടാർ ഉണ്ണന്തുരൻ
മായനുട അരുളാലെ
പൊന്നിറത്താൾ തിരുക്കഴുത്തിൽ
മങ്കലിയം തരിത്തിടവേ

മക്കെ നല്ലാൾ പൊന്നിറവും
തന്നെ താനറിഞ്ഞു
സാമർത്ഥ്യം ആനാളേ
സാമർത്ഥ്യം ചടംകെല്ലാം
[1] അനപേരും താൻമുകുന്താർ
അപ്പടിയേ പൊന്നിറവും
ആയിഴയും പിഴത്തിരുന്താർ
ഇരുപത്തൊരു വയസഴകും
ഇളമലടായ് താനിരുന്താർ
മലടി മലടി എൻറ
[2] വൈകത്തോർ ഏശുനാരെ
മലടി എന്റ എൻവയററിലൊരു
മൈന്തൻ വന്തു ചെനിയാതോ ?
[3] ഈഴി ഈഴി എൻറ
എന്നിലത്തിൽ ഏശുതാരെ
ഈഴി എന്റ വയററിൽ ഒരു
ഇളംകുഴന്തെ ചനിയാതോ ?
ഇത്തനക്കും മഹാതോഷം നാൻ
ചെയ്യേനോ മാതാവേ !
എല്ലാരുടതലതന്നിലും
ഈരെഴുത്തു മൂവെഴുത്തു
പാവിതന്നുട തലതന്നിലേ
പതിനാറെഴുത്തെഴുതി
മണ്ണവാളനെ വറവെഴുത്തു

---

1 അനപേരും — എല്ലാവരും
2 വൈകത്തോർ—ലോകർ
3 ഈഴി—പാപി

[1]
വാണുതലാൾ ഏതോ ചൊൽവാൾ
ഇനി എങ്കെ ഉണ്ടുപിള്ളൈതകം
* എന്നുടയ എൻകണവാ
കേളുമെന്തൻ പൊൻകൊടിയേ !

---

1 വാണുതലാൾ—ഭംഗിയുള്ള നെററിയോടു കൂടിയവൾ.

* പാഠഭേദം—

ഒരു ഇലഞ്ഞിയും പൂക്കാതോ ?
മലടി താനിരുന്തതെല്ലാം
മാതളവും പൂക്കാതോ ?
പാലൻ പത്തി പലമറിയ
വളത്താളെ നാലുപിള്ള
ഒററുമന്ത പരുവത്തിലെ
പട്ടുപോച്ചെ നാലിപിള്ള
പാലൻ പത്തി പലമറിയ
വളത്തേനെ കീരിപ്പിള്ള
പലം പെരുവാർ ചമയത്തിലെ
പട്ടുപൊച്ചെ നാലിപിള്ള
വാചലിലേ വാഴൈനട്ടേൻ
ഇലയൊഴിയ കുലയുമില്ലെ
മുററത്തിലേ മുരുങ്കൈ നട്ടേൻ
പൂവൊഴിയെക്കായുമില്ലെ
അതിനാലും ഒരു പതവി
കണ്ടേനില്ലെ ഉടയവനേ !
കാതവഴി പോയിവരുംപൊൾ
കാലുകെട്ടിയഴ പാലനില്ലെ
ഊരവഴി പോയിവരുംപൊൾ
തോളിലിട പാലനില്ലെ
മാരിമഴപെയ്യും നേരം
മണ്ണുഴയ ഒരു പാലനില്ലെ
മണ്ണൈയിന്ത കയ്യതിനാൽ
മടിപ്പിച്ചെ പാലനില്ലെ
ഏറിവെയിത്ത മണിപ്പുടവൈ
ഏടുത്തുടുക്കെ പാലനില്ലെ
വട്ടിലിലെ ചോറെറയിട്ടാൽ
വാരിഉങ്ക പാലനില്ലെ
അതിനാലും ഒരു പതവി
കണ്ടേനില്ലെ ഉടയവനേ!
ഇനി ഏതു തിരുപ്പതിക്കെ
ഇരിക്കു തവം പെരുവെനൊ ?

കേവലമായ് ഒരു വാത്തൈ
തോരണമാം മലതനിലെ
തോൻറു ചുനക്കര തന്നിലെ
ചുനക്കരുക്ക ഭഗവതിയും
തോകയിനല്ലാം ഇരുപ്പതുണ്ടു
ഭഗവതിഅമ്മൻ കോവിലിലെ
പാവനയാം ചെൻറു നീയും
നനഞ്ചുമുന്തി തികരാമൽ
നാല്പത്തൊരുനാം തകം ഇരുന്താൽ
ഉടുത്തമുന്തി കലയാമൽ
ഒരു മണ്ഡലം തകം ഇരുന്താൽ
പാലനില്ലാ മാനിടക്ക്
പാലൻ പത്തി തരുവാളേ
അന്തവാത്തൈ കേട്ടപോതു
ആയിഴയാം പൊന്നിറവും
ഭഗവതി അമ്മൻ കോവിലിലെ
പാവിനയാം ചെന്റവളും
നനഞ്ചുമുന്തി തികരാമൽ
നാല്പത്തൊരുനാം തകമിരുന്താം
ഉടുത്തു മുന്തി കലയാമൽ
ഒരു മണ്ഡലം തവസിരുന്താം
തകമിരുന്ത അരുമ എല്ലാം
അറിന്താളേ ഭഗവതിയും
ഭഗവതിയാം താനറിന്തു
പാവിനയാം ഏതോ ചൊൽവാം
എന്നപിള്ളെ പൊൻകൊടിയെ !
ഏന്തിഴയെ തകമിരുന്തായ് ?
കേട്ടിലയോ ഭഗവതിയേ !
കേവലമായി ഒരുവാത്തൈ
ഒരു പാലൻ പത്തിവേണമെൻറു

ഭഗവതിയെ തകമിരുന്നേൻ
അന്നേരം ഭഗവതിയും
ആദരവായി ഏത്തോ ചൊൽവാൾ
പാലൻ പത്തിവേണ്ടാം പിള്ളെ !
പൊൻകൊടിയെ ! ചൊല്ലുഃകള്ളെ
മുപ്പുറപ്പിൽ ചെയ്ത പാപം
ഇപ്പുറപ്പിൽ തീരുമെടി
ചൂലാട്ടു ചൂൽപന്നി
തോകയാരു കൊന്നതുണ്ടു
ചൂലികളെ കൊന്ന പാപം
തുലക്ക വന്തായോ പൊന്നിറമേ !
ഒൻപതുമാസം ഗർഭത്തോടെ
ഉന്നയിരും ഇറന്തിട്ടുമേ.
പാലൻപത്തി വേണ്ടാം പിള്ളെ !
പൊൻകൊടിയേ ! പോയിവിടെടി
"വാറതെല്ലാം വിധിവശംതാൻ"
വയിത്ത പാലൻപത്തിതരവേണം
അപ്പോഴം ഭഗവതിയും
ആയിഴക്കു പാലൻപത്തി
തന്തോമെടി പാപിയാരേ !
പോയ്‌വിടെൻറു പാലൻപത്തി
വാങ്കിയല്ലോ പൊന്നിറവും
പാവൂർതന്നിലേ വന്താൾ
അന്തമാസം വിടൈർകളിഞ്ഞു
അട്ടത്തതിങ്കൾ രണ്ടും ചെല്ല
മൂന്നാനമാസത്തിലേ
മുത്തുനിറം മേനിയാനാൾ
നാലാനമാസത്തിലേ
നാഗപ്പഴം മേനിയാനാൾ
അഞ്ചാനമാസത്തിലേ

അരവയറു പാലനാനാൾ
ആറാനമാസത്തിലേ
നിറവാവേ മേനിയാനാൾ
ഏഴാന മാസത്തിലേ
ഈറയവരേ തഞ്ചമെന്റാൾ
എട്ടാനമാസത്തിലേ
തട്ടിമുട്ടി ഇളകുതല്ലോ
ഒൻപതാന മാസത്തിലേ
[1]
ഒന്നുതലാൾ വീഴ്ത്തിരുന്താൾ
വീഴ്ത്തിരുക്കും നാളയിലേ
മെല്ലിനല്ലാൾ തോഴിയാരും
ഇനങ്ങനമായ് തോഴിയാർകൾ
ഏന്തിഴമാർ കൂട്ടവാരാം
വാരായോ പൊന്നിറമേ!
[2]
വാഴ്ത്തമുളൈ തളിപ്പതക്ക്
മുളൈ തളിക്ക വേണുമെൻറു
മെല്ലിനല്ലാൾ മുളൈതളിത്താൾ
മുളൈതളിത്തു പൊന്നിറവും
തോഴിയാരും വീണ്ടുവരാ
അത്തുക്കടുത്ത എട്ടാംനാളിൽ
തോഴിയാർകൾക്കൂട്ടവാരാം
വാരായോ പൊന്നിറമേ!
വാഴ്ത്തമുളൈ പരുവംപാക്ക
മുളൈ പരുവം പാക്ക എൻറു
അങ്കെചെൻറു മുളയരുകേ
പൊന്നിറത്താൾ തളിത്തമുളൈ

---

1 ഒന്നുതലാൾ – ഒളിയുള്ള നെററിയുള്ളവൾ

2 വാഴ്ത്തമുളൈ – ഗർഭകാലത്തു സ്ത്രീകൾ അനുഷ്ഠിക്കാറുള്ള–ഒരു ചടങ്ങ്.

തലകരിയ ഇലകൾകരിയ
തോഴിയാർകൾ തളിത്തമുളൈ
ഇലതിളിലും ആയിട്ടമാം
പൊന്നിറത്താൾ തളിത്തമുളൈ
വാടിമുളൈ പട്ടകുതല്ലോ
അതു പലവും പൊല്ലാതു എൻറു
ആയിഴൈയാൾ മനതിലുന്നി
അപ്പടിയേ പൊന്നിറവും
ആയിഴയും വീഴ്ത്തിരുന്താൾ
അതുക്കടുത്ത എട്ടാംനാളിൽ
തോഴിയാർകൾ കൂടുവാരാം
മണ്ണാൻമകളൊരുത്തി
ചക്കിലിയ പെണ്ണൊരുത്തി
ചെട്ടിയ പെണ്ണൊരുത്തി
ചീമാളൻ മകളൊരുത്തി
വെള്ളാള പെണ്ണൊരുത്തി
ചെമ്പറയൻ മകളൊരുത്തി
ഇനമിനമായി തോഴിയാർകൾ
ഏന്തിഴമാർ കൂടുവാരാം
വാറായോ പൊന്നിറമേ!
വാഴ്ത്തചുനൈ ആടുവതക്ക്
പാലും കറന്തനില്ലേ
പാൽമാട്ട അവുത്തനില്ലേ
അരമനയ്ക്കു പോനവക്കു
അരിശികറി ചമയ്ത്തനില്ലേ
പാലുംകറന്തു വൈത്തു
പാൽമാട്ടം അവുത്തുകെട്ടി
വരക? (ക) നല്ലൂർ അമ്പലത്തിൽ
വരുവേനെടി തോഴിയാരേ!
തോഴിയാക്കു പുത്തിചൊല്ലി

തോകൈ നല്ലാൾ പൊന്നിറവും
പാലും കറക്കവേൻറു
പാൽകടയാൻ കൈലെടുത്താൾ
ഇളംകന്നെ മുന്നെവിട്ടു
ഏന്തിഴയാൾ പിൻപുമാക
മുന്നെ ഒരു ചുരപ്പാൽകറന്തു
കാച്ചി ഉറിമേലെ വൈത്താൾ
പിൻപുകറന്ത പാലു ( ? ലൈ )
കന്നുതട്ടി കമത്തിട്ടമാം
ഉറിതന്നിലേ ഇരുന്തനോർ
ഉറമോരും.......................
ഉറിതന്നിലേ പൂച്ച ചെൻറു
ഉടനെതട്ടി കമത്തിട്ടമാം
അതു പലനവും പൊല്ലാതെൻറു
ആയിഴയാൾ മനസിലെണ്ണി
ചുനയാട പോവതക്കു
തോകൈനല്ലാൾ ഒരുങ്കുവാളാം
സല്ലടവും കച്ചകളും
തങ്കവളെ താനണിന്താൾ
നെററിക്കു പുറയുമിട്ടാൾ
നേരുകണ്ണുക്കു മൈയ്യിട്ടാൾ
എണ്ണച്ചവടി[1] ഇട്ടാൾ
എരിക്കലെത്തിൽ മാല ഇട്ടാൾ
പാടകങ്കൾ ചിലമ്പുഇട്ടു
പാതസരം താനണിന്താൾ
അണിഞ്ഞ പണികൾകണ്ടു
അവളുടയ മാമിയവൾ
പാത്തിരുന്തു വാണതലാൾ

---

[1] എണ്ണച്ചവടി—വിലയേറിയ ഒരു ആഭരണവിശേഷം

……………എന്തോ ചൊൽവാം
എന്നപിള്ളെ ! പൊൻകൊടിയേ !
ഇന്തനല്ല പണ്ണി അണിന്തായോ ?
കേട്ടില്ലയോ മാതാവേ !
കേവലമായ് ഒരു വാത്തൈ
ഒൻപത്തുമാസം ഗർഭത്തോടെ
ഒന്റടിയാം ഭഗവതിക്കു
ചുനയാടി വരുവേനെൻറു
പാലൻ പത്തി വാങ്കിവന്തേൻ
ഇൻറക്കല്ലോ നേച്ചു ചുനൈ
എന്തിഴയേ ! മാതാവേ !
പോക വേണ്ടും പൊന്നിറമേ !
[1]
പൊന്നാത കിനാവുകണ്ടേൻ
കള്ളരുന്നെ പിടിത്തുക്കൊണ്ടു
കാട്ടുവഴി പോകക്കണ്ടേൻ.
മറവർ ഉന്നെ പിടിത്തുക്കൊണ്ടു
മലകേറി പോകക്കണ്ടേൻ
ഉന്നെവിട്ടു തോഴിമാരും
പിൻമാറി ഓടക്കണ്ടേൻ
കാട്ടാളമ്മൻ കോവിലിലേ
കള്ളരുന്നെ കൊണ്ടുചെൻറു
പിളന്തു വെലി കൊടുക്കക്കണ്ടേൻ
വയററിൽ ഒൻപത്തു മാസം അല്ലോ
[2]
വാണുതലാം നടക്കമൊട്ടാർ
എഴുകതക താനടച്ചു

---

1 പൊന്നാത – പൊല്ലാത്ത
2 വാണുതലാം – ഭംഗിയുള്ള നെററിയോടുകൂടിയവൾ

* ഇരുത്തിനാളെ പൊന്നിറത്തെ
ഇടനാളും എല്ലാനാളും
* കിട്ടെവന്തു മുടികിട്ടമാം

---

* പാഠഭേദം—
പോകാതെ പോകാതെ
പൊന്നിറമേ ! പോകാതെ
ആകാതു നീ പോനാൽ
അരുഞ്ഞുനെക്കെ കള്ളരുണ്ടു
കള്ളമറവെരുണ്ടു
കണ്ടാലുന്നെ വിടുവാനോ ?
എൻപൊന്നെ നീ പോകാതെ
പൊന്നിറമേ ? പോകാതെ
നല്ലാളെ പോകാതെ
അമ്മാ ! നീ പോകാതെ
നേത്തു പൂക പഞ്ചാണമേൽ
നിത്തിരെയാലുറങ്കയിലെ
കണ്ടേനൊരു മാടകാളിയും
നീയും ഉന്നുടയ തോഴിമാരും
പുറപ്പെട്ടു നീരാടിവ......മ
നാൽപത്തൊരു മറവെർകളും
കാട്ടുനിതിവെട്ട വരവ്വും കണ്ടേൻ
വെട്ടുകത്തിക്കാരൻ വന്തു
വിരട്ടി ഉന്നെ പിടിക്കക്കണ്ടേൻ
കോടാലിക്കാരൻ വന്തു
കൊട്ടപോക കണ്ടേൻ

---

അടവിമലെ തന്നിലേ കൊണ്ടു
പൊങ്കോവിൽ അഴിതുറന്തു
അഴിക്കകത്തെ അടൈക്കക്കണ്ടേൻ
ചൂലാട നിക്കക്കണ്ടേൻ
പാലാട നീലി കണ്ടേൻ
പാലപ്പന്നി കൊക്കലാവുകണ്ടേൻ
നാലുനടെയി വാസലിലും
പെപ്പുറണ്ടു കെട്ട കണ്ടേൻ
പാവെ കോവിൽതന്നിലേ കൊണ്ടു
......തിരെ വളയാ.കണ്ടനാൻ
ഒന്നെപ്പോലെ ഒരു നിറച്ചൂലിയെ
തിരക്കകത്തെ കൊണ്ടുചെൻറു°

മായവനാർ ഓലൈവന്തു
മടിയിലേ വിഴന്തിട്ടമാം
ഉടയവനാർ ഓലൈവന്തു
ഉച്ചിയിലേ വിഴന്തിട്ടമാം
മായത്തൈ അറിയാമൽ
മണവാളനെ അറിയാമൽ
കാണിക്കയും കൈലെടുത്തു
[1] കാരിഴയാറം പൊന്നിറവും
തലക്കു എണ്ണയും പിണ്ണാക്കു
താളിക്കോപ്പും കൈലെടുത്താറം
ഉടുക്ക ഒരു തുയലെടുത്താറം
തുയലത്തും പകന്തുടുത്തു
തോകൈനല്ലാറം പൊന്നിറവും
താനേ പുന്നൈ ആട്ടുവെൻറു
[2] തൈതൽ നല്ല വഴി നടന്താറം
മുററം വെളിതനിലേ

---

തെൻവടലായിതാനത്തിടത്തി
കാലും കയ്യും വലിത്തു കെട്ടി
വലതുപക്കം ചൂലാടി
ചൂലാടെയിതാൻ പിളന്തു
പന്തംകൊണ്ടു ഉനനകണ്ടേൻ
നാൽപത്തൊരു കള്ള മറവെരുകൂടി
കാട്ടനെതി വെട്ടക്കണ്ടേൻ
നെതികറം വെട്ടും വേളയിലേ
കൂട്ടപ്പന്തമരുളക്കണ്ടേൻ
കരവതു(നി) മുഴങ്കക്കണ്ടേൻ
നാൽപത്തൊരു കള്ളരുകെളും
അരകനെരെ! ചിവനെ! എൻറു
ഒരു തടത്തിൽ പടവും കണ്ടേൻ
കണ്ട കിനാ പൊല്ലാതു
കാരിഴെയെ! പുന്നെയാടപോകവേണ്ടാം.

1 കാരിഴയാറം – കാർമേഘംപോലുള്ള തലമുടിയോടുകൂടിയവറം.
2 തൈതൽ – സ്ത്രീ.

മൈക്കുഴലാൾ വരുംനേരം
പട്ടമരം തന്നിലിരുന്നു് ഒരു
പല്ലി പലം ചൊല്ലുതല്ലോ
അത്തു പലവും പൊല്ലാത്തു എൻറു
ആയിഴയാൾ മനതിലെണ്ണി
അപ്പടിയെ പൊന്നിറവും
ആയിഴയാൾ നടക്കലുററാൾ
വട്ടപാറതന്നിലേ
വാണുതലാൾ വരുംനേരം
ഇരുതോഴി ? (ള്ളി)ലും കാ ? (താ)വിക്കൊണ്ടു
എതിരേ വരക്കണ്ടേൻ
അത്തു പലവും പൊല്ലാതെൻറു
ആയിഴയും വഴിനടന്താൾ
ഇന്ത വരകനല്ലൂർ അമ്പലത്തിൽ
വാണുതലാൾ വരുംനേരം
മുന്നേ പോന തോഴിയാർകൾ
മയ്ക്കുഴൽമാർ ചതിത്തുവിട്ടാർ
ചതിത്താരോ തോഴിയാർകൾ
ചതികേട്ടു ചെയ്താരോ ?
തന്നിഷ്ടമായ് നാനുമിപ്പോൾ
താറുമാറി നിൽക്കുന്നേരം
ചുനക്കരുക്ക പൊന്നിറവും
ചുരുക്കാക ചെല്ലുവാളാം
തോഴിയാർകൾ ചുനയാടാമൽ
ചുനക്കരക്ക അവർകൾ നിൽക്കും
അന്നേരം തോഴിമാരും
ആതരവായി ഏതോ ചൊൽവാർ
വാറായോ പൊന്നിറമേ !
മുത്തു ചുനൈ ആടുവതർക്കു്
ഉങ്കളുടെക്കൂട നാനും
ഒത്തു ചുനയാടുവതില്ലേ
തന്നിഷ്ടമായി നാനുമിപ്പോൾ

താനെ ചുനൈ ആട്ടവേനെൻറു
ചുനയാട തോഴിയാരും
കാണിക്കയും ഇട്ടവരും
തോഴിയാർകൾ പോനപോതു
തോകൈനല്ലാൾ പൊന്നിറവും
ചുനക്കരക്കു പൊന്നിറവും
[1]
തോകൈനല്ലാൾ ചെല്ലുന്നേരം
മുട്ടളകു വെള്ളത്തിലെ ഒരു
മല്ലപ്പൂ ആയക്കണ്ടാൾ
ഇപ്പൂവെ പറിപ്പേനോ ?
കഴുത്തളകു വെള്ളത്തിലേ
കണ്ടാളേ കലിയുകങ്കൾ
ചുനയാടവന്ത ചെതിയെല്ലാം
അറിന്താളേ കാട്ടാളമ്മൻ
കാട്ടാളമ്മൻ താനറിന്തു (വാറായോ)
ഭഗവതിയെ ഏകിവിട്ടാർ
കാട്ടാളമ്മൻ അരുളാലേ
കാററു ഒരു കുശിലിളകി
കട്ടകമഴയും ഈതളയും
ചുനക്കരക്കു ഇരുളുമാക
ചുനകൾ മറിന്തിടുമാം
പരപരനെ പൊന്നിറവും
കയക്കേറി ഏതോ ചൊൽവാൾ
തിശൈ അറിയമാട്ടേൻ
തികന്തേനോ നാനുമിപ്പോൾ
ആലുമരം മൂട്ടോടേ
അണഞ്ഞു നിൻറാൾ വന്തിട്ടും ? (പൈന്തൊടിയും)
കാട്ടാളമ്മൻ കോവിലിലേ
കരുവലങ്കൾ എടുപ്പതക്കു
കള്ളരെല്ലാം കൂട്ടവാരാം
ഇനമിനമായി കള്ളരെല്ലാം

1 തോകൈനല്ലാൾ — മയിൽപോലെ മനോഹരമായ ശരീരമുള്ളവൾ.

ക്രൂട്ട വാരാം കോവിലിലേ
പോയി വന്തുചേരും
മെത്താൻ പറയൻ നാലുപേരും
തട്ടാന്മാർ അയ്യുപേരും
ചക്കിലിയർ ഏഴുപേരും
മണ്ണാന്മാർ അഞ്ചു ( ? യു) പേരും
മലയിടയർ നാലുപേരും
വെള്ളാളർ പത്തുപേരും
കുറുമ്പറയർ എട്ടുപേരും
ചെമ്പറയർകൾ പത്തുപേയും
ശീമാളൻ ആറുപേരും
ജനജനമായി കള്ളരെല്ലാം
ക്രൂട്ടവാരാം കോവിലിലേ
കാട്ടാളമ്മൻ കോവിലിലേ
ചെല്ലമെന്തൻ വേളയിലേ
കാട്ടാളമ്മൻ അരുളാലേ
കള്ളരെല്ലാം അറിയുതല്ലോ
ഏറിയവൻ വാടാമൽ
ഓടിവന്തു കള്ളരെല്ലാം
ഉററവട്ടപ്പാറതന്നിലെ
വന്തവർകൾ ക്രൂട്ടവാരാം
അതിലേ ഒരു കള്ളനവൻ
ആദരവായി ഏതോചൊൽവാൻ
മയി ഇട്ടു പാപ്പതക്കു
പാത്ത ചോതിരിഎല്ലാം വാരാനാം
അതിലേ ഒരു കള്ളനവൻ
ആദരവായി മൈ ഇടവേ
മൈ ഇട്ടു പാത്തപോതു
വകവകയായി കാണുതല്ലോ
ഇന്ത നല്ല തലം തന്നിലെ

ഏറ്റ നല്ല ഇശക്കിയുണ്ട്
പാതാള മാടനുണ്ട്
പാതാള ഇശക്കിയുണ്ട്
പാലാട്ടക്കാറിയുണ്ട്
പച്ചതിന്നി മാടനുണ്ട്
പൂലാട്ടക്കാരിയുണ്ട്
തുള്ളക്കുട്ടിക്കാറിയുണ്ട്
ചെങ്കിടായ് പൂതമുണ്ട്
കരിങ്കിടായ് പൂതമുണ്ട്
മൂന്നുകുട്ടത്തി ഇശക്കിയുണ്ട്
മുഴുതും ചെങ്കിടായ് പൂതമുണ്ട്
ഇന്ത നല്ല തേവതയ്ക്ക്
വെലികൊടകം കൊടുക്ക വേണം
ആടുകിടായ് കൊണ്ടുവന്നു
ആദരവായ് കൊടുക്ക വേണം
പാതാള പൂതത്തുക്ക
പച്ചക്കിടായ് വെട്ടി കൊടുക്കവേണം
ചെങ്കിടായ് പൂതത്തുക്ക
ചെങ്കിടാ ഒന്നുവേണം
കരുങ്കിടാ പൂതത്തുക്ക്
കരുങ്കോഴി ഒന്നുവേണം
പാലാട്ടക്കാറിക്കുത്താൻ
പാലാട്ട ഒന്നുവേണം.
കരുമ്പറവെ ചെമ്പറവൈ
കരുങ്കിടായു ഒന്നുവേണം
എന്നാലും പോരാതു
ഇശൽ പെരിയ കള്ളർകളേ !
തലപ്പിള്ള നിറച്ചൂലി ഒരുത്തിവേണം
ആളുക്ക ഇനി എങ്കെ പോറതു
ഇനി ആളില്ലാത്ത അടവിയിലേ
എങ്കും നിറച്ചൂലിക്കുത്താൻ

# ജ്ഞാനമുത്തുമാല

അഥവാ

# അഴിയാത മുത്തുമാല

( ജ്ഞാനമുത്തുമാലയെന്നും അഴിയാതമുത്തുമാലയെന്നും പേരുള്ള ഈ കൃതി, ഹസ്തലിഖിതഗ്രന്ഥശാലയിലുള്ള 6136–ാംനമ്പർ ഗ്രന്ഥത്തെ ആധാരമാക്കിയാണ് പ്രസിദ്ധീകരിക്കുന്നതു്. ഇതിൽ ആകെ 105 മുത്തുകളാണുള്ളതു്. 105-ാമത്തെ മുത്തിൽനിന്നു് 'ആന്മേൽ ഈശോ' എന്ന ഒരു പണ്ഡിതനാണു് ഇതിന്റെ കർത്താവെന്നു തെളിയുന്നു. പ്രസ്തുത ഗ്രന്ഥം പകർത്തിയെഴുതിയതു് കൊല്ലവർഷം 1023 ധനുമാസത്തിലാണു്. )

ഏശുമരിയെ! എന്നെ രക്ഷിക്കയും ഉമ്മെ നമ്പിനാൽ എന്നെ കൈവിടാതയും 'മിശിഹാ' പിറന്നിട്ടു് ആയിരത്തി എഴന്നൂറ്റി എൺപത്തിനാലാം (1784) കാലം, പെരിയകോവിൽ പാളയത്തിലിരുന്നു് തമിഴ്പ്പെടുത്തിയ പുസ്തകത്തിൽ കണ്ടു പേർപ്പു.

സ്തുതി:—

ശുദ്ധമാന മാതാവായ മത്തമറിയത്തുമ്മായ്ക്കും, 'മാർ ഈനാസിയോസ' പുണ്യവാളനും സ്തുതി:— "ഗന്ത്രായക്കാരൻ ഈശോ മിശിഹായെ തുണയ്ക്കു'. ഈശോമറിയം യൌസേപ്പേ രക്ഷിക്ക, ശുദ്ധമാന സ്ലീവാടെ അടയാളത്താൽ നമ്മുടെ ശത്രുക്കളിൽനിന്നു നമ്മെ രക്ഷിക്ക, നമ്മുടെ തമ്പുരാനേ! ബാവാടയും പുത്രന്റേയും റൂഹാദക്കുദാശയും നാമത്താൽ ഈശോ കന്യാസ്ത്രീ മറിയമേ വാഴ, തമ്പുരാന്റെ ശുദ്ധമാന അമ്മേ—ഇതാ നിന്റെ സങ്കേതത്തിൽ ഓടിവന്നേൻ. മറിയമേ! വാഴ, ജയ ജയ. ഈശോമറിയമേ തുണയ്ക്കു. നിങ്ങളുടെമേൽ ശരണപ്പെടുന്നേൻ. എന്നെക്കൈവിടാതെ രക്ഷിക്കണമേ."

## ജ്ഞാനമുത്തുമാലയിൽ മുതൽമുത്താകുന്നതു്:-

തമ്പുരാൻെറ സ്നേഹം കുമ്പസാരത്തിനാലെ അത്രേ വരുന്നതു്:- ദൈവശാസ്ത്രകാരരായിരിക്കുന്ന അറിവാളർ ചൊല്ലുന്ന ബുദ്ധികളിൽ എഴുതിയിരിക്കുന്ന പുസ്തകങ്ങളിൽ ഒരു കുറിപ്പായി എടുത്തു എഴുതുന്നതു്. അതെന്തന്നാൽ നസ്രാണികളുടെ വിശ്വാസത്തിന്നടുത്തു് 'ധർമ്മനടക്ക' ഉണ്ടായിരിക്കയും വേണം. അതിൻവണ്ണം എല്ലാവസ്തുക്കൾ ഒക്കെക്കാളും ഒരുവൻ തമ്പുരാനെ സ്നേഹിച്ചു. താൻ കല്പിച്ച കാര്യങ്ങളെ കുറവുകൂടാതെ നടത്തിക്കൊണ്ടു്, പാപദോഷത്തിന്നു വലിയ പേടിയോടുകൂടെ ഭയപ്പെട്ടു. വിശ്വാസകാരരെന്നു വിളിക്കപ്പെട്ടവർ തമ്പുരാനെ സ്തുതിയായിട്ടു നടന്നുകൊണ്ടു് വരികയും വേണം. എന്നാൽ, യാതൊരു വിശ്വാസകാരൻെറ ബുദ്ധികൊണ്ടും ചൈത്താൻെറ പരീക്ഷകൊണ്ടും പ്രകാശമായിരിക്കുന്ന വിശ്വാസകാരനെന്നുള്ള പേരു തൻെറ പററിൽ വിളങ്ങാതെ ദോഷവഴി വ്യാപരിച്ചു തഴങ്ങുന്നതുകൊണ്ടു അതിനെ ഉപേക്ഷിപ്പാൻ അവൎക്കു വലിയ അരിമപോലെയിരിക്കും. ഇങ്ങനെയുള്ളവർ തഴക്കമായ ദോഷത്തെ ഉപേക്ഷിപ്പാനും, പുണ്യവഴി നടപ്പാനും മനസ്സുണ്ടെങ്കിൽ ഇതിന്നു ശക്തിയാകുന്ന നല്ലൊരുപായമുണ്ടു്. അതല്ലാതെ വേറൊരുപായവും കാണ്കെയുമില്ല അതെന്തന്നാൽ എത്രയും വലിയ എളിമയോടുകൂടയും ശരണത്തോടുകൂടയും അറ്റമില്ലാത്ത ദയവുള്ള തമ്പുരാനോടു കനിഞ്ഞപേക്ഷിക്കുന്നതത്രേ ഇതിന്നു ഉത്തമ ഉപായമായിരിക്കുന്നതു്. അതെന്തന്നാൽ ദോഷങ്ങളിൽ തഴക്കി നടക്കുന്നവൻ ആ ദോഷത്തിന്മേൽ തേറി ആ ദോഷത്തെ ഉപേക്ഷിച്ചു പുണ്യവഴി നടപ്പാൻ തുനിയുന്നതിന്നു തമ്പുരാൻെറ അററമില്ലാത്ത മനോഗുണംതന്നെ കൂടിയേ മതിയാവൂ. ഇത്ര വലിയ മനോഗുണം തിരുവുള്ള കടാക്ഷവും ഞങ്ങൾക്കുണ്ടാകുവാൻ എത്രയും വലിയ എളിമയോടുകൂടെയും ചുറുക്കായ അപേക്ഷയോടുകൂടയും സർവ്വത്തും വശമാകുന്ന തന്നോടു പ്രാൎത്ഥിക്കുന്നവൎക്കു തമ്പുരാൻ കൊടുത്തു ന്യായം. ഇതിന്നു സംശയിക്കയുംവേണ്ട. ഇതിൻവണ്ണം ദോഷത്തിൽ തഴങ്ങുന്നവൎക്കു തമ്പുരാൻ ചെയ്യുന്ന മനഃഗുണത്തിൽ ഇത്ര

പ്രധാനപ്പെട്ട മനഗുണമായിരിക്കും. അതെന്തന്നാൽ തമ്പുരാൻെറ ഇഷ്ടപ്രസാദങ്ങളെ കൊടുത്തു് പുണ്യവഴി നടപ്പാൻ ശക്തി കൊടുക്കുന്നതിനേക്കാൾ മോക്ഷം കൊടുക്കുന്നതു് അധികനന്മയായിരുന്നാലും ദോഷകാരനായിരിക്കുന്നവൻെറ ദോഷങ്ങളെ പൊറുത്തു തൻെറ ഇഷ്ടപ്രസാദങ്ങളെക്കൊടുക്കുന്നതും തൻെറ ഇഷ്ടപ്രസാദമുള്ളവൎക്കു മോക്ഷം കൊടുക്കുന്നതിനേക്കാൾ അതു് അധികമായ മനഗുണമായിരിക്കും. അതെന്തന്നാൽ ദോഷങ്ങൾക്കു തമ്പുരാൻെറ ഇഷ്ടപ്രസാദങ്ങൾക്കും ബഹുദൂരമായിരിക്കും. മോക്ഷരാജ്യത്തിന്നും തമ്പുരാൻെറ ഇഷ്ടപ്രസാദത്തിന്നും അത്ര ദൂരമല്ലാ തമ്പുരാൻെറ ഇഷ്ടപ്രസാദം മോക്ഷരാജ്യത്തിൻെറ അടിസ്ഥാനമായിരിക്കുന്നതു്. ദോഷമാകുന്നതു നരകത്തിന്നുടെ വേദനയ്ക്കു ആസ്ഥമായിരിക്കും. എന്നതിനെക്കൊണ്ടു് ഉത്തമശാസ്ത്രിയായിരിക്കുന്ന ശുദ്ധമാന 'തോമാമല്ലാൻ' നു (നി)ണ്ണയിക്കുന്നതു്, സൎവ്വത്തിന്നും ആദികാരണമായിരിക്കുന്ന തമ്പുരാൻ ലോകത്തെ സൃഷ്ടിച്ചതിനേക്കാൾ ദോഷത്തിൽ നിലകൊണ്ടു ദോഷക്കാരനെ അതിൽനിന്നു തിരിക്കുന്നതു അധിക നന്മയായിരിക്കും. മോക്ഷരാജ്യമായതു അളവില്ലാത്ത മഹിമയുള്ള തമ്പുരാൻെറ ദൎശനംതന്നെയാകുന്നതു്. അളവില്ലാത്ത നന്മയായിരിക്കുന്ന സന്ദേഹമില്ല. എന്നതിനെക്കൊണ്ടു യാതൊരു വിശ്വാസക്കാരൻ അറിവില്ലാതെ കാവ്യരോടുക്രൂടിയിട്ടുള്ള പെരുമാററംകൊണ്ടും ലോകനന്മയുടെ അല്പത്തേയും വിചാരിച്ചു തങ്ങളെ സൃഷ്ടിച്ചവനും, രക്ഷിക്കുന്നവനുമായിരിക്കുന്ന ഉടയതമ്പുരാനു മുഴുവൻ മനസ്സോടുക്രൂടെ തൻെറ ചിററാഴിമ്മ ചെയ്‌വാൻ തക്കവണ്ണം ദോഷത്തെ അറച്ചു ഉപേക്ഷിച്ചു ദോഷത്താൽ കളഞ്ഞുപോയ പട്ടാംഗയായ തമ്പുരാൻെറ വീടു, അതായതു ആകാശമോക്ഷത്തിന്നു തിരിഞ്ഞുചേരണമെങ്കിൽ അവിടെ എത്തേണ്ടതിന്നു ചൈത ദോഷത്തിന്മേൽ മുഴുവനായ തെററം അതിൻെറ തലവാതിലായിരിക്കും. എന്നതിനെക്കൊണ്ടു മുഴുവനായി കുമ്പസാരം എത്തിച്ചു വലിയ അഗ്രഹത്തോടുക്രൂടയും ശക്തിപ്പെട്ട മുഴുവനായ തെററത്തോടുക്രൂടയും ആസ്ഥപ്പാടു ക്രൂട്ടുകയുംവേണം. അതെന്തന്നാൽ ചൈതദോഷങ്ങളൊക്കെയും കുമ്പസാരത്തിൽ പറഞ്ഞിരുന്നാലും അപ്പോൾ നരകമെ

ന്നുള്ള ഭയം ഇല്ലായ്കകൊണ്ടും ദോഷങ്ങളുടെ തഴക്കവും ഇമ്പവും ഹൃദയത്തിൽനിന്നു കളയാതിരിക്കുന്നതുകൊണ്ടും വരുവാനിരിക്കുന്ന നാശത്തെ വിചാരിക്കായ്കകൊണ്ടും തമ്പുരാനെ പേടിയില്ലായ്കകൊണ്ടും മോക്ഷത്തിന്റെ അഴിയാത്ത നന്മമേൽ വിചാരമില്ലായ്കകൊണ്ടും ദോഷത്തിന്നടുത്ത തെററവും നൊമ്പരവും വരാത്ത ഹേതുവാൽ ദോഷം ഒഴിഞ്ഞോ ഇല്ലയോ എന്നു സംശയത്തിന്നു ഇടവരികകൊണ്ടും ഇതുമെന്നിയെ മുഴുവൻ കുമ്പസാരത്താൽ ഏറിയ ഉപകാരവും നന്മയും വൎദ്ധിക്കയും ചെയ്യും. ഇതിനെക്കൊണ്ടു ദോഷങ്ങളെ ഉപേക്ഷിച്ചു പട്ടാംഗയാലെ പുണ്യവഴിയിൽ നടപ്പാൻ പുത്തനായിട്ടു തുടങ്ങുന്നതിന്നു ശക്തിപെട്ട ഹൃദയത്തോടുകൂടെ കഴിഞ്ഞ കുമ്പസാരങ്ങളിലുണ്ടായ കുറവുകൾ തീൎത്തു മോക്ഷം വേണമെന്നുള്ള വലിയ ആഗ്രഹമുള്ളവൻ ദൃഢം വച്ചനാൾക്കുള്ള ദോഷങ്ങൾ ദുഃഖിച്ചുകരഞ്ഞു ഇന്നുമുതൽക്കു തമ്പുരാന്റെ തിരുമനസ്സിന്നു ഒത്തവണ്ണം നടക്കുമെന്നു നിശ്ചയമുള്ള മനസ്സോടുകൂടയും പ്രതിജ്ഞയോടുകൂടയും കുമ്പസാരം എത്തിക്കയുംവേണം. ഇങ്ങനെ ചെയ്തു ദോഷങ്ങൾക്കു മുഴുവൻ നൊമ്പരപ്പെടുന്നതിന്നു ചെയ്ത ദോഷങ്ങളെല്ലാംകൊണ്ടും മോക്ഷം പൊയ്പ്പോയെന്നും, നരകത്തിന്നു പാത്രമായി എന്നും ദുഷിക്കുന്നതിനേക്കാൾ അളവില്ലാത്ത നന്മയായിരിക്കുന്ന തമ്പുരാനോടു മറുത്തു പിഴച്ചതിനാൽ തന്റെ തിരുമനസ്സിന്നു ദൂരമായിപ്പോയെന്നുള്ള ദുഃഖം അധികമായിരിക്കയും വേണം. അതെന്തന്നാൽ അളവില്ലാത്ത തമ്പുരാനാകുന്നതുകൊണ്ടും അററമില്ലാത്ത നന്മയാകുന്ന തമ്പുരാൻ സകല നന്മകളേക്കാൾ ഉത്തമനന്മയായിരിക്കുന്നതിനാൽ സകലനന്മയായിരിക്കുന്ന തമ്പുരാനെ വലിയ അന്യായമായിരിക്കുന്നതുകൊണ്ടു എല്ലാ ദുഃഖങ്ങളേക്കാൾ വലിയ ദുഃഖമാകുന്നതയിതിനെക്കൊണ്ടു ഇപ്പോൾ തുടങ്ങി എഴുതുന്ന ഈ ജ്ഞാനപുസ്തകമാകുന്നതു ആത്മത്തിന്നു വലിയ ആഭരണമായിരിക്കുന്നതുകൊണ്ടു ഈ പുസ്തകത്തിന്നു <u>അഴിയാതമുത്തുമാല</u> എന്നു പേരായിരിക്കുന്നതുകൊണ്ടു ഓരോരോ വകുപ്പു ഓരോരോ മുത്താകെ എണ്ണിക്കൊണ്ടു ആ മുത്തുകളെ ക്രമത്തോടുകൂടെ വായിക്കുന്നതു് മുത്തുകളെ കോൎക്കുന്ന

തിന്നു സമമായിരിക്കും. ഇങ്ങനെ കോൎക്കുന്ന മുത്തുകളാകുന്ന ഉചിത വചനങ്ങളുള്ള പുസ്തകമാകുന്നതു് ജ്ഞാനമുത്തുമാലയെന്നും ചൊല്ലുന്നതു്.

ഒന്നാംമുത്തുക്കൂടി.

---

## രണ്ടാം മുത്താകുന്നതു്

തമ്പുരാന്റെ തിരുവിള്ളക്കേടു പോകേണ്ടതിന്നു ദോഷങ്ങൾക്കടുത്ത തെററമുള്ള വിശ്വാസക്കാരൻ ദോഷങ്ങളെ ഉപേക്ഷിച്ചു പുണ്യവഴിയിൽ നടപ്പാൻ തുടങ്ങുന്നതുതന്നെ പോരാ എന്നുള്ള ശുദ്ധമാന പള്ളിയുടെ മല്പാനാകുന്ന മാർ ആഗുസ്തീനോസ അരുളിച്ചെയ്തിരിക്കുന്നതിനാൽ പിന്നെയെന്തു അധികമായി ചെയ്യേണ്ടതെന്നു അറിയിക്കുന്നു.

ദൃഢം വച്ച നാൾ തുടങ്ങി ചെയ്ത ദോഷങ്ങൾക്കു അടുത്ത പ്രാച്യത്വം മനസ്സാലെയും, എളിമയാലെയും, ബഹുദുഃഖത്തോടുകൂടെയും സങ്കടമുള്ള പ്രാച്യത്തം എടുക്കയും വേണം. അതായതു ഒരു നേരമുള്ള നോമ്പുകൾകൊണ്ടും ധ്യാനമുതലായ നമസ്കാരങ്ങൾകൊണ്ടും ദാനധൎമ്മമാകുന്ന എരക്കത്തോടുകൂടേണ്ടുന്ന കാൎയ്യങ്ങളെക്കൊണ്ടും, ശേഷമുള്ളവർ തനിക്കു ചെയ്ത ഏറക്കുറയും പൊറുക്കുന്നതുകൊണ്ടും അന്യായമായിത്തങ്ങൾ അടക്കിയിരിക്കുന്ന വസ്തു വീണ്ടുകൊടുക്കയും, വരുത്തിയിരിക്കുന്ന മേനിക്ഷയങ്ങൾ പോക്കുകയും, ഇതിൻവണ്ണമുള്ള നന്മപ്രവൃത്തികൾ ചെയ്തുകൊണ്ടു ദോഷങ്ങൾക്കു ശരിയായ പ്രാച്യത്തങ്ങൾ എത്തിച്ചുവരികയുംവേണം. ദോഷങ്ങൾക്കു തക്ക തെററത്താൽ അടുത്ത പ്രാച്യത്വം എത്തിക്കാതെപോയാൽ ഈ കാരണത്താൽ മുഴുവനായിക്കെട്ടുപോകുമെന്നത്രെ അരുളിച്ചെയ്തതു്. ഇതിനെക്കൊണ്ടു ദോഷത്തിൽ വീണ വിശ്വാസക്കാരൻ കെട്ടു നരകത്തിൽ വീണുപോകാതെയിരിപ്പാൻ തക്കവണ്ണം ചെയ്ത ദോഷത്തിന്മേൽ മുഴുവനായ തെററത്തോടുകൂടെയും നൊമ്പരത്തോടുകൂടെയും അതിന്നടുത്ത പ്രാച്യത്തങ്ങൾ തികപ്പാൻ തുനിഞ്ഞു പുറപ്പെടുകയുംവേണം. ചെയ്ത ദോഷങ്ങൾക്കു

ട്ടത്ത തെററമായിരിക്കുന്നതിന്നു അടയാളമെന്തന്നാൽ ദോഷങ്ങളെ കുറിച്ചു കരയുന്നതും അതിനെ രണ്ടാമതു ചെയ്യാതെയിരിക്കുന്നതും ഈ പ്രകാരമായി യാതൊരു ദോഷകാരൻ ചെയ്യുവെന്നുവരികിൽ അവൻെറ ആത്മം ശുദ്ധമായിരിക്കുന്നുവെന്നും മോക്ഷം കിട്ടുവാനുള്ള ശരണമുണ്ടെന്നും അറികയുമാം. ഇതുമെന്നിയേ തമ്പുരാന്റെ തിരുമന സ്സാലെ ലോകത്തിൽ അവനുവരുന്ന ദുഃഖങ്ങളും, പരീക്ഷകളും നല്ല ധൈയ്യത്തോടുകൂട ജയിക്കയുംചെയ്യും. ഇങ്ങനെയുള്ള തെറ്റത്താൽ ആത്മത്തിന്നു അനേകം നന്മകൾ വരുന്നതുമെന്നിയേ തമ്പുരാൻെറ ഇഷ്ടപ്രസാദവും അതിനാലെ ആത്മവളൎച്ചയും പുണ്ണ്യങ്ങൾ അതിൽ വൎദ്ധിക്കയും ആ തെററം തന്നെ ദോഷത്തെ ഇല്ലാതെ ആക്കുകയും പുണ്ണ്യവഴി നടപ്പാൻ ശക്തികൊടുക്കയുംചെയ്യും. ഇങ്ങിനെയുള്ള തെററാത്താൽ ഇത്രേ നന്മകൾ വരുന്നതിനെ വിശ്വാസക്കാരൻ അറി യാതെയും കൂട്ടാക്കാതെയും ഇരിക്കുന്നതു് അയോഗ്യം തന്നെയാകു ന്നതു്. ഇത്രനാൾ ദോഷങ്ങൾമേൽ ദോഷങ്ങൾ കൂട്ടിയതു പോരയോ. കടങ്ങൾമേൽ കടങ്ങൾ വാങ്ങുന്നവനെപ്പോലെ വിചാരിക്കാതെ സർവ്വത്തും വശമാകുന്ന തമ്പുരാൻെറ നീതിക്കു ഉത്തരിക്കേണ്ടുന്ന കട ങ്ങളെ വൎദ്ധിപ്പിക്കുന്നതു ബുദ്ധിയോ? പൈശാചനും, ലോകവും, ശരീ രവും ഈ മൂന്നു ശത്രുക്കൾക്കു സന്തോഷം വരുത്തുന്ന കാൎയ്യങ്ങളെ വിട്ടു ഇപ്പോൾത്തന്നെ നിൻെറ ദോഷങ്ങൾക്കു ഉത്തരിക്കേണ്ടുന്ന പ്രാച്ശ്ചിത്തം നിവിഷത്തിൽ തുടങ്ങുക. ഇനിമേലായിക്കൊള്ളാമെ ന്നുള്ള വിചാരത്തെ വിട്ടു എത്രയും ഉത്സാഹത്തോടുകൂടെ വേഗേന പ്രാച്ശ്ചിത്തപ്രവൃത്തികൾ തുടങ്ങിക്കൊൾകേ വേണ്ടു. അതെന്തന്നാൽ ഇനി പ്രാച്ശ്ചിത്തങ്ങൾ എടുപ്പാനും എത്തിപ്പാനും കാലമുണ്ടായിരി ക്കുമോ ഇല്ലയോയെന്നു തിരിയുന്നില്ല. ഇതിനെക്കൊണ്ടു ബുദ്ധിമാ നായിരുന്ന ഉടനെതന്നെ തുടങ്ങുകയുംവേണം. നീ വിശ്വാസക്കാര നായിരുന്ന 'മമ്മോദീസാ'യെന്ന ജന്മത്തിൽ പുത്രനായി പിറന്നു വെന്നും സൎവ്വത്തും വശമാകുന്ന ഉടയവൻ നിന്റെ അപ്പനായിരിക്കുന്നു വെന്നും ശുദ്ധമാന മാതാവായ പള്ളി നിൻെറ മാതാവായിരിക്കുന്നു വെന്നും ശുദ്ധമാന പള്ളിയിലുള്ള ധൎമ്മവചനങ്ങൾ ആകുന്ന പാലു ണ്ടായിരിക്കുന്നുവെന്നും ശുദ്ധമാന കുൎബാനയാകുന്ന ദിവ്യഭോജന

ത്തെ അനുഭവിക്കുന്നുവെന്നും വിചാരിച്ചു ദ്വാപരനായിരിക്കുന്ന
സവ്വത്തും വശമാകുന്ന തമ്പുരാൻ നിനക്കു ഇത്രെ നന്മകളെ തന്നിരിക്ക
യിൽ നീ നണ്ണി(ന്ദി)യില്ലാത്തവണ്ണവും നന്മകളെ ചെയ്യാതെയും
എത്രേ ദോഷങ്ങളെ ചെയ്തുവെന്നു കണക്കുണ്ടോ. ദ്വാപരനായിരി
ക്കുന്ന നമ്മുടെ അഫനാകുന്ന തമ്പുരാൻ പത്തു പ്രമാണങ്ങളെ
കല്പിച്ചിരിക്കയിൽ ഓരോരോ പ്രമാണങ്ങളെ എത്ര ഉഴം മറുത്തു
വെന്നും തമ്പുരാനെപ്പേടിച്ചിട്ടു, തന്നെ സ്നേഹിച്ചിട്ടും യാതൊരു
ദോഷത്തെ ചെയ്യാതിരുന്നോ, വാക്കിനാലെ ഉണ്ടായതോ, ദോഷ
ങ്ങൾക്കു കണക്കുണ്ടോ. പ്രവൃത്തിയാലെ ചെയ്ത ദോഷങ്ങൾക്കു
കണക്കില്ലാതെയിരിക്കുന്നതുമെന്നിയെ ഒരു ദോഷങ്ങളെയെങ്കിലും
തികയ്ക്കാതെയിരുന്നോ, എന്നാൽ നിരുവണകൊണ്ടു ആകാത്ത
ഇഷ്ടത്തിന്മേൽ നിരൂപിക്കയും കണ്ണാലെ കണ്ടതെല്ലാം ഇശ്ചിക്കയും
ആകാത്ത നിരുവണവരുമ്പോൾ അതിനെ ആഗ്രഹിച്ചു അതിനിടം
കൊടുക്കുന്നതല്ലാതെ തമ്പുരാനുണ്ടെന്നും ഇങ്ങിനെയുള്ള തിരുമന
സ്സിലേക്കു തെളിയാത്ത കാര്യമെന്നും വച്ചു ആ നിരുവണയെ തള്ളി
ക്കളഞ്ഞോ മനസ്സിൽ വരുന്ന കോപത്തെ തമ്പുരാനെ ഭയപ്പെട്ടു
തള്ളിക്കളഞ്ഞോ കണക്കു നോക്കിയാൽ തമ്പുരാനെ ഭയപ്പെട്ടു തള്ളി
ക്കളഞ്ഞോ കണക്കു നോക്കിയാൽ തമ്പുരാനെ പേടിക്കാതെ ദോഷം
ചെയ്ത കണക്കിനെണ്ണമുണ്ടോ. തമ്പുരാനെ പേടിച്ചിട്ടു ദോഷത്തെ
ഉപേക്ഷിച്ചതു എത്രയും ചുരുക്കമായിരിക്കുമെന്നു വിചാരിച്ചു ബഹു
ദുഃഖത്തോടുകൂടെ കരകയും വേണം. അതെങ്ങിനെയെന്നാൽ അഗ്നി
യാൽ മെഴുകുരുകുംവണ്ണം ഉരുകുവാനും, ദുഃഖിപ്പാനും പല അവകാശ
മുണ്ടായിരിക്കയിൽ ദോഷം ചെയ്തവർ(രു) കല്ലുപോലെയിരിക്കയും
വേണ്ട. അത്ര ദുഃഖിപ്പാനും കരവാനും കാരണമെന്തെന്നാൽ നീ
വിശ്വാസക്കാരനായിരിക്കയിൽ നിന്റെ ആത്മം ശരീരത്തിൽനിന്നു
വേർപെട്ടുടനെ മോക്ഷത്തിലെങ്കിലും നരകത്തിലെങ്കിലും പോകേ
ണ്ടിവരുമെന്നും നടന്നപ്രകാരത്തിലുള്ള കണക്കു ഉടയവന്റെ തിരു
മുമ്പിൽ കേൾപ്പിക്കേണ്ടിവരുമെന്നും ഉറച്ചു നിശ്ചയിച്ചു വിശ്വാസ
മില്ലാത്തവരെപ്പോലെയും കാവ്യരെപ്പോലെയും നടന്നുപോയ കാര്യ
ത്തെ വിചാരിച്ചാൽ കരവാനും, ദുഃഖിപ്പാനും വേണ്ടുവോളം അവ

കാശമുണ്ടായിരിക്കയുംചെയ്യും. ഇതിനെക്കൊണ്ടു അററമില്ലാത്ത തമ്പുരാൻെറ മനസ്സുണത്തെയും മഹിമയും കൂട്ടാക്കാതെ നിൻെറ ബഹുമാനവും വസ്തുവും വിചാരിച്ചു അന്നുമാത്രം പ്രയത്നംചെയ്തു നടക്കുന്നതല്ലാതെ അഴിഞ്ഞുപോകാത്ത ദ്രവ്യത്തെയും പട്ടാംഗയായ ബഹുമാനത്തെയും ഒട്ടും വിചാരിക്കാതെ നടക്കുന്നതെന്തേ. സത്യ വേദത്തിലുള്ള സത്യവചനങ്ങളെ പട്ടാംഗയായി വിശ്വസിക്കാതെ അതിനെ സംശയിക്കുന്നവൻ എങ്ങനെ നടക്കും. അവൻ നട ക്കുന്ന കാര്യങ്ങളിൽ വിശ്വാസമില്ലെന്നു കാണുകയുമാം. ഇങ്ങനെയു ള്ളവരുടെ പ്രവൃത്തിയെ സൂക്ഷിച്ചു വിചാരിച്ചാൽ കാവ്യരുടെ പ്രവൃത്തിക്കു ഒത്തിരിക്കുന്നതല്ലാതെ വിശ്വാസക്കാരരുടെ പ്രവൃ ത്തിക്കു ഒക്കുകയുമില്ല. ദോഷകാരനായവനെ ഇങ്ങനെയുള്ള ദോഷമയ്യത്തെ വിട്ടുപേക്ഷിച്ചു ദോഷത്തിന്മേൽ കരഞ്ഞു ദുഃഖിപ്പി ച്ചിരിക്കുന്ന മനസ്സോടുക്കൂടയും മുഴവനായ തെററത്തോടുക്കൂടയും അള വില്ലാത്ത മഹിമയുള്ള തമ്പുരാനോടു മറുത്തു പിഴച്ചതിനാലെ അററമില്ലാത്തവണ്ണം സംകടപ്പെട്ടുകയും തെററങ്ങൾക്കടുത്ത പ്രാച്ഛ ത്തങ്ങൾക്കു പുറപ്പെട്ടുകയുംവേണം. ഇങ്ങിനെയുള്ള തെററങ്ങൾ മുതലായ ധമ്മകാര്യങ്ങൾകൊണ്ടു പൊയ്യോയ തമ്പുരാൻെറ ഇഷ്ട പ്രസാദം വീണ്ടുകിട്ടുകയും ഇഹലോകത്തിൽ നൃമ്മ(നിമ്മ)ലമന സ്സോടുക്കൂടെ സന്തോഷമായിരുന്നു ഒരിക്കലും അഴിവില്ലാത്ത മോക്ഷാ നന്ദത്തെ അനുഭവിക്കയുംചെയ്യും. ദോഷത്തെ ഉപേക്ഷിപ്പാനും മോക്ഷത്തെ അപേക്ഷിപ്പാനും ബുദ്ധിയും തമ്പുരാൻെറ വേദവും ഇഹലോകവും മരണവും തമ്പുരാൻെറ നീതിയും ദ്യാവും നിനക്കു ബുദ്ധിചൊല്ലുംവണ്ണം കെട്ടു, ദോഷമെന്ന മയക്കത്തിൽ ഉറങ്ങുന്നവ നെപ്പോലെയിരിക്കുന്ന നിന്നെ വലിയ എകരപ്പെട്ടു ഒച്ചയാൽ വിളിക്കുന്ന വേഗത്തിൽ ബഹുദോഷങ്ങളുണ്ടാക്കുന്ന ലോകനന്മയുടെ ഉറക്കമെന്ന അനിത്യഭാഗ്യത്തിൻെറ മയക്കത്തെ വിട്ടു സദാകാലം ജീവിക്കണമെന്നുള്ള ആശയോടുക്കൂടെ ധമ്മവഴിയിൽ പട്ടാംഗയായി നടപ്പാൻ തുടങ്ങുകയും വേണം.

രണ്ടാംമുത്തുക്കൂടി.

# മൂന്നാം മുത്താകുന്നതു്

പല പ്രായത്തിൽതന്നെ പ്രാച്ഛ്യത്തം തുടങ്ങുകയുംവേണം.

വിശ്വാസക്കാരാ! ബാലപ്രായത്തിൽതന്നെ നിന്നെ സൃഷ്ടിച്ചുണ്ടാക്കിയ ഉടയവനെ നിനച്ചു മുഴവൻ മനസ്സോടുക്രുടെ നിനക്കു സ്തുതിയായ് നടപ്പാൻ ശ്രമിക്ക. ഈ പ്രായത്തിൽ ലോകത്തിൻെറ സുഖങ്ങളെ അനുഭ..........ഇനിമേലിൽ തപസ്സചെയ്യണമെന്നുള്ള വിചാരം നന്നല്ല. അതെന്തന്നാൽ പ്രായക്കാരരായാൽ തപസ്സിന്നും പ്രാച്ഛ്യത്തങ്ങൾക്കും ശക്തിയും വിലവും കുറകയും ഉള്ളിന്ദ്രിയങ്ങൾക്കുള്ള ധൈര്യവും കുറഞ്ഞുപോം. ഇതിനെക്കൊണ്ടു ബാലപ്രായത്തിൽ പ്രയത്നംചെയ്കയും പ്രായക്കാലത്തിൽ ഇളപ്പമായിരിക്കുന്ന സമയമല്ലാതെ പ്രയത്നത്തിൻെറ സമയവും അല്ലാ എന്നവണ്ണംതന്നെ കിളവപ്രായത്തിൽ പ്രാച്ഛ്യത്തങ്ങൾ എടുപ്പാനും പുണ്യങ്ങളെ പ്രവൃത്തിപ്പാനും മഹാ അരിമയായിരിക്കയും ചെയ്യും. ഇതുമെന്നിയെ ക്രുടെക്രുടെ ദോഷവഴി വ്യാപരിച്ചു് തഴക്കമായാൽ അതിനെ ഉപേക്ഷിച്ചു പുണ്യവഴി നടക്കുന്നതെത്രയും വലിയ അരിമയായിരിക്കുന്നു. പ്രായക്കാരരായാൽ ചില ദോഷങ്ങളെ ചെയ്വാൻ ശക്തിയില്ലാതെയിരിക്കും. അതിൻവണ്ണം തന്നെ അനേകം പുണ്യങ്ങളെ ചെയ്വാനും, ശക്തിയുണ്ടാകയുമില്ല. ബാലപ്രായത്തിൽ എത്രയും എരിവോടുക്രുടെയും, ചുറുക്കോടുക്രുടെയും പുണ്യവഴി വ്യാപരിച്ചാൽ പ്രായം ചെന്നതിൻെറ ശേഷം മടിയുമായി ചുറുക്കില്ലാതെ മറയുമായി പുണ്യവഴി നടന്നുകൊണ്ടു വരുന്നതു കാണുന്നതല്ലാതെ ബാലപ്രായത്തിൽ പുണ്യം ചെയ്യാതെ മടിയോടുക്രുടെ നടന്നവർ പ്രായക്കാരരായതിൻെറ ശേഷം എരിവോടുക്രുടയും ചുറുക്കോടുക്രുടയും പുണ്യവഴി നടക്കുന്നതു് അനേകം പേരുകളെക്കാണുന്നില്ല. ബാലപ്രായത്തിൽ നടക്കുന്നപ്രകാരമല്ലാതെ പ്രായംചെന്നതിന്റെശേഷം അതിലും, പുണ്യങ്ങളിൽ കുറഞ്ഞുപോകുന്നതേ കാണുന്നുള്ളൂ. അതല്ലാതെ അധികമായ പുണ്യങ്ങളോടുക്രുടെ ഈ സമയങ്ങളിൽ നടക്കുന്നതിനെ കാണുന്നതു് എത്രയും ചുരുക്കമായിരിക്കും. അതെന്തന്നാൽ ഒരു നേരമുള്ള നോമ്പുകൾകൊണ്ടും പൈയ്യും ദാഹവും

ക്ഷമിക്കേണ്ടതിന്നു ശരീരംകൊണ്ടു പ്രായശ്ചിത്തം എടുക്കേണ്ടതിന്നും കിളവപ്രായക്കാൎക്കു ബഹുസങ്കടമായിരിക്കും. നോമ്പു നോല്പാൻ ശക്തിയില്ലാത്ത കാലത്തിൽ അതിനെ എടുത്തുകൊള്ളാമെന്നും വിചാരിച്ചു അതിന്നു ശക്തിയുള്ള കാലത്തിൽ അതു് എടുക്കാതെയിരിക്കുന്നതു് ബുദ്ധിയല്ല. അതെന്തന്നാൽ പട്ടാംഗയാലെ തന്നെ രക്ഷിപ്പാൻ മനസ്സുള്ളവർ ഒട്ടും താമസം കൂടാതെ ഉടനെതന്നെ നോമ്പു നോല്പാൻ തുടങ്ങുകയും വേണം. ദോഷക്കാരനായിരിക്കുന്നവനെ ഉടനെതന്നെ ദോഷങ്ങളെ വിട്ടുപേക്ഷിച്ചു അതിനാലററമില്ലാത്ത വണ്ണം ദുഃഖിച്ചു തേറി പുണ്യവഴി നടപ്പാനും ബഹുപുണ്യങ്ങളെ ചെയ്വാനും വേഗേന ഉത്സാഹിച്ചാൽ പിന്നത്തതിൽ പുണ്യങ്ങൾ ചെയ്‌വാൻ പരാധീനം കൂടാതെ എളുപ്പമായിരിക്കയും ചെയ്യും. സുഖമായിരിക്കുമ്പോൾ തന്നെ ശക്തിയുള്ള കാലങ്ങളിൽ പുണ്യങ്ങളെ ചെയ്വാൻ തുടങ്ങുകയും അതെന്തന്നാൽ എത്രപേർ ഇട്ടപൊട്ടുക്കനെ ചത്തുപോയി! നീ എപ്പോൾ മരിയ്ക്കും എന്നു അറിവാൻ വഹിയായ്കകൊണ്ടു മരണത്തിന്റെ ആസ്ഥപ്പാടു കൂടാതെ മരിച്ചു എന്നു വരികിൽ എന്നന്നേയ്ക്കും ചേരദപ്പെട്ടു പോയെന്നും വരും. ഇതു വരാതെയിരിപ്പാൻ അസ്തപ്പാടു കൂട്ടുന്നതു് നല്ല ബുദ്ധിയായിരിക്കും. പട്ടാംഗയായാലെ പുണ്യവഴി നടപ്പാൻ ഏററിയ പേർ ആഗ്രഹിച്ചിരുന്നാലും അവൎക്കു ഇട്ടപൊട്ടക്കെന്നു വന്ന മരണം കൊണ്ടെങ്കിലും വേറെ വിഘ്നം കൊണ്ടെങ്കിലും പുണ്യപ്രവൃത്തി തുടങ്ങാതെ കണ്ടു ആ അനുഗ്രഹത്തോടുകൂടെ ആത്മത്തിന്റെ രക്ഷവഴി. നടക്കാതെ ആ വിചാരത്തോടുകൂടെ മരിക്കയും നരകത്തിൽ പോകയും ചെയ്തു ഇതിനെക്കൊണ്ടു് നല്ല ആശകൾക്കും പ്രവൃത്തികൾക്കും താമസം ഒട്ടും തന്നെ ഉണ്ടാകയുമരുതു്. യാതൊരു ദോഷവഴി നീ നടക്കുന്നോ അതിനെ വേഗേന ഉപേക്ഷിച്ചു തള്ളിക്കളഞ്ഞു ചെയ്ത ദോഷങ്ങളെക്കുറിച്ചു കരകയും അതിന്നടുത്ത പ്രാച്ശിത്തങ്ങൾ എത്തിക്കേണ്ടതിന്നു നന്മപ്രവൃത്തികൾ വേഗേന തുടങ്ങുകയും വേണം. ഇതിൻവണ്ണം ചെയ്തു എന്നു വരികിൽ സർവ്വത്തും വശമാകുന്ന ബാവാതമ്പുരാൻ നിന്റെ ദോഷങ്ങളെ പൊറുപ്പാൻ മിശിഹാതമ്പുരാൻ നിനക്കുവേണ്ടി അപേക്ഷിക്കയും ശുദ്ധമാന റൂഹാദക്കുദാശ

തമ്പുരാൻ നിൻെറ ശ...... ൽ കുടിയിരുന്നു അതിനെത്തൻെറ വെളിവിൻെറ കതിരുകളാൽ നിറയപ്പെട്ടത്തി നീ ചെയ്യുന്ന പുണ്യങ്ങൾക്ക് പരിപൂർണ്ണഫലങ്ങളെ ഒടുക്കമില്ലാത്തകാലം അനുഭവിക്കത്തക്കവണ്ണം കല്പിക്കയും ചെയ്യും.

മൂന്നാംമുത്തുകൂടി.

---

# നാലാം മുത്താകുന്നതു്

മരണസമയത്തിൽ അതിന്നടുത്ത ആസ്ഥപ്പാടു കൂട്ടേണ്ടുന്ന കാലമല്ല. ചില വിശ്വാസക്കാരൻ ദോഷമെന്ന ഉറക്കത്തിൽ അകപ്പെട്ടു വലിയ മോശമായിപോകുന്നു. അതെന്തന്നാൽ ഇപ്പോൾ തപസ്സും, പുണ്യങ്ങളും ചെയ്തു ധമ്മവഴി നടക്കാതെയും നല്ല മരണത്തിന്നു ആസ്ഥപ്പാടുകൂട്ടി തുനിഞ്ഞു പുറപ്പെടാതെയും ഇനിമേൽ മരണസമയത്തിൽ വേണ്ടുന്ന ആസ്ഥപ്പാടു കൂട്ടിക്കൊള്ളാമെന്നു വിചാരിച്ചു ഇപ്പോൾ തങ്ങളുടെ ദുർബ്ബുദ്ധിക്കൊത്തവണ്ണം നടന്നു് ആസ്ഥപ്പാടുകൂടാതെ മരണസമയത്തിൽ ആസ്ഥപ്പാടു കൂട്ടിക്കൊള്ളാമെന്ന വിചാരത്താൽ ലോകസുഖങ്ങളെ അനുഭവിക്കുന്നേയുള്ളൂ. ഇതു് മഹാബുദ്ധിഹീനവും ദോഷത്തിൻെറ ഉറക്കവുമായിരിക്കുന്നതിന്നു സന്ദേഹമില്ല. അതെന്തന്നാൽ മരണസമയത്തിൽ ഇങ്ങിനെയുള്ള ആസ്ഥപ്പാടുകൂട്ടി മരിക്കേണ്ടതിന്നു നാലുദിക്കും വിഘ്നമായിരിക്കും. അതായതു് മരിച്ചുപോകുമെന്നുള്ള ഭയം ഒരുഭാഗത്തു തോന്നുകയും വ്യാധിയുടെ കഠിനങ്ങളും, സങ്കടങ്ങളും ഒരുഭാഗത്തു വരുന്നതുകൊണ്ടും കെട്ടിപ്പുലന്നിരിക്കുന്നവക്ക് കെട്ടിയവളും മക്കളും കരഞ്ഞു ദുഃഖിച്ചു് ഒരു ഭാഗത്തിൽ കാണുന്നതും ഇങ്ങിനെയുള്ള സങ്കടങ്ങളുടെ മദ്ധ്യേ ഇരിക്കുന്ന വ്യാധിക്കാരൻ ആ സമയത്തിൽ തമ്പുരാനെ ഓത്തു ചെയ്ത ദോഷത്തിന്മേൽ തേറുവാനും മരണത്തിന്നു് ആസ്ഥപ്പാടു കൂട്ടുവാനും സമയമാകുമോ. ജീവിച്ചിരിക്കുന്ന നാൾ ചെയ്വാൻ മടിച്ച തപസ്സുകളും നന്മപ്രവൃത്തികളും അപ്പോൾ ചെയ്വാൻ കൂടുമോ. പട്ടക്കാരരു നല്ലബുദ്ധി ചൊല്ലുമ്പോഴും ധമ്മപ

സ്തകങ്ങൾ വായിച്ചുകേൾക്കുന്ന സമയത്തും അവനവൻ ചെയ്ത ദോഷങ്ങളെ മനസ്സിൽ വിചാരിച്ചു ഉപേക്ഷിക്കയും ആ ഹേതുവാൽ വലിയ തെററത്തോടുകൂടെ ദുഃഖിക്കയും മുഴുവൻ മനസ്സോടുകൂടെ തമ്പുരാനെ സ്നേഹിപ്പാനും, സേവിപ്പാനും ശക്തിയോടുകൂടെ നിശ്ചയിക്കാതെകണ്ടു് മരണസമയത്തിൽ വരുന്ന വ്യാധികളുടെ കഠിനപ്പെട്ട സംകട(ക)ളാൽ വലയുന്നമദ്ധ്യെ തേറി മരിപ്പാൻ കൂടുമോ. എല്ലാകാര്യങ്ങളേക്കാൾ കനപ്പെട്ട കാര്യം ശക്തിയില്ലാത്തനേരം കുറയ്ക്കുന്നതു ബുദ്ധിയുള്ള മാനുഷനാകുമോ. നല്ലവണ്ണം മരിപ്പാൻ ആസ്ഥപ്പാടു കൂട്ടുന്നതിനേക്കാൾ ശക്തിപ്പെട്ട കാര്യങ്ങളെല്ലാം ഇല്ലാതിരിക്കയിൽ നൊമ്പരങ്ങളുടെ കഠിനവേദന അനുഭവിക്കുന്ന വ്യാധിക്കാരൻ ആ സമയം ഇത്ര വലിയ കാര്യത്തെ ചെയ്യാമെന്ന തന്റെ ആത്മത്തെ രക്ഷിപ്പാൻ മനസ്സില്ലാത്തവനത്രെ നോക്കിയിരിക്കുന്നതു്. അതെന്തന്നാൽ കനപ്പെട്ട കാര്യങ്ങളെ ശക്തിയുള്ള നേരങ്ങളിൽ ചെയ്യണം. അപ്പഴതിനെ ചെയ്യാതിരിക്കുന്നതു് കണ്ടാൽ മനസ്സിലാത്ത കാര്യമെന്നതിന്റെ അടയാളമാകുന്നതു്. എന്നാൽ ശുദ്ധമാകപ്പെട്ട പുണ്യവാളന്മാർ ഈ കാര്യത്തിന്മേൽ അരുളിച്ചെയ്യുന്നതു സുഖത്തോടുകൂടിയിരിക്കുന്ന കാലങ്ങളിൽ തമ്പുരാനെ ഓക്കാതെ നടന്നവൻ മരണകാലങ്ങളിൽ തന്റെ ശിക്ഷയ്ക്കു ഭയപ്പെട്ടു ആത്മത്തെ കൂട്ടാക്കാതെ മറന്നു ഒടുക്കമില്ലാത്ത നരകത്തിന്റെ സംകടങ്ങളെ അനുഭവിക്കയും ചെയ്യും. ഇതിനെക്കൊണ്ടു ശുദ്ധമാന ഗുഹാദക്കദാശ വേറൊരു പുണ്യവാളനാലെ അരുളിച്ചെയ്ത വചനങ്ങളേക്കാൾ അതായതു തമ്പുരാനെ കാണുന്ന സമയങ്ങളിൽ തന്നെ അന്വേഷിക്കണം. കാണ്മാൻ വഹിയാത്ത സമയമാകുന്ന മരണസമയത്തു തന്നെ അന്വേഷിക്കയും കാണ്കയും കഴിയുന്നതല്ല. അതെന്തന്നാൽ മരണംവരുന്ന സമയത്തു് തമ്പുരാനു കണക്കുകൊടുക്കേണ്ടതിനു അപ്പോൾ വിചാരിച്ചാൽ കഴിയുമോ? ബുദ്ധിയില്ലാത്ത അഞ്ചു കന്യാസ്ത്രീകൾ നല്ല സമയമല്ലാത്ത നേരങ്ങളിൽ തമ്പുരാനെ വിളിച്ചു അപേക്ഷിച്ചതിനാൽ തമ്പുരാനാലെ നിന്ദിക്കപ്പെട്ടവരായി പരലോകത്തിന്റെ വാതിലടക്കപ്പെട്ടു മോക്ഷത്തിൽനിന്നു തള്ളപ്പെട്ടുപോയി. ഇതിൻ

വണ്ണം നിനക്കു വന്നുപോകാതിരിപ്പാൻ വേഗെന പുണ്യവഴി നടന്നു തമ്പുരാൻെറ തിരുമുമ്പിൽ എത്തേണ്ടുന്ന നന്മകളെ കൂട്ടിക്കൊൾക. ഇപ്പൊൾ മടിയായിരുന്ന നിൻെറ ബുദ്ധിക്കൊത്തവണ്ണം വ്യാപരിക്കാതെ പട്ടാംഗയായ മിശിഹാ തമ്പുരാൻ പഠിപ്പിച്ച പ്രകാരം നടക്കേണ്ടതിന്നു ഉടനെതന്നെ ദോഷങ്ങളെ വിട്ടുപേക്ഷിച്ചു പുണ്യവഴി നടപ്പാൻ ശക്തിയോക്കെയോട്ടുംകൂടെ തുനിയുകയുംവേണം. ഇനിമേലായിക്കൊള്ളാമെന്നുള്ള വിചാരം വരുന്നതല്ല. ഇതിനെക്കൊണ്ടു ഇപ്പോൾതന്നെ ശങ്കിച്ചു സൂക്ഷത്തോടുകൂടെ നോമ്പുമുതലായിട്ടുള്ള ധർമ്മകാര്യങ്ങളാൽ ഉടയതമ്പുരാനെക്കണക്കു കേൾപ്പിക്കത്തക്കവണ്ണം വിധയത്തിലാക്കിക്കൊള്ളുകയും വേണം. കണക്കു കേൾപ്പിക്കേണ്ടുന്ന സമയത്തിൽ അതിനെ വിചാരിക്കുന്നതു് ഒക്കെയിലും വലിയ ദോഷതാപമായിരിക്കയേയുള്ളു. അതെന്തന്നാൽ അളവില്ലാത്ത മോക്ഷഭാഗ്യം അനുഭവിക്കേണ്ടതിന്നു പുണ്യങ്ങളോടുകൂടെ മരിക്കയുംവേണം. നല്ലവണ്ണം മരിക്കുന്ന ശാസ്ത്രം എല്ലായിലും വലിയ ശാസ്ത്രം തന്നെ ആകുന്നതു്. ഇപ്പോൾ നല്ല സുഖത്തോടുകൂടെത്തന്നെ ഇരിക്കുന്ന സമയത്തു ദിവസേന അതിനെ പഠിക്കയും വേണം. അല്ലാതെ കഠിനസങ്കടങ്ങളനുഭവിക്കുന്ന മദ്ധ്യേ, ഈ ശാസ്ത്രം പഠിക്കയും ഇല്ല.

നാലാം മുത്തുകൂടി.

---

## അഞ്ചാം മുത്താകുന്നതു്

ദോഷദുഃഖത്തെ അപേക്ഷിക്കുന്ന നമസ്കാരം.

ഈശോമിശിഹാകർത്താവേ! അളവില്ലാത്ത നീതിയോടുകൂടെ ഒടുക്കത്തെ ദിവസത്തിൽ വിധിക്കുന്ന തമ്പുരാനെ! താൻ പുണ്യങ്ങൾക്കെല്ലാം ഫലംകൊടുക്കുമേ. എന്നാൽ തന്റെ അളവില്ലാത്ത മനഗുണത്താലെഅത്രേ മാനുഷൎക്കു ഉപകാരം ചെയ്യുന്നതു്. അതെന്തന്നാൽ ദോഷംചെയ്യുന്നവൻ പട്ടാംഗയായ തമ്പുരാന്റെ സ്നേഹത്തെ ഇല്ലാതെയാക്കുന്നതുമെന്നിയേ, നരകത്തിൻെറ അറുതിയില്ലാത്ത ദുഃഖങ്ങൾക്കു

പാത്രമായിരിക്കുമേ. ഇങ്ങനെയുള്ള മാനുഷർ ചൈത ദോഷങ്ങൾക്കുട്ട ത്തവണ്ണം മുഴുവനായി തേറിയാൽ തന്റെ ഇഷ്ടപ്രസാദത്തെ രണ്ടാമതു കൊടുക്കുന്നതുമെന്നിയേ അവൻെറമേൽ നരകവേദന അനുഭവിക്കേ ണ്ടതിനുള്ള ദോഷങ്ങൾക്ക ഇഹലോകത്തിലിരിക്കുന്ന കാലങ്ങളിൽ പ്രാച്ഛിത്തങ്ങളാൽ തീൎത്തുകവണ്ണം മനുഗ്രണം ചെയ്യുമേ. ദ്ര്യാവി ൻെറമനുഗ്രണക്കാരനാകുന്ന തമ്പുരാനെ ഞാൻ അററമില്ലാത്ത ദോഷ ക്കാരനായി എളുമയില്ലാതയും നാണം കൂടാതെയും എണ്ണമില്ലാത്ത ദോഷങ്ങളെ ചെയ്തു് ദോഷത്തോടുകൂടുന്ന വസ്തുക്കളിൽ ചേൎന്നു പോകുന്ന മനസ്സേ ഉപേക്ഷിക്കാതെ മൃഗംപോലെ യിശ്ചയായിരി ക്കുന്ന സ്ഥലങ്ങളിൽ പോകുന്നതല്ലാതെ ന്യായമുള്ള മാനുഷരെപ്പോ ലെയും, ന്യായംപോലെയും നടന്നില്ല. ഇപ്പോൾ തൻെറ അററമി ല്ലാത്ത അനുഗ്രഹത്താലെ ഈ നന്മപ്രവൃത്തികളാൽ ഞാൻ ചൈത അററമില്ലാത്ത ദോഷങ്ങൾക്കുടുത്ത പ്രാച്ഛിത്തം മുഴുൻവൻ തികപ്പാൻ എന്നോടു മനുഗ്രണം ചെയ്യേണമെന്നു ഞാൻ അപേക്ഷിക്കുന്നേൻ.

ദ്ര്യാവുള്ള തമ്പുരാനേ! ഞാൻ ചൈത ദോഷങ്ങളെക്കുറിച്ചു കരയേണ്ടുന്നതിന്നു എൻെറ കണ്ണുകളിൽനിന്നു ആറുപോലെ ഒഴുകു വാൻ കണ്ണുനീരുകളെത്തരണമേ! കൎത്താവേ! തൻെറ തിരുമനസ്സിന്നു തെളിയാത്ത കാൎയ്യങ്ങളെ ചെയ്തു എൻെറ ഇഷ്ടംപോലെ വ്യാപരിച്ചു തല്ലാതെ തൻെറ പ്രമാണങ്ങൾക്ക ഒത്തപോലെ നടന്നില്ല. താൻ കല്പിച്ച കാൎയ്യങ്ങളെ ചെയ്യാൻ മടിയായിരുന്നു (ന്ന) ശരീരത്തിന്നടുത്ത കാൎയ്യങ്ങൾക്ക സാമൎത്ഥ്യമുള്ളവനായിരുന്നേൻ. ആത്മത്തിന്നടെ കാൎയ്യ ങ്ങളിൽ മന്ദബുദ്ധിക്കാരനായിരുന്നു. ശരീരകാൎയ്യങ്ങളിൽ ബഹുബുദ്ധി കാരനായിരുന്നേൻ. ധൎമ്മകാൎയ്യങ്ങളെ ചൈവാൻ ശക്തിയില്ലാത്ത വനായിരുന്നേൻ. ശരീരകാൎയ്യങ്ങൾക്ക ശക്തിയുള്ളവനായിരിന്ന തന്റെ മേൽ ഭക്തികൂടാതെ എൻെറമേൽ ബഹുപക്ഷമായിരുന്ന യാതൊരു ദോഷങ്ങൾ ചൈവാൻ കൂടതെയിരുന്നുവെങ്കിലും എൻെറ ദുൎബ്ബുദ്ധി യാലതിനെ അപേക്ഷിക്കയും ചൈതു. എൻെറ ആത്മാവിൻെറ വിശ്വാസമെന്ന ഒരു പുണ്യത്തെമാത്രം വച്ചുകൊണ്ടു ശേഷമുള്ള പുണ്യങ്ങൾക്ക ഒന്നിന്നും ഇടകൊടുത്തതുമില്ല. സൎവ്വേശ്വരാ! ദ്ര്യാവു ള്ളതമ്പുരാനെ! നന്മയാലെ രക്ഷിക്കുന്ന ഈശാ! തമ്പുരാനെ! എന്റെ

ദോഷങ്ങളാൽതന്നെ കരിശുമ്മേൽ തറച്ചു. ഇപ്പോൾ ആ ദോഷങ്ങളാൽ അററമില്ലാത്തവണ്ണം ഖേദിക്കുന്നേൻ. എന്റെ ദോഷങ്ങൾ എണ്ണമില്ലാത്തതായിരുന്നാലും തന്റെ അററമില്ലാത്ത കൃപയും കരിശുമ്മേൽ തന്റെ പ്രാണനെ കൊടുത്തതിനേയും വിചാരിച്ച് എന്റെമേൽ അനുഗ്രഹമായിരുന്ന ആ ദോഷങ്ങൾക്ക പൊറുതിയാലെ തേറുവാനും അതിന്റെ മഹിമയ്ക്കു ചേരുംവണ്ണം ഉള്ള പ്രാച്ഛിത്തങ്ങൾ എത്തിപ്പാനും മനഗുണം ചെയ്യണമെന്നു തന്നോടു ഞാൻ പ്രാർത്ഥിക്കുന്നേൻ. എന്റെ മരണത്തിനോളം ശുദ്ധമനസ്സോടുക്രുടെതന്റെ തിരുമനസ്സിനൊത്തവണ്ണം നടപ്പാൻ മനഗുണം ചെയ്യണമേ. അതെന്നാൽ താൻ സന്തോഷിക്കത്തക്കവണ്ണം ഞാനിപ്പോൾ നടന്നുവെങ്കിൽ ഒടുക്കമില്ലാത്ത കാലങ്ങളിൽ മോക്ഷാനന്ദത്തെ അനുഭവിക്കും. മുഴവൻ തെററത്തോടുക്രുടെ പ്രാച്ഛിത്തങ്ങൾ എത്തിപ്പാൻ ഇതിൻവണ്ണം തമ്പുരാനോടു അപേക്ഷിക്കയും വേണം.

അഞ്ചാംമുത്തുക്രുടി.

---

## ആറാം മുത്താകുന്നതു്

ക്രുടെക്രുടെ കുമ്പസാരിക്കുന്നതിനാൽ വരുന്ന ഉപകാരം:—

തന്നെ രക്ഷിക്കണമെന്നു മനസ്സുള്ള വിശ്വാസക്കാരൻ ഓരോരോ വൎഷത്തിനകം പലവുഴം കുമ്പാരിച്ചുകൊണ്ടുവരികയും വേണം. ഇതിൻവണ്ണം എത്തിക്കാതെ ഉപേക്ഷിച്ചാൽ കുമ്പസാരത്തിനാലേ വരുന്ന അററമില്ലാത്ത നന്മകളെ കിട്ടുകയുമില്ല. കുമ്പസാരം ക്രുടെക്രുടെ എത്തിക്കാത്തവൻ ദോഷമെന്നവ്യാധിയെ നീക്കാതെ ക്ഷയവ്യാധിക്കാരനെപ്പോലെ ദിവസേന കുറഞ്ഞു ശക്തിയില്ലാതെയായി ദോഷങ്ങളെ തള്ളിക്കളെവാനും പുണ്യങ്ങളെ ചെയ്യേണ്ടതിന്നും ശക്തിയില്ലാതെയായിപ്പോകയും ചെയ്യും. ശുദ്ധമാന കുറുവാന കൈക്കൊള്ളാത്തവൻ ഭോജനമില്ലാത്തവന്റെ ശരീരംപോലെ ബലഹീനനായിപോകയും ചെയ്യും. ദോഷക്കാര! ദോഷത്തിൽ ഏറിയകാലം കിടന്നു ആത്മശത്രുക്കളാലെ ക്രുടെക്രുടെ മുറിവേററ ആ മുറിവുകളേ ക്രുട്ടാക്കാതേയും

ചികിത്സചെയ്യാതെയും ഇരുന്നാൽ ആ വ്യാധിയാകുന്ന ദോഷം കൂടെ കൂടെ വൎദ്ധിച്ചു നിൻെറ ആത്മാവിൽ വലിയ ശത്രുക്കളായി കുടിയിരിക്കയും ചെയ്യും. അതെങ്ങിനെയെന്നാൽ നിൻെറ വീട്ടിൽ ബന്ധുക്കൾക്കും, സ്നേഹകാരൎക്കും സ്ഥലം കൊടുക്കുന്നപോലെ, ഇങ്ങനെയുള്ള ദോഷങ്ങളെ നിൻെറ ഹൃദയത്തിൽ ഏറിയനാൾ വച്ചു താമസിപ്പിക്കയും അരുതു്. ഏറിയനാൾ അടുക്കൽ ഇരിക്കുന്ന ശത്രുക്കളാൽ നാശം വരുത്തുന്നവണ്ണം തഴക്കമുള്ള ദോഷം നിൻെറയിടത്തിൽ വിടാതെയിരുന്നു എന്നു വരികിൽ ആത്മരക്ഷകൂടാതെ എന്നന്നേയ്ക്കുമുള്ള നരകത്തിലകപ്പെടുകയും ചെയ്യും. അതെന്തെന്നാൽ ചൈത്താൻ അധികമധികമായി നമ്മെ പരീക്ഷിക്കുന്നതുകൊണ്ടും നമ്മുടെ ബുദ്ധി കുറച്ചിൽകൊണ്ടും പുണ്യവഴി നടക്കേണ്ടതിന്നു നിശ്ചയമില്ലായ്കകൊണ്ടുമത്രെ കൂടെക്കൂടെ നാം ദോഷത്തിൽ വീഴുന്നതു്. ദോഷമകപ്പെട്ടുവെന്നുകണ്ടാൽ ഒട്ടും ഉദാസതകൂടാതെ കുമ്പസാരംകൊണ്ടതിന്നെ നീക്കി കൂടെക്കൂടെ ധൎമ്മവഴിയിൽ നടപ്പാൻ പ്രയത്നം ചെയ്കയും വേണം. ഇതെന്നിയെ ദോഷത്തിൽ വീണാൽ അതിൽത്തന്നെ കിടന്നുപോകയുമരുതു്. മുറിവേററാലുടനെ അതിന്നെ പൊറുപ്പിപ്പാൻ ഉത്സാഹിച്ചു ഭേദം വരുത്തുമല്ലൊ. വ്യാധിവന്നാലും ഉടനെ ചികിത്സയാൽ അതിന്നെ നീക്കുവാൻ പ്രയത്നം ചെയ്യുമല്ലൊ എന്നവണ്ണം നിൻെറ ആത്മരക്ഷിപ്പാൻ മനസ്സുണ്ടെങ്കിൽ ദോഷമെന്ന വ്യാധിക്കു ഉത്തമൌഷധമായിരിക്കുന്ന കുമ്പസാരം ഉപേക്ഷകൂടാതെ എത്തിച്ചുവന്നാൽ ദോഷവ്യാധിയെത്തള്ളിക്കളഞ്ഞു ആരോഗ്യം വരുന്നതെന്നിയെ ദോഷത്താലെ പൊയ്പോയ ധൎമ്മപുണ്യങ്ങൾ രണ്ടാമതു കിട്ടുകയും ആ ദോഷത്താൽ തുറക്കപ്പെട്ട നരകത്തിന്റെ വാതിൽ കുമ്പസാരത്താലടച്ചു അടയ്ക്കപ്പെട്ട മോക്ഷത്തിൻെറ വാതിൽ തുറന്നു് അതിനാലെ തമ്പുരാൻ പരലോകത്തിൽ നിനക്കു വച്ചിരിക്കുന്ന അളവില്ലാത്ത ഭാഗ്യത്തെ ഒടുക്കമില്ലാത്തകാലം അനുഭവിക്കാൻ തക്കവണ്ണം പ്രാപ്തിയാകയും ചെയ്യും.

ആറാംമുത്തുകൂടി.

---

# ഏഴാം മുത്താകുന്നതു്

അട്ടക്കെ അട്ടക്കെ ശുദ്ധമാന കുറുവാന കൈക്കൊള്ളുന്നതി നാൽ വരുന്ന നന്മകൾ :—

ഓരോരോ വരുഷത്തിൽ പലവുഴവും കുമ്പസാരിക്കുന്നതു മെന്നിയേ ശുദ്ധഹൃദയത്തോട്ടക്കൂടയും ശക്തിപ്പെട്ട മനസ്സോട്ടക്കൂടയും വേറെ പല ആസ്സപ്പാടോട്ടക്കൂടയും പലപ്പഴം മിശിഹാതമ്പുരാന്റെ ശുദ്ധമാന ശരീരം കൈക്കൊള്ളുകയും വേണം. ദ്വാവരനാകുന്ന രക്ഷയുടയവൻ കോതമ്പപ്പത്തിൻെറ രൂപങ്ങൾക്കുള്ളെ സത്യമാ യിരുന്ന ദൈവികഭോജനമായി നമ്മുടെ ആത്മാവുകളെ വളത്തി രക്ഷിക്കുന്നു. ശരീരത്തിൻെറ ഭോജനം ശരീരമായി ശരീരത്തെ വളത്തും. ഈ ശുദ്ധമാന ഭോജനം എങ്ങിനെഎന്നാൽ തന്റെ ഇഷ്ടം മുതലായ പ്രസാദങ്ങൾ മുഖാന്തരത്തിനാലെ നമ്മോടക്കൂടെ യിരുന്ന നമ്മെ, തൻെറ രൂപമാക്കി മാനുഷരുടെ ബുദ്ധികളെ നീക്കി ദൈവികഗുണങ്ങളെ കൊട്ടക്കുന്നു. എങ്കിലോ വിശ്വാസ ക്കാരർ ദോഷവഴിയിൽ പഴകി എന്നേ മുഴവൻ കെട്ടപോകുന്നു? പുണ്യവഴി നടപ്പാൻ ഭാവിച്ചുതുടങ്ങിയാൽ എന്തേ അതിനെ ഉടനേ മടിച്ചു് ഉപേക്ഷിക്കുന്നു? ഇതിൻെറ കാരണമെന്തെന്നാൽ നല്ല ആസ്സപ്പാടോട്ടക്കൂടെ അട്ടക്കെ അട്ടക്കൽ ഈ ദൈവികഭോജ നമാകുന്ന ശുദ്ധമാന കുറുവാന കൈക്കൊള്ളായ്ക ഹേതുവായിട്ടത്രേ അവരുടെ ആത്മാവുകൾക്കു് ഇത്ര മോശംവരുന്നതു്. ഈ ദൈവി കഭോജനമായിരിക്കുന്ന ശുദ്ധമാന കുറുവാന കൈക്കൊള്ളേണ്ടു തിന്നു മാലാകമാരുടെ ശുദ്ധം വേണ്ടിയിരിക്കുന്നു. എങ്കിലും നിൻെറ പുണ്യദാരിദ്ര്യത്തെക്കണ്ടു ഈ ദൈവനന്മ വാങ്ങാതിരി ക്കയും വേണ്ടാ. അതെന്തെന്നാൽ ആ ദാരിദ്ര്യകത്താവാകുന്ന താൻ ഈ അഴിയാത്ത നന്മയെ തരുന്നതിനെക്കൊണ്ടു ദോഷവ്യാധിക്കൂടെ അകപ്പെട്ടുന്നുവെങ്കിലും ഈ ശുദ്ധമാന നന്മ കൈക്കൊള്ളാതെ ഇരിക്കയുമരുതു്. വ്യാധികാരക്കു് ഈശോമിശിഹാ ഈ ശുദ്ധ മാന നന്മ ദൈവികഔഷധമായി കല്പിച്ചതു് ഏറിയ ശത്രുക്കളാൽ പിൻതുടരപ്പെട്ടു വലഞ്ഞിരിക്കുന്നവക്കു താൻ ഈ സഹായത്തെ

അയച്ചതു് വെച്ചിരിക്കുന്നവൎക്കു ഈ ശുദ്ധമാന ഭോജനം ഉണ്ടാക്കിയതു്. ഈ ശുദ്ധമാന നന്മയുടെ ശക്തിയാൽ കീഴിൽ ചൈത ദോഷങ്ങൾ നീങ്ങും. ഇപ്പോൾ വരുന്നതിൽനിന്നു രക്ഷിക്കും. വരുവാനിരിക്കുന്ന ദോഷങ്ങളെ അറിഞ്ഞു് തള്ളിക്കളവാൻ ജ്ഞാനശക്തിയുണ്ടാകും. ആകാത്ത ഇഷ്ടങ്ങൾക്കുള്ള ബലം കുറഞ്ഞുപോകും. ശത്രുക്കളുടെ പരീക്ഷ കുറയും. ആത്മത്തിന്നു മോശം വരാതിരിപ്പാൻ തക്കവണ്ണമുള്ള ഉപായം അറിയപ്പെടും. കെട്ടുപോയ ധൎമ്മപുണ്യങ്ങൾ രണ്ടാമതു വീണ്ടുകിട്ടുകയും, മനസ്സിന്നു സമ്പൂൎണ്ണവും ഭക്തിക്കു സ്ഥിരവും, വിശ്വാസത്തിന്നു പ്രകാശവും ശരണം ഉറുതിപ്പെടുകയും ചെയ്യും. ഇതിനെക്കൊണ്ടു് ശുദ്ധമാകപ്പെട്ട ഒരു പുണ്യവാളൻ പറയുന്നവണ്ണം ഈ ആശ്ചൎയ്യമാകുന്ന ദൈവരഹസ്യമാകുന്ന ശുദ്ധമാന കുറുവാന വ്യാധിക്കാരൎക്കു് ആരോഗ്യവും പരദേശികൾക്കു സങ്കേതവും, ബലഹീനന്മാൎക്കു ശക്തിയും ബലവാന്മാൎക്കു സുഖവുമായിരിക്കും. മാനുഷർ ഈ ശുദ്ധമാന കുറുവാനയുടെ ശക്തിയാലെ ബുദ്ധി ചൊല്ലിക്കൊടുക്കുന്നവരുടെ വചനം കേൾക്കുന്നതിന്നു സാധുഗുണമുള്ളവനായിരിക്കും. തമ്പുരാന്റെമേലുള്ള ഭക്തി വൎദ്ധിക്കും. പഞ്ചഇന്ദ്രിയങ്ങളാകാത്ത സുഖത്തോടുകൂടെ നടക്കും. തമ്പുരാന്റെ പ്രമാണങ്ങളുടേയും തലവന്മാർ കല്പിക്കുന്ന കാൎയ്യങ്ങളെയും മടികൂടാതെ നടത്തുകയും തമ്പുരാൻ തങ്ങൾക്കു ചെയ്യുന്ന മനഗുണങ്ങളെക്കണ്ടു നന്ദിയറിയാഞ്ഞു തന്നെ സ്തുതിപ്പാൻ ഉറുതിയുള്ളവനായിരിക്കും. ദൈവികഭോജനമേ! ആശ്ചൎയ്യമാകുന്ന ദൈവരഹസ്യമേ! ജീവൻകൊടുക്കുന്ന അപ്പമേ! ഭക്തിയുള്ളവൎക്കും എളിമയുള്ളവൎക്കും ശുദ്ധഹൃദയത്തോടെ കൈക്കൊള്ളുന്നവൎക്കും എത്ര സന്തോഷം കൊടുക്കുന്നതു്. ആത്മത്തിന്നു എത്ര നന്മകൾ കൊടുക്കുന്നതു്. വിശ്വാസം മുതലായുള്ള പുണ്യങ്ങൾ എത്ര ക്രമത്തോടുകൂടെ ഇരിക്കുന്നതു്. ചൈത്താനെ ജയിക്കുന്നതും ദോഷങ്ങളെയില്ലാതാക്കുന്നതും ഇഹലോകത്തിന്നുടെ നന്മകൾ വെറുത്തു ബഹുമാനിക്കാത്തതും ആത്മമായിരിക്കുന്ന ഈ മാലാകമാരുടെ ഭോജനമാകുന്ന ശുദ്ധമാന കുറുവാന നാം കൈക്കൊള്ളുമ്പോൾ തമ്പുരാൻ തന്റെ തിരുമുമ്പാകെ ബഹുമാനം

വരുത്തുന്നത്തു് തന്റെ പ്രസാദമെന്ന നൊകത്തിനാലെനക്കു സന്തോഷത്തിൻപേരിലെ ഉപവിയെന്ന പ്രകാശമുള്ള അഗ്നി നമ്മുടെ ഹൃദയത്തിൽ എരികയും ചെയ്യും. തന്റെ ശുദ്ധമാന നന്മകൾ കൊണ്ടും കുരിശിന്മേൽ പാടുപെട്ട ഫലങ്ങളെക്കൊണ്ടും നമുക്കു തരുന്നത്തു്.

ഏഴാം മുത്തുകൂടി.

---

## എട്ടാം മുത്താകുന്നത്തു്

ദോഷത്തെ ചെയ്കയില്ലെന്നു ശക്തിപ്പെട്ട ഹൃദയത്തോടുകൂടെ നിശ്ചയിക്കയും വേണം.

യാതൊരു വിശ്വാസക്കാരൻ പട്ടാംഗയാലെ മുഴുവൻ മനസ്സോടുകൂടെ തമ്പുരാന്റെമേൽ ഭക്തിയായിരുന്ന തന്റെ ആത്മം മോക്ഷത്തിലാക്കണമെന്ന ആശയായിരുന്നാൽ ഈ അററമില്ലാത്ത നന്മയ്ക്കു ഒരു കാര്യം പ്രധാന കാരണമായിരിക്കും. അതെന്തെന്നാൽ തന്റെ മനസ്സിൽ ശക്തിപ്പെട്ട പ്രതിജ്ഞയും നിശ്ചയമായ കരുത്തുമുണ്ടായിട്ട് ഇങ്ങിനെയുള്ള നിശ്ചയത്തിൽ വ്യാപരിക്കുന്നവൻ എന്തൊരു കാര്യം വന്നാലും അതിൽനിന്നു തിരികയില്ലെന്നു നിശ്ചയിക്കയുംവേണം. അത്ര പ്രതിജ്ഞ എന്തെന്നാൽ ചാപദോഷം ഒരിക്കലും ചെയ്കയില്ലെന്നു അവനവന്റെ മനസ്സിൽ അച്ചടിച്ചപോലെ നിർണ്ണയമായിരിക്കയും വേണം. സ്നേഹപ്പെട്ടവരുടെ നീരസം വന്നാലും ബന്ധുക്കളുടെ മനസ്സിന്നു പ്രിയഹീനം വന്നാലും വസ്തുവും ബഹുമാനവും എല്ലാം പോയാലും ദാരിദ്ര്യമനുഭവിച്ചാലും ബഹുസങ്കടങ്ങളും, അവമാനങ്ങളും അനുഭവിക്കേണ്ടിവന്നാലും ഉടയതമ്പുരാനോട്ട് മറുത്തു ഒരു ചാപദോഷം പിഴയ്ക്കയില്ലെന്നു നിശ്ചയമായി ൻണ്ണ (നിർണ്ണ)യിക്കയും വേണം. ഒരു ചാപദോഷം ചെയ്താൽ കാവ്യരെല്ലാരും മോക്ഷം കരേറുമെന്നാലും ലോകമെല്ലാം രക്ഷിക്കാമെങ്കിലും ഒരു ചാപദോഷം ചെയ്തുകൂടാ. ഇങ്ങിനെ ഇരിക്കയിൽ ഒരു ചാച ദോഷം പിഴക്കാമോ. എന്തൊരു കാര്യമായാലും അതു ചെയ്തുകൂടാ. അപ്പോഴോ ആസാരമായ കാര്യം ഹേതുവാൽ വലിയ ചാപദോഷം

പിഴക്കുന്നവർ തങ്ങളുടെ ബുദ്ധി കുറച്ചിലും ദോഷത്തിന്റെ കഠിനത്തെയും കഷ്ടതയും വിചാരിച്ചു് ഇനി മേലെങ്കിലും ബുദ്ധിമാനായിരുന്നു ന്യായത്തോടെ നടന്നു ഏതൊരു കാൎയ്യം ഹേതുവായാലും തങ്ങളുടെ പറ്റിൽ ശാപദോഷത്തിന്നിടം കൊടുക്കയുമരുതു്. ഒരു പുണ്യവാൻ ഈവണ്ണമരുളിച്ചെയ്യുന്നു: "ദോഷം ചെയ്തതിന്റെശേഷം ചൈതവന്നു തമ്പുരാൻ അവന്റെ ആത്മത്തിന്റെ കണ്ണുതുറന്നു ദോഷത്തോടുകൂടി ഇരിക്കുന്ന തന്റെ ആത്മത്തെക്കണ്ടാൽ ആശ്ചൎയ്യപ്പെട്ടു ഭയപ്പെട്ടു തന്റെ ആത്മത്തിന്നുടെ അവലക്ഷണരൂപത്തെയും കഷ്ടതയും കണ്ടു ഭയങ്കരമായ ചൈത്താനെ ഭയപ്പെടുംവണ്ണം ഭയപ്പെട്ടു ഭ്രാന്തുപിടിച്ചു ഓടിപ്പോകുമെന്നു ലോകത്തിലുള്ള മാനുഷർ ദോഷത്തിന്റെ കഷ്ടത മുഴുവൻ അറിഞ്ഞുവെങ്കിൽ അതിൻവണ്ണമുള്ള ദോഷം ചെയ്യുമോ; ഒരുനാളും ചെയ്യുകയില്ല." മേല്പറഞ്ഞ പുണ്യവാളൻ അരുളിച്ചെയ്തപോലെ ശാപദോഷമാകുന്നതു് പുണ്യങ്ങളെക്കൊല്ലും. ദേവപ്രസാദങ്ങളെയില്ലാതെയാക്കും. പട്ടാംഗയായിരിക്കുന്ന തമ്പുരാനെയും ഒടുക്കമില്ലാത്ത മോക്ഷത്തെയും കൈവിട്ടുപോം. ദോഷമാകുന്നതു് ബുദ്ധിക്കന്തരവും മനസ്സിന്റെ അതിക്രമവും ചൈത്താന്റെ വിഷവും നരകത്തിന്റെ പാത്രവുമായി ലോകത്തിലുള്ള കുറവുമായി ഗതിയില്ലാതിരിപ്പാൻ വഴിയുമായി ആത്മത്തിന്റെ മരണവുമായി ദോഷമാകുന്നതു് മാനുഷൎക്കു ഭ്രാന്തുമായി പൊറുക്കരുതാത്ത ദുൎഗ്ഗന്ധവുമായി രക്ഷയില്ലാത്ത പാപവുമായി ഇതിനാൽ വരികയും ചെയ്യും. ഇതിനെക്കൊണ്ടത്രെ പുത്രൻ തമ്പുരാൻ മാനുഷരുടെ ആത്മത്തോടു ചേരാതെ പോകുന്നു. ശുദ്ധമാനറൂഹാദക്കുദാശ ആത്മത്തെ ഉപേക്ഷിച്ചു പോകയുംചെയ്യും.

എട്ടാംമുത്തുക്കൂടി.

---

## ഒമ്പതാംമുത്താകുന്നതു്

ഉടയതമ്പുരാനെ അറ്റമില്ലാത്തവണ്ണം പേടിച്ചിരിക്കയും വേണം.

വിശ്വാസക്കാരാ! നിന്റെ മനസ്സിൽ ഒരു കാൎയ്യം സത്യമായിരിക്കട്ടെ. അതെന്തെന്നാൽ തമ്പുരാന്റെ നൊകത്തെ നന്നായി

സൂക്ഷിക്കുന്നതിന്നും തമ്പുരാനെ അററമില്ലാത്തവണ്ണം പേടിച്ചിരിക്കണമെന്നത് പട്ടാംഗയായ അവകാശമായിരിക്കും. അതെങ്ങിനെ എന്നാൽ തമ്പുരാൻെറ തിരുമനസ്സിന്നു ചെ * ...............

.................................................................................

ളമര്യാദയോടെ നടത്തുകയും നിൻെറ അകാത്ത ഇഷ്ടങ്ങളെ ഉപേക്ഷിക്കയും തമ്പുരാൻെറ തിരുമനസ്സിന്നു ദൂരമായി പോകുന്നതിന്നു എന്തൊന്നു കാരണമായിരിക്കുന്നൊ അതിനെ ഉപേക്ഷിച്ചു തമ്പുരാൻെറ മേലുള്ള മുഴുവൻ സ്നേഹത്തിന്നു യാതൊന്നു വിഘ്നമായിരിക്കുന്നൊ അതിനെയും തള്ളിക്കളഞ്ഞു തമ്പുരാൻെറ തിരുമനസ്സിന്നു ചേരാത്ത കാര്യം ചെയ്യുന്നതിൽ എപ്പോഴും ഭയപ്പെട്ടിരുന്നാൽതന്നെ ദൈവപ്രസാദങ്ങൾക്കു പാത്രമായിരുന്നു ഒടുക്കമില്ലാത്ത ഭാഗ്യത്തെ അനുഭവിക്കുന്നതിനു സംശയമില്ല.

ഒമ്പതാം മുത്തുകൂടി.

---

## പത്താംമുത്താകുന്നത്

മേൽപ്പറഞ്ഞ ശുദ്ധമാകപ്പെട്ട ഭയത്തെ ഉണ്ടാവാൻ തമ്പുരാനോടു അപേക്ഷിക്കുന്ന നമസ്കാരം:

സർവ്വത്തും വശമാകുന്ന ഉടയതമ്പുരാനെ! തൻെറ അററമില്ലാത്ത നന്മയാകുന്ന തന്നെത്താൻ ഭയപ്പെട്ടിരിപ്പാൻ മനഗുണം ചെയ്യേണമേ. ഈ ദൈവികപുണ്യങ്ങൾക്കു ആധാരവുമായി ദൈവപ്രസാദങ്ങളുടെ ലക്ഷണവുമായിരിക്കുന്ന ഈ ഭയത്തെ എന്റെ ഹൃദയത്തിൽ ധരിപ്പിക്കേണമേ. മാനുഷർക്കു ഭയപ്പെടാതെ തമ്പുരാനെ ഭയപ്പെടുവിനെന്ന നിൻെറ ഏകപുത്രനായിരിക്കുന്ന ഈശോമിശിഹാ ഞങ്ങളെ പഠിപ്പിച്ചവണ്ണം താൻ അരുളിച്ചെയ്ത ദൈവികബുദ്ധിയെ മറന്നുപോകാതെയിരിപ്പാൻ എപ്പോഴുമതിനെ മനസ്സിൽ വച്ചുകൊണ്ടിരിക്കേണ്ടതിന്നു അനുഗ്രഹം ചെയ്കയും വേണം. അതെന്തെന്നാൽ മാനുഷർ ശരീരത്തെക്കൊന്നാലും ആത്മത്തെ നരകത്തിലാക്കുവാൻ കൂട്ടുകയുമില്ല. തമ്പുരാനോ;

---

* ഓലവിട്ടുപോയിരിക്കുന്നു.

എങ്ങിനെ എന്നാൽ ജീവൻ ശരീരത്തിൽനിന്നു വേർതിരിഞ്ഞു അതിനെ നരകത്തിലാക്കുവാൻ ശക്തിയുള്ളവനായിരിക്കുന്നതിനെ കൊണ്ടു തന്നെ ഓക്കയും, പേടിക്കയും, നടുങ്ങുകയും, ഭയപ്പെടുകയും ചെയ്യുന്നതു് ന്യായമായിരിക്കും. ആയതുകൊണ്ടു അളവില്ലാത്ത ശക്തിയുള്ള തമ്പുരാനെ! എന്റെ ഹൃദയത്തിൽതന്നെ എല്ലാപ്പോഴും പേടിച്ചു നടപ്പാൻ വശംതരണമേ. താൻ, അളവില്ലാത്ത സകല നന്മസ്വരൂപിയായിരിക്കുന്നതുകൊണ്ടു അളവില്ലാത്ത മഹിമയുള്ള തമ്പുരാന്റെമേൽ ഭക്തിയായിരിക്കേണ്ടതിന്നു എത്ര പാത്രമായിരിക്കുന്നു. ഇത്ര അളവില്ലാത്ത നീതിയുള്ള രക്ഷിക്കുന്നവനായിരിക്കുന്നതുകൊണ്ടു തന്നെ അററമില്ലാത്തവണ്ണം പേടിച്ചിരിക്കുന്നതിന്നു ന്യായമുണ്ടു്. തമ്പുരാൻ അററമില്ലാകൃപാസ്വരൂപിയായിരിക്കുന്നതിന്നു സന്ദേഹമില്ല. എന്നാലും അളവില്ലാത്ത നീതിസ്വരൂപിയായിരിക്കുന്ന തന്റെ അററമില്ലാത്ത കൃപാകടാക്ഷത്തിനാലെ വരുന്ന കാൎയ്യങ്ങൾക്കു എണ്ണമില്ലാതിരുന്നാലും ദോഷങ്ങൾക്കു ശിക്ഷ കല്പിച്ചാൽ അരുതിയുമില്ല. എന്നാൽ ഒരു കാൎയ്യത്തെ വിചാരിക്കുമ്പോൾ അധികമായി തമ്പുരാനെ ഭയപ്പെടേണ്ടതിന്നു ന്യായംകാണുന്നു. അതെന്തെന്നാൽ മോക്ഷാനന്ദത്തെ അനുഭവിച്ച മാനുഷരെക്കാൾ നരകത്തിൽ വീഴുന്നവരുടെ എണ്ണമാകുന്നതു് എത്രയുമധികമാകുന്നതു്. എന്നതുകൊണ്ടു് ഈ കാൎയ്യത്തെ നന്നായി വിചാരിച്ചു് ഉടയതമ്പുരാന്റെ നന്മയുടെ വലിപ്പത്തെയും ലോകത്തിൽ നടക്കുന്ന ക്രമങ്ങളുടെ ദൂരത്തെയും തമ്പുരാന്റെ അളവില്ലാത്ത നീതിയും വിചാരിച്ചു മുഴുവൻ മനസ്സോടുകൂടെ തമ്പുരാനെ ഭയപ്പെട്ടിരിക്കയും വേണം. ഇതെന്നിയെ ഞാൻ ചെയ്തിരിക്കുന്ന എണ്ണമില്ലാത്ത ദോഷങ്ങളെ ഓൎത്തു് തമ്പുരാൻ ഞങ്ങൾക്കു തന്ന നല്ല വിചാരങ്ങളെ ഉപേക്ഷിച്ചുകളഞ്ഞതും നിരൂപിച്ചു അധികമധികമായി ഭയപ്പെടുകയും ദ്യാവിന്റെ ഉടയവനാകുന്ന തമ്പുരാൻ കൎത്താവെ! അളവില്ലാത്ത നീതിയോടുകൂടെ ശിക്ഷിച്ചതു ഞാൻ നല്ലവണ്ണം വിചാരിച്ചു കാണ്മാൻ എന്റെ ഹൃദയത്തിന്റെ കണ്ണുകളെ തുറക്കേണമേ. ദൈവികഭയംകൊണ്ടു എന്റെ ഹൃദയത്തെ പിളൎന്ന ആ ഭയം എപ്പോഴും എന്റെ ഹൃദയത്തിലിരിപ്പാൻ

മനുഗ്രഹംചെയ്യേണമേ. എൻെറ ഹൃദയത്തിലിരുന്നാൽ ഇനി മേൽ സാവധാനമായി നടന്നു പുണ്യങ്ങളെ ശക്തിയോടുകൂടെ പിടിച്ചു ശാപദോഷത്താൽ തന്നെ വിട്ടുപിരിയാതെ നടുങ്ങിയിരിപ്പാൻ മനുഗ്രഹംചെയ്യേണമേ :—

പത്താം മുത്തുകൂടി.

## പതിനൊന്നാം മുത്താകുന്നതു്

പാപദോഷങ്ങളേയും കൂടെ ഉപേക്ഷിക്കണം:—

ഒരു വിശ്വാസക്കാരൻ കുറവുകൂടാതെ പുണ്യവഴിയിൽ നടക്കണമെങ്കിൽ തൻെറ ആത്മം ശാപദോഷം കൂടാതെ എപ്പോഴും ശുദ്ധമായിരിക്കുന്നതുമെന്നിയേ മഹാശക്തിയോടുകൂടെ പാപദോഷങ്ങളേയും വരാതിരിപ്പാൻ പ്രയത്നം ചെയ്കയും അതെന്തന്നാൽ പാപദോഷമാകുന്നതു ആരോഗ്യത്തെയില്ലാതെയാക്കി ഉഷ്ണപ്പനിപോലെ ആത്മശക്തിയെക്കുറിച്ചു പുണ്യങ്ങളെ ധൈര്യത്തോടുകൂടെ ചെവാൻ മനസ്സില്ലാതെ മെല്ലെ മെല്ലെ ചാപദോഷം വരേണ്ടതിന്നു വഴിയാകയും ചെയ്യും. ബുദ്ധിമാനായിരിക്കുന്നവൻ മരണത്തിന്നു കാരണമായിരിക്കുന്ന വ്യാധിക്കും കാരണങ്ങൾക്കും ഭയപ്പെടുന്നപോലെ ജ്ഞാനത്തിന്നടുത്ത കാൎയ്യങ്ങളിൽ വിവേഗികളായിരിക്കുന്ന വിശ്വാസക്കാരൻ ദോഷത്തിന്നു വഴിയിരിക്കുന്ന പാപദോഷമാകുന്ന ആത്മത്തിൻെറ നോമ്പുകൾക്കും ഭയപ്പെടുകയും വേണം. അതെന്തന്നാൽ ദൈവിഗ ഇഷ്ടപ്രസാദങ്ങളെ ഇല്ലാതെയാക്കുന്ന ചാപദോഷം വരുന്നതിന്നു കാരണമായിരിക്കും. ഇതിനെക്കൊണ്ടു ശുദ്ധമാകപ്പെട്ട ഒരു പുണ്യവാളൻ അരുളിച്ചെയ്യുന്നതു, ഒരുത്തൻ തൻെറ ആത്മാവിൽ തമ്പുരാൻെറ ഇഷ്ടപ്രസാദം അനുഭവിക്കുന്നതിന്നു ഉത്തമ അടയാളമായിരിക്കുന്നെന്നു അശുദ്ധമാകപ്പെട്ടവർ അരുളിച്ചെയ്കയും ചെയ്തു. കുറഞ്ഞതായ പാപദോഷം പത്തെങ്കിലും പതിനായിരമെങ്കിലും കൂടിയാലും ഒരു ചാപദോഷം അധികകഷ്ടമായിരിക്കുന്നതു സത്യം തന്നെ എന്നതിനെക്കൊണ്ടു് വേറൊരു ശുദ്ധമാകപ്പെട്ട പുണ്യവാളൻ അരുളി

ച്ചെയ്യുന്നപോലെ പാദോഷങ്ങളെ കൂട്ടാക്കാതെ അതിനെ കൂടക്കൂടെ പിഴക്കുന്നവൻ കുറേ ദിവസത്തിന്നകം പാപദോഷത്തിലകപ്പെടുന്നതിന്നു സംശയമില്ല. ഇതെന്നിയെ പാപദോഷങ്ങൾ തമ്പുരാന്റെ ഇഷ്ടപ്രസാദങ്ങളെയില്ലാതാക്കി നരകത്തിൽത്തള്ളിക്കളവാൻ പോരാതെയിരുന്നാലും ധൎമ്മപുണ്യങ്ങളെ ചുറുക്കോടെ നടത്തുന്നതിന്നു വിഘ്നമായിരിക്കും. മനസ്സിന്നു സുഖമില്ലാതെ ആക്കുകയും ചെയ്യും. അതെങ്ങിനെ എന്നാൽ തിളയ്ക്കുന്ന വെള്ളത്തിൽ പച്ചവെള്ളം ഒഴിച്ചാൽ തിളപ്പാറുന്നവണ്ണം പുണ്യത്തിനാൽ വരുന്ന രസവും പ്രസാദവും തമ്പുരാന്റെ മേലുള്ള ഭക്തിയും പാപദോഷങ്ങളാലില്ലാതെയാക്കി തമ്പുരാന്റെ കാൎയ്യത്തിന്മേൽ എരിവുകെടുത്തി മനസ്സിന്റെ ശക്തിയെ കുറച്ചു എപ്പോഴും ചെയ്തുകൊണ്ടുവരുന്ന പുണ്യങ്ങളെ മടികൊണ്ടു ഉപേക്ഷിക്കുന്നതുമെന്നിയെ ശുദ്ധമാന റൂഹാദക്കുദാശയുടെ അനുഗ്രഹം വരുന്നതിന്നു വിഘ്നമായിരിക്കും.

പതിനൊന്നാം മുത്തുകൂടി.

---

## പന്നിരണ്ടാം മുത്താകുന്നത്

ഉപകാരം കൂടാതെ നേരം കളയുന്നതുകൊണ്ട് ദോഷങ്ങൾ പിഴക്കും:—

ഒരു വേലകൂടാതെ നേരംപോക്കായി നടക്കുന്നതുകൊണ്ട് ശുദ്ധമാകപ്പെട്ട പല മല്പാന്മാർ ഈവണ്ണം സാക്ഷിക്കുന്നു. അത് സകല ദോഷങ്ങൾക്കും അമ്മയായിരിക്കുന്നെന്ന്. അതെന്തെന്നാൽ തള്ളമാരാൽ പിള്ളയെ പെററതള്ളയാൽ പിള്ള വളരുന്നപോലെ ദോഷങ്ങളാകുന്നത് നേരംപോക്കാൽ വിറക്കും; അതിനാൽതന്നെ വളരുകയും ചെയ്യും. ഇതിനെക്കൊണ്ടു മല്പാന്മാർ ചൊല്ലിയിരിക്കുന്ന വചനങ്ങൾ നിന്റെ മനസ്സിൽ ഗ്രഹിച്ചു നേരംപോക്കാൽ കാലംകളയാതെ ശരീരത്തിന്നടുത്ത ന്യായമുള്ള വേലയെങ്കിലും ധൎമ്മകാൎയ്യങ്ങളെയെങ്കിലും ഇടവിടാതെ ചെയ്തുകൊണ്ടുവരികയും വേണം. ഒരുദ്യോഗം കൂടാതെയിരിക്കുന്നതു സകല ദോഷങ്ങൾക്കും വഴി തുറക്കും. നന്മപ്രവൃത്തികൾ ചെയ്യാതെ മിനക്കെടായിരിക്കുന്നവന്റെ ആത്മം ഉഴാത്ത ഭൂമിയ്ക്കൊക്കും. അതെ

ന്നാൽ ഉഴാത്ത ഭൂമിയാകുന്നതു മുള്ളുകളും കാട്ടുകളും പുല്ലുകളും ജനിപ്പിക്കുന്നതല്ലാതെ നല്ല ധാന്യങ്ങൾ വിളയുകയുമില്ല. എന്നവണ്ണംതന്നെ ധൎമ്മഉദ്യോഗങ്ങൾ കൂടാതെയിരിക്കുന്ന ആത്മാവുകളിൽ അനേകം വകയാകുന്ന ദോഷങ്ങളും ദുർബുദ്ധികളും ആകാത്ത ഇഷ്ടങ്ങളും ജനിപ്പിക്കയും ചെയ്യും. എന്നതുകൊണ്ടു മിനക്കേടായി നേരം കളഞ്ഞുപോയിട്ടേയുള്ളുവെങ്കിലും അതു് മാനുഷൎക്കു അനേകം ദോഷങ്ങളെ പഠിപ്പിച്ചു എന്ന ന്യായത്തിൽ വഴിയെ ദൈവശാസ്ത്രികൾ ചൊല്ലുന്നതു മിനക്കെട്ടു നേരം കളയുന്നവൎക്കു ചൈത്താൻ ആകാത്ത വിചാരങ്ങൾ വരുത്തി വെക്കും. മെനക്കേടായ നേരങ്ങളിൽ ദോഷങ്ങളെ ചെയ്യാതെയിരുന്നാലും ആകാത്ത വിചാരങ്ങളെ നിരുപിക്കുന്നതിന്നു സംശയമില്ല. മിനക്കേടായി നേരംകളയുന്നദോഷക്കാരാ! നമ്മുടെ ദൈവിഗമല്പാനായിരിക്കുന്ന ഈശോമിശിഹായെ നോക്കി അധികമായ ഉദ്യോഗത്തോടുകൂടെ ധൎമ്മകാൎയ്യങ്ങളെ മടികൂടാതെ നടത്തുകയും വേണം. ഈശോമിശിഹാ, നിന്റെ ആത്മം രക്ഷിക്കുന്നതിന്നു എത്ര വഴി നടന്നു. എത്ര കാൎയ്യങ്ങളെ ഉണ്ടാക്കി. എത്ര നാട്ടുകൾ സഞ്ചരിച്ചു. എത്ര പ്രയത്നം ചെയ്തു. എത്ര ഊഴം അനാതിയായിരിക്കുന്ന വാവാ തമ്പുരാനോടു പ്രാൎത്ഥിച്ചു. എത്ര രാത്രി ഇളവുകൂടാതെ ഉറക്കമൊഴിഞ്ഞു നമസ്കരിച്ചു. ചൈത്താന്റെ പരീക്ഷയിൽ അകപ്പെടാതെ പല വിചാരങ്ങളെത്തള്ളിക്കളഞ്ഞു. നമസ്കരിപ്പിനെന്നു ശ്ലീഹന്മാർക്കു എത്ര ബുദ്ധി ചൊല്ലി. ഇതിനെക്കൊണ്ടു വിവേഗമുള്ളവനായിരുന്ന താൻ നടന്ന ക്രമങ്ങളെ സൂക്ഷിച്ചു മടികൂടാതെ നന്മപ്രവൃത്തികളിൽ ഉദ്യോഗമുള്ളവനായിരുന്നു നന്മകളെ വൎദ്ധിപ്പിക്കയും വേണം. സകലത്തിന്നുമുടയവനായിരിക്കുന്ന തമ്പുരാൻ നമ്മെ രക്ഷിക്കേണ്ടതിന്നു എത്ര കാൎയ്യങ്ങളെ പഠിപ്പിച്ചതും ഇത്ര പാട്ടുപെട്ടതും കണ്ടു മിനക്കെട്ടു നേരം കളയുന്നതു ന്യായമല്ലെന്നു കണ്ടു ഇടവിടാതെ ധൎമ്മഉദ്യോഗത്തോടുകൂടെ പുണ്യങ്ങളെ നടത്തുകയും വേണം. നമ്മുടെ പററിൽ ഞാനത്തിന്റെ കുറച്ചിലും പുണ്യങ്ങളുടെ ബഹുദാരിദ്ര്യത്തെയും കണ്ടു മിനക്കേടായി നേരം കളയാതെ ആത്മരക്ഷയ്ക്കു വേണ്ടിയിരിക്കുന്ന നമസ്കാരങ്ങളും കാൎയ്യങ്ങളും അറിയേണ്ടതിന്നു ഉത്സാഹിക്കയും നന്മപ്രവൃത്തിക

ചെയ്യേണ്ടതിന്നു ഉപേക്ഷ കൂടാതെ ചൈകയും ഓരോരോ പുണ്യങ്ങളുടെ ക്രമങ്ങളെ വിചാരിച്ചു അതിനെ അറിവാനും പ്രവൃത്തിപ്പാനും പ്രയത്നം ചെയ്കയും വേണം. മിനക്കേടായ കാൎയ്യങ്ങളെ എന്തിന്നു വിചാരിക്കുന്നു. ശരീരത്തിന്നടുത്ത കാൎയ്യങ്ങളെ അന്വേഷിക്കുന്നതിൽ യെന്തിന്നു പല ഉപായങ്ങളാൽ വെറുതേ നേരം കളയുന്നു. മോഹ വിചാരങ്ങൾ വന്ന ഉടനെ അതിനെത്തള്ളാതെ മനസ്സിൽവച്ചു ഇത്ര അശുദ്ധത്തോടുകൂടെയിരിക്കുന്നതശേഷംപേരറിഞ്ഞുവെങ്കിൽ എത്ര നാണപ്പെടുവാനും അവകാശം. ഇതിനെക്കൊണ്ടു ഇങ്ങിനെയുള്ള വിചാരങ്ങൾ വരുമ്പോഴേ നാണിക്കയും ശങ്കിക്കയും വേണം. ശരീരത്തിന്നടുത്ത കാൎയ്യങ്ങളിലും നേരംപോക്കിലും എത്രെ സന്തോഷത്തോടുകൂടെ നടക്കുന്നു. ഉടയതമ്പുരാൻ കല്പിച്ച പ്രമാണങ്ങൾക്കൊത്തവണ്ണം നടപ്പാനും പുണ്യങ്ങളെ ചൈവാനും മഹാഅരിമ എന്നു വിചാരിച്ചു ഒരു എരിവു കൂടാതെയും, ഭക്തികൂടാതെയും അനേകം കുറവുകളോടുകൂടെ ചെയ്യുന്നതിനാൽ ചിലപ്പോൾ നന്മ വരേണ്ടതിന്നു തമ്പുരാന്റെ ശിക്ഷയ്ക്കു പാത്രമായിരിക്കുന്നു. ഒരു കുറഞ്ഞ പുണ്യമെങ്കിലും ചെയ്യാതെ കണ്ടു തങ്ങളെ മഹാപുണ്യമുള്ളവരെന്നു വിചാരിക്കുന്നോ. തമ്പുരാന്റെ തിരുമനസ്സിന്നൊത്തവണ്ണം നടക്കാതെയും എരിവും ശരണവും കൂടാതെയും തമ്പുരാനോടു യാതൊരു കാൎയ്യം അപേക്ഷിക്കുന്നതിൽ ഇത്ര ആചാരം കൂടാതെ നമസ്കരിച്ചിരുന്നാൽ അങ്ങിനെയുള്ള നമസ്കാരത്തിന്റെ അപേക്ഷയാൽ നന്മകൾ വരുവാൻ തമ്പുരാന്നു കടമുണ്ടെന്നു നികളുംകൊണ്ടത്രേ വിചാരിക്കുന്നതു്. ലോകത്തിൽ ഉപകാരം കൂടാതെ നേരം പോക്കുന്ന ദോഷക്കാരാ! മടിയോടുകൂടെ നന്മപ്രവൃത്തികൾ ചെയ്യുന്നവനെ! നിന്റെ ആത്മാവിന്റെ കണ്ണു തുറന്നു നിന്നെ വളഞ്ഞു ചതിപ്പാനിരിക്കുന്ന ശത്രുക്കളെ സൂക്ഷിക്കുന്നതിൽ ഉപേക്ഷയായിരുന്നാൽ അവർ ജയിക്കയുംചെയ്യും. ഇതു വരാതിരിപ്പാൻ സൂക്ഷിച്ചു ധൈൎയ്യത്തോടുകൂടെ ജ്ഞാന ആയുധങ്ങളെടുത്തു ഒട്ടും മടികൂടാതെ ലോകം പിശാചശരീരമെന്നു ശത്രുക്കളോടു ജ്ഞാനസ്ഥനായിരുന്നാലും യുദ്ധംചെയ്കയും വേണം. മോക്ഷരാജ്യം അനുഭവിക്കുന്ന ശുദ്ധമാകപ്പെട്ടവരെല്ലാവരും വലിയ ഉദ്യോഗത്തോടുകൂടെയും ആത്മശത്രുക്കളോടു യുദ്ധം ചെയ്തു

മോക്ഷരാജ്യം നേടുകയും ചെയ്യു. നീ മിനക്കേടായിരുന്നു പ്രയത്നം ചെയ്യാതെയും എങ്ങിനെ മോക്ഷരാജ്യം നേടുന്നതു. ലോകത്തിന്റെ നേരംപോക്കുള്ളതിന്നയും മടിയയും ഉപേക്ഷിച്ചു ദോഷങ്ങളെക്കളഞ്ഞു ശരീരത്തെ അമത്തി ആകാത്ത ഇഷ്ടങ്ങളാൽ വരുന്ന നിരുവനകളെ തിരിച്ചു നിന്റെ ആത്മാവിൽ അഴിയാത്ത പഴമുണ്ടാകുന്ന വൃക്ഷങ്ങളാകുന്ന പുണ്യങ്ങളെ പ്രയത്നംകൊണ്ടുണ്ടാക്കി ധമ്മകാൎയ്യങ്ങളാൽ ഉദ്യോഗമുള്ളവനായി പാടുപെട്ടു പ്രത്യക്ഷങ്ങൾ ചെയ്യുന്നവനും നമ്മെ രക്ഷിപ്പാൻ മനസ്സുള്ളവനുമായിരിക്കുന്ന കത്താവു നിനക്കു സഹായമായിരിക്കയും, ചെയ്യും. തന്റെ സഹായത്താൽ ആത്മശത്രുക്കളെ കീഴ്പ്പെടുത്തി നിന്റെ ആശകൾ ഇഹലോകത്തിലുള്ള അഴിഞ്ഞുപോകുന്ന നന്മകൾ മേൽവയ്ക്കാതെ ഉത്തമനന്മയായിരിക്കുന്ന തമ്പുരാന്റെമേൽ അതിനെ വച്ചു തന്റെമേൽ പട്ടാംഗയായ ഉപവിയായിരിക്കുന്ന തന്റെ തിരുമനസ്സിനൊത്തവണ്ണമുള്ള കാൎയ്യങ്ങളെ മറയെന്നിയെ ചെയ്തുകൊണ്ടു വരികയുമാം. ഇതിൻവണ്ണംചെയ്യുവെന്നു വരികിൽ നീ ചെയ്യുന്ന പുണ്യങ്ങൾ ഈശോമിശിഹായുടെ ഉത്തമപുണ്യങ്ങളോടുക്കൂടെ ഉന്നതമായിരിക്കുന്ന പരലോകത്തിൽ നിന്നെ ഏററിവച്ചു ആയിടത്തിൽ ഒടുക്കമില്ലാത്തകാലം, മറക്കൂടാതെ ശുദ്ധമാകപ്പെട്ടവരോടും മാലാകമാരോടുംക്കൂടെ സകല മധുരത്തെക്കാൾ മധുരമായിരിക്കുന്ന തന്റെ തിരുദരിശനത്തെ അനുഭവിക്കയുമാം.

പന്തിരണ്ടാം മുത്തുക്കുടി.

---

## പതിമൂന്നാം മുത്താകുന്നതു്

"നന്മകൾക്കു ഒക്കെയ്ക്കും വിഘ്നമായിരിക്കും"

തമ്പുരാൻ കല്പിച്ച പ്രമാണങ്ങൾക്കും ദൈവിഗുരുവാകുന്ന ഈശോമിശിഹാ നമുക്കു ബുദ്ധി ചൊല്ലി പഠിപ്പിച്ച കാൎയ്യങ്ങളിലും മടിയായിരിക്കുന്നവൻ അധികമാകുന്ന നന്മകൾക്കു പാത്രമാകയില്ല. ഇതെന്നിയെ തമ്പുരാന്റെ കാൎയ്യങ്ങൾ മടിയോടുക്കൂടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടുമെന്നു് സത്യവേദത്തിൽ ചൊല്ലിയിരിക്കുന്ന ധമ്മങ്ങ

ളിൽ ചുറുക്കില്ലാതെ മടിയായിരിക്കുന്നവൻ ആ ശാപം കേൾക്കയും ചെയ്യും. വിശ്വാസക്കാരാ! ഒരു സത്യം നിന്റെ മനസ്സിൽ സ്ഥിരമായിരിക്കണം. അതെന്തന്നാൽ തമ്പുരാന്റെ പ്രസാദങ്ങളും പുണ്യങ്ങളും യാതൊരുത്തൻ ആശപ്പെട്ടതുകൊണ്ടു തന്നെ കിട്ടുകയില്ല. ആഗ്രഹിച്ച നന്മകൾ വരേണ്ടതിന്നു വിഘ്നമായിരിക്കുന്നതിനെ ശക്തിയോടുകൂടെ പ്രയത്നം ചെയ്തു തള്ളിക്കളഞ്ഞു പുണ്യങ്ങളെ ചെയ്യുന്നതിൽ കോപമായിവരുന്ന മടിയെ നീക്കി നന്മയിൽ വരുന്ന അരിമയെ ശക്തിയുള്ള ഉദ്യോഗത്തോടുകൂടെ ജയിച്ചു മോക്ഷരാജ്യം നേടുന്നതല്ലാതെ വേറേ പ്രകാരം വരാ. അതെന്തന്നാൽ മോക്ഷരാജ്യം ബലത്തിന്റെ മഹിമയാലെത്രേ കിട്ടുന്നുവെന്നു ദൈവിക ഗുരുവാകുന്ന ഈശോമിശിഹാ അരുളിച്ചെയ്തിരിക്കുന്നു. ഇതിനെക്കൊണ്ടു മോക്ഷരാജ്യം ലഭിക്കണമെങ്കിൽ മടിയായിരിക്കാതെ ഉദ്യോഗത്തോടും ബലത്തോടും ദോഷങ്ങളേയും പുണ്യങ്ങൾക്കു വിഘ്നമായിരിക്കുന്നതിനെയും തള്ളിക്കളഞ്ഞു മോക്ഷാനന്ദത്തെ അനുഭവിക്കയും വേണം. പ്രയത്നത്താൽ സുഖവും ഉപായം കൊണ്ടു ജയവും ദുഃഖത്തിനാലെ സന്തോഷവും ശരീരത്തെ ഞെരുക്കുന്നതിനാൽ മധുരമായിരിക്കുന്ന തമ്പുരാന്റെ സ്നേഹത്തെയും കിട്ടുന്നതല്ലാതെ വരാ. ചുറുക്കോടുകൂടെ പുണ്യവഴിയിൽ നടന്നാൽ ദിവസേന അധികമധികമായ കാര്യങ്ങളെ ചെയ്യുവാൻ നമുക്കു ഭാരം തോന്നുകയില്ലെന്നു തന്നെയല്ല, എളുപ്പത്തിലതിനെ നടത്തുമെന്നു് നിശ്ചയമായിരിക്കട്ടെ. അതിൻവണ്ണമുള്ള പുണ്യങ്ങളെ ചുറുക്കിയല്ലാതെ മന്ദമന്ദമായി ചെയ്യാൻ തുടങ്ങിയാൽ കൂടെക്കൂടെ ആ കാര്യങ്ങൾ ചെയ്യുന്നതിൽ മടി അധികമധികമായി വരുന്നതുമെന്നിയേ പുണ്യങ്ങളെ ചെയ്യാൻ മഹാ അരിമയിരിക്കും. ഇതെന്നിയേ നമ്മുടെ കാര്യങ്ങളെ നാം മടിയോടുകൂടെ ചെയ്യുന്നതിനെ തമ്പുരാൻ കണ്ടു്, വിശേഷമായ അനുഗ്രഹം ചെയ്യാതെ നമ്മെ കൈവിടുകളകയും നാം തന്റെ വിശേഷസഹായമില്ലാതെ ആയിപ്പോകയും ചെയ്യും. ഇതു നമുക്കു നല്ലവണ്ണം പഠിക്കേണ്ടതിന്നു പട്ടാംഗയായ ഈശോമിശിഹാ ഈ സത്യത്തെ നല്ല ഉപമയിനാലെ അരുളിച്ചെയ്തിരിക്കുന്നു. അതായതു് ഫലം കൊടുക്കാത്ത വൃക്ഷത്തെ വെട്ടി അഗ്നിയിലിട്ടു

# ഉണ്ണുനീലിയെതിരക്കി
# കടുത്തുരുത്തിയിലേക്ക്

ശൂരനാട്ടു കുഞ്ഞൻപിള്ള എം. എ.

[മലയാളസാഹിത്യത്തിലേ പ്രഥമഗണനീയമായ സന്ദേശകാവ്യം എന്ന നിലയിൽ പ്രഖ്യാതമായ ഉണ്ണുനീലീസന്ദേശത്തെപ്പററി നിരവധി വാദപ്രതിവാദങ്ങളും അഭിപ്രായപ്രകടനങ്ങളും രേഖപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ടു്. എങ്കിലും, കവി ആരു്? നായകൻ ആരു്? കാവ്യനിർമ്മാണകാലം ഏതു്? എന്നിവയെ സംബന്ധിച്ചിടത്തോളം പൂർണ്ണമായ ഒരു നിഗമനത്തിൽ ഇതുവരെ എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. ദേശചരിത്രത്തിലും സാഹിത്യചരിത്രത്തിലും വളരെ അധികം ഗവേഷണങ്ങൾ നടത്തിയിട്ടുള്ള പ്രസിദ്ധപണ്ഡിതനായ ശ്രീ. ശൂരനാട്ടുകുഞ്ഞൻപിള്ള ലക്ഷ്യപ്രാപ്തിക്കു് ഒരു പുതിയ സമീപനസമ്പ്രദായം സ്വീകരിച്ചതിൻെറ ഫലമാണു് ഈ വിചാരചാരുവായ ലേഖനം. ലേഖകൻെറ നിപുണദൃഷ്ടി, ഭാഷാസ്നേഹികൾക്കു് ഉപരിഗവേഷണത്തിനുള്ള മാർഗ്ഗം തെളിച്ചിട്ടുണ്ടെന്നു ഞങ്ങൾ വിശ്വസിക്കുന്നു. പത്രാധിപർ].

ഏതാണ്ടു് അറുനൂറോളം വർഷങ്ങൾക്കുമുമ്പു, കടുത്തുരുത്തി വലിയ ഒരു പട്ടണമായിരുന്നു. വടക്കുംകൂർ രാജാക്കന്മാരുടെ ആസ്ഥാനം. അന്നു് അവിടെ ഭൂമിക്കു സുധാദീപിക എന്നവണ്ണം ഉണ്ണുനീലി എന്നു് ഒരു മനോഹരി കുടികൊണ്ടിരുന്നു. 'മണികണ്ഠ'നെന്ന വെൺപലമഹീപാലൻെറ 'പൂണാര'മായി ആ സുന്ദരിയെ പ്രകീർത്തിച്ചിരിക്കുന്നു. ആ ഉണ്ണുനീലിയുടെ ഭർത്താവിനെ ഒരു രാത്രി ഒരു യക്ഷി എടുത്തുകൊണ്ടു് ആകാശദേശത്തുകൂടെ ദക്ഷിണദിക്കിലേക്കു പ്രയാണം ചെയ്തു. അക്കാലത്തു് യക്ഷസുന്ദരിമാർ നമ്മുടെ നാട്ടിൽ ഇത്തരം വിനോദവിദ്യകളിൽ ഉൾപ്പെട്ടു കഴിച്ചിരുന്നു! യക്ഷിയുടെ പിടിയിൽപെട്ടു് ഉണ്ണുനീലീകാമുകൻ തിരുവനന്തപുരത്തു വന്നപ്പോൾ നേരം പ്രഭാതത്തോടു് അടുത്തു. ഉണ്ണുനീലീകാമുകൻ ഉണർന്നു നരസിംഹമന്ത്രം ജപിച്ചു, യക്ഷിയുടെ പിടിയിൽനിന്നു രക്ഷപ്രാപിക്കയുംചെയ്തു.

ആ കാമി ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൻെറ മുമ്പിലാണു ചെന്നുചേർന്നതു്. പത്മനാഭനെ പള്ളിയുണർത്തുന്നതു കേട്ടു ഭിക്ഷ

മനസ്സിലാക്കി അദ്ദേഹം അവിടെ നിൽക്കുമ്പോൾ തൃപ്പാപ്പൂർ മൂത്ത തിരുവടിയായ ആദിത്യവർമ്മ രാവിലെ അമ്പലത്തിൽ ഭജിക്കാൻ ചെന്നു. യക്ഷിയുടെ പിടിവിട്ട അവശനായ ഉണ്ണുനീലീകമിതാവിന് ആദിത്യവർമ്മയെക്കണ്ടു് ആശ്വാസമുളവായി. അദ്ദേഹത്തെ തൻെറ സന്ദേശവും കൊണ്ടു കടുത്തുരുത്തിവരെ അയയ്ക്കാൻതന്നെ അസ്തവിവേകനായ ആ കാമാതുരൻ നിശ്ചയിച്ചു. അന്നത്തെ സന്ദേശകർത്താക്കന്മാർ നിശ്ചയിച്ചുകഴിഞ്ഞാൽ പിന്നെ മേഘാദികളായ അചേതനവസ്തുക്കളും ശുകാദികളായ തിര്യക്ജന്തുക്കളും എതിർത്തുപറയാതെ അനുസരിച്ചുപോന്നു. രാജാവാണെങ്കിലും സന്ദേശകൃത്യത്തിനു ക്ഷണിച്ചാൽ പിന്നെ എങ്ങനെ ഉപേക്ഷിക്കും? ആദിത്യവർമ്മയെ സ്തുതിച്ചു് ആ കാമാർത്തൻ കടുത്തുരുത്തിയിലേക്കു യാത്ര അയയ്ക്കുന്നു. അദ്ദേഹത്തിനു പോകാനുള്ള വഴിയും വ്യക്തമായി നിർദ്ദേശിച്ചുകൊടുത്തു. ആ വഴി ഏതെന്നു് അറിയണ്ടേ?

ശ്രീപത്മനാഭനെ തൊഴുതുകൊണ്ടു തിരുവനന്തപുരത്തുനിന്നു പുറപ്പെടണം. പത്മനാഭസ്വാമിക്ഷേത്രത്തിൽ തന്നെ നരസിംഹമൂർത്തിയേയും വേദവ്യാസനെയും വിഷ്വക്സേനനെയും രാമലക്ഷ്മണഹനുമാന്മാരെയും, പിന്നെ കൃഷ്ണനെയും വന്ദിക്കണം. ഊയൽപ്പൂമെത്തയിൽ കിടക്കുന്ന ഉണ്ണിക്കൃഷ്ണപ്രതിഷ്ഠയെ താലോലിച്ചും തഴുകിയും നിന്നു് അധികസമയം കളയാതെ അയ്യപ്പനെയും പ്രദക്ഷിണംചെയ്തു തിരിക്കണം. പിന്നെ തിരുവാമ്പാടി കൃഷ്ണനെയും ക്ഷേത്രപാലനെയും തൊഴുതുകൊണ്ടു, പടിഞ്ഞാറെ ഗോപുരത്തൂടെ എഴുന്നള്ളത്തു പുറപ്പെടണം. അപ്പോൾ ആദിത്യവർമ്മയെ കണ്ടു് അഭിവന്ദനം ചെയ്യാൻ പത്മനാഭസ്വാമിക്ഷേത്രത്തിൻെറ പടിഞ്ഞാറുവശത്തുള്ള വഴിയുടെ ഇടത്തുഭാഗത്തായി ഉണ്ണിയാടി എന്ന സുന്ദരി വരും. പടിഞ്ഞാറേ ഗോപുരത്തിനു വെളിക്കു വന്നു മേനാവിൽ കയറി പരിവാരങ്ങളുടെ അകമ്പടിയോടുകൂടി യാത്രയാകണം. പുന്നപ്പൂമണം പേറിക്കൊണ്ടു പറക്കുന്ന കുളിർകാററിൻെറ ഉപചാരം സ്വീകരിച്ചു് ആ നടക്കാവിലൂടെ നേരേ പാൽക്കുളങ്ങര ക്ഷേത്രത്തിൽ ആണു് ചെന്നുചേരേണ്ടതു്. (ശ്ലോ. 53.) പത്മനാഭസ്വാമിക്ഷേത്രത്തിൽനിന്നു് ഏതാണ്ടു് ഒരു മൈൽ വടക്കുപടിഞ്ഞാറായി

ട്ടാണ് പാൽക്കുളങ്ങര ക്ഷേത്രം. അവിടത്തെ പ്രതിഷ്ഠ ദേവീവിഗ്രഹമാണ്. പിന്നെ അവിടന്നു നേരേ പടിഞ്ഞാറോട്ടുപോയാൽ കടൽപ്പുറമാണ്—ശംഖുംമുഖം കടൽപ്പുറം; രസികതയുടെ കേളീരംഗമായ വെണ്മണൽപ്പരപ്പ്. പാൽക്കുളങ്ങരനിന്നും നേരേ തൃപ്പാപ്പൂരേക്കാണ് പോകേണ്ടത്. (ശ്ലോ. 57).

തൃപ്പാപ്പൂർക്ഷേത്രവും കൊട്ടാരവും സ്ഥിതിചെയ്യുന്നത് തിരുവനന്തപുരത്തുനിന്നും എട്ടു മൈൽ വടക്കുപടിഞ്ഞാറാണ്. കടൽപ്പുറത്തുനിന്നും രണ്ടു മൈൽ കിഴക്കുമാറി ഇപ്പോഴത്തെ തിരുവനന്തപുരം-കൊല്ലം റോഡിൽനിന്ന് ഒരു മൈൽ പടിഞ്ഞാറുവശത്തായിട്ടാണ് തൃപ്പാപ്പൂര്. 'തൃപ്പാദപുരം' ആണ് തൃപ്പാപ്പൂര് ആയത് എന്നും പറഞ്ഞുവരുന്നു. വിഷ്ണുവിന്റെ തൃപ്പാദങ്ങൾ അവിടെ പതിഞ്ഞിട്ടുണ്ടെന്നാണ് ഐതിഹ്യം. തൃപ്പാപ്പൂർ, തിരുവനന്തപുരം, തിരുവട്ടാർ ഇവയെ സംബന്ധിപ്പിക്കുന്നതായി ഒരു ഐതിഹ്യമുണ്ട്. തൃപ്പാപ്പൂരേ പ്രധാനപ്രതിഷ്ഠ ശിവനാണ്. 'തൃപ്പാപ്പൂർമൂപ്പ്' എന്നൊരു സ്ഥാനം വേണാട്ടുരാജകുടുംബത്തിന് അനേകം നൂററാണ്ടുകളായി ഉണ്ട്. 'തൃപ്പാപ്പൂർമൂപ്പ്' ഏല്ക്കുന്ന തമ്പുരാനാണ് പത്മനാഭസ്വാമിക്ഷേത്രത്തിലേ ഭരണകാര്യങ്ങൾക്കു മേൽനോട്ടം നടത്തിയിരുന്നത് എന്നു തോന്നുന്നു. തൃപ്പാപ്പൂർ കൊട്ടാരം ഉണ്ടായത് ഏതു കാലത്താണെന്നും, തൃപ്പാപ്പൂർമൂപ്പെന്ന സ്ഥാനം എങ്ങനെ ഉണ്ടായി എന്നും വ്യക്തമായി അറിയാൻ മേലാ. ഏതാണ്ട് അറുനൂറു വർഷത്തിനു മുമ്പുതന്നെ പ്രധാനപരിഗണന അർഹിച്ച ആ സ്ഥലം സാമാന്യം പുരാതനമാണ് എന്നതിൽ സംശയത്തിനു വകയില്ല.

അവിടെ മദ്ധ്യാഹ്നപൂജ തൊഴുതിട്ട് അമൃതേത്തും കഴിച്ച് വിശ്രമിക്കാതെതന്നെ യാത്രപുറപ്പെടണമെന്നാണു നിർദ്ദേശം. (ശ്ലോ. 60). പിന്നെയും കടൽത്തീരത്തോട് അടുത്താണു വഴി തുടരുന്നതെന്നു തോന്നുന്നു. എന്തെന്നാൽ, മുതലകളുള്ള ഒരു പൊഴി കടന്നുപോകണം എന്നു പറഞ്ഞിട്ടുണ്ട്. ചിറയിൻകീഴ്താലൂക്കിന്റെ പടിഞ്ഞാറുള്ള ഒരു പൊഴിയാണിത്. അഞ്ചുതെങ്ങിൻകായലിന്റെ തെക്കുപടിഞ്ഞാറേഭാഗമാണ് മുതലപ്പൊഴി. ആ പൊഴികടന്നിട്ടുള്ള

വഴി കവിയുടെ പ്രത്യേക പ്രശംസ അർഹിച്ചതാണ്. 'നീലപ്പീലിത്തഴകൾ നിഴലാമന്നടക്കാവി'ലൂടെ പോയി പുത്തിടത്തു ചെല്ലണം. (ശ്ലോ. 64). പുത്തിടം അന്നൊരു വലിയ അങ്ങാടിസ്ഥലമായിരുന്നു. പല ഭാഷകൾ സംസാരിക്കുന്ന അനേകം പേർ—വ്യാപാരത്തിന്നായിരിക്കണം—അവിടെ ചെന്നിരുന്നു എന്നതിനു സൂചനയുണ്ട്. (63-66). ഈസ്ഥലം വക്കലെയ്ക്കടുത്താണെന്നു തോന്നുന്നു. പല സ്ഥലങ്ങളുടെയും പുരാതനമഹിമ വിസ്മൃതമായതുപോലെയാണ് പുത്തിടത്തിൻെറകഥയും.

പുത്തിടത്തു നിന്നു വക്കലെയ്ക്കാണ് പോകേണ്ടതു്. (66). വക്കല, പുരാതനവും പാവനവുമായ ഒരു സ്ഥാനമാണ്. വക്കല പ്രതിഷ്ഠ ശ്രീകൃഷ്ണനാണ് 'ജനാർദ്ദനം' എന്ന പേരിൽ ഭാരതം മുഴവൻ പ്രശസ്തമായ ഈ സ്ഥാനം കവിയുടെ ഭാവനയെ ഉദ്ദീപിപ്പിച്ചു. വക്കലത്തമ്പിരാനെ തൊഴുതു യാത്ര തുടരാനാണപേക്ഷ. പിന്നീട് കൊല്ലത്തുവരെയുള്ള വഴി അത്ര വ്യക്തമല്ല. ഏതാണ്ടു കടൽത്തീരത്തുനിന്നും അധികം അകലെയല്ലാതെയാണ് വഴി കിടന്നിരുന്നതെന്നു തോന്നുന്നു. ഒരു കാളീക്ഷേത്രത്തിൽ തൊഴുതു് ഒരു പുഴയും കടന്നു് കൊല്ലത്തു ചെല്ലണം എന്നാണ് പറഞ്ഞിട്ടുള്ളതു്. (68). ഈ കാളീക്ഷേത്രമേതെന്നും പുഴ ഏതെന്നും തെളിയുന്നില്ല. പരവൂർ അടുത്തുള്ള ഏതോ ക്ഷേത്രത്തെ ആയിരിക്കാം സ്മരിക്കുന്നതു്. പരവൂർകായലിൻെറ പടിഞ്ഞാറേകരയ്ക്കായി 'പൊഴിക്കര'യെന്നു പുരാതനമായ ഒരു ദേവീക്ഷേത്രമുണ്ടു്. ആ ദേവിയേയും, ഒരു വലിയ പുഴപോലെ കിടക്കുന്ന പരവൂർകായലിനെയുമാണ് കവി സ്മരിക്കുന്നതെന്നു തോന്നുന്നു. (68).

ക്രൂപകാധീശ്വരന്മാരുടെ കുലപുരി ആയ 'കോളംബ'പുരി (കൊല്ലം) ആണ് പിന്നെ വഴിയിലുള്ള പ്രധാനസ്ഥാനം. * (68-69). നൂററാണ്ടുകൾ കണക്കല്ല, സഹസ്രാബ്ദങ്ങളായി പ്രശസ്തിയാന്ന ഒരു സ്ഥലമാണ് 'കൊല്ലം. വേണാടിൻെറ രാജധാനി

* ക്രൂലേഭാന്തീമഥ കുലപുരീം ക്രൂപകാധീശ്വരാണാം
ലക്ഷ്മീസാക്ഷാത്കൃതി സമുചിതേ പശ്യ രത്നാകരസ്യ.(ശുകസന്ദേശം)

യായും വാണിജ്യകേന്ദ്രമായും നാവികസങ്കേതമായും പെരുമ പെററ സ്ഥലം; ചീനന്മാരെയും അറബികളെയും യൂറോപ്യന്മാരെയും മാറി മാറി ആകർഷിച്ച വാണിജ്യലക്ഷ്മി അവിടെ മുടിചൂടി വാണരുളി. അനേകം ദേശസഞ്ചാരികളുടെയും കവികളുടെയും മുക്തകണ്ഠമായ പ്രശംസ സമാർജ്ജിച്ചു. 'കൊല്ലം കണ്ടാൽ ഇല്ലം വേണ്ട', എന്നു് എല്ലാരെയും കൊണ്ടു സമ്മതിപ്പിച്ച പട്ടണമാണു് അതു്. സന്ദേശകാലത്തെ കഥയാണെങ്കിൽ അതായിരുന്നു വേണാടിൻെറ രാജധാനി. വേണാട്ടുകോനായ രവിവർമ്മമഹാരാജാവിൻെറയും അദ്ദേഹത്തിൻെറ അനുജനായ ആദിത്യവർമ്മയുടെയും ഭരണനൈപുണ്യം കൊണ്ടു് അവിടം നാളൊന്നുക്ക സമുദയവതിയായി സമുല്ലസിച്ചു. ചീനന്മാരുടെയും മററും കപ്പൽ കൊല്ലത്തു ധാരാളമായി വ്യാപാരത്തിനു അടുത്തിരുന്നു. (70). 'കൊല്ലത്തിനു സമം കൊല്ലമേ ഉള്ളു' എന്നു പറയത്തക്ക പ്രകാരത്തിൽ അന്നു് അത്ര ഐശ്വര്യഭൂയിഷ്ഠമായിരുന്നു. (71). ആദിത്യവർമ്മ ചെല്ലുന്നതറിഞ്ഞു നാവികനിവഹം രത്നവും സ്വർണ്ണവും കാഴ്ച വച്ചു കാണാൻ തിക്കിക്കൂട്ടും. (79). കൊല്ലത്തെ അങ്ങാടിയുടെ വലിപ്പം മുല്ലന്തിക്കൽ ചന്തയുടെ വർണ്ണന കൊണ്ടു മനസ്സിലാക്കാം. (79-86). അനേകം തരത്തിലുള്ള ഗൃഹോപകരണങ്ങൾ ഒരിടത്തു്—തട്ടം, കട്ടിൽ, കയറു്, വല, ക്യൂട്ടിൽ എന്നു തുടങ്ങിയവ. പലതരത്തിലുള്ള നെല്ലുകൾ; കോലാ, മൂങ്ങൻ, ചുറുക്, കൊഴുമീൻ, കൊഞ്ചു്, പാമ്പാട, പൂമീൻ തുടങ്ങി പലപല തരത്തിലുള്ള മീനുകൾ; അനേകം തരത്തിലുള്ള അങ്ങാടിമരുന്നുകൾ. ഈ ചന്തസ്ഥലം പല ഭാഷകൾ സംസാരിക്കുന്ന ആളുകളുടെ തിക്കും തിമിർപ്പും നിറഞ്ഞതായിരുന്നു. ആദിത്യവർമ്മ കൊല്ലത്തു ചെല്ലുമ്പോൾ അദ്ദേഹത്തെ സ്വാഗതം ചെയ്യാൻ 'വെള്ളൂർ നാണി' എന്ന സുന്ദരി വഴിയിൽവന്നു നിൽക്കും. ഈ വെള്ളൂർനാണി ആരായിരിക്കാം? രാജാവിനെ സൽക്കരിക്കത്തക്ക മഹിമയുള്ള ഏതോ ഒരു ഉൽകൃഷ്ടകുടുംബത്തിലെ നായിക ആയിരിക്കണം. രാജകുടുംബത്തോടു ബന്ധമുള്ള ഒരു സ്ത്രീ ആയിരിക്കാനാണു് സാംഗത്യം. വഴിയിൽ കാണുന്ന പെണ്ണുങ്ങളെയെല്ലാം വർണ്ണിക്കാനാണു കവി മുതിരുന്നതെന്നു വിചാരിക്കുന്ന ഉത്താനബുദ്ധികളെ നോക്കിവെള്ളൂർ

നാണിയും ആദിത്യവർമ്മയും അപഹാസമന്ദസ്മിതം പൊഴിക്കട്ടെ. കൊല്ലത്തു ചെന്നാൽ ആദ്യമായി ആദിത്യവർമ്മ വിഘ്നേശ്വരനെ വന്ദിക്കണം—'മൂരിത്തിട്ടയ്ക്കുഴകു പൊഴിയിക്കുന്ന മാതംഗവക്ത്ര'നെ. മൂരിത്തിട്ട ഗണപതി ഏതെന്നു മനസ്സിലാകുന്നില്ല.

വിഘ്നേശ്വരനെ വണങ്ങിയിട്ട് 'പനങ്ങാവന'ത്തിൽ ചെന്ന് ആദിത്യവർമ്മ കുലദേവതയായ കാളിയെ കൈതൊഴണം. പനങ്ങാവനം കാളീക്ഷേത്രവും ഏതെന്നു മനസ്സിലാക്കാൻ വിഷമമായിരിക്കുന്നു. പനങ്ങാവനം പുരാതനമായ ഒരു രാജസങ്കേതമാണ്. കൊല്ലവർഷം 149-ാമാണ്ടത്തെ മാമ്പള്ളിശാസനത്തിൽ പനങ്ങാവിൽ കൊട്ടിലിനെപ്പററി പറയുന്നുണ്ട്. [T. A. S. vol. IV. P. 1—16]. ചെങ്ങന്നൂർ ഗ്രാമപ്പരിഷമഹാജനങ്ങൾ കൂടിയിരിക്കെ, കൊല്ലത്തു പനങ്ങാവിൽകോവിലിലേ കൊട്ടിലിൽ വച്ച് വേണാട്ടുടയ ശ്രീവല്ലഭൻ കോത തിരുക്കലയപുരത്ത് ആതിച്ചനമയമ്മയ്ക്കു് ഉമയമ്മ അയിരൂർ പ്രതിഷ്ഠിച്ച ഭട്ടാരകനെയും ഭട്ടാരകക്കുള്ള സ്ഥലങ്ങളെയും നീരോടെ പൂർവാദേ അട്ടിപ്പേർ കൊടുക്കുന്നതാണ് അതിലേ വിഷയം. പനങ്കാവ് അന്ന് മഹാരാജാവിൻെറ വാസത്തിനുള്ള കൊട്ടാരമായിരുന്നിരിക്കാം; അല്ലെങ്കിൽ വേണാട്ടുരാജകുടുംബത്തിൻെറ കുലദേവതയെ പ്രതിഷ്ഠിച്ച ക്ഷേത്രമാകാനുംമതി.*

ഇന്നു നടപ്പിലുള്ള മലയാളവർഷം ആരംഭിച്ചതു കൊല്ലത്തുവച്ചാണല്ലോ. കൊല്ലത്തിന്നു് അതുവരെയുള്ള പ്രാധാന്യത്തിനു് അതുതന്നെയാണു് മതിയായ തെളിവു്. 149-ൽ പനങ്ങാവിൽ കോവിലിൽ ശ്രീവല്ലഭൻകോത എഴുന്നള്ളിയിരുന്നു രാജ്യകാര്യങ്ങൾ വഹിക്കുന്നു. പിന്നെയും മൂന്നാലു നൂററാണ്ടുകൾ കഴിഞ്ഞു് അതേ പനങ്കാവിൽ വേണാട്ടിലേ അന്നത്തേ ഇളമുറയായ ആദിത്യവർമ്മ എഴുന്നള്ളി മൂലതായയെ (കുലദേവതയെ) ഭജിക്കുന്നു. അങ്ങനെ അനേകം നൂററാണ്ടുകളിൽ പ്രശസ്തമായിരുന്ന ആ പനങ്ങാവനം കോയിൽ ഇന്നു് എവിടെ? ഞാൻ തിരക്കിയിട്ടു് ഒരു തുമ്പും കിട്ടുന്നില്ല. പനങ്ങാവനത്തിൽ ഭദ്രകാളിയാണു് ആവാസം ചെയ്യു

* ഈ രണ്ടാമത്തെ അഭ്യൂഹമാണു് കുറെക്കൂടി ശരിയെന്നു തോന്നുന്നു. (പത്രാധിപർ).

ന്നതു്. അതുകൊണ്ടു കാളീക്ഷേത്രം തിരഞ്ഞുപിടിച്ചുവേണം പനങ്ങാവനം ഏതെന്നു മനസ്സിലാക്കാൻ. ആ ചുമതല ഞാൻ കൊല്ലക്കാർക്കായി വിടുന്നു.

പനങ്ങാവനത്തിനെക്കാൾ കുറവില്ലാത്ത വേറൊരു കുഴപ്പമാണ് ആതിച്ചപുരത്തപ്പൻ. (75). ആതിച്ചനല്ലൂർ ക്ഷേത്രം ആണ് ഇതു് എന്നാണു വ്യാഖ്യാതാവ് ആററൂർ പറഞ്ഞിട്ടുള്ളതു്. ഞാൻ ആ പ്രസ്താവം വിശ്വസിക്കുന്നില്ല. കൊല്ലത്തെ വണ്ണിച്ചിട്ട് മൂരിത്തിട്ട ഗണപതിയെയും പനങ്ങാവനം ഭഗവതിയെയുംപററി പറഞ്ഞു കഴിഞ്ഞിട്ടാണ് ആതിച്ചപുരത്തപ്പനെ സ്മരിക്കുന്നതു്. ആതിച്ചപുരം ആതിച്ചനല്ലൂരാണെങ്കിൽ ഈ പ്രസ്താവക്രമം സമുചിമല്ല. കൊല്ലത്തിനു് ആറേഴു മൈൽ തെക്കുകിഴക്കാണ്, ആതിച്ചനല്ലൂർ. കടൽത്തീരം അടുപ്പിച്ചായിരുന്നു വഴിയെങ്കിൽ ആതിച്ചനല്ലൂരിനു കുറെ പടിഞ്ഞാറുകൂടി സന്ദേശഹരൻ കൊല്ലത്തു ചെല്ലും. അല്ല, കുറെ ഉള്ളിലോട്ടു കയറി കിഴക്കുകൂടിയാണു വഴിയെങ്കിൽ ആതിച്ചനല്ലൂർ കഴിഞ്ഞാണ് കൊല്ലത്തു ചെല്ലുക. അക്കണക്കിനു് ആതിച്ചപുരത്തെ ആതിച്ചനല്ലൂരാക്കുന്നതു കുറെ കുഴപ്പമാണ്. അങ്ങനെ വരുമ്പോൾ മൂരിത്തിട്ടയും പനങ്ങാവനവും പോലെ ആതിച്ചപുരവും അജ്ഞാതമായി ചമയുന്നു. ആതിച്ചപുരത്തിനടുത്തു് അന്നു പൂജ്യപാദന്മാരും ശാസ്ത്രപാരംഗതരുമായിരുന്ന അനേകം ഭട്ടന്മാരുണ്ടായിരുന്നു. അവർ താനത്തിനു (ഭട്ടസ്ഥാനം–പട്ടത്താനം) സമ്പാദിക്കാനായിരിക്കണം ആദിത്യവർമ്മയെ ചെന്നു കണ്ടതു്. (75).

പിന്നെ ആദിത്യവർമ്മ തന്റെ ജ്യേഷ്ഠഭ്രാതാവും വേണാടർകോനുമായ രവിവർമ്മയെ ചെന്നുകാണണം. രവിവർമ്മ എഴുന്നള്ളിത്താമസിച്ചിരുന്ന കൊട്ടാരത്തിന്റെ പേർ പറഞ്ഞിട്ടില്ല. മാമ്പള്ളി മുഖാന്തരം ആദിത്യവർമ്മ യാത്രയുടെ ഉദ്ദേശം രവിവർമ്മയെ അറിയിപ്പിക്കണമെന്നാണു നിർദ്ദേശം. മാമ്പള്ളി മന്ത്രിയോ പുരോഹിതനോ ആയിരുന്നിരിക്കാം. മാമ്പള്ളിപ്പണ്ടാരത്തിലേക്കു * വേണാട്ടു

* മാമ്പള്ളിമഠം കീഴാററിങ്ങൽ ആണ്. ചിറയിൻകീഴ് താലൂക്കിൽ കീഴ്പ്പേരൂർ ആയിരുന്നു വേണാട്ടു രാജകുടുംബത്തിന്റെ ആദ്യസ്ഥാനം. അന്നത്തൊട്ടായിരിക്കും മാമ്പള്ളിയുമായുള്ള ചാർച്ച. (ലേഖകൻ).

കുടുംബവുമായി അടുത്ത ബന്ധം ഉണ്ടായിരുന്നു. സന്ധ്യയ്ക്കു മുച്ചന്തിക്കലേ വാണിജ്യം കാണാൻ പോകുന്ന കാര്യം മുൻപേ സൂചിപ്പിച്ചുവല്ലോ. കരിപ്പൂക്കുളത്താണു് ആദിത്യവമ്മ അന്നു രാത്രി കഴിച്ചുകൂട്ടേണ്ടതു്, (86). കരിപ്പൂക്കുളം ഏതെന്നും അറിയുന്നില്ല. പടിഞ്ഞാറേ കൊല്ലത്തുള്ള ഒരു കൊട്ടാരമായിരുന്നിരിക്കാം ഇതു്. എന്നാൽ കരിപ്പൂക്കുളം എന്നൊരു സ്ഥലത്തെയോ കൊട്ടാരത്തെയോ പററി അവിടെ അന്വേഷിച്ചതിൽ അറിവുകിട്ടുന്നില്ല. പാശ്ചത്തിലുള്ള പുതിയ പൊഴിയെപ്പററി അടുത്തു പറയുന്നതുകൊണ്ടു് കരിപ്പൂക്കുളം നീണ്ടകര അഴിയുടെ തെക്കേക്കരെയ്ക്കടുത്തു് ആയിരിക്കാനാണു ന്യായം. അവിടെ ശക്തികുളങ്ങരക്ഷേത്രം പ്രസിദ്ധമാണു്. അതിനടുത്തായിരിക്കുമോ കരിപ്പൂക്കുളം? സന്ദേശഹരൻ അന്നു് അന്തിത്തേവാരവും അത്താഴമമൃതേത്തും കഴിച്ചു് അവിടെ വിശ്രമിക്കുന്നു.

രണ്ടാംദിവസം കരിപ്പൂക്കുളത്തുനിന്നാണു് യാത്രപുറപ്പെടേണ്ടതു്. കുളിയും ആഹാരവും കഴിഞ്ഞു്, ബ്രാഹ്മണക്കു ദാനംചെയ്തിട്ടു്, മഹാഭാരതപാരായണം കേട്ടു് അവിടെനിന്നും പുറപ്പെടണം. ആദ്യം കടക്കേണ്ടതു് അടുത്തുള്ള പൊഴിയാണു്. അതായതു്, അഷ്ടമുടിക്കായലും കടലും ചേരുന്ന നീണ്ടകര അഴി. അന്നു് അവിടം പൊഴിയായി കിടന്നിരിക്കണം. പുതിയ പൊഴിയെന്നു പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കാനുള്ളതാണു്. (പുത്തുതായിട്ടായിരിക്കും അഴി പൊഴിയായി മാറിയതു്.) പൊഴിയും പൂക്കൈതയും പിന്നിട്ടുപോകണം എന്നു് എടുക്കണമെന്നില്ല. നീണ്ടകര അഴിതൊട്ടു വടക്കോട്ടുള്ള വഴിയുടെ ഇരുപാടും പൂക്കൈത ധാരാളമുണ്ടു്. പൂത്തുനിൽക്കുന്ന കൈതകളുടെ ഭംഗികണ്ടും, സൗരഭ്യം കൊണ്ടും, സമ്പ്രീതിപൂണ്ടും ആദിത്യവമ്മയ്ക്കു് എഴുന്നള്ളാം എന്നാണു സന്ദേശകത്താവിൻെറ നിർദ്ദേശം. നീണ്ടകരനിന്നുള്ള വഴിയിൽ പന്മനത്തമ്പിരാനെ തൊഴുതു് പടയൊററ കടന്നുപോകണം. (90). നീണ്ടകര അഴിയിൽനിന്നു പന്മനയ്ക്കു നാലു മൈലോളം ദൂരമുണ്ടു്. ചവറയ്ക്കു വടക്കാണു് പന്മന. പന്മന പ്രതിഷ്ഠ സുബ്രഹ്മണ്യനാണു്. പന്മനനിന്നു നാലഞ്ചു മൈൽ വടക്കുള്ള പടനായർകുളങ്ങര ആയിരിക്കണം

പടയൊററ എന്നു നിർദ്ദേശിച്ചിരിക്കുന്നതു്. പടനായർകുളങ്ങര ഓണാട്ടിൻെറ തെക്കേഅററമാണു്. തോവാളതൊട്ടു കണ്ണേററിവരെ ആയിരുന്നു പഴയ വേണാട്ടിൻെറ അതിത്തി എന്നു രേഖയുണ്ടു്. കണ്ണേററിയിൽനിന്നു വളരെ അകലെയല്ല പടനായർകുളങ്ങര. രണ്ടും കരുനാഗപ്പള്ളിയുടെ അയൽസ്ഥലങ്ങളാണു്. അവിടംതൊട്ടുള്ള വഴി ഓടനാട്ടിൽക്കൂടെയാണു്. (91). സമൃദ്ധിയായി കൃഷിചെയ്തിട്ടുള്ള നാളികേരവൃക്ഷങ്ങളെക്കൊണ്ടു മനോഹരവും സമ്പത്പൂർണ്ണവും ആണു് അന്നും ഓടനാട്ടു്. അവിടെ ഇടയ്ക്കിടെ പരദേശബ്രാഹ്മണരുടെ സങ്കേതങ്ങൾ ഉണ്ടായിരുന്നു. അവിടങ്ങളിൽക്കൂടെ സഞ്ചരിച്ചു രണ്ടു വിഷ്ണുക്ഷേത്രങ്ങൾ കടന്നു് കായംകുളത്തു ചെല്ലാം. വഴിയിലുള്ള ഈ രണ്ടു വിഷ്ണുക്ഷേത്രങ്ങളിൽ ഒന്നു പുലിയൻകുളങ്ങരയും മററതു കൃഷ്ണപുരവുമാണു്. കായംകുളത്തു് അങ്ങാടിയെപ്പററി പരാമർശിക്കുന്നു എന്നല്ലാതെ അതിനെപ്പററി വർണ്ണിക്കുന്നില്ല. കായംകുളത്തുനിന്നു് അല്പം കിഴക്കോട്ടുതിരിഞ്ഞു വടക്കോട്ടാണു പിന്നത്തെ വഴി. കായംകുളം കഴിഞ്ഞാൽ ഓടനാട്ടിൻെറ രാജധാനിയായ കണ്ടിയൂരാണു ചെന്നുചേരേണ്ടതു്. മാവേലിക്കരയ്ക്കു് അടുത്താണു കണ്ടിയൂരു്. ഇതു് അച്ചൻകോവിലാററിൻെറ തീരത്താണു്. കണ്ടിയൂരും അടുത്തുള്ള മററവും മററുസ്ഥലങ്ങളും സന്ദേശകർത്താവിൻെറ പ്രീതിയ്ക്കും പ്രശംസയ്ക്കും പ്രത്യേകം വിഷയമാണു്. (91—101). തട്ടാരമ്പലവും അടുത്തുള്ള അങ്ങാടിയും പാലവും കടന്നു് വലത്തേഭാഗത്തായി നടന്നാൽ കണ്ടിയൂരു ചെല്ലാം. (98). പാലം അവിടെ അടുത്തുള്ള ഒരു തോട്ടിലുള്ളതാണെന്നു തോന്നുന്നു. കണ്ടിയൂർ അന്നു വളരെ പ്രധാനപ്പെട്ട ഒരു സ്ഥലമായിരുന്നു. ഉണ്ണിയാടീചരിതം, ശിവവിലാസം തുടങ്ങിയുള്ള കൃതികൾ ഈ വിഷയത്തിൽ വേണ്ട തെളിവു തരുന്നു. (ഉള്ളൂരിൻെറ വിജ്ഞാനദീപിക നാലാംഭാഗത്തിൽ ശിവവിലാസത്തെപ്പററിയുള്ള ഉപന്യാസം കാണുക.) അന്നു് അവിടം കായംകുളം രാജാക്കന്മാരുടെ ആവാസസ്ഥാനമായി പ്രസിദ്ധിപെററിരുന്നു. കൊല്ലവർഷം തുടങ്ങുന്നതിനു രണ്ടുവർഷംമുമ്പേ സ്ഥാപിച്ചതാണു് തിരുക്കണ്ടിയൂർക്ഷേത്രം. ചെറുകര ഉണ്ണിയാടി, മുത്തുററു് ഇളയച്ചി ഈ സ്ത്രീരത്നങ്ങളെ, കണ്ടിയൂരിനെപ്പററി പരാമർശിക്കുമ്പോൾ വർണ്ണിക്കുന്നു. (100—101—102).

കണ്ടിയൂർ ചെന്നാൽ ആദ്യമേ അമ്പലത്തിലെത്തി ശിവനെ കുമ്പിടണം. അപ്പോൾ, ചെറുകര കുട്ടത്തി ഉപചാരക്രമത്തിന്ന് ആദിത്യവൎമ്മയെ വന്നു കാണും. (100). കുട്ടത്തി രാജാവിൻെറ ഭാൎയ്യ ആയിരിക്കാം. ചെറുകരഭവനം ഇപ്പോൾ ഇല്ലെന്നാണ് അന്വേഷണത്തിൽനിന്നു മനസ്സിലാകുന്നത്. ആ വീട്ട് കായംകുളം രാജാക്കന്മാരുടെ ഭാൎയ്യാഗൃഹമായിരുന്നു. ദാമോദരച്ചാക്യാർ എഴുതിയ ശിവവിലാസം എന്ന സംസ്കൃതകാവ്യത്തിലേ വിഷയം ചെറുകരകുട്ടത്തിയുടെ മകൾ ഉണ്ണിയാടിയുടെ സ്വയംവരമാണ്. ഉണ്ണിയാടി, കായംകുളത്തെ വീരകേരളവൎമ്മയ്ക്കു കുട്ടത്തിയിൽ ഉണ്ടായ മകളാണ്. ചെറുകരയെ 'വത്സതീരം' എന്ന പേരിലാണു ശിവവിലാസത്തിൽ പറഞ്ഞിട്ടുള്ളതു്. ശിവക്ഷേത്രത്തിൻെറ പടിഞ്ഞാറുവശത്തായിരുന്നു 'നാട്ടിൽ ചൊല്ലേറുന്ന' ആ ഗൃഹം.

"അജനി ഗിരിശഗേഹാത്തസ്യ പാശ്ചാത്യഭാഗേ
ത്രിജഗദുരുസമജ്ഞേ സംജ്ഞയാ വത്സതീരേ
ധരണികമിതുരിഷ്ടാ നൎത്തകീനാം വരിഷ്ഠാ
കുടിലദൃഗഥ ഗുപ്തസ്ത്രീതി നാമ്നാ പ്രസിദ്ധാ.
(ശിവവിലാസം)

'ഗുപ്തസ്ത്രീ' കുട്ടത്തിയുടെ സംസ്കൃതരൂപമായിരിക്കണം.

ശിവവിലാസത്തിലെ കുട്ടത്തി വീരകേരളവൎമ്മയുടെ ഭാൎയ്യ ആയിരുന്നു. ഉണ്ണുനീലീസന്ദേശകാലത്തു് കായംകുളം രാജാവ് രവിവൎമ്മ ആയിരുന്നതിനാൽ ഉണ്ണുനീലിസന്ദേശത്തിലെ കുട്ടത്തിയും ഉണ്ണിയാടിയും * ഭിന്നകാലത്തുള്ളവരും ഭിന്നകളുമായിരിക്കാനേ തരമുള്ളൂ. ചെറുകരവീട്ടനിന്ന സ്ഥാനത്തെപ്പററിയാണല്ലോ നമുക്ക് ഇവിടെ പറയാനുള്ളതു്. കണ്ടിയൂരമ്പലത്തിന്ന പടിഞ്ഞാറുവശത്താണു ചെറുകരയെന്നു മേൽ ഉദ്ധരിച്ച ശ്ലോകത്തിൽനിന്നു കാണാം. ചെറുകരവീട്ടിലെ ഉണ്ണിയാടിയെയും ആദിത്യവൎമ്മയ്ക്കു വീട്ടിൽചെ

---

* ആററൂരിൻെറ പ്രസാധനത്തിൽ ചെറുകര കുട്ടത്തി എന്നു കാണുന്നില്ല. 'ചെറുതുരച്ചെന്നുകുട്ടെത്തി' എന്നാണു കാണുന്നതു്. ഈ പാഠം അബദ്ധമാണെന്നും, 'ചെറുകരച്ചേന്ന കുട്ടത്തി'യെന്നാണ് ശരിയായ പാഠമെന്നും ഉള്ളൂർ വിജ്ഞാനദീപിക നാലാംഭാഗത്തിൽ എടുത്തുകാണിച്ചിട്ടുണ്ട്. (ലേഖകൻ)

ല്ലാതെതന്നെ കാണാൻ കഴിഞ്ഞേയ്ക്കും എന്നു പറയുന്നു. (101). കണ്ടിയൂർക്ഷേത്രത്തിൽ നാട്യപ്രയോഗത്തിനു് ഉണ്ണിയാടിവരുമ്പോൾ ആദിത്യവർമ്മയ്ക്കു കാണാം എന്നായിരിക്കും അഭിപ്രായം. ഉണ്ണിയാടിയുടെ വർണ്ണനയിൽനിന്നു് അവർ നാട്യവിദ്യയിൽ അതിനിപുണയായിരുന്നു എന്നു മനസ്സിലാക്കാം. (102). കണ്ടിയൂർമുത്തുറവു് ഇളയച്ചി എന്ന വേറൊരു സുന്ദരിയും ആദിത്യവർമ്മയെ കാണാൻ വഴിയിൽ വന്നു നിൽക്കും. മുത്തുറവു് എന്ന ഗൃഹനാമം ഇപ്പോഴുമുണ്ടു്. കണ്ടിയൂർക്ഷേത്രത്തിനു വെളിക്കു വടക്കുപടിഞ്ഞാറേ മൂലയ്ക്കു തൊട്ടാണു് അതു നിൽക്കുന്നതു്. അവിടെ ഇപ്പോൾ ചെറിയ ഒരു പുതിയ വീടാണു കാണുന്നതു്. കായംകുളം രാജാക്കന്മാർ വാണിരുന്ന കാലത്തു് ഈ മുത്തുറവുവീടും പ്രാധാന്യം വഹിച്ചിരുന്നു എന്നു സ്ഥലത്തു പറഞ്ഞുപോരുന്നതായി അറിയുന്നു.

കണ്ടിയൂർ ചെന്നാൽ ആദിത്യവർമ്മയ്ക്കു് ഓടനാട്ടുരാജാവായ രവിവർമ്മയുടെ ആതിഥ്യസൽക്കാരം സ്വീകരിച്ചു് അദ്ദേഹത്തെ സംഭാവനംചെയ്യണം. അന്നു പിന്നെ കണ്ടിയൂരുള്ളള്ള പ്രശസ്തവ്യക്തികളായ ചില സ്ത്രീകൾ ആദിത്യവർമ്മയെ വന്നു കാണാതിരിക്കയില്ല. ഇവർ കുറുങ്ങാട്ടു് എന്ന ഗൃഹത്തിലുള്ളവരാണു്. കുറുങ്ങാട്ടു് ഉണ്ണുനീലി, കുറുങ്ങാട്ടു് ഉണ്ണിച്ചക്കി, കുറുങ്ങാട്ടു് ചിരുതേവി എന്നിവർ ആദിത്യവർമ്മയെ വന്നുകണ്ടു് ഉപചരിക്കും. കുറുങ്ങാട്ടുവീടു് ഇപ്പോഴുമുണ്ടു്. അതു മററത്താണു്. കണ്ടിയൂർ ക്ഷേത്രത്തിൽനിന്നു് ഏതാണ്ടു മുക്കാൽമൈൽ ക്ഷേത്രത്തിനു വടക്കുപടിഞ്ഞാറേ ഏലാ കടന്നു പോകണം. കായംകുളം രാജാക്കന്മാരുടെ പരദേവതയായ മററത്തു നരസിംഹമൂർത്തിയുടെ ക്ഷേത്രത്തിൽനിന്നു വളരെ അകലെയല്ലാതെയാണു് ഈ വീടു്. അമ്പലത്തിനു തൊട്ടു് ആററിന്റെ തീരത്തായി കായംകുളം രാജാവിനു് ഇരിക്കാൻ ഒരു പഴയ കൊട്ടാരവും ഉണ്ടായിരുന്നതായി അറിയുന്നു. കുറുങ്ങാട്ടുവീടു് ഇപ്പോൾ വളരെ ക്ഷയിച്ചുപോയി. ഇപ്പോൾ ഒരു ചെറിയ പഴയ പുരമാത്രമേ അവിടെയുള്ളു. ആ വീട്ടുകാൎക്കു പാരമ്പര്യമായി സംഗീതവാസന സിദ്ധിച്ചിട്ടുണ്ടെന്നു് അറിയുന്നു.

കണ്ടിയൂർ ചെല്ലുന്ന രാത്രി എവിടെയാണ് ആദിത്യവർമ്മ കഴിച്ചുകൂട്ടുന്നതെന്നു വ്യക്തമല്ല. ഓടനാട്ടുകോനായ രവിവർമ്മയുടെ ആതിഥ്യം സ്വീകരിക്കുന്നതുകൊണ്ടു കൊട്ടാരത്തിൽതന്നെ കഴിച്ചിരിക്കണം. മററത്തായിരിക്കും കഴിച്ചതെന്നും അനുമാനിക്കാം. മൂന്നാംദിവസത്തെ യാത്ര മററത്തുനിന്നും ആരംഭിക്കുന്നു. (111) 'മററം പിന്നിട്ടിനിയപുഴയും കണ്ടിയൂരേ വരേണ്ടും'. മററത്തു നരസിംഹക്ഷേത്രത്തിന് അടുത്തുള്ള കൊട്ടാരത്തിലായിരിക്കാം ആദിത്യവർമ്മ കഴിച്ചതു്. മററത്തുനിന്നും കണ്ടിയൂർ വരാൻ പുഴ പിന്നിടേണ്ട ആവശ്യമില്ല. കണ്ടിയൂരും മററവും അച്ചൻകോവിലാറിന്റെ ഒരേ കരയിൽതന്നെയാണ്. പിന്നെ മററവും പുഴയും പിന്നിടണമെന്നു പറഞ്ഞതിന്റെ അർത്ഥം വ്യക്തമല്ല. മററത്തിനും കണ്ടിയൂരിനും ഇടയ്ക്കു വയലിലുള്ള തോടിനെപ്പററിയാണ് പരാമർശിക്കുന്നതെന്നും വിചാരിക്കാം.

മൂന്നാംദിവസം രാവിലെ മററത്തുനിന്നു കണ്ടിയൂർ വരുന്നവഴി ആററിന്റെ മറുകര ആയ ചെന്നിത്തല കാണാം. അന്നത്തെ യാത്രയിൽ പിന്നെ ആദ്യം ചെല്ലുന്നതു് ഒരു ശിവക്ഷേത്രത്തിലാണ്. (112). അതിന്റെ നാമം ചൊൽവാനരുതു്. ഈ അമ്പലം ഏതെന്നു തെളിയുന്നില്ല. ഒരു പക്ഷേ ഇതു് എരമത്തൂർ ശിവക്ഷേത്രമായിരിക്കാം. 'നാമം ചൊല്ലാനരുതു്' എന്നു പറഞ്ഞിരിക്കുന്നതു് ആ സ്ഥലത്തിന്റെ പേരു പറയുന്നതു ശുഭമല്ലെന്നു് ഒരു അന്ധവിശ്വാസം നാട്ടിലുള്ളതുകൊണ്ടാണ്. * അവിടെനിന്നു

* അടുത്തുള്ള എണ്ണക്കാട്ട്, പുലിയൂർ തുടങ്ങിയ സ്ഥലങ്ങളെപ്പററിയും ഇത്തരം അന്ധവിശ്വാസം ഉള്ളതായി കേൾക്കുന്നു. ചെന്നിത്തലയ്ക്കടുത്തുള്ള ഉരുമ്പുണ്ണിത്തേവർ ശിവക്ഷേത്രത്തെപ്പററിയും പരിഗണിക്കാം. ഇപ്പോൾ ഇടിഞ്ഞുപൊടിഞ്ഞു കിടക്കുകയാണ് ആ ക്ഷേത്രം. നാമംചൊല്ലാനരുതാത്ത ശിവക്ഷേത്രം 'വിഷവർശ്ശേരിക്കര'യാണെന്നു് എന്റെ മാന്യസുഹൃത്തു് ശ്രീ. മന്നാർ ഗോപാലൻ നായർ അറിയിക്കുന്നു. ഇതു് മാന്നാർ അടുത്തുള്ള ഒരു പുരാതന ശിവക്ഷേത്രമാണ്. ഇപ്പോൾ ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്നു. കരട്ടിയമ്പലത്തിനു് അരമൈലോളം തെക്കുപടിഞ്ഞാറായിട്ടാണു് ഈ ക്ഷേത്രം. അതിന്റെ പേർ രാവിലെ പറയാറില്ലത്രേ. വൃഷഭർശേരിക്കര — വൃഷഭർ — വൃഷഭവാഹനനായ ശിവന്റെ ശേരിക്കര എന്നോ വിഷവർ—വിഷം ഉണ്ട ശിവന്റെ ശേരിക്കര എന്നോ അർത്ഥത്തിലായിരിക്കും ഈ പേരുവന്നതു്. എതായാലും, ആ സ്ഥലത്തുള്ളവർ ആ പേർ പറയുന്നതു നിഷിദ്ധമായിട്ടാണു കരുതുന്നതെന്നറിയുന്നു. — (ലേഖകൻ)

തൃക്കരണ്ടിക്കുള്ള വഴി അതിമനോഹരമായിരുന്നു. തേൻ തുളുമ്പി പരിമളം പരത്തി നിൽക്കുന്ന പൂക്കൾ, തളിരണിഞ്ഞ മരങ്ങൾ, ഇതാണു വഴിയുടെ ഇരുപാടും കാണുന്ന കാഴ്ചകൾ. കുരണ്ടിക്ഷേത്രത്തെ തൃക്കുരട്ടിയെന്നാണ് ഇപ്പോൾ സാധാരണ പറയുന്നത്. പുരാതനവും പ്രസിദ്ധവുമായ ഒരു ശിവക്ഷേത്രമാണിത്. മാന്നാർ എന്ന സ്ഥലത്തിൻെറ പ്രാന്തത്തിലാണ് ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നത്. അവിടന്ന് പനയന്നാർകാവിൽക്ഷേത്രത്തിലേക്ക് അധികം ദൂരമില്ല. നേരെ നടന്നാൽ 'ക്രവീടപ്പാൽ പഥി പനയനാർകാവു്' എന്നാണു പറഞ്ഞിരിക്കുന്നതു്. ക്രവിയാൽ കേൾക്കാവുന്ന ദൂരമേയുള്ളു എന്നർത്ഥം. ക്രവീട് എന്നതു് ഒരു സ്ഥലമാണെന്നു് ആറൂർ വ്യാഖ്യാനിച്ചിരിക്കുന്നതു ശരിയല്ല. കുരട്ടിയിൽ നിന്നു കുറച്ചു വടക്കു ചെന്നാൽ പമ്പയാററിൻെറ ഒരു കൈവഴി കടന്നുവേണം ഇപ്പോൾ പനയന്നാർകാവു ക്ഷേത്രത്തിലേക്കു ചെല്ലാൻ. ഇവിടം 'പന്നായി'ക്കടവാണ്. വടക്കുനിന്നു വരുന്ന പമ്പയാററിൽ കിഴക്കുനിന്നു വേറൊരു കൈവഴി വന്നുചേർന്ന് ഏതാണ്ടു തെക്കുപടിഞ്ഞാറോട്ടു ഒഴുകുന്നതായിട്ടാണ് ഇപ്പോൾ കാണുന്നതു്. എന്നാൽ കിഴക്കുപടിഞ്ഞാറു കിടക്കുന്ന കൈവഴി സന്ദേശകാലത്തു് ഇല്ലായിരുന്നെന്നുവേണം കരുതാൻ. കുരണ്ടിയിൽനിന്നു പനയന്നാർകാവിലേക്കു പോകാൻ ആറു കടക്കണമെന്നു പറയുന്നില്ല. പനയന്നാർകാവിൽ ഭദ്രകാളിയുടെ പ്രതിഷ്ഠയാണ്. കാളിയെ തൊഴുതു്, അമ്പലത്തിൻെറ അടുത്തുകൂടെ ഒഴുകുന്ന പമ്പയാററിലെ പാലം കടന്നുപോകുമ്പോൾ ആററിൽ കിടക്കുന്ന മുതലകളെ കണ്ടു കൗതുകം നേടാം.

ആറുകടന്നാൽ പടിഞ്ഞാറെക്കരയായ കടപ്രയായി. (116) അടുത്തു് ഒരു ഭഗവതിക്ഷേത്രത്തിൽ ഭജിച്ചിട്ടു പോകാൻ പറയുന്നു. ഈ ക്ഷേത്രം മരുതൂക്കാവ് അമ്പലം ആയിരിക്കുമോ? പിന്നെ രായിരൻ എന്ന ചിറവാരാജാവിനെയാണു കാണേണ്ടതു്. (116). ചിറവാരാജാവ് ആദിത്യവർമ്മയുടെ ഉടമ കരുതുന്ന ആളാണ്. വേണാടിനും ചിറവായ്ക്കും ദൃഢബന്ധം ഉണ്ടു്. വേണാട്ടരാജാക്കന്മാർക്ക് ചിറവാമൂപ്പുസ്ഥാനം കിട്ടുന്നതു് ഇതിനു് ഒരു തെളിവാ

ണല്ലൊ. ചിറവാസചത്രൂപം ഇപ്പോഴത്തെ ഇലഞ്ഞിമൺതറകോ യിക്കൽ ആയിരിക്കുമോ? ആലൻതുരുത്തിനോട്ട് സംബന്ധിച്ചു പറഞ്ഞിരിക്കുന്നതിനാൽ അതു് കുറേക്കൂടെ വടക്കായിരിക്കാനും വഴിയുണ്ട്. (117). തുടൎന്നുള്ള വഴിയിൽ കൈതക്കാട്ടേ സുന്ദരിമാരുടെ പാട്ടുകേട്ട് ആദിത്യവൎമ്മയ്ക്കു രസിക്കാം. കൈതക്കാട്ട് ഒരു പ്രഭുഗൃഹമായിരിക്കണം. ഏതെന്നു് അറിയാൻ കഴിഞ്ഞിട്ടില്ല. അവിടെ താമസിക്കാതെ നിരണത്തിനു പോകണം. സെൻറുതോമസ്സ്തന്നെ സ്ഥാപിച്ചതായി വിശ്വസിച്ചുപോരുന്ന ഒരു പുരാതന ക്രിസ്ത്യൻപള്ളിയും, തൃക്കപാലേശ്വരം ക്ഷേത്രവുംകൊണ്ടു ഈ സ്ഥലം പണ്ടേ പ്രസിദ്ധിപെററതാണ്. പിൽക്കാലത്തു കണ്ണശ്ശപ്പണിക്കരുടെയും മററും ജന്മസ്ഥാനമായും ഇവിടം പ്രശസ്തമായിത്തീൎന്നു. അടുത്തു വഴിയിൽ മാടമ്പിമാരുടെ മാളിക ഉണ്ട്. (118) ഏതേതു മാടമ്പിമാരെയാണു പരാമൎശിക്കുന്നതെന്നു് മനസ്സിലാകുന്നില്ല. നിരണംപെട്ടിൽക്കയ്മളന്മാരെപ്പററിയാണെന്നും, തൃക്കപാലേശ്വരം ക്ഷേത്രം അവരുടെ വകയാണെന്നും ചിലർ പറയുന്നു. അവിടന്നുനേരെ നദികടന്നു പാടത്തിൽക്കൂടെ തിരുവല്ലായ്ക്കാണു പോകേണ്ടതു്. 'അമലസലില'യായ ആ നദി മണിമലയാറാണ്. (119—120). പമ്പയെന്നു വ്യാഖ്യാതാവു പറഞ്ഞിട്ടുള്ളതു ശരിയല്ല. പനയന്നാർകാവിന് അടുത്തുക്കൂടെ ഒഴുകുന്ന പമ്പയ്ക്കും ആലൻതുരുത്തിയുടെ വടക്കുക്കൂടെ പ്രവഹിക്കുന്ന മണിമലയ്ക്കും ഇടയ്ക്കു രണ്ടുമൂന്നുമൈൽ ദൂരമേ കാണു. തിരുവല്ല പ്രാചീനമായ പ്രശസ്തി വേണ്ടുവോളം തികഞ്ഞ സ്ഥലമാണ്. തിരുവല്ലാ മതിലകത്തുചെന്നു് അവിടെ പള്ളികൊള്ളുന്ന അപ്പനെ ഭജിക്കണം. തിരുവല്ലാ അപ്പൻ വിഷ്ണുവാണ്. അപ്പോൾ ആദിത്യവൎമ്മയെ ഇളമങ്ങിക്കരച്ചേരി തുടങ്ങിയ ഗൃഹങ്ങളിലെ സ്ത്രീകൾ വന്നുകണ്ട് ഉപചാരപ്രകടനം ചെയ്യും. (122). ഇളമങ്ങിക്കരച്ചേരി തിരുവല്ലാ അമ്പലത്തിനു കിഴക്കുവശമുള്ള ഒരു പുരാതനഗൃഹമാണ്. ഇളമൺമന എന്നാണ് ഇപ്പോൾ അതിൻെറ പേരു്.

തിരുവല്ലാക്ഷേത്രത്തിൽ ഉന്നതമായ ഒരു സ്തംഭത്തിൽ ഗരുഡവിഗ്രഹം പ്രതിഷ്ഠിച്ചിട്ടുണ്ട്. ആ ഗരുഡനെ വന്ദിച്ചിട്ട്

പിന്നെയും യാത്ര തുടരണം. (123). പിന്നെ കരിയനാട്ടുകാവിലാണു ചെന്നുചേരുക. ഇപ്പോൾ കരിനാട്ടുകാവു് എന്നാണു് ഈ സ്ഥലം അറിയപ്പെടുന്നതു്. തിരുവല്ലാക്ഷേത്രത്തിൽനിന്നു് ഒരു മൈൽ വടക്കുപടിഞ്ഞാറായിട്ടാണു് ഇതിന്റെ സ്ഥാനം. കരിനാട്ടുകാവിൽ അടുത്തടുത്തു രണ്ടു ക്ഷേത്രങ്ങൾ ഇപ്പോൾ ഉണ്ടു്. കൃഷ്ണക്ഷേത്രവും ദേവീക്ഷേത്രവും. ദേവീക്ഷേത്രമാണു കൂടുതൽ പഴക്കമുള്ളതു്. കരിനാട്ടുകാവു് അന്നു് അതിപ്രധാനമായ ഒരു ചന്ത ആയിരുന്നു. ഉച്ചവരെ അവിടെ നടക്കുന്ന കച്ചവടം കണ്ടാൽ കൊല്ലവും കോഴിക്കോട്ടുംപോലും അതിനു തുല്യമല്ല. (124). അന്നു, ആദിത്യവർമ്മ കണ്ട ആ ചന്ത ഇന്നു നമുക്കു് അവിടെങ്ങും കാണാനില്ല. കരിനാട്ടുകാവു കടന്നു മുത്തൂർ എന്ന സ്ഥലത്തേയ്ക്കു പോകണം. അവിടുന്നു വടക്കോട്ടുപോയി പുഴകടന്നു നാലുകോടിയിലേയ്ക്കാണു ചെല്ലേണ്ടതു്. ആ പുഴ ഇപ്പോഴത്തെ ളാപ്പാലം തോട്ടായിക്കടവു തോടു് * ആയിരിക്കണം. നാലുകോടി മുത്തൂർനിന്നു് ഒരു മൈൽ വടക്കുപടിഞ്ഞാറായിട്ടാണു്. തിരുവല്ലായിൽനിന്നു് മുത്തൂരേയ്ക്കുള്ള യാത്ര × ഇപ്പോഴത്തെ കൊല്ലം—കോട്ടയം റോഡുവഴിയും അവിടുന്നു

---

* ഈ അഭ്യൂഹം ഇന്നു കാണുന്ന പ്രധാനവഴിയെ അടിസ്ഥാനപ്പെടുത്തിയുള്ളതാണു്. നാലുകോടിയിൽനിന്നു അല്പം വടക്കോട്ടുപോയാൽ, ഇന്നു പന്നിക്കുഴിക്കലുങ്കു് എന്നു പറയുന്ന സ്ഥലത്തെത്തും. അവിടെനിന്നു കിഴക്കോട്ടു തിരിഞ്ഞാണു് തൃക്കൊടിത്താനത്തിനു പോകുന്ന പഴയവഴി കിടക്കുന്നതു്. അതിനാൽ ളാപ്പാലം—തോട്ടായിക്കടവുതോടുവരെ പോകേണ്ട കാര്യമില്ല. മുത്തൂർനിന്നു നാലുകോടിയിലെത്തണമെങ്കിൽ ഇന്നും ഒരു പുഴ കടന്നേതീരൂ. അതിനെയാണു പരാമർശിക്കുന്നതു്.

(പത്രാധിപർ)

× ഇപ്പോഴത്തെ കൊല്ലം—കോട്ടയം റോഡുവഴിയിൽനിന്നു കുറച്ചു പടിഞ്ഞാറോട്ടു മാറിയായിരുന്നു തിരുവല്ലായിലെ പഴയവഴി. തിരുവല്ലായിൽനിന്നു മുത്തൂറേയ്ക്കും അവിടെനിന്നു നാലുകോടിയിലേയ്ക്കും ആളുകൾ പൊയ്ക്കൊണ്ടിരുന്നതു് ഈ വഴിയേ തന്നെ ആണു്. ഇന്നത്തെ എം. സി. റോഡു് ഉണ്ടായിട്ടു വളരെക്കാലമായില്ലല്ലോ. അതിനുമുമ്പു, കോട്ടയം, തെക്കുംകൂർ, തിരുവല്ല മുതലായ സ്ഥലങ്ങളിൽനിന്നു കായംകുളത്തു് എത്തുവാനുള്ള വഴിയാണിതു്. കായംകുളത്തുവന്നു വഞ്ചികയറിയാണു കൊല്ലം, തിരുവനന്തപുരം മുതലായ തെക്കൻപ്രദേശങ്ങളിലേയ്ക്കു ആളുകൾ സഞ്ചരിച്ചിരുന്നതു്.

നാലുകോടിയിലേയ്ക്കുള്ളതു സ്വല്പം പടിഞ്ഞാറോട്ടുമാറിയും ആയിരിക്കണം.

നാലുകോടിയിൽനിന്നു വടക്കുകിഴക്കുള്ള തൃക്കൊടിത്താനത്തേയ്ക്കാണു് പിന്നെ സഞ്ചരിക്കേണ്ടതു്. തൃക്കൊടിത്താനം ചങ്ങനാശ്ശേരിക്കു കിഴക്കുമാറിയുള്ള ഒരു പുരാതനകൃഷ്ണക്ഷേത്രമാണു്. ഉയൎന്ന മതിൽക്കെട്ടും പുറത്തേ വിശാലമായ അങ്കണവും ശ്രീകോവിലിൻെറ അടിത്തറയിലുള്ള അനേകം വട്ടെഴുത്തുശാസനങ്ങളും ആ ക്ഷേത്രത്തിൻെറ പുരാതനമഹിമയെ ഇന്നും ഉൽഘോഷണംചെയ്യുന്നു. ഭാസ്കരരവിവൎമ്മ തുടങ്ങിയ പ്രാചീനകേരളരാജാക്കന്മാരുടെ ശിലാശാസനങ്ങൾ അവിടെ ചെന്നു കാണേണ്ടതുതന്നെ. അവിടെനിന്നുള്ള വഴി തെക്കുംകൂറിൽകൂടിയാണു്. * ആ വഴി അന്നു് ഇരുവശവും കാടുനിറഞ്ഞതായിരുന്നു. കാന്താരഘോരപ്രതിഭടമാണു് ആ സ്ഥലമെന്നു ശുകസന്ദേശത്തിലും പറഞ്ഞിരിക്കുന്നു. ഇന്നും അവിടെയെങ്ങും വളരെ കൂടുതൽ ആൾപ്പാൎപ്പു് ആയിട്ടില്ല. കക്കാട്ടുവേലി, തെങ്ങണ, മാടപ്പള്ളി, വാകത്താനം തുടങ്ങിയ സ്ഥലങ്ങളിലൂടെയാണു തെക്കുംകൂറിൻെറ രാജധാനിയായ മണികണ്ഠപുരത്തേയ്ക്കു പോകേണ്ടതു്. മണികണ്ഠപുരത്തു പുരാരിയുടെ പ്രതിഷ്ഠയാണു്. (127.) എന്നാൽ ഇന്നു് ഇതു് വിഷ്ണുക്ഷേത്രമായിട്ടാണു നാം കാണുന്നതു്. + അവിടെ അക്കാലത്തു് ആണ്ടിൽ നാലുമാസം ഊട്ടു നടത്തിവന്ന വലിയ ഒരു ഊട്ടുപുര ഉണ്ടായിരുന്നതായിട്ടാണു് പ്രസിദ്ധി.

---

കരിനാട്ടുകാവും മുത്തൂരും കടന്നുപോയാൽ നാലുകോടിയിലെത്തും. മുത്തൂർനിന്നു ഒരു മൈൽ വടക്കുപടിഞ്ഞാറായിട്ടാണിതെന്നു പറയുന്നതു ശരിതന്നെ. ഈ നാലുകോടി ഇപ്പോൾ മുത്തൂറു്ആൽത്തറ എന്നു പറഞ്ഞുവരുന്ന സ്ഥലമാണു്. കവല എന്ന അൎത്ഥത്തിൽ നാലുകോടി എന്ന പദം പണ്ടു് ഉപയോഗിച്ചിരുന്നു. കവലകളിൽ ആൽമരങ്ങൾ വെച്ചുപിടിപ്പിക്കുന്നതും പണ്ടത്തെ പതിവായിരുന്നു. നാലുകോടി എന്നു പറഞ്ഞുവന്നിരുന്ന ഈ മുത്തൂറു്ആൽത്തറയെ ഉരസിക്കൊണ്ടാണു് ഇന്നത്തെ തിരുവല്ലാ ചങ്ങനാശ്ശേരി റോഡു കിടക്കുന്നതു് എന്നൊരു ബന്ധം മാത്രമേ ഉള്ളു. (പത്രാധിപർ)

* തൃക്കൊടിത്താനം തന്നെ തെക്കുംകൂറിൻെറ ഒരു മുഖ്യസ്ഥാനമായിരുന്നു. (പത്രാധിപർ).

+ 'തത്രമേവും പുരാരിം' എന്ന പാഠമനുസരിച്ചാണു് ശിവക്ഷേത്രം എന്നു പറയുന്നതു്. പാഠം 'മുരാരിം' എന്നായാൽ വിഷ്ണുക്ഷേത്രമാകും. അന്നും ഇന്നും (ലേഖകൻ).

(128). മണികണ്ഠപുരത്തു ചെന്നാൽ അന്നു തെക്കുംകൂർവാഴുന്ന 'വെൻറിക്കന്റിന്നുതിലക'മായ രാമവർമ്മ എന്ന തെക്കുംകൂർ രാജാവ് അവിടെയുണ്ടെങ്കിൽ കാണുന്നു. * (129). അവിടുന്നുള്ള വഴി വിട്ടാണു കാണ്ടാൻകുളം എന്നുള്ളതിനാൽ അവിടത്തെ സുന്ദരിയെ കാണാൻ തരമില്ല. കാണ്ടാൻകുളം ഇന്നത്തേ കണ്ടൻചിറയാണ് എന്നു തോന്നുന്നു. പേരൂർ ഭദ്രകാളിക്ഷേത്രത്തിനു പടിഞ്ഞാറുമാറിയാണ് ഈ സ്ഥലം. റോഡരികിലുള്ള ഇപ്പോഴത്തേ വയൽ പണ്ടൊരു വലിയ കുളമായിരുന്നു എന്നു് ആ സ്ഥലത്തു് പ്രസിദ്ധിയുണ്ടു്. (131).

ഉച്ചതിരിഞ്ഞു് അഞ്ചടിയുകുമ്പോൾ ആദിത്യവർമ്മ ഏററുമാന്നൂർ ചെല്ലണം. (132). ഏററുമാന്നൂർ ശിവനെ ഭജിച്ചു് അവിടെ തേവാരവും ഊണും കഴിച്ചിട്ടു നേരേ കടുത്തുരുത്തിയിലേയ്ക്കു പുറപ്പെടണമെന്നാണ് അപേക്ഷ. കോതനല്ലൂർവഴിയാണു പോകേണ്ടതു്. ഏററുമാന്നൂർനിന്നു് ഒരു കാതത്തിൽ കുറയുകയില്ല കോതനല്ലൂരേയ്ക്കു്. അവിടെ വിളനെല്ലു കാക്കാൻ തേന്മാവിൻെറ തണലിൽ ഇരിക്കുന്ന യുവതികളേയും, അവിടെങ്ങും തുള്ളിക്കളിച്ചു നടക്കുന്ന മാൻകുട്ടികളേയും കണ്ടുംകൊണ്ടു് ആദിത്യവർമ്മയ്ക്കു യാത്ര തുടരാം. (133). കോതനല്ലൂർനിന്നും കുറച്ചുദൂരം വഴി തേർ പോകത്തക്കവണ്ണം വീതിയിൽ ഒരു വലിയ ചിറയിലേയ്ക്കു പോകാനായി നിർമ്മിച്ചിട്ടുള്ളതും കാണാം. അതിൻെറ ഇരുപാട്ടും പൂക്കുലകൾ അണിഞ്ഞു നിൽക്കുന്ന മരങ്ങൾ ആദിത്യവർമ്മയ്ക്കു കൗതുകം നൽകാതെയിരിക്കയില്ല. അതിനു വളരെ അടുത്താണ് 'വടമതിര' എന്നു പേരുള്ള കടുത്തുരുത്തി. മൂന്നാംദിവസം സന്ധ്യയോടു് അവിടെ ചെന്നുചേരാം. അപ്പോൾ അരികുലബലം ചിന്തിപ്പോംമാറു് ബിംബലീപാലരാജധാനിയിൽനിന്നു് ഉച്ചത്തിൽ ഊതുന്ന വിജയകാഹളം ആദിത്യവർമ്മയ്ക്കു കേൾക്കാറാകും. (135).

---

* വെൻറിക്കൻെറന്നു പറയുന്നതു മണികണ്ഠപുരത്തുനിന്നു നാലഞ്ചുമൈൽ വടക്കുകിഴക്കായിട്ടാണ്. അവിടെയായിരുന്നു തെക്കുംകൂർ രാജാക്കന്മാരുടെ ആദ്യസ്ഥാനം. അങ്ങനെയാണു 'വെൻറിക്കൻറിന്നുതിലകം' എന്ന ബിരുദം തെക്കുംകൂർ രാജാവിനു കിട്ടുന്നതു്. (ലേഖകൻ).

ഏററുമാന്തൂർനിന്നു വടക്കുപടിഞ്ഞാറോട്ടു വയ്ക്കത്തേയ്ക്കു പോകുന്ന റോഡിൽ ഏതാണ്ടു പകുതിദൂരത്തിൽ ഒൻപതാംമൈൽക്കുററിക്കടുത്താണ് കടുത്തുരുത്തി. അവിടെ പ്രാചീനമായ ഒരമ്പലവും വളരെ പഴക്കമുള്ള ഒരു ക്രിസ്ത്യൻപള്ളിയും പുരാതനമഹിമയ്ക്കു സാക്ഷ്യമായി കാണാവുന്നതാണ്. കടന്തേരി, വടമതിര, കടൽത്തുരുത്തി എന്നെല്ലാം ആ പട്ടണത്തിനു പേരുണ്ടായിരുന്നു. മണികണ്ഠൻ എന്ന വടക്കുംകൂർരാജാവിൻെറ രാജധാനിയായി ആ പട്ടണം അന്നു പരിലസിച്ചിരുന്നു. ഇതിനു കടൽത്തുരുത്തി എന്ന് എങ്ങനെ പേരു വന്നു എന്നു മനസ്സിലാകുന്നില്ല. അവിടത്തെ പ്രതിഷ്ഠയായ ശിവവിഗ്രഹത്തെ ഖരൻ കടിച്ചിരുത്തിയതുകൊണ്ടു 'കടിച്ചിരുത്തി' എന്നു പേരുവന്നതായി ഐതിഹ്യം നമ്മെ അറിയിക്കുന്നു. കടിച്ചിരുത്തി ആണുപോലും കടുത്തുരുത്തിയും, പിന്നെ കടൽത്തുരുത്തിയുംഒക്കെ ആയതു്—ശ്രീ. ററി. കെ. വേലുപ്പിള്ളയുടെ തിരുവിതാംകൂർസ്റ്റേററുമാനുവൽ (Vol. 4. P. 764.) സിന്ധുദ്വീപം കടൽത്തുരുത്തിയുടെ സംസ്കൃതരൂപമാണ്. * ഏതോ ഒരു കാലത്ത് ഇവിടം ഒരു ദ്വീപായിരുന്നു എന്നും പറയുന്നുണ്ട്. എന്നാൽ ആ സ്ഥലം കാണുന്നവർക്ക് അങ്ങനെ വിശ്വസിക്കാൻ എളുപ്പമല്ല. അതിൻെറ പടിഞ്ഞാറുവശംവരെ കായലോ, കടലോ ഒരുകാലത്തു വ്യാപിച്ചു കിടന്നിരുന്നിരിക്കാം. 1 ഏതായാലും ആദിത്യവർമ്മ സന്ദർശിക്കുന്നകാലത്തു കടുത്തുരുത്തി വിദേശവാണിജ്യംകൊണ്ടു് ഐശ്വര്യപൂർണ്ണമായ ഒരു സ്ഥലമായിരുന്നു. കുബേരന്മാരായ ആര്യവണിക്കുകൾ അവിടെ ഉണ്ടായിരുന്നു. (ഉ. സ. 5). ദ്വീപാന്തരങ്ങളിൽനിന്നും ചൊങ്കുകൾ എന്നു പറയുന്ന കപ്പലുകൾ കടലിൽ വരും. അടയ്ക്കയും കുരുമുളകും

---

* കൊല്ലവർഷം എട്ടാംശതവർഷംതൊട്ടു കടുത്തുരുത്തി ഒരു ക്രിസ്തീയകേന്ദ്രമായി പ്രാധാന്യം അർഹിച്ചതായും ഇവിടെ സ്മരിക്കാം. കടുത്തുരുത്തിക്ക് അടുത്തുള്ള മുട്ടചിറപള്ളി വളരെ പ്രാധാന്യമുള്ളതാണ്. എ. ഡി. 1599-ൽ (കൊ. വ. 774-ൽ) ആർച്ചുബിഷപ്പ് മെൻസിസ്സ് ഇവിടെവച്ച് ഒരു ക്രിസ്തീയസഭ വിളിച്ചുകൂട്ടിയതായും മററും കാണുന്നു.

1. "സ്കന്ധാവാരം പരമപി തതോ ബിംബലീപാലകാനാം
സിന്ധുദ്വീപം വ്രജ ഘനനിഭൈരാവൃതം സിന്ധുരേന്ദ്രൈഃ."

(ശുകസന്ദേശം)

മററും കടുത്തുരുത്തിയിൽനിന്നു തോണിയിൽ കയററി കപ്പലിൽ
കൊടുക്കും. അങ്ങനെയായിരുന്നു അവിടെ വാണിജ്യം നടന്നുപോ
ന്നതു്. (ഉ. സ. 7). കടുത്തുരുത്തിഅമ്പലത്തിനു പടിഞ്ഞാറുവശ
ത്തുള്ള തോട്ടിൽക്കൂടെ ഇന്നും വള്ളത്തിൽ സാമാനങ്ങൾ കൊണ്ടുപോ
കാൻ സൗകൎയ്യമുണ്ടു്.

ഏററുമാന്തൂർനിന്നു വയ്ക്കത്തേയ്ക്കുള്ള റോഡിന്റെ ഒൻപതാം
മൈൽക്കുററിക്കടുത്തു് വലത്തുഭാഗത്തു കിഴക്കുള്ള ഒരു കുന്നിലായി
ട്ടാണു് കടുത്തുരുത്തിയിലെ തളിയിൽക്ഷേത്രം ഇരിക്കുന്നതു്. കുന്നിൽ
ഇരിക്കുന്നതുകൊണ്ടു പടിഞ്ഞാറുവശത്തേ റോഡിൽനിന്നു പത്തിരു
പത്തു കല്പടികൾ കയറിവേണം ക്ഷേത്രത്തിൽ ചെല്ലാൻ. അമ്പല
ത്തിൻെറ കിഴക്കേനടയിൽനിന്നു നേരേ കിഴക്കോട്ടു് അരമൈൽ
നീണ്ടു വഴി കിടക്കുന്നു. അതു ചെന്നുചേരുന്നതു് ഗോവിന്ദപുരം
കൃഷ്ണക്ഷേത്രത്തിലാണു്. ഇതു് ചെറിയ ഒരു അമ്പലമാണു്. ഗോവി
ന്ദപുരത്തെ ആയിരിക്കും 'കോതപുരം' എന്നു സന്ദേശത്തിൽ പറ
ഞ്ഞിരിക്കുന്നതു്. (ഉ. സ. 20). ഗോവിന്ദപുരം കോന്തപുരമായും
പിന്നെ കോതപുരമായും പരിണമിച്ചതായി കല്പിച്ചാലേ ഇതു സാദ്ധ്യ
മാവൂ. കൃഷ്ണക്ഷേത്രത്തിൻെറ പടിഞ്ഞാറുവശത്തു നാലഞ്ചു് ഏക്ക
റോളം വിസ്താരമുള്ള ചെറിയ ഒരു വയൽ ഇപ്പോൾ ഉണ്ടു്. അതി
ൻെറ വടക്കേയററം കൃഷ്ണക്ഷേത്രത്തിനു നേരേ പടിഞ്ഞാറുമാത്രം
കുളമാണു്. എന്നാൽ സന്ദേശകാലത്തു് ആ വയൽ മുഴുവൻ
തന്നെ വലിയ ഒരു ചിറയായിരുന്നിരിക്കാം. കൃഷ്ണക്ഷേത്രത്തിനു
തെക്കുവശം ഒരു കുന്നാണു്. ആദിത്യവൎമ്മ കടൽത്തുരുത്തി
യിലേയ്ക്കു ചെല്ലുന്നതു് ഈ കുന്നു കടന്നു കോതപുരം കൃഷ്ണ
ക്ഷേത്രത്തിൽ ഭജിച്ചിട്ടായിരിക്കണം. അതിനു പടിഞ്ഞാറു
വശത്തുള്ള ചിറയുടെ വടക്കുവശത്തുകൂടെ പടിഞ്ഞാറോട്ടു തളി
യിൽ ക്ഷേത്രത്തിലേയ്ക്കുള്ള വഴിയേ ആയിരിക്കണം അദ്ദേഹം യാത്ര
ചെയ്തതു്. 'ഉല്ലാസദചാരിപൂര'മായ 'മലിചിറ' ആദ്യമായി ആദി
ത്യവൎമ്മയെ ആകർഷിക്കും. (ഉ. സ. 17). ആദിത്യവൎമ്മ ചെല്ലുന്ന
തറിഞ്ഞു് ശ്രീകണ്ഠൻ എന്ന രാജകുമാരൻ വന്നു് എതിരേല്ക്കും.
ശ്രീകണ്ഠൻ വടക്കുംകൂർ ഇളമുറത്തമ്പുരാൻ ആണു്. (ഉ. സ. 21).

പിന്നെ ആദിത്യവൎമ്മ, വടക്കുംക്കൂർ രാജാവായ മണികണ്ഠൻ എന്ന 'സാമന്തമൗലി'യെ ചെന്നു കാണണം. (ഉ. സ. 29). കൊട്ടാരം, ഗോവിന്ദപുരംക്ഷേത്രത്തിൽനിന്നു തളിയിൽക്ഷേത്രത്തിലേയ്ക്കുള്ള വഴിയുടെ വടക്കുവശത്തായിരുന്നിരിക്കാം. ആ പറമ്പിന് ഇന്നും കോവിലകമെന്നും കോട്ടയ്ക്കകമെന്നും പേരുള്ളതായി സ്ഥലത്തുള്ളവർ പറയുന്നു. തനിക്കു പോകേണ്ടതു് ഉണ്ണുനീലിയുടെ ഗൃഹത്തിലാണെന്നു പറഞ്ഞിട്ടു് മണികണ്ഠനോടു വേഗത്തിൽ വിടവാങ്ങണം. * കൊട്ടാരത്തിൽവച്ചു്, 'വിദ്യാനദ്യാം നിയതിമുഴകും ബിംബലീപാലചന്ദ്ര'നായ കോതവൎമ്മയും 'അലർമാതിന്നാവാസഭൂമി'യായ ഇരവിമണികണ്ഠനും, 'മരുവലർകുലത്തിന്നു കല്പാന്തവഹ്നി'യായ രാമവൎമ്മയും ആദിത്യവൎമ്മയെ കാണും. പിന്നീടു താമസിയാതെ ചെന്നു് ഉണ്ണുനീലിയെ കാണണം. കിഴക്കൻചിറയ്ക്കു പടിഞ്ഞാറുവശത്തായിട്ടാണു് ഉണ്ണുനീലിയുടെ ഗൃഹം. കൊട്ടാരത്തിന് എതിരേ വഴിയുടെ തെക്കുപുറത്തായിട്ടു വരും ആ വീടു്.

മുമ്പുപറഞ്ഞ കൃഷ്ണസ്വാമിക്ഷേത്രത്തിൻെറ പടിഞ്ഞാറുവശത്തുനിന്നും ഏതാണ്ടു് അരമൈൽ പടിഞ്ഞാറുള്ള തളിയിൽക്ഷേത്രം വരെയാണല്ലോ വഴി. കൃഷ്ണക്ഷേത്രത്തിൻെറ നേരെ പടിഞ്ഞാറുവശത്തായിരിക്കണം കിഴക്കുംചിറ. അതിനെത്തന്നെയായിരിക്കും 'മലിചിറ' എന്നു പറയുന്നതു്. (ഉ. സ. 17). മുണ്ടയ്ക്കലിന്നു കിഴക്കുള്ള ചിറയായതുകൊണ്ടായിരിക്കും കിഴക്കിൽചിറ എന്നു പേരു വന്നതു്. ചിറയുടെ നേരേ പടിഞ്ഞാറു് വഴിയുടെ തെക്കേതായിട്ടാണു് വീരമാണിക്കമെന്ന ഭവനം. (ഉ. സ 30). ഇന്നും ആ പുരയിടത്തിന്നു വീരമാണിക്കമെന്നുതന്നെ പേരു് ആ സ്ഥലത്തു പ്രസിദ്ധമാണു്. മുണ്ടയ്ക്കൽ എന്ന പേരു് ഇപ്പോൾ തീരെ വിസ്മൃതമായും ഇരിക്കുന്നു. ÷ കൊട്ടാരത്തിൽനിന്നു നേരെ പടിഞ്ഞാറുള്ള

---

* മണികണ്ഠനെ ആദിത്യവൎമ്മ കണ്ട സന്ദേശവിവരം പറയുമ്പോൾ ഉണ്ണുനീലിയ്ക്കു മണികണ്ഠനുമായി യാതൊരു പ്രത്യേകബന്ധവും ഉള്ളതായി സൂചനയില്ല. അതിനാൽ ഉണ്ണുനീലിയെ മണികണ്ഠൻെറ പൂണാരമെന്നു വൎണ്ണിച്ചിട്ടുള്ളതിൻെറ അർത്ഥമെന്തെന്നു് ആലോചിക്കേണ്ടതാണു്. (ഉ. സ. 25.—26).

(ലേഖകൻ)

÷ ആ പുരയിടം ഇന്നു് ചമ്രത്തിൽ കൃഷ്ണപ്പണിക്കർ എന്ന മാന്യൻെറ വകയാണു്. (ലേഖകൻ).

തളിയിൽ അമ്പലത്തിൽചെന്നു ദേവനെ ഭജിച്ചിട്ടുവന്ന് വീരമാണിക്കത്തു കയറണം എന്നാണു സന്ദേശകർത്താവ് ആദിത്യവർമ്മയോടപേക്ഷിക്കുന്നതു്. (ഉ. സ. 31). ആദിത്യവർമ്മ ചെല്ലുമ്പോൾ 'മുണ്ടക്കൽമേവും പൊൽപൂമാതാം ചെറിയതു്' അദ്ദേഹത്തെ എതിരേറ്റ് ഉപചരിക്കും. (ഉ. സ. 32). വീരമാണിക്കത്തിൻെറ മറ്റൊരു പേരുതന്നെയാണ് മുണ്ടയ്ക്കൽ എന്നു വിചാരിക്കാനേ വഴിയുള്ളു. (ഉ. സ. 30—32). ചെറിയതു്, ഉണ്ണുനീലിയുടെ മാതാവോ, അല്ലെങ്കിൽ അടുത്ത ബന്ധമുള്ള സ്ത്രീയോ ആയിരിക്കും. ഭൃത്യയാണെങ്കിൽ 'പൊൽപൂമാതെ'ന്നു പറകയില്ലല്ലോ.

അന്നത്തെ രീതിക്കു സാമാന്യം നല്ല ഒരു പ്രഭുഗൃഹമായിരുന്നു വീരമാണിക്കം. അതിൻെറ വർണ്ണന മലയാളനാട്ടിലെ അന്നത്തെ ഒരു പ്രഭുഗൃഹത്തിൻെറ സൂക്ഷ്മമായ ഒരു ചിത്രമാണ്. തേന്മാവും പ്ലാവും തെങ്ങും കമുകും, കദളി ചിങ്ങൻ തുടങ്ങിയ വാഴകളും കരിമ്പും വഴുതിനകളും ധാരാളമായി വളർത്തിയിട്ടുള്ള പുരയിടം. "തേന്മാവോളം പനസനികരം തെങ്ങൊരോന്നിന്നു നന്നാലന്നാലിന്നും ക്രമുകമിടയിൽച്ചേർത്തു മുമ്മൂന്നുപിന്നെ ഒൻറിന്നൊൻറും വളർകദളിയും ചിങ്ങനും നൽകരിമ്പും കാകൊണ്ടീടും വഴുതനകളും മന്ദിരേ മൽപ്രിയായാഃ." (41). വഴിയിൽനിന്നു് ഏതാനും കല്പട കയറിയാണു വീട്ടിൽ ചെല്ലേണ്ടതു്. മകരമുഖം വച്ച് അലങ്കരിച്ചതാണ് ദ്വാരഗേഹം. നാലുകെട്ടുരീതിയിലാണു വീട്ട്. (35—36). വിമലസ്വച്ഛപാനീയപൂർണ്ണമായ കിണറ് മീനത്തിലുണ്ടായിരുന്നു. പാതി നികന്ന ഒരു കിണറ് ഇപ്പോഴും കാണാനുണ്ട്. കിണററുകരെ പൂവണിഞ്ഞ ഒരു മുല്ല; തെക്കുവശത്തു് ചേമന്തി; അതിനടുത്തു് ഈഴക്കമുക്; കന്നിരാശിയിൽ ഉണ്ണുനീലിയുടെ ഭർത്താവു നട്ട ചെമ്പകത്തൈ. ഈ മരങ്ങളും ചെടികളുംകൊണ്ടു മനോഹരമായ ആ ഗൃഹത്തിൽ ഉണ്ണുനീലിയുടെ ചില ഓമനജന്തുക്കളും കൂടെ ഉണ്ട്. ഒരു വെരുക്, പാട്ടുകയും ശ്ലോകംചൊല്ലുകയും ചെയ്യുന്ന ഒരു കിളിപ്പെണ്ണ്, പീലികളുടെ ഭംഗി പരത്തുന്ന ഒരു മയിൽ എന്നിവ. (43—44). അങ്ങനെ

സൗഭാഗ്യരംഗമായ ആ ഭവനത്തിലാണ് അംഗനാമൌലിമാലയായ ഉണ്ണുനീലി നിവസിച്ചതു്. ഉണ്ണുനീലിയുടെ സൌന്ദൎയ്യത്തേയും വിലാസത്തേയും എത്ര വൎണ്ണിച്ചിട്ടും സന്ദേശകൎത്താവിനു മതിയാവുന്നില്ല. പ്രഥമവിരഹവ്യാകുലയായ ഉണ്ണുനീലി നഷ്ടശോഭയായിരിക്കും. നീലപ്പട്ടുറയിട്ടതും നീലപ്രാവിൻെറ ഇളംതൂവൽകൊണ്ടു നിറച്ചതും ആയ മെത്തയിൽ ആ മേചകാംഗി കിടന്നു വിലപിക്കും. (65). ഭൎത്തൃവിരഹംകൊണ്ടു നിദ്രാവിഹീനയായി അഴലുന്ന ആ സ്ത്രീരത്നത്തിനു ഭൎത്താവിനെപ്പററിയുള്ള വാൎത്തകൾ അറിയിച്ചു് ആശ്വാസം നൽകണമെന്നാണ് ആദിത്യവൎമ്മയോടപേക്ഷിച്ചതു്. ആ അപേക്ഷ അദ്ദേഹം സ്വീകരിച്ചിരിക്കണമല്ലോ.

# പ്രക്ഷിപ്തങ്ങൾ

(അദ്ധ്യാത്മരാമായണം)

Page 223-വരി 6 കഴിഞ്ഞു്: (യുദ്ധകാണ്ഡത്തിൽ കുംഭകർണ്ണവധം.)

സംഭ്രമിച്ചാരതുകണ്ടോരുനേരത്തു
വമ്പരാകുന്നൊരു വാനരവീരന്മാർ
ഒന്നിച്ചുകൂടി വിഷാദിച്ചുനില്ക്കവേ
നന്ദിച്ചു മാരുതിയും പറഞ്ഞീടിനാൻ.
ഇന്നു മമബലസാഹസത്തോടുടൻ
ചെന്നു നിശാചരവീരനേയും ജയി-
ച്ചുന്നതനായ ദിവാകരപുത്രനെ
ഖിന്നമൊഴിച്ചിങ്ങുകൊണ്ടുപോന്നീടുവൻ.
മന്ദംതെളിഞ്ഞു കപീശ്വരൻ വാരായ്ക്കിൽ
നിന്നുകൊൾവിൻ രണ്ടുനാഴികയെന്നു കേ-
ട്ടന്യരാകും കപിവീരരും കേറിനാർ. [എന്നു കൂട്ടതൽ]

Page 225-വരി 6 കഴിഞ്ഞു്: (യുദ്ധകാണ്ഡത്തിൽ കുംഭകർണ്ണവധം)

ആയിരപ്പാരമാം ശൂലം തിരിച്ചടി-
ച്ചായോധനാസ്ത്രശസ്ത്രങ്ങൾ തടുക്കയും
വാനരന്മാരെപ്പിടിച്ചു വിഴുങ്ങിയും
ആനതേർകാലാൾകുതിരപ്പടയോടും
പോരാളികളുമടുത്തുതുടങ്ങിനാർ
വാരാന്നിധിയുമചലവും തങ്ങളിൽ
അങ്ങുമിങ്ങും വന്നടുക്കുന്നതുപോലെ
മങ്ങാതെ പോരുകളത്ഭുതമത്ഭുതം!
ചിത്രം വിചിത്രം വിചിത്രമെന്നെത്രയു-
മത്രിമുഖാദികളുച്ചരിച്ചീടിനാർ.

വെള്ളകിറം വിറപ്പിച്ചുനിശാചരൻ
വെള്ളിടിപോലെ ബഹിരന്തരങ്ങളിൽ
വെള്ളക്കുതിരകൾ തുള്ളിക്കളിക്കയും
ഉള്ളംനടുങ്ങുമാറാർത്തുവിളിക്കയും
പള്ളിക്കുറിപ്പുകൊള്ളുന്ന വൈകുണ്ഠത്തി-
ലുള്ള കലകളും വന്നു രാമാന്തികേ
നില്ലുനില്ലെന്നവനോടു ശ്രീരാമനു-
മല്ലയോ കുംഭകർണ്ണൻ മമസായക-
മെല്ലാം തടുത്തനീ വല്ലഭനെത്രയും
വില്ലാളിവീരനോ ശൂലാത്തിവീരനോ
ചൊല്ലുചൊല്ലെന്നോടു രാത്രിഞ്ചരപ്രഭോ !
ശൂലം തിരിച്ചു പാഞ്ഞാർത്തു നിശാചരൻ
നീലാദ്രിപോലെയടുത്തു ജിതശ്രമം
ഭൂമിയുമാകാശവും മുഴങ്ങീ രവം
വ്യോമസ്ഥിതാവധി ദേവകളൊക്കവേ
നാളീകനേത്രനെ മേളിച്ചുകൂപ്പിനാൻ
കാളിയും കൂളിയും കൂടിത്തുടങ്ങിനാർ.
മേളമോടാർത്തു കളിച്ചുപുളച്ചവർ
നീളെ വിളയാടി മാളവിമൂളിയും
കോലാഹലമായ യുദ്ധമദ്ധ്യേ രഘു-
നായകൻ ദിവ്യാസ്ത്രമെയ്തുതുടങ്ങിനാൻ.
ആഘോഷമോടു നിശാചരനായകൻ
നാഗാരിവാഹനന്തന്നെ പ്രമാണിച്ചു
വേഗാലടുത്തു പോർചെയ്തുതുടങ്ങിനാൻ.
മാർത്താണ്ഡമണ്ഡലം മൂടുവാനായിട്ടു
വൃത്രാരിവാഹിതകാളമേഘങ്ങളാൽ
അത്യുച്ചമോടിടിമിന്നൽപ്പിണരോടു-
മത്യന്തവേഗാലടുക്കുന്നതുപോലെ
അഞ്ജനാദ്രിപ്രഭപൂണ്ട നിശാചരൻ
അഞ്ജസാ പാഞ്ഞടുത്തീടുന്നതുനേരം

ദിവ്യമാമസ്ത്രംതൊടുത്തു വലിച്ചുടൻ
ദിവ്യനാംരാക്ഷസനോടയച്ചീടിനാൻ. [എന്നു കൂട്ടതൽ]

Page 394-വരി 4 കഴിഞ്ഞു്:- (രാവണവധം)

തത്സ്വരൂപം ദശവക്ത്രനും കാട്ടിനാൻ
പൊന്നുംകിരീടം മുഴുമതിപോൽമുഖം
കസ്തൂരി സിന്ധൂരനാമം തൊടുകുറി
ചില്ലിക്കൊടി മകരക്കുണ്ഡലഭൂഷണം
മിന്നും കപോലമധരദന്തദ്യുതി
നാസികാപുഞ്ചിരിതൃക്കൺകടാക്ഷവും
കണ്ഠദേശേ വനമാലാതുളസിയും
ശംഖും ചക്രം ഗദാപത്മകരാംബുജം
ശ്രീവത്സവക്ഷം രമാലയം ശോഭിതം
കുക്ഷിയും നാഭിസരോജവും രോമാളി
പീതാംബരം കാഞ്ചി രത്നവലയവും
ഊരു മുഴങ്ങൽ കണങ്കാൽ പാദാംബുജം
കേശാദിപാദവും പാദാദികേശവും
വിഷ്ണുസ്വരൂപം മുഴുവനേ കാൺകയാൽ
വിശ്വാസഭക്തി വർദ്ധിച്ചിതു രാവണൻ
ശുദ്ധനായാനന്ദമോദംകലർന്നതി-
ഭക്ത്യാ സമാധിയിലാക്കിനാൻ മാനസം.
രാമനും രാവണന്തന്നോടരുൾചെയ്തു
മൽപ്രാണനാഥയെത്തന്നാലിനിക്കൊരു
വൈരമിതുചൊല്ലിയില്ലനിന്നോടെടോ.
എന്നതുകേട്ടു പറഞ്ഞു ദശാസ്യനും
എന്നും തരുന്നീല ഞാനെന്നു നേർത്തുടൻ
നിന്നതുകണ്ടു കോപിച്ചു രഘൂത്തമൻ.

[എന്നു കൂട്ടതൽ]

# അപ്രകാശിതങ്ങളായ ആട്ടക്കഥകൾ

## 3 കുചേലവൃത്തം കഥകളി

വിദ്വാൻ കണ്ണനുഴ കൃഷ്ണവാരിയർ

**ഇതിവൃത്തം.**

ദാരിദ്ര്യപീഡിതയായ കുചേലപത്നി ഒരുദിവസം, ശാന്തചിത്തനായി നാൾകഴിക്കുന്ന ഭർത്താവിനോട്ട് ഭവനത്തിലെ ദുരിതാവസ്ഥയെ വിവരിച്ച് അതിന്റെ നിവൃത്തിക്കായി സഖാവും ലക്ഷ്മീപതിയുമായ ദ്വാരകാവാസനെക്കണ്ടുവരാനപേക്ഷിക്കുന്നു. ആദ്യം ചില തടസ്സങ്ങളെല്ലാം പറഞ്ഞുവെങ്കിലും ഗൃഹിണിയുടെ ധർമ്മാനുസൃതമായ നിർബ്ബന്ധത്തിനു വിധേയനായ കുചേലൻ അവരു തയാറാക്കി 'പടച്ചര'ത്തിൽ പൊതിഞ്ഞുകൊടുത്ത അവൽക്കിഴിയുമായി ദ്വാരകയിലേയ്ക്കു തിരിച്ചു. സ്നേഹിതനും ഭക്തനുമായ കുചേലനെ ശ്രീകൃഷ്ണഭഗവാൻ ആലിംഗനം ചെയ്ത് മണിമഞ്ചത്തിലിരുത്തി. അനന്തരം പാദക്ഷാളനം ചെയ്ത് തീർത്ഥം ഭഗവാൻ ശിരസ്സിലേററു. രുക്മിണീദേവി വീശി ക്ഷീണം മാററി. അതിന്നിടയിൽ പല പൂർവ്വകഥകളും പ്രസ്താവിച്ച് ശ്രീകൃഷ്ണൻ ഭക്തനും സതീർത്ഥ്യനുമായ കുചേലന്റെ കയ്യിൽനിന്ന് അവൽക്കിഴി വാങ്ങി കെട്ടഴിച്ച് അതിൽനിന്ന് ഒരുപിടി അവൽ വാരിയെടുത്ത് ആർത്തിയോടുകൂടി ഭക്ഷിച്ചു. രണ്ടാമതും വാരിത്തിന്മാൻ ഭാവിച്ചപ്പോൾ ഭഗവതി വിലക്കിക്കളഞ്ഞു. ആ ലോകപിതാക്കൾ അന്തരംഗംകൊണ്ട് പരസ്പരം ആശയവിനിമയം ചെയ്തു. കുചേലൻ ഭഗവാന്റെ അലോകസാധാരണമായ ആതിത്ഥ്യമനുഭവിച്ച് അന്നവിടെ സുഖമായി പാർത്തു. പുലച്ചയെഴുന്നേററ് അനുവാദം വാങ്ങി സ്വഗൃഹത്തിലേക്കു തിരിയെ പോരികയും ചെയ്തു. വഴി കുറേ പിന്നിട്ടപ്പോഴാണ്, ഭാര്യയുടെ നിർബ്ബന്ധത്താൽ താൻ ദ്വാരകയിൽ പോയ കാര്യത്തെപ്പററി കുചേലനോർമ്മയുണ്ടായത്. സാധു! എന്തു ചെയ്യാനാണ്! അനുശയഗ്രസ്തനായ ആ ഭക്തശിരോമണി നടന്നു തളർന്ന് സ്വഗൃഹസമീപമെത്തി. അപ്പോൾ പുതിയൊരു മണിമേടയിൽനിന്ന്

സർവ്വാഭരണവിഭൂഷിതയായി തന്നെ എതിരേല്ക്കാൻ വരുന്ന ഭാര്യ-യെക്കണ്ടു് അദ്ദേഹം വിസ്മയവിവശനായി. അനന്തരം സംഭവങ്ങ-ളെല്ലാം പരസ്പരം പറഞ്ഞു് പരമപൂമാൻെറ മായാവിലാസങ്ങളെ-പ്പററി സങ്കീർത്തനം ചെയ്തു് ആ ഭക്തദമ്പതിമാർ ജീവിതസുഖം അനുഭവിക്കുന്നു.

കവിതാരീതി. മേൽക്കാണിച്ച വിധം സുപ്രസിദ്ധമായ കുചേല ചരിതത്തെ ആസ്പദമാക്കി രചിച്ച ഒരു ഗ്രന്ഥമാണിതു്. ഏതാനും പദങ്ങളും കുറെ പദ്യങ്ങളും ഇതിലുണ്ടു്. ആട്ടസ്സംപ്രദായമനുസരി ച്ചു് തോടയം പുറപ്പാടു് ഇതിലില്ല. ശാന്തനായിരിക്കുന്ന കുചേല നോടു് പത്നി സങ്കടം പറയുന്ന രൂപത്തിൽ,

> "പൂർവ്വം കുചേലധരണീസുരധർമ്മപത്നീ
> ലീലാവിലാസചതുരം വിഭ്രശം ക്ഷുധാർത്താ
> ദാരിദ്ര്യദുഃഖമതിഭൂരിതരം വഹന്തീ
> കാന്തം കദാചിദിദമാഹ സമാനശീലാ."

എന്നിങ്ങനെയാണു് ഗ്രന്ഥാരംഭം.

> "കയ്യും കാലും തളരുന്നു പൊയ്യല്ല വിശപ്പുമൂലം
> മെയ്യിനും കൃശത വന്നിതയ്യോ കഷ്ടമെന്തുചെയ്‌വൂ—കാന്താ!
> പുത്രരിതാ കരയുന്നു എത്രകഷ്ടം വിശക്കയാ-
> ലിത്രപാപി ഞാനൊഴിഞ്ഞിട്ടിത്രിലോകത്തിലില്ല—കാന്താ!
> വിററുതിന്മാനെനിക്കില്ലാചിററും താലിയൊഴിഞ്ഞൊന്നും
> മററതിനില്ലെന്നാകിലും വിററുതിന്നാലെത്രകഷ്ടം—കാന്താ!"

എന്നും മററുമുള്ള പത്നീവിലാപം ഹൃദയസ്പൃക്കാണു്. ധനാശ, നാശകാരണമാണെന്നാണു് കുചേലൻെറ പക്ഷം. അദ്ദേഹം പറ യുന്നു:—

> "ഖിന്നതയ്ക്കു മൂലമാകുമുന്നതധനികനായാൽ
> ധന്യശീലേ, മദമതും വഹിക്കും
> കുസൃതി നിനയ്ക്കും പാപം ഭവിക്കും
> അസുഖമുദിക്കും നരകഗതി ലഭിക്കും."

ഇങ്ങനെ പല തത്വങ്ങളും പറഞ്ഞുനോക്കിയെങ്കിലും, വിശപ്പിന്റെ നിലവിളി കുചേലനെ അവൽക്കിഴിയുമായി ദ്വാരകയിലേയ്ക്കു് യാത്രയാക്കി.

"ചന്തംകുറഞ്ഞ കുടയും കിഴിയും ധരിച്ചാ-
ച്ചെന്താമരാക്ഷസദനത്തിനടുത്തുചെന്നു
ചന്തംകലന്ന തിരുമേനി തെളിഞ്ഞുകണ്ടി-
ട്ടന്തർമുദാ സ്തുതികളീവിധമോതി വിപ്രൻ."

എന്ന പുറപ്പാട്ടശ്ലോകത്തോടുകൂടി രണ്ടാമത്തെ രംഗമാരംഭിക്കുന്നു. ആതിഥ്യവ്യഗ്രനായ കൃഷ്ണന്റേയും സൽകാരസുഖമാസ്വദിക്കുന്ന വിപ്രന്റേയും സ്വാഭാവികങ്ങളായ ചേഷ്ടകൾ ആ രംഗത്തിൽ വിശദമായി കാണാം. അനന്തരം സുമധുരമായ ഒരു ദണ്ഡകംകൊണ്ടു്, കുചേലൻ ദ്വാരകയിൽനിന്നു് തിരിച്ചു് സ്വഗൃഹത്തിലെത്തുംവരെയുള്ള കഥാഭാഗം കാണിച്ചിരിക്കയാണു്. കൃഷ്ണപ്രസാദംകൊണ്ടു് രണ്ടാംദ്വാരകയായിത്തീന്ന സ്വഗൃഹത്തെക്കണ്ടു് കുചേലൻ വിസ്മയസ്തബ്ധനാകുന്നു. അന്നേരം മൂന്നാമത്തെ രംഗത്തെ അവതരിപ്പിക്കുന്ന പദ്യം നോക്കുക:—

"ഏവം വിഷണ്ണഹൃദയം ധരണീസുരേന്ദ്രം
ദൂരാദ്ദദശ് നളിനീവ ദിവാകരം തം
സ്നേഹാതുരാƒഥ വിശദസ്മിതപൂർവമേനം
പ്രത്യുജ്ജഗാമ ധരണീസുരധർമ്മപത്നീ."

ദ്വാരകയിൽ തനിക്കുണ്ടായ അവസ്ഥകളെ കുചേലൻ സരസമായി വർണ്ണിച്ചിട്ടുണ്ടു്. ഒടുവിൽ ആ ഭക്താഗ്രണി പറയുന്നു:—

"ആർത്തികളെല്ലാം കളഞ്ഞതു കൃഷ്ണനെ-
ന്നോർത്തു സുഖിച്ചു വസിക്ക നീ വേശ്മനി.
മാനംകളക നീ ദേഹാഭിമാനജം
ധ്യാനിച്ചുകൊൾക നീ സാദരം നന്ദജം.
ദ്രവ്യമുണ്ടായെന്നു ചിന്തിച്ചു മാനസേ
ഗർവ്വമുണ്ടാകാതിരിക്കണം, നാഥനെ
സർവ്വകാലം ഭജിക്കേണം മനോഹരേ!"

ഗ്രന്ഥാവസാനത്തിൽ കവി പറയുന്നതു് ഇങ്ങനെയാണു്.

ആടീട്ടും നല്ലപോലിക്കഥയതു ഭുവനേ
മോദമോടാദരാൽക്കൊ-
ണ്ടാടീട്ടും സജ്ജനൌഘം പരമഗതി ലഭി-
ച്ചീട്ടുമെന്നോൎത്തു നിത്യം
പാടീട്ടും പാട്ടുകാരും കുടിലമതികളാ-
പ്പാട്ടു കേട്ടിട്ടു രോഷം
തേടീട്ടുംനേരമെന്നിൽ കരുണയുമ്മളവാ-
യീടണം സജ്ജനാനാം."

കവിയും കാലവും:— ഈ ഗ്രന്ഥത്തിന്റെ കൎത്താവാരാണെന്നു് അനുമാനിക്കാൻ വഴിയൊന്നുമില്ല. ഭാഷാരീതികൊണ്ടു് ഇതു് ഒട്ടും പഴക്കമുള്ളതായി തോന്നുന്നില്ല. ആട്ടക്കഥകളുടെ കൂട്ടത്തിൽ അധികം കീഴെയല്ലാത്ത ഒരു സ്ഥാനം ഈ ഗ്രന്ഥത്തിനുണ്ടെന്നു് നിഷ്പക്ഷബുദ്ധ്യാ വിചാരിക്കാവുന്നതാണു്.